OFFICE OF THE KARUVATTA GRAMA PANCHAYAT
P.O. KARUVATTA

# വികസന റിപ്പോർട്ട്



കരുവാറ്റ ഗ്രാമ പഞ്ചായത്ത്



'എന്നെ സംബന്ധിച്ച് സ്വരാജ് എന്റെ രാജ്യത്തിലെ ഏറ്റവും നിസ്വരായവരുടെ സ്വാതന്ത്ര്യമാണ്. അലസരുടേയും അജ്ഞരുടേയുമല്ല, ഉണർത്തപ്പെട്ടവരുടേതാണ് സ്വരാജ്

— ഗാന്ധിജി


◆◆

*ചീഫ് എഡിറ്റർ*

**അഡ്വ. എം. ജെ. വർഗീസ്**

◆◆

*എഡിറ്റേഴ്സ്*

**സുരേഷ് കളരിയ്ക്കൽ**
**ജോസഫ് വി. പരുവക്കാട്**
**കരുവാറ്റ ചന്ദ്രൻ**
**എം. സോമൻ**
**ആർ. [illegible]**
**ഇ. ബി. [illegible]ഗോപാൽ**
**കെ. കെ. [illegible]ന്ദ്രനാഥ്**
**പി. മുകു[illegible]**
**ബി. രാമ[illegible]ക്കുറുപ്പ്**
**സി. മുരളി**

◆◆

*ടൈപ്പ് സെറ്റിംഗ്*

**ഓഫീസ് ലിങ്ക്സ്**
തിരുവനന്തപുരം-14 ,
**ഫോൺ** : 321442

◆◆

*പ്രിൻറിംഗ് & ലേ ഔട്ട്*

**പ്രതീക്ഷ ഓഫ്സെറ്റ് &**
**സ്ക്രീൻ പ്രിൻറേഴ്സ്**
തിരുവനന്തപുരം - 5
**ഫോൺ** : 344119

◆◆

*കവർ*

**ജി. രവികുമാർ**

# കരുവാററാഗ്രാമ പഞ്ചായത്ത്



സുഹൃത്തേ,

ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ വികസനപദ്ധതികൾക്ക് രൂപം നൽകുന്നതിനായി തയ്യാറാക്കിയ വികസനരേഖ വിനയപൂർവ്വം സമർപ്പിക്കട്ടെ.

വികസനരംഗത്ത് പിന്നോക്കം നിൽക്കുന്ന നമ്മുടെ ഗ്രാമത്തിന്റെ വിവിധ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും പരമാവധി ഉൾക്കൊള്ളിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. പൂർണ്ണമാണെന്ന അവകാശവാദം ഇല്ല.

എണ്ണിയാൽ അവസാനിക്കാത്ത പ്രശ്നങ്ങളും സംഘാടകഭാവനയ്ക്കു അതീതമായ സാദ്ധ്യതകളും ഇനിയും ഏറെയുണ്ടെന്ന വസ്തുത അംഗീകരിക്കുന്നു. എന്നിരുന്നാലും.....

വികസനസെമിനാറിലെ ചർച്ചയ്ക്കും പദ്ധതി രൂപീകരണത്തിനും ആവശ്യമായ ഏറെ വിഭവങ്ങൾ ഈ രേഖയിൽ ഉൾക്കൊണ്ടിട്ടുണ്ടെന്നാണ് വിശ്വാസം.

നമ്മുടെ ഗ്രാമത്തിന്റെ സർവ്വതോമുഖമായ പുരോഗതിയ്ക്കായി ഈ രേഖ പ്രയോജനപ്പെടുത്തുവാൻ സഹായിക്കും എന്നു വിശ്വസിക്കുന്നു. ചർച്ചയിലൂടെ സമഗ്രവും സമ്പൂർണ്ണവുമാക്കുമെന്ന പ്രതീക്ഷയോടെ

സ്നേഹപൂർവ്വം
അഡ്വ. എം. ജെ. വർഗ്ഗീസ്
ചീഫ് എഡിറ്റർ

# മുൻ പഞ്ചായത്ത് പ്രസിഡന്റ്മാർ



ചെങ്ങാരപ്പള്ളി
ദാമോദരൻ പോറ്റി



മേഞ്ഞറ കേശവൻ



വളവനാട്ട് കൃഷ്ണൻ നായർ



ടി.സി.കെ കൈനാടി



കെ. രംഗനാഥകുറുപ്പ്

മണിയലത്ത്പരമേശ്വരകുറുപ്പ് റ്റി. കുട്ടി എന്നിവരുടെ ഫോട്ടോകൾ ലഭ്യമല്ല.

# ഉള്ളടക്കം


- പൊതുവിവരണം 14
- നമ്മുടെ ചരിത്ര പശ്ചാത്തലം 15
- ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി 17
- പഞ്ചായത്തിലെ പ്രധാന തോടുകളും കുളങ്ങളും 19
- കൃഷിയും ജലസേചനവും 21
- മൃഗസംരക്ഷണം 29
- മത്സ്യബന്ധനം 33
- വ്യവസായം 36
- പൊതുവിതരണം 38
- വിദ്യാഭ്യാസമേഖല 40
- കുടിവെള്ളം 49
- പൊതുജനാരോഗ്യം 51
- ഗതാഗതം 57
- ഊർജ്ജം 59
- മാർക്ക റ്റ് 63
- പർപ്പിടം 64
- സാമൂഹ്യക്ഷേമം 67
- വനിത 72
- പട്ടികജാതി പട്ടിക വർഗക്ഷേമം 74
- കല — സംസ്കാരം 78
- വിഭവ സമാഹരണം 81
- പരിസ്ഥിതി 83
- സഹകരണ മേഖ 85

## ഗ്രാമപഞ്ചായത്ത്

| | |
|---|---|
| കെ. എ അരവിന്ദാക്ഷൻ | സെക്രട്ടറി |
| എൻ. ശങ്കരപിള്ള | ഹെഡ്ക്ലാർക്ക് |
| കെ. രാധാമണി | യു.ഡി. ക്ലാർക്ക് |
| എൽ. കമലം | യു.ഡി. ക്ലാർക്ക് |
| ബി. വാസുദേവൻ | " |
| ആർ. വിജയകുമാർ | എൽ.ഡി. ക്ലാർക്ക് |
| ജോസഫയിൻ സെൻ | " |
| കെ. ശാന്ത | പ്യൂൺ |
| ത്രേസ്യാമ്മ വർഗ്ഗീസ് | പാർട്ട്ടൈം സ്വീപ്പർ |

# ഗ്രാമ പഞ്ചായത്ത് ഭരണ സമിതി



എസ്. മിനിമോൾ



ജി. ശ്രീധരകുറുപ്പ്
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



സി. സുജാത



അഡ്വ: എം.ജെ. വർഗീസ്സ്
പ്രസിഡന്റ്



സി. ഗോപാലകൃഷ്ണൻ നായർ



കെ. തങ്കമ്മ



കെ. പവിത്രൻ
വൈസ്. പ്രസിഡന്റ്



സുരേഷ് കളരിക്കൽ



റ്റി. ഷൈലജ



ജോസഫ് വി. പരുവക്കാട്

# ആമുഖം

മഹാത്മജി സ്വപ്നം കണ്ട "ഗ്രാമസ്വരാജ്" എന്ന സങ്കൽപം സാക്ഷാത്കരിക്കുന്നതിനുള്ള കാൽവെയ്പായിട്ടാണ് അധികാരവികേന്ദ്രീകരണത്തെ കേരളത്തിലെ ജനങ്ങൾ ഉറ്റുനോക്കുന്നത്. പഞ്ചായത്തീരാജ് സംവിധാനത്തെ കുറ്റമറ്റതും അർത്ഥവത്തുമാക്കിമാറ്റുവാൻ ലക്ഷ്യമിട്ട് രൂപം കൊടുത്ത പരിപാടിയാണ് ജനകീയ ആസൂത്രണപദ്ധതി. ദശാബ്ദങ്ങളായി ജനങ്ങൾ കാത്തിരുന്ന ഒരു പൊൻ പുലരിയുടെ ദർശനസായൂജ്യം ലഭ്യമാകുമെന്ന പ്രതീക്ഷ ജനങ്ങളിലുയർത്തുവാൻ ജനകീയ ആസൂത്രണപ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഭിക്ഷാംദേഹികളെപ്പോലെ ആനുകൂല്യങ്ങൾക്കുവേണ്ടി കൈനീട്ടുന്ന പട്ടിണികൂട്ടങ്ങളിൽ, സ്വാശ്രയബോധം വളർത്തി ജീവിതവിഭവങ്ങൾ കണ്ടെത്തുവാൻ പ്രാപ്തരാക്കുന്ന പുതിയൊരു സന്ദേശം ഈ പ്രസ്ഥാനത്തിലൂടെ എത്തിക്കുവാൻ കഴിയും എന്നത് പ്രധാന പ്രത്യേകതയാണ്. കോഴ കൊടുത്തും ദീർഘനാളത്തെ അലച്ചിലിനുശേഷവും അർഹതപ്പെട്ട ആനുകൂല്യത്തിന്റെ അംശം കൊണ്ടുമാത്രം തൃപ്തിയടഞ്ഞുമടങ്ങിയിരുന്ന സാധാരണക്കാരന് താങ്ങും തണലുമായി ജനകീയ ആസൂത്രണപ്രസ്ഥാനത്തെ മാറ്റുവാൻ കഴിയും എന്ന പ്രതീക്ഷയും നമുക്കുണ്ട്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം വികേന്ദ്രീകരണ ആസൂത്രണത്തിന് കേന്ദ്രസർക്കാർ നിയോഗിച്ച വിവിധ കമ്മീഷനുകൾ കാര്യമായ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. യശശ്ശരീരനായ ശ്രീ. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് 64-ാം ഭരണഘടനാ ഭേദഗതിക്കു രൂപം നൽകി. പഞ്ചായത്തീരാജ് നിയമം നടപ്പാക്കാൻ ശ്രമിച്ചെങ്കിലും കേന്ദ്രം നേരിട്ടു പഞ്ചായത്തുകളുമായി ബന്ധപ്പെടുന്നതിനെ ചിലർ എതിർത്തതിനാൽ ഇതൊരു ഭരണഘടനാ ഭേദഗതിയായി മാറിയില്ല. തുടർന്ന് 1993 ഓടെ 73,74 ഭരണഘടനാഭേദഗതി സംബന്ധിച്ച നടപടിക്രമങ്ങൾ ആരംഭിക്കുകയും 1995 ഒക്ടോബർ മാസം 2-ാം തീയതി തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്ത് സമിതികൾ നിലവിൽ വരികയും ചെയ്തു.

ഉദ്യോഗസ്ഥ തലത്തിൽ മാത്രമുള്ള നടത്തിപ്പിലൂടെ വികസനപദ്ധതികൾ മുകൾത്തട്ടിൽ നിന്നും താഴേക്കും അടിച്ചേൽപിച്ചതിന്റെ പോരായ്മകൾ അനുഭവിച്ചറിഞ്ഞ നമുക്ക് ഈ ആശയം വളരെയധികം പ്രതീക്ഷ നൽകുന്ന ഒന്നാണ്. ജനങ്ങളുടെ ആവശ്യങ്ങൾ എന്താണെന്ന് പരിഗണിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യാതെ രൂപം നൽകി പരാജയപ്പെട്ട എത്ര എത്ര പദ്ധതികൾ.... ലക്ഷ്യത്തിലെത്താതെ പോയ അത്തരം അടിസ്ഥാനശിലകളിൽ നിന്നും ഗുണപാഠം ഉൾക്കൊണ്ട് ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയായി അക്ഷരാർത്ഥത്തിൽതന്നെ മാറ്റിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് ഗ്രാമീണ ജനത മുന്നോട്ടു വന്നിരിക്കുന്നു. ഉൽപാദനത്തിലൂന്നിയ വികസന സന്ദേശം ദീർഘവീക്ഷണത്തോടുകൂടിയുള്ള ആസൂത്രണ സന്ദേശമായി ജനങ്ങൾ സ്വീകരിക്കും എന്നാശിക്കാം.

ഒമ്പതാം പഞ്ചവത്സരപദ്ധതിയിലേക്ക് പദ്ധതിയടങ്കലായി ലഭിക്കുന്ന തുകയുടെ 40% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ചെലവഴിക്കുമെന്ന് സംസ്ഥാന ഗവണ്മെന്റ് വ്യക്തമാക്കിയിട്ടുണ്ട്. 1997 ഏപ്രിൽ 1-ാം തീയതിമുതൽ 2002 മാർച്ചുമാസം 31-ാം തീയതിവരെ ഇപ്രകാരം ലഭിക്കുന്ന തുക വിവിധ വികസനപ്രവർത്തനങ്ങൾക്കായി ചെലവഴിക്കും. ജനകീയ ആസൂത്രണപരിപാടിയിലൂടെ രൂപം നൽകുന്ന പദ്ധതികൾക്കായിട്ടാണ് ഈ തുക ചെലവഴിക്കുന്നതെന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുവാൻ ഇതിനകം നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജനകീയ ആസൂത്രണ പരിപാടിയെ സംശയദൃഷ്ടിയോടെ വീക്ഷിച്ചവരെപോലും പ്രസ്ഥാനത്തിന്റെ ഭാഗമാക്കി മാറ്റുവാൻ കഴിഞ്ഞു എന്നത് പ്രചാരണരംഗത്ത് നാം സൃഷ്ടിച്ച തനിമ നിറഞ്ഞ ശൈലി തന്നെയാണെന്ന് അവകാശപ്പെടാം.

ജനകീയ ആസൂത്രണപരിപാടിയുടെ ജില്ലാതല പരിശീലനത്തിന്റെ ഭാഗമായി കായംകുളത്തുവച്ച് 1996 സെപ്തം. 8,9,10 തീയതികളിൽ പരിശീലനക്യാമ്പിൽ പഞ്ചായത്തിൽ നിന്നും ഏഴു ഡി.ആർ.പി.മാരും പഞ്ചായത്ത് പ്രസിഡൻറ് ഉൾപ്പെടെയുള്ള

പഞ്ചായത്തംഗങ്ങളും പങ്കെടുത്തു. നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കേണ്ട പരിപാടികളെക്കുറിച്ചു ചർച്ച ചെയ്തു സ്വാഗതസംഘം യോഗം വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചു. തുടർന്നു നടത്തിയ വിശ്രമമില്ലാത്ത പ്രവർത്തനങ്ങൾ ഏകദിനശിൽപശാലയും ഗ്രാമസഭകളും സജീവമാക്കുവാൻ സഹായകമായി. പ്രവർത്തനവിവരം സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

കൾ എൽ.ആർ.പി.മാർ എന്നിവർ പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ മുഴുവൻ ഭവനങ്ങളിലും എത്തിച്ചിരുന്നു. വിവിധ ഗ്രാമസഭകളിലായി 5218 പേർ പങ്കെടുത്തു. ഗ്രാമസഭകളിലെ സ്ത്രീകളുടെ പങ്കാളിത്തവും അവരുടെ ചർച്ചകളിലെ പങ്കാളിത്തവും സജീവമായിരുന്നു. ഗ്രാമസഭാ പങ്കാളിത്തം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1996 സെപ്തം. 12 ന് | സ്വാഗതസംഘം യോഗം കൂടി 3 സബ് കമ്മിറ്റികൾ രൂപീകരിച്ചു. |
| 1996 സെപ്തം. 13,14 | തീയതികളിൽ അവലോകനയോഗം കൂടി. |
| 1996 സെപ്തം 15 | സ്വാഗതസംഘം എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം ചേർന്നു. |
| 1996 സെപ്തം. 16 | നേതൃതല അവലോകനയോഗം |
| 1996 സെപ്തം 18 | സ്വാഗതസംഘം എക്സിക്യൂട്ടീവ് അടിയന്തിരയോഗം |
| 1996 സെപ്തം. 19 | പ്രധാന പ്രവർത്തകരുടെ യോഗം |
| 1996 സെപ്തം. 20 | ഡി.ആർ.പി. മാരുടെ യോഗം |
| 1996 സെപ്തം 21 | ഏകദിന ശിൽപശാലയുടെ ക്രമീകരണങ്ങൾ |
| 1996 സെപ്തം 22 | ഏകദിന ശിൽപശാല |
| 1996 സെപ്തം 24 | സാംസ്കാരിക സംഘടനാ പ്രതിനിധികളുടെ യോഗം |
| 1996 സെപ്തം 26 | പോസ്റ്റർ രചനാമത്സരം |
| 1996 സെപ്തം 27 | ആസൂത്രണ ജ്യോതിപ്രയാണം |
| 1996 സെപ്തം 27 | ജനകീയ ആസൂത്രണ വിളംബരജാഥ |
| 1996 സെപ്തം 28 | മോക്ക് ഗ്രാമസഭ |
| 1996 സെപ്തം 29 മുതൽ 1996 ഒക്ടോബർ 13 വരെ | വിശേഷാൽ ഗ്രാമസഭകൾ |

വിശേഷാൽ ഗ്രാമസഭകളെ സമ്പുഷ്ടമാക്കുന്ന പ്രചാരണരീതികൾ നാട്ടിലെമ്പാടും ചലനങ്ങൾ സൃഷ്ടിക്കുവാൻ പര്യാപ്തമായിരുന്നു. ഇതിന്റെ പ്രതിഫലനം ഗ്രാമസഭകളിലെ പങ്കാളിത്തത്തിലൂടെ ബോദ്ധ്യമായിട്ടുണ്ട്. കരുവാറ്റായിലെ 10 ഗ്രാമസഭകളിലേക്കുമുള്ള അറിയിപ്പുകൾ സാംസ്കാരിക സംഘടനാപ്രതിനിധി

ഗ്രാമസഭാ സംഘാടനം വിജയകരമായി പൂർത്തീകരിച്ചശേഷം രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായുള്ള വികസന സെമിനാറിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചു. വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ ദ്വിതീയ വിവര ശേഖരണത്തിനായി എൽ.ആർ.

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 222 | 160 | 382 |
| 2 | 348 | 196 | 544 |
| 3 | 372 | 242 | 614 |
| 4 | 190 | 150 | 340 |
| 5 | 393 | 214 | 607 |
| 6 | 356 | 292 | 648 |
| 7 | 347 | 246 | 593 |
| 8 | 382 | 178 | 560 |
| 9 | 258 | 160 | 418 |
| 10 | 298 | 214 | 512 |
| ആകെ | 3166 | 2052 | 5218 |

പി. ഗ്രൂപ്പുകൾ രൂപീകരിച്ചു. പല ദിവസങ്ങളിലായി ഈ ഗ്രൂപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി വിവരശേഖരണത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനം അവലോകനം ചെയ്യുകയുമുണ്ടായി. തുടർന്ന് ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോ ഡീകരണവും വിവിധ വിഷയങ്ങളെ അധികരിച്ചുള്ള റിപ്പോർട്ടു തയ്യാറാക്കലും നടന്നുവരുന്നു.

നമ്മുടെ പഞ്ചായത്തിൽ രണ്ടാംഘട്ട പരിശീലനത്തിൽ രണ്ടു ഡി.ആർ.പി. മാരെകൂടി ഉൾപ്പെടുത്തുകയുണ്ടായി. ജനകീയ ആസൂത്രണപരിപാടി മാതൃകാപരമായി സംഘടിപ്പിക്കുവാൻ ഡി.ആർ.പി. മാരുടെ പ്രവർത്തനം സജീവമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഒന്നാം ഘട്ട പ്രവർത്തനത്തിന് വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 30 എൽ.ആർ.പി.മാരുടെ പങ്കാളിത്തം ഗ്രാമസഭായോഗങ്ങൾ സംഘടിപ്പിക്കുന്നതിനുവരെ നല്ല രീതിയിൽ ലഭ്യമായിരുന്നു. എന്നാൽ തുടർന്നുള്ള പ്രവർത്തനങ്ങളിലും രണ്ടാംഘട്ട പരിശീലനത്തിലും 50% പേരുടെ സേവനം മാത്രമേ ലഭ്യമായിട്ടുള്ളൂ. വികസന സെമിനാറിനു തയ്യാറെടുക്കുന്ന ഈ ഘട്ടത്തിൽ മുഴുവൻ പ്രവർത്തകരേയും പരിപാടിയുമായി സഹകരിപ്പിക്കുന്നതിനും, ഒമ്പതാം പദ്ധതിയിൽ നല്ല സ്കീമുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തി വരികയാണ്.

# ജനകീയാസൂത്രണ പരിപാടി
# സ്വാഗത സംഘം



കരുവാറ്റ ചന്ദ്രൻ
ജന: കൺവീനർ



എം. സോമൻ
കൺവീനർ
ഫിനാൻസ് കമ്മറ്റി



അഡ്വ: എം.ജെ. വർഗീസ്
ചെയർമാൻ



തോട്ടത്തിൽ സുരേന്ദ്രൻ
പബ്ലിസിറ്റി കമ്മറ്റി



പി. ഉദയഭാനു
കൺവീനർ
ഫുഡ് കമ്മറ്റി

# ജനകീയാസൂത്രണ പരിപാടി
# ജില്ലാ റിസോഴ്സ് പേർസൺസ്


ആർ. ഷെറീഫ്


പി. മുകുന്ദൻ


സി. മുരളി
കൺവീനർ
ഡി. ആർ. പി


ബി. രാമചന്ദ്രകുറുപ്പ്


ഇ.ബി. വേണുഗോപാൽ


കെ.കെ. സുരേന്ദ്രനാഥ്


പി.പി. ജയപ്രസാദ്


എം. സോമൻ
കൺവീനർ
എൽ. ആർ. പി


എസ്. ബിജു


പി. ജി. മുരളി

# കരുവാറ്റാ ഗ്രാമപഞ്ചായത്ത്

## പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | കരുവാറ്റാ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - കരുവാറ്റാ, കുമാരപുരം, ചെറുതന |
| ബ്ലോക്ക് പഞ്ചായത്ത് | - ഹരിപ്പാട് |
| അസംബ്ളി മണ്ഡലം | - ഹരിപ്പാട് |
| താലൂക്ക് | - കാർത്തികപ്പള്ളി |
| ജില്ല | - ആലപ്പുഴ |
| വിസ്തീർണ്ണം | - 17.68 ച. കിമീ |
| അതിരുകൾ | - വടക്ക് - കുരംകുഴിതോട്,<br>തെക്ക് - സമുദ്രായത്തിൽതോട് നാക്കവല ആറ് കുമാരപുരം പഞ്ചായത്ത്<br>കിഴക്ക് - ഡാണാപ്പടി മങ്കുഴി തോട്, കൊപ്പാറ ആറ് കണ്ണഞ്ചേരി പുതുവൽ കിഴക്കുവശം ചെറുതന പഞ്ചായത്ത്<br>പടിഞ്ഞാറ് - നാക്കവല ആറ്, കൊട്ടാരവളവ് തോട്, തൃക്കുന്നപ്പുഴ പുറക്കാട് പഞ്ചായത്തതിർത്തി |
| ജനസംഖ്യ | - 21356 |
| പുരുഷൻ | - 10382 |
| സ്ത്രീ | - 10974 |
| ജനസാന്ദ്രത | - 1207.92 |
| അക്ഷരാഭ്യാസമുള്ളവർ | - 17259 |
| വാർഡുകൾ | - 10 |
| പ്രസിഡന്റ് | - അഡ്വ. എം. ജെ. വർഗീസ് |
| വൈസ് പ്രസിഡന്റ് | - കെ. പവിത്രൻ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | - ജി. ശ്രീധരകുറുപ്പ്. |

# നമ്മുടെ ചരിത്ര പശ്ചാത്തലം

ഏതൊരു നാടിനുമെന്നപോലെ കരുവാറ്റയ്ക്കും അതിൻേറതായ ഒരു ചരിത്ര പശ്ചാത്തലവും സംഭവ പരമ്പരകളും അവകാശപ്പെടാനുണ്ട്. കരുവാറ്റ എന്ന പേര് ഈ സ്ഥലത്തിനു കൈവന്നതിനെപ്പറ്റി പ്രചാരത്തിലുള്ള ഐതിഹ്യം-ഖാണ്ഡവദാഹസമയത്ത് ഈ പ്രദേശത്തു വന്നാണ് തീ അണഞ്ഞതെന്നും അങ്ങനെ കരു-അറ്റ സ്ഥലമായതുകൊണ്ട് 'കരുവറ്റ' എന്നും കാലക്രമത്തിൽ അത് കരുവാറ്റ ആയെന്നുമാണ്. ഈ ഐതിഹ്യം ശരിയാണെങ്കിലും അല്ലെങ്കിലും ഈ പ്രദേശത്ത് മണ്ണിനടിയിൽ കരിഞ്ഞ കാണ്ഡാമരങ്ങൾ കാണപ്പെടുന്നു എന്നത് വാസ്തവമാണ്.

എന്നാൽ സർവ്വവിജ്ഞാനകോശത്തിൽ പറയുന്നത് കരിനിലങ്ങളുള്ള പ്രദേശമായതുകൊണ്ട് കരുവാറ്റ എന്ന് നാമം വന്നു എന്നാണ്. ഘോരവനമായിരുന്ന പ്രദേശം ഭൂചലനം മൂലം ജലനിമഗ്നമായപ്പോൾ ജൈവാംശങ്ങളും മരങ്ങളുടെ അവശിഷ്ടങ്ങളും അടിഞ്ഞുകൂടി കരിനിലങ്ങൾ രൂപം കൊണ്ടു. AD 1746 ൽ മാർത്താണ്ഡവർമ്മ മഹാരാജാവ് കായംകുളം പിടിച്ചടക്കുന്നതുവരെ ആ രാജ്യത്തിൻെറ വടക്കേ അതിർത്തിയായിരുന്നു ഈ പ്രദേശം. ഇവിടെ താവളം അടിച്ചാണത്രെ മാർത്താണ്ഡവർമ്മയും രാമയ്യനും ചെമ്പകശ്ശേരി രാജ്യത്തിനെതിരെ പട നയിച്ചത്.

ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൻെറ അലയൊലികൾ അതിൻെറ മുഴുവൻ ഗാംഭീര്യത്തോടെയും ഇവിടെ പ്രകടമായിരുന്നില്ലെങ്കിലും ഈ രംഗത്തു പ്രവർത്തിച്ച വ്യക്തികളും പ്രസ്ഥാനങ്ങളും ധാരാളമുണ്ടായിരുന്നു. കരുവാറ്റ NSSHS ൽ രൂപീകൃതമായ വിദ്യാർത്ഥികോൺഗ്രസിൻെറയും വിദ്യാർത്ഥിഫെഡറേഷൻെറയും പ്രവർത്തനങ്ങൾ ഈ രംഗത്തെ കാൽവെയ്പായിരുന്നു. ഇവിടുത്തെ ചെറുപ്പക്കാർക്കിടയിൽ ചലനവും ആവേശവും ഉണ്ടാക്കാൻ ശ്രീമാന്മാർ ചെങ്ങാരപ്പള്ളി നാരായണൻ പോറ്റി, കെ.സി. പണിക്കർ, പാണ്ഡവത്തു ശങ്കരപിള്ള, ശങ്കരനാരായണൻ തമ്പി തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ സഹായിച്ചു.

സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള താമ്രപത്രം ലഭിച്ച ശ്രീമാന്മാർ വേട്ടാക്കോട് ശിവരാമപണിക്കർ, കെ.എൻ. ദത്ത് എന്നിവരുടെ നാമധേയങ്ങൾ സ്മരിക്കപ്പെടേണ്ടതാണ്. 1940 കളിൽ ഇവിടെ പ്രചാരത്തിലുണ്ടായിരുന്ന ദിനമണി, ദേശബന്ധു, കേരളകൗമുദി തുടങ്ങിയ പത്രങ്ങൾ ജനങ്ങൾക്കിടയിൽ സ്വാതന്ത്ര്യ അവബോധത്തെ സൃഷ്ടിക്കുവാൻ പര്യാപ്തമായിരുന്നു

കരുവാറ്റയുടെ ചരിത്രത്തെ പറ്റിപറയുമ്പോൾ മറക്കാൻ പറ്റാത്ത നാമമാണ് കരുവാറ്റ പറയരുടേത്. ഹരിപ്പാട്ട് സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിലെ ഉത്സവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ രാജാവിൽ നിന്ന് നേടിയ ഉരിയ കുറച്ച് തൊള്ളായിരത്തിപ്പറനിലവും മറ്റു വസ്തുവകകളും അന്യാധീനപ്പെട്ടെങ്കിലും കുടയും കുടയ്ക്കുമേൽ കുടയും അതിനുമേൽ കൊടിയുമായി അവരുടെ കൊട്ടക്കാഴ്ച ഇന്നും തുടരുന്നു.

ഈ ഗ്രാമത്തിലെ ഏറ്റവും പഴക്കം ചെന്ന അമ്പലമാണ് കളരിക്കൽ ദേവീക്ഷേത്രം. ഈ ഗ്രാമത്തിൻെറ കൂടി ദേവതാക്ഷേത്രമായ തിരുവിലഞ്ഞാൽ, കരുവാറ്റ കുളങ്ങര തുടങ്ങി ഏഴോളം മറ്റു പുരാതനക്ഷേത്രങ്ങളും ഇവിടെയുണ്ട്. 130 ൽപ്പരം വർഷത്തെ പഴക്കമുള്ള മങ്കുഴി ക്രിസ്തീയ ദേവാലയം, പന്നത്തണ്ടി പള്ളി എന്ന് പൊതുവെ അറിയപ്പെടുന്ന മാർത്തോമ്മാ ചർച്ച്, സെൻറ് ജോസഫ് ചർച്ച്, വഴിയമ്പലം മുസ്ലീം പള്ളി എന്നിവ നാട്ടിലെ പഴക്കമുള്ള ആരാധനാലയങ്ങളാണ്. ഗ്രാമത്തിന് ആത്മീയപരിവേഷം ഉളവാക്കുന്ന കരുവാറ്റ ഗോലോകാശ്രമത്തിനും വർഷങ്ങളോളം പഴക്കമുണ്ട്. 25 വർഷത്തിനുമേൽ പഴക്കമുള്ളതും കന്നുകാലി പാലത്തിന് സമീപമുള്ളതുമായ ശ്രീനാരായണഗുരുമന്ദിരം ഒരു സാംസ്കാരികപ്രവർത്തനകേന്ദ്രമായി മാറിയിട്ടുണ്ട്.

ഇവിടുത്തെ റോഡു ഗതാഗതത്തിന് 75 വർഷത്തെ പഴക്കമാണ് അവകാശപ്പെടാനുള്ളത്. കൊല്ലം ഡിവിഷനു കീഴിലായിരുന്ന ഈ പ്രദേശത്തെ പഴയസഞ്ചാരസൗകര്യങ്ങൾ കാളവണ്ടികളും കുതിരവണ്ടികളുമായിരുന്നു. മിക്ക സമ്പന്നവീടുകളിലും ഈ സൗകര്യമുണ്ടായിരുന്നു. ആദ്യമായി റോഡിന് ചെമ്മണ്ണ് വിരിച്ചത് 75 വർഷങ്ങൾക്കുമുമ്പാണ് ആദ്യമായി സർക്കാർ വാഹനം വന്നത് കൊല്ലവർഷം 1118 ലും.

കരുവാറ്റയിലെ പഴക്കം ചെന്ന പാലമാണ് കന്നുകാലിപ്പാലം. കനോലിസായ്പ് എന്ന എൻജിനീയറുടെ നാമത്തിൽ കനോലിപ്പാലം എന്നറിയപ്പെട്ടത് പിൽക്കാലത്ത് കന്നുകാലിപ്പാലം ആയി മാറി.

ഇവിടെ പഴയകാലത്ത് വീടുകൾ കേന്ദ്രീകരിച്ച് ആയുർവ്വേദവൈദ്യന്മാരും ചികിത്സയും പ്രശസ്തമായ നിലയിൽ നടത്തിയിരുന്നു. വട്ടപ്പറമ്പിൽ കേശവക്കുറുപ്പ് വൈദ്യൻ ഊട്ടുപറമ്പിൽ കൊച്ചുനാരായണ കണിയാൻ തുടങ്ങി ഈ രംഗത്ത് പ്രശസ്തർ ഏറെയുണ്ടായിരുന്നു. ആലപ്പുഴ ജില്ലയിൽ ഒരു TB സെന്റർ ആദ്യമായി തുടങ്ങിയത് കരുവാറ്റയിലായിരുന്നു. 1957 ൽ ശ്രീമാൻ ആർ. സുഗതൻ നിയമസഭാംഗമായിരുന്ന കാലത്തായിരുന്നു കരുവാറ്റ TB സെന്റർ സ്ഥാപിച്ചത്.

ഈ ഗ്രാമത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിന് 130 വർഷത്തെ പഴക്കമുണ്ട്. ഇന്ന് LP, UP, HS അടക്കം 11 വിദ്യാലയങ്ങൾ ഇവിടെയുണ്ട്. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി മഹാത്മാഗാന്ധിയും തുടർന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ഖാൻ അബ്ദുൽ ഗാഫർഖാൻ തുടങ്ങിയവരും കരുവാറ്റ ഹൈസ്കൂളിൽ എത്തി ജനങ്ങളെ അഭിസംബോധന ചെയ്തിട്ടുള്ളത് ഈ നാടിന്റെ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളാണ്.

1952-ൽ പഞ്ചായത്തുകൾ നിലവിൽ വന്നതിന് ശേഷം നടന്ന തിരഞ്ഞെടുപ്പിൽ കരുവാറ്റ പഞ്ചായത്തിന്റെ പ്രഥമപ്രസിഡന്റായത് ശ്രീമാൻ ചെങ്ങാരപ്പള്ളി ദാമോദരൻ പോറ്റിയായിരുന്നു. അതിനുമുമ്പ് ഈ പഞ്ചായത്തിലെ 1,2,3 വാർഡുകൾ കുമാരപുരം വില്ലേജ് യൂണിയൻ ഭരണത്തിൻ കീഴിലായിരുന്നു. വടക്കൻ പ്രദേശത്തിന്റെ ഭരണച്ചുമതല തേന്മട പകുതി കച്ചേരിയിൽ നിക്ഷിപ്തമായിരുന്നു. ആദ്യകാലങ്ങളിൽ കരുവാറ്റ പഞ്ചായത്താഫീസ് വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇപ്പോഴത്തെ പഞ്ചായത്താഫീസ് കെട്ടിടം 1983 ൽ ഉൽഘാടനം ചെയ്യപ്പെട്ടു. നിലവിലുള്ള ഭരണസമിതി അധികാരം ഏൽക്കുന്നതിനുമുമ്പ് ഈ പഞ്ചായത്തിന്റെ പ്രസിഡന്റ് പദവികൾ അലങ്കരിച്ചത് യഥാക്രമം ശ്രീമാന്മാർ ചെങ്ങാരപ്പള്ളി ദാമോദരൻ പോറ്റി, മണിയലത്ര പരമേശ്വരക്കുറുപ്പ്, മേത്തറ കേശവൻ, റ്റി. കുട്ടി, വളവനാട് കൃഷ്ണൻ നായർ, റ്റി.സി.കെ. കൈനകരി, കെ. രംഗനാഥക്കുറുപ്പ് എന്നിവരായിരുന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം വ്യത്യസ്തരാഷ്ട്രീയപാർട്ടികളുടേയും ബഹുജനസംഘടനകളുടേയും പ്രവർത്തനം പഞ്ചായത്തിലെ രാഷ്ട്രീയവും സാമൂഹ്യവുമായ പലമാറ്റങ്ങൾക്കും കാരണങ്ങളായിട്ടുണ്ട്. 1957 മുതൽ 1977 വരെയുള്ള കാലഘട്ടത്തിൽ രൂപം കൊണ്ടു കാർഷിക ഭൂപരിഷ്ക്കരണനിയമങ്ങൾ ഈ പഞ്ചായത്തിലും മാറ്റത്തിന്റെ അലയൊലികൾ സൃഷ്ടിച്ചു. കാർഷികരംഗത്തും ഭൂഉടമരംഗത്തും വളരെ പ്രകടമായ വ്യതിയാനങ്ങളാണ് സംഭവിച്ചത്. ഈ നിയമത്തിന്റെ ആനുകൂല്യം എന്ന നിലയിൽ ഏകദേശം 700 ഓളം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ഐക്യകേരളത്തിലെ പ്രഥമമന്ത്രിസഭയുടെ കാലത്ത് നടപ്പിലായ കാർഷിക ഋണാശ്വാസനിയമം ഇവിടുത്തെ കൃഷിക്കാരെയും തകർച്ചയിൽ നിന്ന് കരകയറുവാൻ സഹായിച്ചു. കാർഷികരംഗത്ത് ഇവിടെ ആദ്യകാലത്തുണ്ടായ വളർച്ചയും ഉന്മേഷവും ഇതിന്റെ കൂടി പ്രതിഫലനമായിരുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ യുവജനസംഘടനകൾ കർഷകസംഘടനകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഇവിടെ സജീവമായിരുന്നു. ഭൂപരിഷ്ക്കരണനിയമത്തിന്റെ ഫലമായി കാർഷിക ഭൂഉടമാരംഗത്ത് തികച്ചും ഗുണപരമായ വ്യതിയാനമാണ് ഉണ്ടായത്. 30 ഏക്കറോളം ഭൂമി 91 കുടുംബങ്ങൾക്കായി വിതരണം ചെയ്യപ്പെട്ടു.

ഇപ്രകാരമുള്ള ചരിത്രസംഭവങ്ങളും പ്രവർത്തനാനുഭവങ്ങളും ഉൾക്കൊണ്ട് കൊണ്ടു വിവിധ രാഷ്ട്രീയ സാമൂഹ്യസാംസ്കാരിക സംഘടനകൾ ഈ ഗ്രാമത്തിന്റെ പുരോഗതി ലക്ഷ്യമാക്കി ഇപ്പോഴും പ്രവർത്തിച്ചു വരുന്നു എന്നത് സ്വാഗതാർഹവും അഭിനന്ദനീയവുമായ കാര്യമാണ്.

# ഭൂപ്രകൃതി
# ജനപ്രകൃതി
# ജലപ്രകൃതി

നാലു പുറവും പുഴകളാലും തോടുകളാലും അതിരിട്ടുനിൽക്കുന്ന ദീർഘ ചതുരാകൃതിയിലുള്ള ഭൂപ്രദേശമാണ് നമ്മുടെ ഗ്രാമപഞ്ചായത്ത്. വടക്ക് കുരംകുഴിതോടും തെക്ക് സമുദായത്തിൽ തോടും നാൽക്കവലയാറും കിഴക്ക് കൊപ്പാറയാറും മങ്കുഴി-ഡാണാപ്പടിത്തോടും പടിഞ്ഞാറ് നാൽക്കവല-കൊട്ടാരവളപ്പ് തോടും പഞ്ചായത്തിൻെറ അതിർരേഖകളായി ഒഴുകുന്നു. ചെറുതന വില്ലേജിൽ പെടുന്ന 18 ഓളം കുടുംബങ്ങൾ അധിവസിക്കുന്ന കൊപ്പാറയാറിന് കിഴക്കുവശമുള്ള കണ്ണഞ്ചേരി പുതുവൽ നമ്മുടെ പഞ്ചായത്തിൻെറ ഭാഗമാണ്. ഭൂമിശാസ്ത്രപരമായ ഒരു വിടവ് ഈ ഭാഗത്തെ പഞ്ചായത്തിൻെറ മുഖ്യധാരയിൽ നിന്നും വേർപെടുത്തുന്നു.

ഭൂപ്രകൃതിയനുസരിച്ച് നമ്മുടെ പഞ്ചായത്ത് പൂർണ്ണമായും തീരസമതല പ്രദേശമാണ്. ജലലഭ്യത, മണ്ണിൻെറ സ്വഭാവം വിളകളുടെ പ്രത്യേകത എന്നിവയടിസ്ഥാനപ്പെടുത്തി പ്രദേശത്തെ മൂന്നായി തിരിക്കാം.

1. ചതുപ്പ് പ്രദേശം 2. കരപ്രദേശം 3. പുഞ്ചപ്രദേശം

## ചതുപ്പ് പ്രദേശം

ഏഴാം വാർഡ് പൂർണ്ണമായും, ആറാം വാർഡിൻെറ പടിഞ്ഞാറൻ പ്രദേശവും മൂന്നാം വാർഡിൻെറ തെക്കു പടിഞ്ഞാറ് ഭാഗവും ചേർന്ന പഞ്ചായത്തിൻെറ ഭൂവിസ്തൃതിയുടെ 20% വരുന്നതാണ് ചതുപ്പുപ്രദേശം. ഒരിക്കൽ കണ്ടൽ ചെടികളും കളകളും നിറഞ്ഞുനിന്നിരുന്ന ഈ പ്രദേശം പ്രായേണ നെൽകൃഷി ചെയ്യുന്ന മുണ്ടകനിലങ്ങളായും തെങ്ങും ഇടവിളകളും കൃഷി ചെയ്യുന്ന ചിറയും തോടും കലർന്ന പ്രദേശമായും പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. നീർവാർച്ചകുറവുള്ളതും ചെളിയും ജൈവാംശവും കൂടുതലുള്ളതുമായ കരിമൺ പ്രദേശമാണിത്. ഒരുപ്പൂ നെൽകൃഷിചെയ്തിരുന്ന മുണ്ടകൻ പാടങ്ങൾ ഇപ്പോൾ ചിറപിടിച്ച് തെങ്ങുകൃഷി ചെയ്യുകയോ തരിശായിട്ടിരിക്കുകയോ ചെയ്തുവരുന്നു.

## കരപ്രദേശം

ഏഴാം വാർഡൊഴികെയുള്ള പഞ്ചായത്തിലെ വാർഡുകളുടെ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന കരഭൂമിയും വിരുപ്പുനിലങ്ങളും ഇടകലർന്ന പഞ്ചായത്തിൻെറ ഭൂവിസ്ത്രതിയുടെ പകുതിയോളം വരുന്ന പ്രദേശമാണിത്. നീർവാർച്ചയുള്ള ഫലഭൂയിഷ്ഠമായ മണൽ മണ്ണ് ഈ പ്രദേശത്തിൻെറ പ്രത്യേകതയാണ്. മുഖ്യവിള തെങ്ങാണ്. വിരുപ്പുനിലങ്ങളിൽ നെല്ല് സമൃദ്ധമായി കൃഷി ചെയ്യപ്പെട്ടിരുന്നു. ഇടവിളയായി വാഴ, മരച്ചീനി, കമുക്, മറ്റു ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ,എന്നിവയും സമൃദ്ധിയായി വളരുന്നു.

## പുഞ്ച പ്രദേശം

1,2,6,8,9,10 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന 11 പാടശേഖരങ്ങൾ അടങ്ങിയ 685 ഹെക്ടർ വിസ്തൃതി വരുന്ന പ്രദേശമാണിത്. വ്യാപകമായി ഇരുപ്പൂവും ചില പ്രദേശങ്ങളിൽ ഒരുപ്പൂവായും നെല്ലും, പുഞ്ചബണ്ടുകളിലും ഇടയ്ക്കിടെ നികത്തിയെടുത്തിട്ടുള്ള കരപ്രദേശങ്ങളിൽ തെങ്ങും ഇടവിളകളും കൃഷിചെയ്തുവരുന്ന പഞ്ചായത്തിൻെറ കിഴക്കും വടക്കുമുള്ള ഭൂപ്രദേശമാണിത്.

മണ്ണിൻെറ അംശം കൂടിയ മണൽ മണ്ണും, ചെളിയുടെ അംശം കൂടിയ ചെളിമണ്ണും (മട്ടുമണ്ണ്) ഭൂരിഭാഗം പ്രദേശങ്ങളിൽ കരിമണ്ണും കാണപ്പെടുന്ന പുഞ്ചപ്പാടങ്ങളിലെ ഉയർന്ന ജൈവാംശവും ഉയർന്ന അമ്ളത്വവും അടങ്ങിയ മണ്ണിൻെറ ഘടന കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന മുഖ്യപ്രശ്നമാണ്.

## ജനപ്രകൃതി

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 21356 ആണ്. ഇതിൽ 10382 പുരുഷന്മാരും 10974 സ്ത്രീകളുമാണ്. 6442 വീടുകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 6110 വീടുകളിൽ മാത്രമാണ് താമസമുള്ളത്. ഒരു കുടുംബത്തിലെ ശരാശരി അംഗസംഖ്യ 3.5 ആണ്. 6 വയസ്സിനു താഴെപ്രായമുള്ള 2355 കുട്ടികളുള്ളതിൽ 1231 ആണുകുട്ടികളും 1124 പെൺകുട്ടികളുമാണ്. 2956

പേർ സ്കൂൾ വിദ്യാർത്ഥികളാണ്. 17.68 ച.കി.മീറ്റർ വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിലെ ജനസാന്ദ്രത 1207.92 ആണ്. പട്ടികജാതിയിൽ പെട്ട 1684 പേരും (ആൺ. 872 പെൺ. 812) പട്ടികവർഗ്ഗത്തിൽപെട്ട 47 പേരും ഉണ്ട്. സാക്ഷരതയിൽ സ്ത്രീകളാണ് മുമ്പിൽ. ആകെയുള്ള 17259 സാക്ഷരതയിൽ 8711 സ്ത്രീകളും 8548 പുരുഷന്മാരുമാണ്. സെൻസസ് റിപ്പോർട്ട് പ്രകാരം 4097 നിരക്ഷരരുണ്ടെങ്കിലും ഇവരിൽ നല്ലൊരു ശതമാനത്തെ സമ്പൂർണ്ണസാക്ഷരതാപ്രവർത്തനത്തിൻെറ ഭാഗമായി സാക്ഷരരാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തുടർ സാക്ഷരതാപ്രവർത്തനങ്ങൾക്ക് ഇനിയുമേറെ പ്രസക്തിയുണ്ട്. ജനങ്ങളുടെ വിദ്യാഭ്യാസനിലവാരം സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ലെങ്കിലും ഉയർന്ന വിദ്യാഭ്യാസനിലവാരമുള്ള ജനവിഭാഗമാണ് നമ്മുടെ പഞ്ചായത്തിലേത്. തൊഴിൽ രംഗത്തെ സംബന്ധിച്ചും വ്യക്തമായ കണക്കുകൾ ലഭ്യമല്ല. സർക്കാർ-അർദ്ധസർക്കാർ ജീവനക്കാരുടെ എണ്ണം ആപേക്ഷികമായി വളരെക്കുറവുള്ള നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷവും പണിയെടുക്കുന്നത് കാർഷികമേഖലയിലാണ്. ക്ഷേമനിധി കണക്കുകൾ പ്രകാരം പഞ്ചായത്തിലെ കർഷകത്തൊഴിലാളികളുടെ സംഖ്യ 2850 ആണ്. കൂടാതെ 965 പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ട്. കർഷകതൊഴിലാളികൾ കഴിഞ്ഞാൽ ഏറ്റവുമധികം ആളുകൾ പണിയെടുക്കുന്നത് കയർ മേഖലയിലാണ്. കയർ തൊഴിലാളികൾ കൂടുതലുള്ളത് 7,5,3 വാർഡുകളിലാണ്. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവരുടെ സംഖ്യയിൽ അടുത്തകാലത്തായി വർദ്ധനയുണ്ടായിട്ടുണ്ട്. കാർഷിക മേഖലയുടെ തകർച്ചകാരണം ആ രംഗത്തുനിന്നും നിർമ്മാണരംഗത്തേക്ക് തൊഴിലാളികൾ മാറുന്നതാണിതിനു കാരണം. നല്ലൊരു വിഭാഗം തൊഴിലാളികൾ മത്സ്യബന്ധന, വിപണന സംസ്കരണരംഗത്ത് പ്രവർത്തിച്ചുവരുന്നു. ചെറുകിട കച്ചവടക്കാരുടെ എണ്ണവും കുറവല്ല. കൃഷിക്ക് പ്രാമുഖ്യമുള്ളതാണ് നമ്മുടെ പഞ്ചായത്തെങ്കിലും കൃഷിയിൽ നിന്നുള്ള വരുമാനത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവരുടെ സംഖ്യ തുലോം കുറവാണ്.

സാമുദായിക ചേരിതിരിവ് നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. ഹിന്ദുക്കളാണ് ഭൂരിപക്ഷം- അതിൽ ഭൂരിപക്ഷം അവർണ്ണ സമുദായക്കാരാണ്. പട്ടികജാതി-പട്ടികവർഗ്ഗ സമുദായം കഴിഞ്ഞാൽ എല്ലാ സമുദായക്കാരിലും പാവപ്പെട്ടവരെയും പണക്കാരെയും കാണാം. ഇടത്തരക്കാരാണ് ഭൂരിപക്ഷവും. സങ്കീർണ്ണമായ വർഗ്ഗഘടനയാണുള്ളത്. പ്രത്യേകിച്ചും കാർഷിക മേഖലയിൽ ഭൂഉടമസ്ഥരിൽ ന്യൂനപക്ഷം മാത്രമേ സ്വയം കൃഷിക്കാരായി കരുതുന്നുള്ളൂ. ചെറുകിട ഭൂഉടമകൾ മറ്റു മേഖലകളിൽ പണിയെടുക്കുന്നു. ഇവർ കർഷതൊഴിലാളികളെ കൂലിയ്ക്കെടുക്കുന്നു.

വ്യാവസായികസ്ഥാപനങ്ങൾ പേരെടുത്തു പറയത്തക്കതായി ഒന്നും തന്നെയില്ല. ആ മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണവും പരിമിതമാണ്.

## ജലപ്രകൃതി

ജലസമൃദ്ധമായ ഭൂപ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. മഴയെ ആശ്രയിച്ചുള്ള കാർഷിക വ്യവസ്ഥയാണ് നമുക്കുള്ളത്. വർഷത്തിൽ ശരാശരി 2913 മി. മീറ്റർ മഴ ലഭിക്കുന്നു. കാലവർഷക്കാലത്താണ് 70% മഴ ലഭിക്കുന്നത്. ജൂൺ മാസത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നു. മഴ ഏറ്റവും കുറവുള്ളത് ഡിസംബറിലാണ്. പഞ്ചായത്തിൻെറ തെക്കേ അതിരുമുതൽ വടക്കേയറ്റം വരെ നീണ്ടൊഴുകുന്ന പുത്തൻ തോടും ഇരുവശങ്ങളിൽ നിന്നും അതിലേയ്ക്കൊഴുകിയെത്തുന്ന പതിനൊന്നോളം കൈത്തോടുകളും പഞ്ചായത്തിനെ ജലധന്യമാക്കുന്നു. ലീഡിംഗ് ചാനലും, കൊപ്പാറയാറും, നാൽക്കവെലയാറും, മങ്കുഴി ഡാണാപ്പടിത്തോട്, സമുദാ[illegible]ൽ തോട്, നാൽക്കവെല-കൊട്ടാരവളവ് തോടും ഇവയെല്ലാമായി ബന്ധപ്പെട്ട് പഞ്ചായത്തിൻെറ [illegible]വും വിലങ്ങുമായൊഴുകുന്ന 18 ഓളം മറ്റു തോടുകളും ആകെച്ചേർന്ന് നമ്മുടെ പഞ്ചായത്തിൻെറ സിരാധമിനികളായി വർത്തിക്കുന്നു. 10 സെൻറു വരെ വിസ്തീർണ്ണമുള്ള ചെറുതും വലുതുമായ 115 ൽ പരം കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ദേവാലയങ്ങളോടു ചേർന്നുള്ള ഏഴ് പൊതുക്കുളങ്ങളുണ്ട്. ഈ ഉപരിതല ജലസ്രോതസ്സുകൾ എല്ലാം ചേർന്ന് നമ്മുടെ ജലസമ്പത്ത് ധന്യമാക്കുന്നു. മെച്ചപ്പെട്ട ഭൂഗർഭ ജലസമ്പത്ത് നമ്മുടെ പഞ്ചായത്തിനുണ്ട്. ചതുപ്പു കലർന്ന പടിഞ്ഞാറൻ പ്രദേശങ്ങളിലും പുഞ്ചപ്രദേശങ്ങളിലും 1 മുതൽ 2 വരെ താഴ്ചയിൽ ജലം ലഭിയ്ക്കുമ്പോൾ മധ്യഭാഗത്തെ കരപ്രദേശങ്ങളിൽ മൂന്നു മീറ്റർ താഴ്ചയിൽ ജലം ലഭിക്കുന്നു. വേനൽ കാലങ്ങളിൽ 1,2,3,4,8 വാർഡുകളിലെ കരപ്രദേശങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുമ്പോൾ മറ്റു പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടാറില്ല. എന്നാൽ ചെമ്പുനോട്, ലീഡിംഗ് ചാനൽ എന്നിവയിൽ വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുമ്പോൾ പഞ്ചായത്തിൻെറ വടക്കും പടിഞ്ഞാറും പ്രദേശങ്ങളിൽ അനുഭവപ്പെടുന്നത് ശുദ്ധജലദൗർലഭ്യത്തിന് കാരണമാകുന്നു.

★

# പഞ്ചായത്തിലെ പ്രധാന തോടുകളും കുളങ്ങളും

## തോടുകൾ

ചെമ്പുതോട്
കൊപ്പാറയാറ്
ലീഡിംഗ് ചാനൽ
കൊരംകുഴിതോട്
മങ്കുഴി-ഡാണാപ്പടിതോട്
ഈഴവൻകരിതോട്
കൊച്ചാലപ്പുഴതോട്
കൊച്ചുപുരയ്ക്കൽതോട്
തേവറോത്തുതോട്
കിഴക്കേപ്പുറമ്പിൽതോട്
വക്കാണച്ചാൽതോട്
മൂക്കമ്പെള്ളിതോട്
വേലംപറമ്പിൽതോട്
മറുതാശ്ശേരിൽതോട്

കൊച്ചുപോച്ചത്തോട്
ഇടയിലപ്പറമ്പിൽതോട്
കാട്ടിൽപ്പറമ്പിൽതോട്
മേത്രയിൽതോട്
പട്ടാണിച്ചിറതോട്
ചാപ്രായിൽതോട്
പാറപ്പള്ളിൽതോട്
പട്ടേരിൽതോട്
വാഴാങ്കേരിത്തോട്
മുട്ടക്കുളംതോട്
പുളുമ്പേക്കേരിത്തോട്
മുട്ടിയിൽതോട്
മുണ്ടിയറയ്ക്കൽതോട്
നാലുചിറത്തോട്

## കുളങ്ങൾ

കടുവൻകുളം
കണ്ണന്നൂർകുളങ്ങരകുളം
മംഗലശ്ശേരികുളം
കരുവാറ്റാകുളങ്ങരകുളം

[illegible] കുളം
വലിയകുളം
[illegible]ട്ടുപറമ്പ് കുളം
പള്ളിക്കുളം

# ഗ്രാമ സഭയിലൂടെ



# കൃഷിയും ജലസേചനവും

**കൃ**ഷിക്ക് മുൻതൂക്കമുള്ള പ്രദേശമാണ് കരുവാറ്റ ഗ്രാമപഞ്ചായത്ത്. കൃഷിയായിരുന്നു ഇവിടത്തെ ജനങ്ങളുടെ മുഖ്യവരുമാനമാർഗ്ഗം. മുഖ്യവിളയായി തെങ്ങും നെല്ലും ഇടവിളകളായി വാഴ, മരച്ചീനി, കമുക്, കിഴങ്ങുവർഗ്ഗങ്ങൾ, എള്ള്, പച്ചക്കറികൾ എന്നിവ കൃഷി ചെയ്തുവരുന്നു. ആദ്യകാലങ്ങളിൽ കൃഷി ആദായകരമായി നടത്തപ്പെട്ടിരുന്നു. കൃഷിഭൂമിയുടെ ഭൂരിഭാഗവും ഇടത്തരം ജന്മിമാരുടെ കൈവശമായിരുന്നു. പാട്ടകൃഷിയും, 'വാര'വ്യവസ്ഥയും ഉണ്ടായിരുന്നു. കൃഷിഭൂമികൾ അധികവും വിസ്തൃതമായ പാടശേഖരങ്ങളായിരുന്നില്ല തുണ്ടുഭൂമികളായിരുന്നു.

പ്രകൃതിയ്ക്കിണങ്ങിയ നാടൻ കൃഷിമാർഗ്ഗങ്ങളാണ് ആദ്യകാലങ്ങളിൽ നടത്തപ്പെട്ടിരുന്നത്. നിലമുഴുന്നതിനും പരുവപ്പെടുത്തുന്നതിനും കാളയും കലപ്പയും, വല്ലിയും പെരുപ്പുത്തടിയും കട്ടത്തടിയും മറ്റും ഉപയോഗിച്ചിരുന്നു. ജലസേചനത്തിനായി ചക്രവും ഞേറയും തേക്ക് കൊട്ടയും മറ്റുമാണ് ഉപയോഗിച്ചിരുന്നത്. നാടൻ വിത്തിനങ്ങളായ ചെമ്പാവും ഞവിക്കരയും കൊച്ചുവിത്തും കൊളപ്പാലയും വിരുപ്പുനിലങ്ങളിൽ കൃഷി ചെയ്തുവന്നു. ജൈവവളങ്ങളായ പച്ചിലവളം, ചാണകം, ചാരം, മത്സ്യവളം എന്നിവ വ്യാപകമായും സമൃദ്ധമായും ഉപയോഗിക്കപ്പെട്ടിരുന്നു. ഇതുമൂലം മണ്ണിന്റെ സ്വാഭാവിക പ്രകൃതിഘടനയും മൃദുത്വവും ജലം ഉൾക്കൊള്ളുവാനുള്ള കഴിവും സംരക്ഷിക്കപ്പെട്ടിരുന്നു. കളയും കീടങ്ങളും നശിപ്പിക്കുന്നതിന് കളനാശിനികൾക്കും കീടനാശികൾക്കും പകരം കായികമാർഗ്ഗങ്ങളാണ് വ്യാപകമായി ഉപയോഗിച്ചിരുന്നത്. ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും ഉതകുന്ന തരത്തിൽ തോടുകളും കുളങ്ങളും സംരക്ഷിക്കപ്പെടുകയും കാർഷികമേഖലയുടെ ജീവൻ തുടിപ്പിക്കുന്ന സിരാ-ധമനികളായി നിലനിർത്തപ്പെടുകയും ചെയ്തുപോന്നു. നാടിനുവേണ്ടി സമ്പത്ത് ഉൽപാദിപ്പിക്കുന്നവരെന്ന നിലയിൽ കർഷകർക്കും കർഷകതൊഴിലാളികൾക്കും സമൂഹത്തിൽ പരിഗണന നൽകപ്പെട്ടിരുന്നു.

കാർഷികപരിഷ്ക്കരണം നടപ്പിലായതോടെ ഈ മേഖലയിൽ ചെറുകിട കൃഷിക്കാരാണ് കൂടുതലുള്ളത്. ചെറുകിട കർഷകർ സ്വന്തമായി കൃഷിപ്പണി ചെയ്യുവാൻ സന്നദ്ധരല്ല. ഭൂരിപക്ഷമാളുകളും മറ്റു തൊഴിലിൽ ഏർപ്പെട്ടതുകൊണ്ട് കർഷകതൊഴിലാളികളെ കൂലിക്കുവച്ച് പണിയെടുപ്പിക്കുന്നു. ആധുനിക വിദ്യാഭ്യാസം വ്യാപകമായതോടെ കർഷകത്തൊഴിലാളികളുടെ പിന്മുറക്കാർ മറ്റു തൊഴിൽ മേഖലകളിലേക്ക് മാറി തുടങ്ങി. നെൽകൃഷിയിൽ നിന്ന് ദീർഘകാലവിളയായ തെങ്ങുകൃഷിയിലേക്ക് കർഷകർ മാറുന്നതിന് ഇതൊരു കാരണമായി. നെൽകൃഷി ആധുനികവൽക്കരിക്കപ്പെട്ടതോടെ പുത്തൻ വിത്തിനങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ, കളനാശിനികൾ ആധുനിക കൃഷി ഉപകരണങ്ങൾ എന്നിവ വ്യാപകമായി. കൃഷിക്കാവശ്യമായ മുടക്കുമുതൽ ചെറുകിടകൃഷിക്കാർക്ക് താങ്ങാനാവാത്ത ഭാരമായി. ചെറുകിട കർഷകരെ നിലനിർത്തുന്നതിനുതകുന്ന വായ്പാസൗകര്യങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ സമാന്തരമായി ഉണ്ടായില്ല.

അശാസ്ത്രീയവും അമിതവുമായ രാസവളകീടനാശിനി പ്രയോഗങ്ങൾ കൃഷിഭൂമിയുടെ സ്വാഭാവിക ഘടനയും ഫലഭൂയിഷ്ഠിയും നഷ്ടപ്പെടുത്തിയതുമൂലം മണ്ണിന്റെ ഉൽപാദനക്ഷമത കുറഞ്ഞുവന്നത് നെൽകൃഷിയെ അനാകർഷകമാക്കി. നെൽകൃഷി അനാകർഷകമായതോടെ നെൽവയലുകൾ നികത്തി തെങ്ങുകൃഷി ചെയ്യുന്നത് വ്യാപകമായി കൂട്ടുകുടുംബസംവിധാനത്തിൽ നിന്ന് ന്യൂക്ലിയർ കുടുംബത്തിലേക്കുള്ള മാറ്റം മൂലം പഞ്ചായത്തിലെ കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചു. വർദ്ധനവിനെ ഉൾക്കൊള്ളാൻ കരവിസ്തൃതിക്ക് കഴിയാതെ വന്നതിനാലും കരപ്രദേശത്തേക്കാൾ വിരുപ്പുനിലത്തിന് വില കുറവായതിനാലും വിരിപ്പുനിലങ്ങൾ നികത്തി വീടുവയ്ക്കൽ വർദ്ധിച്ചു. പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ ഈ പ്രദേശങ്ങളിലെ റോഡുകളും വർദ്ധിച്ചു നിലം നികത്തലും പുതിയ റോഡുകളുടെ നിർമ്മാണവും മൂലം സ്വാഭാവിക നീർച്ചാലുകളും ജലനിർഗ്ഗമനമാർഗ്ഗങ്ങളും അടയ്ക്കപ്പെട്ടു. ഇതുമൂലമുണ്ടായ നീർക്കെട്ട് അനേകം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തിവിട്ടു. സ്വാഭാവിക ജലനിർഗ്ഗമന മാർഗ്ഗങ്ങൾ അടയ്ക്ക

പ്പെട്ടതോടുകൂടി ഇരുപ്പൂവും മുപ്പൂവും കൃഷിചെയ്തുവന്നിരുന്ന അനേകം ഹെക്ടർ വിരുപ്പുനിലങ്ങൾ കൃഷിയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്.

നിലം നികത്തുന്നതിനുവേണ്ടി മണ്ണെടുത്ത കൃഷിഭൂമികൾ കൃഷിയോഗ്യമല്ലാത്ത വെള്ളക്കുഴികളായി മാറി.

വിളക്രമത്തിലും ഭൂവിനിയോഗത്തിലും കാര്യമായ മാറ്റമില്ലാതെ നിലനിൽക്കുന്ന മേഖലയാണ് നെല്ലുൽപാദനത്തിൽ മുഖ്യപങ്ക് വഹിക്കുന്ന പുഞ്ചപ്പാടങ്ങൾ. 11 പാടശേഖരങ്ങളിലായി 685 ഹെക്ടർ പുഞ്ചനിലങ്ങളിൽ നെല്ല് കൃഷിചെയ്തുവരുന്നു. 6,8,9,10 വാർഡുകളിലായി ഇവ വ്യാപിച്ചുകിടക്കുന്നു. 10.4 ഹെക്ടർ വരുന്ന കുറ്റിത്തറ-മണ്ണാച്ചൻ കരിപാടശേഖരം ഉയർന്ന ജൈവാംശം അടങ്ങിയ മണൽ മണ്ണുള്ള പ്രദേശമാണ്. 20 ഹെക്ടർ വരുന്ന കൊപ്പാറ പാടശേഖരം ചെളിയുടെ അളവ് കൂടുതലുള്ള ചെളിമണ്ണ് (മട്ടുമണ്ണ്) പ്രദേശമാണ്. 650 ഹെക്ടറോളം വരുന്ന അവശേഷിക്കുന്ന പാടശേഖരങ്ങൾ പുളിരസം കൂടിയ കരിമണ്ണുള്ള കരിനിലപ്രദേശമാണ്. ചെറുകിട കർഷകരാണ് കൃഷിക്കാരിൽ ഭൂരിഭാഗവും. പാടശേഖരങ്ങളിൽ പൊതുവേ ഇരുപ്പു കൃഷി ചെയ്തുവരുന്നു. 1,2 ഉം വാർഡുകളിൽ ഉൾപ്പെടുന്ന മങ്കുഴിപ്പാലം മുതൽ മണച്ചിറപ്പാലം വരെയുള്ള ഭാഗത്തെ 20 ഹെക്ടർ വരുന്ന പാടത്ത് ഭാഗികമായി മാത്രമേ കൃഷി നടക്കുന്നുള്ളൂ. ഈ ഭാഗത്തെ പുറംബണ്ട് ബലപ്പെടുത്തുകയും പാടശേഖരകമ്മിറ്റി സംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്താൽ കൃഷി പുനഃസ്ഥാപിക്കാൻ കഴിയും.

മഴയെയും പ്രകൃതിദത്തമായ ജലസ്രോതസ്സുകളെയും ആശ്രയിച്ചുള്ള കൃഷി സമ്പ്രദായമാണ് പാടശേഖരങ്ങളിൽ നിലനിൽക്കുന്നത്. ജലസമൃദ്ധമായ കരുവാറ്റ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ ജലസേചനപ്രവർത്തനങ്ങൾക്ക് കാര്യമായ പ്രസക്തിയില്ല. ജലനിർഗമനസൗകര്യങ്ങളാണ് കൂടുതൽ പ്രസക്തമായിട്ടുള്ളത്. കരുവാറ്റ വീയപുരം ചെറുതന പഞ്ചായത്തുകളിലെ വെള്ളപ്പൊക്കനിയന്ത്രണത്തിനുവേണ്ടി രൂപകൽപന ചെയ്തിട്ടുള്ള ലീഡിംഗ് ചാനലിന്റെ ആഴവും വീതിയും കൂട്ടുന്നത് കിഴക്കൻ പ്രദേശങ്ങൾക്ക് കൂടുതൽ ഗുണകരമായിരിക്കും. സ്പിൽവേഷട്ടറുകൾ യഥാസമയം തുറക്കുകയും പൊഴിമുറിക്കുകയും ചെയ്യാത്തതുമൂലം വെള്ളപ്പൊക്കക്കെടുതിയുണ്ടാകാറുണ്ട്. വേനൽക്കാലങ്ങളിൽ വേലിയേറ്റംമൂലം കായംകുളം പൊഴിയിൽ നിന്നും വേലിയേറ്റംമൂലം ഉപ്പുവെള്ളം കയറുന്നതുമൂലവും ലീഡിംഗ് ചാനലിലെ നീരൊഴുക്ക് കുറഞ്ഞതുമൂലവും വർദ്ധിച്ച ഓരുകയറ്റം ലീഡിംഗ് ചാനലിന് ഇരുപുറവുമുള്ള പുഞ്ചപ്പാടങ്ങളിലെ നെൽകൃഷിയെ അപകടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ട്രാക്ടറുകളും ട്രില്ലറുകളും ഉപയോഗിച്ചുള്ള ഉഴവുസമ്പ്രദായം നെൽകൃഷിയിൽ ചെലുത്തുന്ന ഗുണദോഷങ്ങളെയും സാമ്പത്തിക വശങ്ങളെയും സംബന്ധിച്ച ശാസ്ത്രീയമായ വിലയിരുത്തലുകൾ ആവശ്യമാണ്. പാടശേഖരങ്ങളിലെ ഉൽപാദനക്ഷമത ഏക്കറിന് 10 മുതൽ 13 വരെ ക്വിൻറലാണ്. മുൻ കാലങ്ങളിൽ ഇതിനേക്കാൾ മെച്ചപ്പെട്ട ഉൽപാദനം ലഭിച്ചിരുന്നു. ജൈവവളത്തിന്റെ ലഭ്യതയും ഉപയോഗവും തീരെയില്ലാതെയായിട്ടുണ്ട്. രണ്ടുപൂ കൃഷി ചെയ്തുവരുന്ന പാടശേഖരങ്ങളിൽ ഒരുപ്പൂ മാത്രം കൃഷി ചെയ്യുമ്പോൾ ഉൽപാദനം വർദ്ധിക്കുന്നതായി അനുഭവപ്പെടുന്നു. ഒരുപ്പൂനെല്ലു കൃഷിചെയ്തശേഷം ശുദ്ധജലം കയറ്റിയിറക്കി മണ്ണിന്റെ അമ്ളത്വം കുറയ്ക്കുന്നതിനും ഇടവിളയായി മത്സ്യകൃഷി നടത്തുന്നതിനുമുള്ള ശ്രമം പരീക്ഷണാർത്ഥം നടത്തിനോക്കാവുന്നതാണ്.

പാടശേഖരകമ്മിറ്റികൾ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പാടങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്. നിലവിലുള്ളതടക്കം മുഴുവൻ കമ്മിറ്റികളും സർവ്വേ നടത്തി Production incentive അടക്കം സർക്കാർ ആനുകൂല്യങ്ങൾ അനർഹരായവർ തട്ടിയെടുക്കുന്ന പ്രവണത തടയണം.

കണ്ടൽ ചെടികളും കളകളും നിറഞ്ഞുനിന്നിരുന്ന ചതുപ്പുപ്രദേശങ്ങളിൽ ഒരുഭാഗം നെൽകൃഷി ചെയ്യുന്ന മുണ്ടകനിലങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടിരുന്നു. പരമ്പരാഗത കൃഷിമാർഗ്ഗങ്ങളിലൂടെയാണ് ഈ പ്രദേശങ്ങളിൽ കൃഷി നടത്തിയിരുന്നത്. നാടൻ വിത്തിനങ്ങളായ അതിക്കിരയും കറുത്ത മുണ്ടകനും സമൃദ്ധമായി വിളഞ്ഞിരുന്ന മുണ്ടകൻ പാടങ്ങൾ ഭൂരിഭാഗവും വിവിധ കാരണങ്ങളാൽ തരിശിടപ്പെട്ടിരിക്കുകയോ ചിറപിടിച്ച് തെങ്ങു കൃഷിചെയ്തുവരികയോ ചെയ്യുന്നു. പ്രകൃതിദത്തമായ നീർച്ചാലുകൾ അടഞ്ഞുപോയതും നീരൊഴുക്കു കുറഞ്ഞതുമൂലം ഓര് വർദ്ധിച്ചതും മുണ്ടകൻ കൃഷിയെ പ്രതികൂലമായി ബാധിച്ചു. മുണ്ടകൻ കൃഷി പുനഃരുദ്ധാരണം പ്രായോഗികമായി അസാദ്ധ്യമായി മാറിയിട്ടുണ്ട്. മുണ്ടക നിലങ്ങൾ ചിറപിടിച്ച് തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിനും ഇടത്തോടുകളിൽ ഉൾനാടൻ മത്സ്യകൃഷിവ്യാപിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പരിശ്രമങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

## നാളീകേര കൃഷി

കരുവാറ്റ പഞ്ചായത്തിൽ നെല്ലു കഴിഞ്ഞാൽ പ്രധാനകൃഷി തെങ്ങാണ്. പഞ്ചായത്തിൽ 750 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി ചെയ്തുവരുന്നു. ഒരു ഹെക്ടറിൽ 160 തെങ്ങു എന്ന തോതിൽ കൃഷി ചെയ്തിരിക്കുന്നു. ഒരു തെങ്ങിൽ നിന്ന് പ്രതിവർഷം 132 നാളീകേരം ശരാശരി ലഭിക്കുന്നു. ഇത് സംസ്ഥാന

ശരാശരിയേക്കാൾ (135) കുറവാണ്. നെല്ലു കഴി ഞ്ഞാൽ മുഖ്യവിള തെങ്ങാണെങ്കിലും ശാസ്ത്രീയ മായി തെങ്ങു കൃഷിചെയ്യുന്ന സമീപനം ഉണ്ടായിട്ടില്ല. കരപ്രദേശങ്ങളിൽ പ്രായം ചെന്ന തെങ്ങിൻെറ പുനരു ദ്ധാരണം നടത്താത്തത് ഉൽപാദനം കുറയുന്നതിന് കാരണമാണ്. തെങ്ങിൻെറ നടീൽ സമ്പ്രദായത്തിലും പോരായ്മയുണ്ട്. പ്രത്യേകിച്ചും നികത്തിയപാടങ്ങളി ലാണ് പ്രശ്നം കൂടുതലുള്ളത്. വായുസഞ്ചാരവും നീർ വാർച്ചയുള്ളതുമായ മണ്ണാണ് തെങ്ങിന് അനു യോജ്യമായത്. നീർക്കെട്ടുള്ള പ്രദേശങ്ങളിൽ അതിന നുയോജ്യമായ രീതിയിലുള്ള കൃഷിസമ്പ്രദായം അനു വർത്തിച്ചുകാണുന്നില്ല.

ഉപയോഗിക്കുന്ന നടീൽ വസ്തുക്കളുടെ ഗുണനി ലവാരം ഉറപ്പാക്കുന്നതിൽ കൃഷിക്കാർ ശ്രദ്ധിക്കാറില്ല. അത്യുൽപാദനശേഷിയുള്ള ഇനങ്ങളെ അപേക്ഷിച്ച് പരമ്പരാഗത നാടൻ ഇനങ്ങളാണ് കൃഷിക്കാർ ഇഷ്ട പ്പെടുന്നത്. പ്രതികൂല കാലാവസ്ഥയെ ചെറുക്കുന്ന തിനും കൂടുതൽ കാലം വിളവ് നൽകുന്നതിനും നാടൻ ഇനങ്ങൾക്ക് ശേഷിയുള്ളതായി കാണപ്പെ ടുന്നു. എന്നാൽ നാടൻ ഇനങ്ങളിൽ നിന്നുതന്നെ മെച്ചപ്പെട്ടതും രോഗബാധിതമല്ലെന്നുറപ്പുള്ളതുമായ വിത്തുകൾ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാന ങ്ങൾ ഒന്നും പ്രാദേശികമായില്ല. മണ്ണു പരിശോധന യുടെ അടിസ്ഥാനത്തിൽ രാസവളപ്രയോഗം ശാസ്ത്രീ യമാക്കാനുള്ള സംവിധാനങ്ങൾ ഒന്നും തന്നെ നിലവി ലില്ല. ആവശ്യമായ തോതിൽ ജൈവവളപ്രയോഗത്തി നുള്ള പരിശ്രമവും നടക്കുന്നില്ല.

നാളികേരകൃഷിയുടെ ഏറ്റവും ഗുരുതരമായ പ്രവ ണത തെങ്ങിൻെറ രോഗഗ്രസ്തതയാണ്. ഉൽപാദന ക്ഷമമായ തെങ്ങിൻെറ 75% വും രോഗബാധയുള്ളവ യാണ്. തെങ്ങുകളിൽ 60% ത്തെയും ബാധിച്ചിട്ടുള്ളത് കാറ്റുവീഴ്ചയാണ്. ചെല്ലിബാധ, മഞ്ഞളിപ്പ്, ചെന്നീ രൊലിപ്പ്, മണ്ടചീയൽ എന്നിവയാണ് പരക്കെ കാണ പ്പെടുന്ന മറ്റു രോഗങ്ങൾ BHC, Furdan, ഡൈത്തേൻ M45, ബോഡോമിശ്രിതം എന്നിവയാണ് തെങ്ങിനുപ യോഗിച്ചുവരുന്ന പ്രധാന മരുന്നുകൾ. കാറ്റുവീഴ്ച യ്ക്ക് ഫലപ്രദമായ പ്രതിവിധി കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ രോഗബാധിതവൃക്ഷങ്ങൾ വെട്ടിന ശിപ്പിച്ച് പുതുതായി വച്ചുപിടിപ്പിക്കുന്ന പ്രവർത്തനം വ്യാപകമായി നടത്തണം.

പഞ്ചായത്തിൽ വ്യാപകമായി കൃഷിചെയ്തുവ രുന്ന മുഖ്യ ഇടവിള വാഴകൃഷിയാണ്. ഏകദേശം 165 ഹെക്ടർ സ്ഥലത്ത് വാഴകൃഷി നടത്തിവരുന്നു. ചിറ പ്രദേശങ്ങളിലും നിലം നികത്തിയ പ്രദേശങ്ങളിലും പുഞ്ച പ്രദേശങ്ങളിലുമാണ് വ്യാപകമായി കൃഷി ചെയ്തുവരുന്നത്. കരപ്രദേശങ്ങളിൽ വാഴ കൃഷി പ്രായേണ കുറവാണ്. ശാസ്ത്രീയമായും ലാഭകരമാ യവ വാഴ കൃഷി നടത്തുന്നതിനുള്ള പരിശ്രമം നടത്തേ ണ്ടതുണ്ട്. ശാസ്ത്രീയമായി ഏത്തവാഴ കൃഷി നടത്തു ന്നതിനുള്ള പരിശ്രമം ചെറിയതോതിൽ നമ്മുടെ പഞ്ചാ യത്തിൽ നടന്നുവരുന്നുണ്ട്. ഇത് കൂടുതൽ വ്യാപകമാ ക്കാൻ കഴിയണം.

പഞ്ചായത്തിലെ മറ്റൊരു മുഖ്യ ഇടവിളയാണ് മരച്ചീനി. 120 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്തു വരുന്നു. കരപ്രദേശങ്ങളിലും ചിറപ്രദേശങ്ങ ളിലും തറപ്രദേശങ്ങളിലും ഇത് കൃഷി ചെയ്തുവ രുന്നു. ആയുർദൈർഘ്യം കൂടിയതും കുറഞ്ഞതുമായ ഇനങ്ങൾ കൃഷി ചെയ്യപ്പെടുന്നു. ജൈവവുളമാണ് മരച്ചീനി കൃഷിക്ക് മുഖ്യമായും ഉപയോഗിച്ചുവന്നിരു ന്നത്. അടുത്തകാലത്തായി കൃഷിയുടെ വിസ്തൃതി യിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. മരച്ചീനി കൃഷിയെ ബാധിക്കുന്ന മുഖ്യപ്രശ്നം എലിശല്യമാണ്. പഞ്ചായത്തിൽ വ്യാപകമായ എലിനശീകരണത്തി നുള്ള കൂട്ടായ പരിശ്രമം നടത്തിയും മെച്ചപ്പെട്ട ഇനം നടീൽ വസ്തുക്കൾ ലഭ്യമാക്കിയും മരച്ചീനികൃഷി വ്യാപിപ്പിക്കാവുന്നതാണ്.

വിരുപ്പ് പ്രദേശങ്ങളിൽ മൂന്നാം വിളയായി വ്യാപ കമായി കൃഷി ചെയ്തിരുന്ന എള്ള്, വിരുപ്പു കൃഷി യുടെ തകർച്ചയോടെ പൂർണ്ണമായും ഇല്ലാതായ അവ സ്ഥയിലാണ്. ജലനിർഗ്ഗമനസൗകര്യങ്ങളുടെ അഭാ വമാണ് എള്ളുകൃഷിയുടെ തകർച്ചയ്ക്ക് കാരണമാ യത്. വിരുപ്പു കൃഷിയുടെ പുനരുദ്ധാരണപ്രവർത്തന ങ്ങൾ ഫലപ്രദമാകുന്നതോടെ എള്ളുകൃഷിയും വീണ്ടും വ്യാപകമാക്കാൻ കഴിയും.

തെങ്ങുകൃഷിയുടെ ഇടവിളയായി പയറുവർഗ്ഗ ങ്ങളുടെ കൃഷി വ്യാപകമായി പരീക്ഷിക്കപ്പെടാവുന്ന താണ്. വരുമാനവർദ്ധനവിനോടൊപ്പം മണ്ണിൻെറ ജൈവാംശം വർദ്ധിപ്പിക്കുന്നതിനും ഇത് സഹായ മാകും.

പഞ്ചായത്തിൽ 30 ഹെക്ടർ സ്ഥലത്തുമാത്രമാണ് പച്ചക്കറികൃഷി നടത്തിവരുന്നത്. കരപ്രദേശങ്ങളിലും പാടം നികത്തിയ പ്രദേശങ്ങളിലും പച്ചക്കറികൃഷിക്ക് ഏറ്റവും അനുയോജ്യമായ സാഹചര്യമാണുള്ളത്. വിരി പ്പുനിലങ്ങളിൽ ഇടവിളയായും ഇത് പരീക്ഷിക്കപ്പെടാ വുന്നതാണ്. കുടുംബബഡ്ജറ്റിൻെറ നല്ലൊരുഭാഗം പച്ചക്കറിയ്ക്കായി ചിലവഴിക്കേണ്ടിവരുന്നു. നമുക്ക് ആവശ്യമുള്ള പച്ചക്കറികൾ പ്രാദേശികമായി ഉൽപാ ദിപ്പിച്ചാൽ ഈ ആവശ്യത്തിലേക്ക് പുറത്തേക്ക് പോകുന്ന തുക ലാഭിക്കുന്നതോടൊപ്പം കുടുംബവരു മാനം വർദ്ധിപ്പിക്കുന്നതിനും സഹായകമാകും. കൃഷി ഭവൻെറയും മറ്റു ഏജൻസികളുടെയും സഹായത്തോടെ പ്രാദേശികമായി വിത്തിനങ്ങൾ സംഭരിച്ചു വിതരണം ചെയ്തും കൃഷിരീതികളെ സംബന്ധിച്ചു ബോധവ

ൽക്കരണം നടത്തിയും നമ്മുടെ പഞ്ചായത്തിൽ പച്ചക്കറി കൃഷി വ്യാപകമാക്കാൻ കഴിയും. ഒറ്റപ്പെട്ട വ്യക്തികൾ നടത്തിയ പരിശ്രമം വിജയകരമായിരുന്നുവെന്നതാണ് നമ്മുടെ പഞ്ചായത്തിലെ അനുഭവം. കാർഷികരംഗത്തെ സമിതികൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ കൂട്ടായ്മയോടെ പച്ചക്കറി കൃഷി വ്യാപകമാക്കാൻ പഞ്ചായത്ത് ഭരണസമിതി മുൻകൈയെടുക്കണം.

പഞ്ചായത്തിൽ 100 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിചെയ്യുന്നതായി കൃഷിഭവൻ രേഖകളിൽ കാണുന്നു. മുമ്പ് തെങ്ങിൻ പുരയിടങ്ങളിൽ ഇടവിളയായി വ്യാപകമായി ചെയ്തിരുന്ന കവുങ്ങുകൃഷി ഇന്ന് വളരെ കുറഞ്ഞതായിട്ടാണ് പഠനപര്യടനത്തിലൂടെ ബോദ്ധ്യപ്പെട്ടിട്ടുള്ളത്. ഉൽപാദകന് ന്യായവില ലഭിക്കാത്തതും രോഗബാധയും കവുങ്ങ് കൃഷികുറഞ്ഞതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. കാര്യമായ പരിചരണമോ ശ്രദ്ധയോ ഇല്ലാതെതന്നെ ലാഭകരമായി നടത്താവുന്ന കവുങ്ങുകൃഷി പ്രോത്സാഹിപ്പിക്കപ്പെടണം.

വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ സമൃദ്ധമായി കൃഷി ചെയ്യാവുന്ന കുടംപുളി നമ്മുടെ പഞ്ചായത്തിൽ കാര്യമായി കൃഷി ചെയ്തുകാണുന്നില്ല. കശുമാവു കൃഷിയും കുറഞ്ഞുവരുന്നു.

കരകൃഷിയിൽ മുഖ്യഇനമായി കൃഷിചെയ്തുവന്നിരുന്ന കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷിയും കുറഞ്ഞുപോയതായാണ് കാണുന്നത്. കിഴങ്ങ്, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷിക്ക് നല്ല സാദ്ധ്യതയുള്ള പ്രദേശമാണ്. കൃഷിഭവൻ മുഖേനയും മറ്റും മെച്ചപ്പെട്ട ഇനം നടീൽ വസ്തുക്കൾ ലഭ്യമാക്കി കൃഷിയുടെ വ്യാപനത്തിനു ശ്രമിക്കണം.

അഗ്രി-ഹോർട്ടികൾച്ചറൽ ഡെവലപ്പമെൻറ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ 15 കർഷകർ ഓർക്കിഡ് കൃഷി ചെയ്തുവരുന്നു. ബാങ്കുകൾ ഇതിനായി വായ്പ ലഭ്യമാക്കിയിട്ടുണ്ട്. സൊസൈറ്റിയും PASS പോലെയുള്ള സംഘങ്ങളും മുൻകൈയെടുത്ത് ഇത് വ്യാപകമാക്കേണ്ടതാണ്.

വിദഗ്ധരായ കർഷകതൊഴിലാളികളെ കിട്ടാനില്ലെങ്കിലും കാർഷികരംഗത്ത് യന്ത്രോപകരണങ്ങളുടെ ഉപയോഗം അതിനനുസരിച്ച് വർദ്ധിച്ചിട്ടില്ല. ഉപയോഗിക്കുന്ന യന്ത്രങ്ങളിൽ പ്രധാനം പുഞ്ചപ്പാടങ്ങളിൽ പമ്പിങ്ങിനുള്ള മോട്ടോറുകളാണ്. കൂടാതെ ഏതാണ്ട് 46 ഓളം പോർട്ടബിൾ പമ്പുസെറ്റുകളും ഉപയോഗിച്ചുവരുന്നു. ഇവയ്ക്കു പുറമെ റോക്ക് സ്പ്രേയർ (10) നാപ്സ്റ്റാറ്റ് സ്പ്രേയർ (15) ട്രാക്ടർ (1) ട്രില്ലർ (7) എന്നിവയാണ് ഉപയോഗിച്ചുവരുന്ന കാർഷിക യന്ത്രോപകരണങ്ങൾ. ഉഴവിനുവേണ്ടി 28 നാടൻ കലപ്പകൾ ഉപയോഗിച്ചുവരുന്നു.

തെങ്ങുകയറ്റയന്ത്രമോ മെതിയന്ത്രമോ നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നതേയില്ല.

8 ാം പദ്ധതിക്കാലത്ത് കരുവാറ്റ പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്താൽ ലക്ഷ്യത്തിൻെറ അരികത്തെങ്ങും എത്തിപ്പെടാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്ന് ബോദ്ധ്യപ്പെടും.

രണ്ടു പദ്ധതിക്കാലത്തായി നടപ്പിലാക്കാൻ ശ്രമിച്ച നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ് പുഞ്ചപ്രദേശങ്ങളിൽ ചെറിയ തോതിൽ പ്രതികരണമുളവാക്കിയെങ്കിൽ വിരുപ്പു പ്രദേശങ്ങളിൽ കാര്യമായ ഒരു മാറ്റവും ഉണ്ടാക്കിയിട്ടില്ല. വിരുപ്പു പാടങ്ങൾ ഉൾപ്പെടുത്തി രണ്ടു നെല്ലുൽപാദകസമിതികൾ രൂപീകരിച്ചിട്ടുണ്ട്. വിരുപ്പു പാടങ്ങൾ പൂർണ്ണമായും ഇതിൻെറ പരിധിയിൽ പെട്ടിട്ടില്ല. വിരിപ്പുകൃഷിയുടെ ഉദ്ധാരണത്തിനായി കാര്യമായി ഒന്നും ചെയ്യുവാൻ സമിതിക്കു കഴിഞ്ഞിട്ടില്ല. പുഞ്ചപ്പാടങ്ങൾ കേന്ദ്രീകരിച്ച് പത്ത് പാടശേഖരസമിതികൾ പ്രവർത്തിക്കുന്നു. സർക്കാരിൽ നിന്നും പ്രഖ്യാപിക്കുന്ന സാമ്പത്തികാനുകൂല്യങ്ങൾ കർഷകർക്കു ലഭ്യമാക്കുന്ന ഏജൻറായി മാത്രമാണ് കാർഷിക സമിതികൾ പ്രവർത്തിച്ചത്. കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ കർഷകരുടെ കൂട്ടായ്മയോടെ പരിഹരിച്ച് ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാൻ സമിതികൾ പരിശ്രമിച്ചില്ല.

നാളീകേര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വാർഡുതലത്തിൽ രൂപീകരിച്ച സമിതികൾ പിന്നീട് ഏകോപിപ്പിച്ച് പഞ്ചായത്തു തല സമിതി രൂപീകരിച്ചെങ്കിലും തെങ്ങുകൃഷി മെച്ചപ്പെടുത്തുന്നതിന് കാര്യമായ പ്രവർത്തനം നടത്തിയിട്ടില്ല. സമഗ്ര നാളീകേര വികസന പദ്ധതിയുടെ ഭാഗമായി ആദ്യ വർഷം 122000 തെങ്ങുവളകിറ്റുകൾ വിതരണം ചെയ്തെങ്കിലും അടുത്തവർഷം 15757 വളക്കിറ്റുകൾ മാത്രമാണ് വിതരണം ചെയ്ത്. ഈ വർഷം വിതരണം ചെയ്ത വളക്കിറ്റുകളുടെ സംഖ്യ 30250 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതും യഥാസമയം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. രോഗഗ്രസ്ഥമായ തെങ്ങുകൾ നഷ്ടപരിഹാരം നൽകി വെട്ടിമാറ്റുന്ന പദ്ധതിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തുവാനുള്ള പരിശ്രമം വിജയിച്ചിട്ടില്ല.

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും പഠന പര്യടനത്തിൻെറയും അടിസ്ഥാനത്തിൽ കാർഷിക രംഗം നേരിടുന്ന പ്രധാന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും ചുവടേ ചേർക്കുന്നു.

## പ്രശ്നങ്ങൾ

- ജലസേചന നിർഗ്ഗമന സംവിധാനങ്ങൾ പര്യാപ്തമല്ല.
- സ്പിൽവേ ഷട്ടറുകളും പൊഴിയും യഥാസമയം തുറക്കാത്തത് വെള്ളപ്പൊക്കക്കെടുതിക്ക് കാരണമാകുന്നു.
- അശാസ്ത്രീയമായ വളപ്രയോഗവും കൃഷിരീതിയും മണ്ണിന്റെ ഫലഭൂയിഷ്ടിയും സ്വാഭാവിക ഘടനയും നഷ്ടപ്പെടുത്തി.
- ഓരുവെള്ളപ്രശ്നം മുണ്ടകൻ കൃഷി നശിക്കുന്നതിനു കാരണമായി.
- പരമ്പരാഗത ജല ശ്രോതസുകൾ സംരക്ഷിക്കപ്പെടുന്നില്ല.
- ശാസ്ത്രീയമായ മണ്ണുപരിശോധനയും മണ്ണിനിണങ്ങിയ വളപ്രയോഗങ്ങളും നടക്കുന്നില്ല.
- കൊയ്ത്തുമെതിക്കാവശ്യമായ തൊഴിലാളികളെ കിട്ടുന്നില്ല.
- പ്രായാധിക്യം വന്നതും രോഗഗ്രസ്തവുമായ തെങ്ങുകളുടെ ഉൽപാദനക്ഷമത നന്നെ കുറവാണ്.
- നീർവാർച്ച കുറഞ്ഞ പ്രദേശങ്ങളിൽ അതിനനുസരണമായ ശാസ്ത്രീയ തെങ്ങുകൃഷി നടക്കുന്നില്ല.
- പാടശേഖരങ്ങളിലെ മണ്ണിന്റെ ഉയർന്ന അമ്ലത്വവും ജൈവാംശവും. കഴിഞ്ഞ പദ്ധതിക്കാലത്തു നടന്ന വികസന പരിപാടികൾ ഫലപ്രദമായി നടന്നിട്ടില്ല.
- കൃഷിഭവന്റെ പ്രവർത്തനവും ഉദ്യോഗസ്ഥ ഘടനയും ഫലപ്രദമല്ല.
- കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിനുതകുന്ന വായ്പാ സംവിധാനം പര്യാപ്തമല്ല.
- വിള സാന്ദ്രത വളരെ കുറവാണ്.
- അനിയന്ത്രിതമായ തോതിൽ നിലം കുഴിക്കലും നികത്തലും.

## സാദ്ധ്യതകൾ പരിഹാരങ്ങൾ

- കർഷകരിൽ കൃഷിയെ സംബന്ധിച്ച അവബോധമുണ്ടാക്കൽ
- ചതുപ്പുകൾ കൃഷിഭൂമിയായി പരിവർത്തനം ചെയ്യൽ
- കൃഷി സാന്ദ്രത വർദ്ധിപ്പിക്കൽ
- പഞ്ചായത്തിലെ 220 Hr വരുന്ന വിരുപ്പു കൃഷി പുനരുദ്ധരിക്കുന്നതിനായി മുമ്പുണ്ടായിരുന്ന ജല നിർഗ്ഗമനസ്രോതസ്സുകൾ ആകെ പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിനുള്ള ബ്രഹത് പദ്ധതിക്ക് രൂപം കൊടുക്കണം.
- നികത്തപ്പെട്ടതോ തടയപ്പെട്ടതോ ആയ തോടുകൾ, ഓടകൾ, കലുങ്കുകൾ എന്നിവ സാദ്ധ്യമായിടത്ത് തുറക്കുകയും ആവശ്യം വേണ്ടിടത്ത് നിർമ്മിക്കുകയും വേണം. ആവശ്യമുള്ളിടത്ത് ചീർപ്പുകൾ സ്ഥാപിക്കണം.
- വെള്ളപ്പൊക്കക്കെടുതി ഇല്ലാതാക്കുന്നതിന് തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകളും പൊഴിയും യഥാസമയം തുറക്കുക.
- ഉപ്പുവെള്ള നിയന്ത്രണത്തിന് തൃക്കുന്നപ്പുഴ സ്പിൽവേയുടെ പ്രവർത്തനം കുറ്റമറ്റതാക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ ബണ്ടുകൾ സ്ഥാപിക്കുക.
- വളം, കീടനാശിനി പ്രയോഗം ശാസ്ത്രീയമാക്കാൻ കർഷകരെ സഹായിക്കുക.
- ജൈവവൈവിധ്യങ്ങൾ നട്ടുപിടിപ്പിച്ചും കാലിവളർത്തൽ പരിപോഷിപ്പിച്ചും ജൈവവളലഭ്യത വർദ്ധിപ്പിക്കണം.
- പുഞ്ചബണ്ടുകൾ, തരിശുഭൂമികൾ അതിരുവേലികൾ എന്നിവിടങ്ങളിൽ പച്ചിലവളച്ചെടികൾ നട്ടുപിടിപ്പിക്കണം.
- പരമ്പരാഗത ജലസ്രോതസുകളായ കിണർ, കുളം, നീർച്ചാലുകൾ, തോടുകൾ എന്നിവ പുനരുദ്ധരിച്ച് സംരക്ഷിക്കാൻ നടപടികൾ ഉണ്ടാക്കണം.
- പ്രായം ചെന്നും രോഗബാധിതവുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വെച്ചുപിടിപ്പിക്കാൻ പദ്ധതികൾ നടപ്പിലാക്കണം.
- ചതുപ്പുകളും തരിശുകിടക്കുന്ന മുണ്ടകൻ നിലങ്ങളും ചിറപിടിച്ച് ശാസ്ത്രീയമായ തെങ്ങുകൃഷി നടത്തണം. ഇടത്തോടുകൾ മത്സ്യകൃഷിക്ക് ഉപയോഗിക്കണം.
- ജൈവാംശവും അമ്ലത്വവും കൂടിയ മണ്ണിനിണങ്ങുന്ന ശാസ്ത്രീയമായ കൃഷി രീതികൾ പ്രയോഗത്തിൽ വരണം
- കാർഷിക സമിതികളും കർഷക സംരംഭങ്ങളും അവയുടെ പ്രവർത്തം കൂടുതൽ ഏകോപിതമായും ഫലപ്രദമായും പ്രവർത്തിപ്പിക്കണം. അവ കേവലം ഏജൻസികളായി മാറരുത്. സമിതികൾ കൃഷി വ്യാപനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.
- കൊയ്ത്തുമെതി പോലെയുള്ള ആവശ്യാനുസരണം തൊഴിലാളികളെ ലഭിക്കാത്ത മേഖലകളിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നന്നതിനാവശ്യമായ സമീപനം ഉണ്ടാകണം.
- കാർഷികമേഖല ശക്തിപ്പെടുത്തുന്നതിനുതകുന്ന വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കാൻ നിലവി

ലുള്ള സഹകരണ വായ്പാ സ്ഥാപനങ്ങളെ പ്രാപ്ത മാക്കുകയും വായ്പാ സംവിധാനങ്ങളിൽ കലോ ചിതമായ പരിഷ്കാരങ്ങൾ ഉണ്ടാക്കുകയും വേണം.

- ◆ പ്രദേശത്തെ വരുമാനത്തിന്റെ, വിശിഷ്യാ വിദേശ പണത്തിന്റെ മുഖ്യപങ്കും നിക്ഷേപമായി സമാഹ രിക്കുന്ന സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കരുവാറ്റ ശാഖ കാർഷിക മേഖലയ്ക്കോ സ്വയം തൊഴിൽ മേഖലയ്ക്കോ വായ്പ ലഭ്യമാക്കാൻ തയ്യാറാകു ന്നില്ല. അതിനു പരിഹാരമുണ്ടാക്കണം. ഗ്രാമ പഞ്ചാ യത്തിനെ കൊമേഴ്സ്യൽ ബാങ്കുകളുടെ വായ്പാ വിതരണകാര്യങ്ങളിൽ നിയന്ത്രണാധികാരം നൽകണം.
- ◆ ദീർഘകാലവിളകളുടെ വിളസാന്ദ്രത വർദ്ധിപ്പി ക്കുന്നതിനും ഒന്നോ രണ്ടോ ഇടവിളകൾ വ്യാപക മായി കൃഷി ചെയ്യുന്നതിനും ശ്രമിക്കണം. ജൈവ സങ്കേതങ്ങളിലധിഷ്ഠിതമായ ഭൂജലസംരക്ഷണം, സംയോജിത വളപ്രയോഗം, സസ്യസംരക്ഷണം എന്നിവ പരിഗണിക്കപ്പെടണം.
- ◆ കുടുംബപങ്കാളിത്തത്തോടെ കൃഷി സംഘടിപ്പി ക്കാവുന്ന ഇടവിളകൾക്ക് മുൻതൂക്കം നൽകണം.
- ◆ ഓരോ പ്രദേശത്തിനും ഏറ്റവും അനുയോജ്യമായ പച്ചക്കറിയിനങ്ങൾ കണ്ടെത്തി അവയുടെ ഉൽപാദം വർദ്ധിപ്പിക്കണം. പച്ചക്കറി കൃഷിക്കാരെ പരസ്പരം സഹായിക്കുന്ന സംഘങ്ങളാക്കി സേവനവും പരി ശീലനവും ലഭ്യമാക്കണം.
- ◆ നൂതന കൃഷി സമ്പ്രദായങ്ങളായ കൂൺ കൃഷി, തേനീച്ച വളർത്തൽ, ഔഷധ സസ്യകൃഷി, പൂകൃഷി തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുള്ള സാദ്ധ്യത കൾ പരമാവധി ഉപയോഗപ്പെടുത്തണം. വനിതാപ ങ്കാളിത്തം ഉണ്ടാക്കാൻ ശ്രമിക്കണം.
- ◆ കാർഷിക ഉൽപന്നങ്ങൾക്ക് ന്യായവില ലഭ്യമാ ക്കുന്ന വിപണന സൗകര്യങ്ങൾ ഉണ്ടാക്കണം. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ കഴി യണം.
- ◆ കൃഷിനിലം നികത്തലും കുഴിക്കലും നിയന്ത്രി യ്ക്കുന്നതിന് ശക്തമായ നിയമനിർമ്മാണവും അതി നുള്ള ജനകീയപ്രസ്ഥാനങ്ങളും ഉണ്ടാകണം.
- ◆ കൃഷിഭവനിൽ ഇപ്പോൾ നിലനിൽക്കുന്ന കാർഷിക വിജ്ഞാനവ്യാപനത്തിനായുള്ള ഉദ്യോഗസ്ഥ സംവിധാനം മെച്ചപ്പെടുത്തി ജനകീയാസൂത്രണ പ്രക്രിയയിലൂടെ രൂപപ്പെട്ടുവരുന്ന പദ്ധതി നട ത്തിപ്പിനുപയുക്തമാകുന്ന തരത്തിൽ പുനഃസംവി ധാനം ചെയ്യണം.
- ◆ പുഞ്ചകൃഷിയെ ബാധിയ്ക്കുന്ന ഉപ്പുവെള്ളക്കെടു തിയിൽ നിന്നും രക്ഷപ്പെടുത്തുന്നതിനെ തൃക്കുന്ന പ്പുഴ സ്പിൽവേ ഷട്ടറുകൾ നന്നാക്കുന്നതോടൊപ്പം പ്രാദേശികമായി കുറിച്ചിക്കൽ തോട്, നാലുചിറ ത്തോട്, കൊരംകുഴിത്തോട് പടിഞ്ഞാറുവശം, ഉണ്ണി ത്താൻ കരി എന്നിവിടങ്ങളിൽ മുട്ടുകളും ബണ്ടു കളും സ്ഥാപിച്ചാൽ ഉപ്പുവെള്ളക്കെടുതി ഒഴി വാക്കാം. കൂടാതെ തണ്ണപ്രയാറ്റിൽ നിന്ന് ശുദ്ധ ജലം സംഭരിച്ച് കൃഷിയ്ക്ക് ഉപയുക്തമാക്കു വാനും ഇതുമൂലം സാധിക്കും.
- ◆ ഈഴവൻകരി പാടശേഖരം റെയിൽവേ ലയിനിനു കിഴക്കും പടിഞ്ഞാറുമായി രണ്ടായി മാറ്റിയാൽ പടിഞ്ഞാറുഭാഗത്ത് രണ്ടു പൂകൃഷി ചെയ്യാൻ സാധിക്കും. ഇതിനായി റെയിൽവേ ലയിനുള്ള കലുങ്കുകളിൽ ബണ്ടുകൾ ഇട്ടാൽ മതിയാകും.
- ◆ അമ്ലത്വവും ജൈവാംശവും കൂടുതലുള്ള പാടശേഖ രങ്ങളിൽ ഒരുപ്പൂ മാത്രം കൃഷി ചെയ്തുകൊണ്ട് പാടങ്ങളിൽ ശുദ്ധജലം നിറച്ച് ഇടവേള നൽകു ന്നത് ഉൽപാദനം വർദ്ധിക്കാൻ സഹായിക്കും. ഈ ഇടവേളയിൽ പുഞ്ചപ്പാടങ്ങളിൽ മത്സ്യകൃ ഷിക്ക് സാദ്ധ്യത പരീക്ഷിക്കാവുന്നതാണ്.

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നിലം | 823.00 |
| പുരയിടം | 870.00 |
| പുറമ്പോക്ക് | 24.00 |
| കൃഷിയോഗ്യ തരിശ് | 40.00 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 10.00 |
| ആകെ. | 1767.00 |
| (കൃഷിഭവൻ രേഖ) | |

## വിളവിസ്തീർണ്ണം (കൃഷിഭവൻ രേഖ)

| വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നെല്ല് (ഒന്നാംവിള) | 823.00 |
| നെല്ല് (രണ്ടാംവിള) | 350.00 |
| നെല്ല് (മൂന്നാം വിള) | |
| പയർ | 10.00 |
| എള്ള് | 10.00 |
| പച്ചക്കറികൾ | 30.00 |
| തെങ്ങ് | 750.00 |
| വാഴ | 165.00 |
| മരച്ചീനി | 120.00 |
| കുരുമുളക് | 5.00 |
| കശുമാവ് | 15.00 |
| മാവ് | 22.00 |
| റബ്ബർ | |
| കവുങ്ങ് | 100.00 |

## കാർഷിക സമിതികൾ

| ക്രമ നമ്പർ | പേര് | വിള |
|---|---|---|
| 1. | കേരവികസന സമിതി | നാളികേരം |
| 2. | തഴുമാം പാടശേഖരം വിരിപ്പ് | നെല്ല്, എള്ള് |
| 3. | കരിയോരവിരിപ്പ് | നെല്ല്, എള്ള് |
| 4. | ഈഴവൻകരി പുഞ്ച | നെല്ല് |
| 5. | ഉള[illegible]വം മുറവക്കുളം | നെല്ല് |
| 6 | മാ[illegible] മീൻചാൽ | നെല്ല് |
| 7 | തെറ്റിക്കുളം | നെല്ല് |
| 8 | [illegible] | നെല്ല് |
| 9 | ഞണ്ട[illegible] | നെല്ല് |
| 10 | ഇടയലകുഴി | നെല്ല് |
| 11 | വാഴാങ്കരി, പുളിമ്പാകേരി | നെല്ല് |
| 12 | വെള്ളുക്കേരി | നെല്ല് |
| 13 | കൊപ്പാറ പടിഞ്ഞാറുവശം | നെല്ല് |
| 14 | കുറ്റിത്തറ മണ്ണാച്ചിൻകരി | നെല്ല് |

## രാസവള കീടനാശിനി വിപണനം

| സ്ഥാപനം | 1993 - 94 | | | 1994 - 95 | | | 1995 - 96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | ദ്രവം Kg. | ഖരം Lr. | Kg | ദ്രവം Kg | ഖരം LrK | Kg | ദ്രവം Lr | ഖരം Kg |
| സഹകരണം | 17000 | 3100 | 400 | 17500 | 3250 | 400 | 16000 | 3000 | 300 |
| | 8920.2 | 1000 | 180 | 9000 | 800 | 250 | 8500 | 800 | 300 |

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| | Hr.തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റോട്ട് | സ്റ്റെം ബ്ളീഡിംഗ് | മറ്റുള്ളവ | ആകെ |
| I | 80 | 4500 | 7500 | 12000 | 5000 | 240 | 300 | 100 | 25 | 10665 |
| II | 85 | 3750 | 9000 | 12750 | 7000 | 140 | 170 | 80 | 2 | 7392 |
| III | 78 | 5700 | 6000 | 11700 | 6000 | 120 | 150 | 60 | 2 | 6332 |
| IV | 85 | 5000 | 7000 | 12000 | 5000 | 100 | 125 | 60 | 5 | 5290 |
| V | 93 | 6000 | 8000 | 14000 | 6000 | 120 | 130 | 70 | 10 | 6230 |
| VI | 92 | 5500 | 7000 | 12500 | 6000 | 125 | 170 | 65 | 30 | 6390 |
| VII | 83 | 6500 | 6000 | 12500 | 4000 | 800 | 600 | 200 | 75 | 5675 |
| VIII | 42 | 3000 | 2000 | 5000 | 750 | 150 | 80 | 10 | 2 | 992 |
| IX | 80 | 6000 | 4000 | 10000 | 1500 | 300 | 150 | 20 | 2 | 1972 |
| X | 32 | 1900 | 2300 | 4200 | 600 | 22 | 10 | 2 | 1 | 635 |

(കൃഷിഭവൻ രേഖ)

## കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് | നാമമാത്രകർഷകർ 1 ഹെക്ടറിൽ താഴെ | ചെറുകിട കർഷകർ 1 —2 ഹെക്ടർ | വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ |
|---|---|---|---|
| I | 70 | 20 | 2 |
| II | 75 | 18 | 3 |
| III | 60 | 15 | 1 |
| IV | 75 | 20 | 2 |
| V | 85 | 30 | 4 |
| VI | 89 | 43 | 3 |
| VII | 85 | 22 | 1 |
| VIII | 50 | 18 | 4 |
| IX | 60 | 40 | 5 |
| X | 75 | 30 | 7 |

# മൃഗസംരക്ഷണം മത്സ്യബന്ധനം

## മൃഗസംരക്ഷണം

കാർഷികഗ്രാമമായ കരുവാറ്റ പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ.

ഉഴവുമാടുകളായും, പാലുൽപാദനത്തിനും മാത്രമല്ല കാർഷിക ആവശ്യങ്ങൾക്കുള്ള ജൈവവളത്തിന്റെ മുഖ്യ സ്രോതസും കന്നുകാലികളായിരുന്നു. കാർഷികമേഖലയുടെ തകർച്ച കാലിവളർത്തലിനെയും പ്രതികൂലമായി ബാധിച്ചു.

പശു, ആട്, എരുമ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. നാമമാത്രമായ ഉഴവുമാടുകളും വളർത്തപ്പെടുന്നു. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയും താറാവുമാണ്. പഞ്ചായത്തിൽ നിലവിൽ 1075 പശുക്കളും 960 കന്നുകുട്ടികളും 300 ആടുകളും 120 എരുമകളും 16 ഉഴവുമാടുകളും 7000 കോഴികളും 5000 താറാവുകളും വളർത്തപ്പെടുന്നുണ്ട് (Live Stock Census) വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടക്ക് പഞ്ചായത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.നെൽകൃഷി കുറഞ്ഞതും കാർഷികരംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. ഉഴവുമാടുകളുടെ എണ്ണത്തിലാണ് ഗണ്യമായ കുറവുണ്ടായിട്ടുള്ളത്. യാത്രാ സൗകര്യങ്ങൾ വർദ്ധിച്ചതോടെ വണ്ടിക്കാളകൾ പാടേ ഇല്ലാതായിട്ടുണ്ട്. ഇപ്പോൾ വളർത്തപ്പെടുന്ന കന്നുകാലികളിൽ പകുതിയും അത്യുൽപാദനശേഷിയുള്ള സങ്കര ഇനങ്ങളാണ്. ക്ഷീരോൽപാദക സംഘങ്ങളിൽ നിന്നും സ്വകാര്യ ഏജൻസികളിൽ നിന്നുമായി ശേഖരിച്ച കണക്കു പ്രകാരം പഞ്ചായത്തിൽ ഇപ്പോൾ പ്രതിദിനം പാൽ ഉൽപാദിപ്പിച്ചുവരുന്നു. ഉൽപാദിപ്പിക്കപ്പെടുന്ന പാൽ മുഴുവനും ന്യായവിലക്ക് വിൽക്കുന്നതിനുള്ള സംവിധാനം ഉല്ലാത്തതും, കാലിത്തീറ്റയുടെ വിലവർദ്ധനവ് വൈക്കോലിന്റെയും പുല്ലിന്റെയും വില വർദ്ധനവ് എന്നിവ കാലിവളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്നു.

കാർഷിക മേഖലയുടെ അനുബന്ധമായി വികസിപ്പിച്ചെടുക്കേണ്ടതാണ് മൃഗസംരക്ഷണമേഖല. കാർഷികമേഖലയുടെ തകർച്ച മൃഗസംരക്ഷണമേഖലയേയും ബാധിക്കുന്നു. കാലിവളർത്തൽ, വളർത്തുപക്ഷികൾ എന്നിവയിൽ നിന്നു ലഭിക്കുന്ന വിവിധ ഉൽപന്നങ്ങളും അവയുടെ ഉപോൽപന്നങ്ങളും സമ്പത്തുൽപാദനമേഖലയിൽ ഗണ്യമായ സംഭാവന നൽകുന്നുണ്ട്. ഭക്ഷ്യോൽപാദന മേഖല കൂടാതെ വ്യാവസായികോൽപാദന ഔഷധനിർമ്മാണം, കാർഷികമേഖലക്ക് ആവശ്യമായ ജൈവവളം, അദ്ധ്വാനശേഷി, ജൈവവാതക നിർമ്മാണം എന്നിവയിലൂടെ നമ്മുടെ സാമൂഹ്യസാമ്പത്തിക മേഖലകളെ പലവിധത്തിൽ സഹായിക്കുന്നതിന് മൃഗസംരക്ഷണമേഖല പ്രധാന പങ്ക് വഹിക്കുന്നു. മൃഗസമ്പത്തിന്റെ ബഹുഭൂരിപക്ഷവും ഗ്രാമപ്രദേശങ്ങളിലെ ചെറുകിട നാമമാത്രകർഷകരുടെ കൈയിലായതുകൊണ്ട് ഈ മേഖലയുടെ വികസനം മൊത്തത്തിൽ ഗ്രാമീണ സമ്പദ് ഘടനയെ ശക്തിപ്പെടുത്തും. സ്ത്രീകൾക്ക് തൊഴിലും വരുമാനവും നൽകുന്ന കാര്യത്തിലും മൃഗസംരക്ഷണമേഖല നല്ലൊരു പങ്ക് വഹിക്കുന്നു.

കരുവാറ്റ പഞ്ചായത്തിൽ മൃഗസംരക്ഷണപ്രവർത്തനങ്ങൾക്കായി ഒരു മൃഗാശുപത്രി ആരംഭിച്ചത് 31-3-96 ൽ മാത്രമാണ്. അതുകൊണ്ടുതന്നെ മൃഗസംരക്ഷണരംഗത്ത് കാര്യമായ സേവനം പഞ്ചായത്തിന് ലഭിച്ചിരുന്നില്ല. മൃഗചികിത്സ അടക്കമുള്ള ആവശ്യങ്ങൾ ഹരിപ്പാട്ടുള്ള വെറ്റിനറി പോളിക്ലിനിക്കാണ് നടപ്പാക്കിവന്നിരുന്നത്. കൃത്രിമ ബീജസങ്കലനത്തിനുള്ള രണ്ടു ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങൾക്കും പ്രയോജനം ലഭിക്കുന്നില്ല. കൃത്രിമബീജസങ്കലനത്തിനുപയോഗിക്കുന്ന ബീജം ഗുണനിലവാരം കുറഞ്ഞതായതിനാൽ പ്രയോജനകരമാകുന്നില്ലെന്ന പരാതി വ്യാപകമായി നിലനിൽക്കുന്നു.

പഞ്ചായത്തിൽ മൂന്ന് ക്ഷീരോൽപാദകസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മൂന്നും ലാഭകരമായി പ്രവർത്തിക്കുന്ന സംഘങ്ങളാണ്. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കാത്ത തരത്തിൽ ഏറ്റവും ചുരുങ്ങിയത്

രണ്ടു സംഘങ്ങൾ കൂടി ആരംഭിക്കണം. 1,2,8, വാർഡു കൾ ചേർന്ന് കടുവൻ കുളം കേന്ദ്രമാക്കി ഒന്നും, 6,9,10 വാർഡുകൾ കേന്ദ്രികരിച്ച് കുറിച്ചിയ്ക്കൽ സമീപ മായി മറ്റൊരു സംഘടന പ്രവർത്തനക്ഷമമാക്കണം. മിൽമയുടെ കീഴിൽ സംഘടിപ്പിയ്ക്കപ്പെട്ടിട്ടുള്ളതാണ് ആപ്കോസ് സംഘങ്ങൾ. മിൽമയുടെ ഉദ്ദേശലക്ഷ്യ ങ്ങൾക്കനുസരിച്ച് പ്രവർത്തനം സംഘടിപ്പിക്കുവാൻ മിൽമാ മാനേജ്മെൻറ് ഇതേവരെ തയ്യാറിയിട്ടില്ല. കൃഷിക്കാർക്കും ആപ്കോസ് സംഘങ്ങൾക്കും ദ്രോ ഹകരമായ മിൽമയുടെ നയം മൂലം പാലുൽപാദനം കുറയുന്നു എന്നു മാത്രമല്ല പാൽ സംഭരണവും വിത രണവും സ്വകാര്യമേഖലയിലേക്ക് മാറിക്കൊണ്ടിരിക്കു കയും ചെയ്യുന്നു. ഒരു ലിറ്റർ പാലിന് 5 രൂപ വരെ ലാഭമെടുക്കുന്ന മിൽമാ പ്രാഥമിക സംഘങ്ങൾക്ക് 12 പൈസ മാത്രമാണ് സംഭരണകമ്മീഷനായി നൽകു ന്നത്. മിൽമ അംഗീകരിക്കാത്ത ലോക്കൽ സെയിൽസ് നടത്തിയാണ് പ്രാഥമിക സംഘങ്ങൾ നിലനിൽക്കു ന്നത്. ഡയറി മേഖലയ്ക്ക് ഗുണം ചെയ്യുന്ന തരത്തിൽ മിൽമയുടെ പ്രവർത്തനം മാറ്റിത്തീർത്തെങ്കിൽ മാത്രമേ കർഷകർക്ക് ഗുണം ലഭിക്കുകയുള്ളൂ. മൃഗസംരക്ഷണ രംഗം ശക്തിപ്പെടുത്തുന്നതിനുതകുന്ന തരത്തിൽ ക്ഷീരോൽപാദനസംഘങ്ങളുടെ പ്രവർത്തനം വിപുല പ്പെടുത്തണം.

സ്വകാര്യമേഖലയിൽ ഒരു ഡയറിയും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതി ൻെറ പ്രവർത്തനം വിജയകരമല്ലെന്നാണ് ഉടമകളുടെ അഭിപ്രായം. ഉൽപന്നങ്ങളുടെ വിപണനമാണ് മുഖ്യപ്ര ശ്നമായി ചൂണ്ടിക്കാണിക്കുന്നത്.

പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ രണ്ട് അറവു ശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്ര വർത്തനം ശാസ്ത്രീയവും ആധുനികവുമല്ല. ഇവ യുടെ പ്രവർത്തനം മൂലമുണ്ടാകുന്ന പരിസരമലീനീക രണവും രോഗവ്യാപനവും പരിഹരിക്കാൻ സംവിധാ നമില്ല. ഉൽപനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതി ന് സംവിധാനമില്ല.

പഞ്ചായത്തിൽ മൂന്ന് ഗോബർ ഗ്യാസ് പ്ലാൻറുകൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കാനുള്ള സാദ്ധ്യതയുണ്ടെങ്കിലും കർഷകരിലെ ഇതു സംബന്ധിച്ച അജ്ഞത മുഖ്യപ്ര ശ്നമാണ്. ഒരു വീട്ടിലെ പാചകത്തിനും വെളിച്ച ത്തിനും വേണ്ടിവരുന്ന ഇന്ധനത്തിൻെറ വലിയൊരു ഭാഗം പ്ലാൻറ് മുഖേന കണ്ടെത്താൻ കഴിയും. മൃഗസം രക്ഷണവകുപ്പും, കൃഷിവകുപ്പും മുഖേന ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള സബ്സിഡി യുണ്ടെങ്കിലും ഇവയുടെ പ്രചാരണം ജനങ്ങളിൽ എത്തിയിട്ടില്ല.

കൃഷിക്കാവശ്യമായ ജൈവവളത്തിൻെറ വലി യൊരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴി യുമെങ്കിലും അതിനുള്ള ശ്രമം ഉണ്ടായിക്കാണുന്നില്ല.

പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും കോഴി വളർത്തൽ ഉണ്ടെങ്കിലും ഒരു മുഖ്യവരുമാനമാർഗ്ഗ മെന്ന നിലയിൽ ശാസ്ത്രീയമായി കോഴികൃഷിക്കുള്ള പരിശ്രമം തീരെയില്ലെന്നുതന്നെ പറയാം. പഞ്ചായ ത്തിൽ മൂന്നു ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമാണെന്നു പറ യാൻ കഴിയില്ല.

ഇടത്തോടുകളും വെള്ളക്കെട്ടുകളും പാടശേഖര ങ്ങളുമായി ജലസമൃദ്ധമായ നമ്മുടെ പഞ്ചായത്തിൽ താറാവുകൃഷിക്ക് വൻ സാദ്ധ്യതയുണ്ടെങ്കിലും താറാവു കർഷകരുടെ എണ്ണം നാമമാത്രമാണ്. വീടുകളിൽ താറാവുകൃഷി യൂണിറ്റുകൾ ആരംഭിക്കുന്നതിന് വൻ സാധ്യതയുണ്ട്.

മുട്ട സംഭരണവും വിതരണവും സ്വകാര്യവ്യക്തിക ളുടെ ചൂഷണത്തിലാണ്. മുട്ടയുടെ സംഭരണവിതരണ ത്തിൻ സഹകരണസ്ഥാപനങ്ങൾ രൂപീകരിക്കപ്പെടേ ണ്ടതാണ്. പഞ്ചായത്തിൽ ഒരു എഗ്ഗർ നെഴ്സറി സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതി ൻെറ പ്രയോജനം പ്രാദേശികമായി ഉപയോഗപ്പെടു ത്തുന്നില്ല.

കോഴി, താറാവ്, എന്നിവയെ ബാധിക്കുന്ന പകർച്ച വ്യാധികൾ മൂലം കർഷകർക്കുണ്ടാകുന്ന വമ്പിച്ച നഷ്ടം കോഴി, താറാവ് കൃഷിയെ നിരുത്സാഹപ്പെടു ത്തുന്നു.

എട്ടാം പദ്ധതിക്കാലത്ത് മൃഗസംരക്ഷണവകുപ്പു വഴി നടപ്പാക്കിയ പദ്ധതികളുടെ അവലോകനം പരി ശോധിച്ചാൽ നമ്മുടെ പഞ്ചായത്തിലെ മൃഗസംരക്ഷണ രംഗത്തെ ശക്തിപ്പെടുത്താൻ തികച്ചും അപര്യാപ്തമാ ണെന്ന് ബോധ്യപ്പെടുന്നതാണ്.

## പ്രധാന പ്രശ്നങ്ങൾ

- ▲ കാലിത്തീറ്റയുടെ വില കൂടുതൽ
- ▲ പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്
- ▲ മൃഗചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത.
- ▲ സംഭരണ, വിപണന രംഗത്തെ പോരായ്മകൾ
- ▲ മൃഗസംരക്ഷണപ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്.

## സാദ്ധ്യതകൾ-പരിഹാരങ്ങൾ

1. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടുള്ള സഹകര ണസ്ഥാപനങ്ങൾ സ്ഥാപിക്കുകയും നിലവിലു

ഉളവ ശക്തിപ്പെടുത്തുകയും ചെയ്യുക.

2. മേൽ സഹകരണസ്ഥാപനങ്ങൾ മുഖേന കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക, തീറ്റപ്പുൽ കൃഷിക്ക് വിത്തും, വളവും ലഭ്യമാക്കുക. അത്യുൽപാദനശേഷിയുള്ള കന്നുകാലികളെ വാങ്ങുവാൻ വായ്പകൾ ലഭ്യമാക്കുക.

3. മൃഗാശുപത്രി, എല്ലാ വാർഡിലെയും കർഷകർക്ക് ഉപയുക്തമായ സ്ഥലത്തേക്ക് മാറ്റുകയും ആവശ്യമായ ഉപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കുകയും ചെയ്യുക.

4. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ (50% വിലയ്ക്ക് കിടാങ്ങൾക്ക് കാലിത്തീറ്റ നൽകുന്ന പരിപാടി) പഞ്ചായത്തിലെ മുഴുവൻ സങ്കരയിന പശുക്കുട്ടികളെയും എരുമക്കുട്ടികളെയും ഉൾപ്പെടുത്തുക. കാലിത്തീറ്റ വിലവർദ്ധനയനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കുക.

5. തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് സബ്സിഡി നൽകി കാലിതീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക. പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റ ഗുണനിലവാരമുള്ളതും വിലക്കുറവുമായിരിക്കും. കാലിത്തീറ്റക്കുള്ള നികുതികൾ എടുത്തുകളയുവാൻ സർക്കാരിനെ പ്രേരിപ്പിക്കുക.

6. പ്രതിവർഷം 3 പശുക്കൾ/എരുമകൾ വീതമുള്ള 100 മിനി ഡയറി യുണിറ്റുകളെങ്കിലും ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം സാമ്പത്തിക സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുക.

7. തീറ്റപ്പുല്ലുകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക. ഇതിനായി പഞ്ചായത്തു പുറമ്പോക്ക്, തരിശുഭൂമികൾ എന്നിവ പ്രയോജനപ്പെടുത്തുക. കൃഷിഭൂമിയിൽ ഇടവിളയായും ഇത് നടത്താവുന്നതാണ്.

8. നിലവിലുള്ള 2 യുണിറ്റുകൾ കുടാതെ ഒരു പുതിയ കൃത്രിമ ബീജസങ്കലനയൂണിറ്റുകൂടി ആരംഭിക്കുകയും പഞ്ചായത്തിൻെറ മുഴുവൻ പ്രദേശങ്ങൾക്കും ഇതിൻെറ പ്രയോജനം എളുപ്പത്തിൽ ലഭ്യമാക്കുന്ന വിധം വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ചെയ്യുക.

9. കാലിരോഗപ്രതിരോധ കുത്തിവയ്പ് വ്യാപിപ്പിക്കുക. മുഴുവൻ കർഷകർക്കും അതിൻെറ പ്രയോജനം ലഭ്യമാക്കുക

10. നല്ലയിനം ആട്ടിൻ കുട്ടികളെ പഞ്ചായത്ത് സബ്സിഡി ഉപയോഗിച്ചോ സഹകരണസ്ഥാപനങ്ങൾ മുഖേനയോ വിതരണം ചെയ്യുക. സോഷ്യൽ ഫോറസ്ട്രിയെ ഉപയോഗിച്ചു ഇതിനുള്ള പച്ചില ത്തീറ്റ പ്രചരിപ്പിക്കുക.

11. കോഴിവളർത്തൽ മേഖല അസംഘടിതമാണ്. തീറ്റയുടെയും കോഴിക്കുഞ്ഞുങ്ങളുടേയും ലഭ്യതക്കുറവും ഇടത്തട്ടുകാരുടെ ചൂഷണവും മൂലം അമിത വിലയുമാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെയും താറാവിൻ കുഞ്ഞുങ്ങളെയും തീറ്റയും പഞ്ചായത്തിൽ തന്നെ ഉൽപാദിപ്പിച്ച് ലഭ്യമാക്കണം. മഹിളാ സംഘങ്ങൾ വഴി ഇവ ഉൽപാദനം ആരംഭിക്കാവുന്നതാണ്.

12. എഗ്ഗർ നെഴ്സറികൾ ആരംഭിക്കുകയും കോഴിക്കുഞ്ഞുങ്ങളെ ശാസ്ത്രീയമായി വളർത്തി വിപണനം നടത്തുന്ന സഹകരണയൂണിറ്റുകൾ ആരംഭിക്കുക.

13. കൂടുകളൊരുക്കാത്ത കോഴിവളർത്തൽ പദ്ധതിയുടെ പ്രയോജനം എല്ലാവർക്കും ലഭിക്കുന്ന തരത്തിൽ കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ ലഭ്യമാക്കണം.

14. സ്കൂൾ പൗൾട്രി ക്ലബിൻെറ പ്രവർത്തനം വ്യാപിപ്പിക്കണം. വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ജനിപ്പിക്കുന്നതിനുവേണ്ടി മുട്ടക്കോഴി കുഞ്ഞുങ്ങളെ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലഭ്യമാക്കണം.

15. തൽപരരായവർക്കു പന്നി, മുയൽ വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കണം.

16. പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ, മാംസം, മുട്ട ഇവയുടെ വിപണനത്തിന് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ വിപണന-സംസ്കരണയൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കുക. വനിതാ സഹകരണയൂണിറ്റുകൾ ഈ രംഗത്ത് കൂടുതൽ ഫലപ്രദമാകും.

17. പഞ്ചായത്തിൽ എല്ലാ കന്നുകാലികൾക്കും പക്ഷികൾക്കും ഇൻഷ്വറൻസ് സൗകര്യം ലഭ്യമാക്കണം.

18. ചികിത്സാ രംഗം രജിസ്ട്രേഷനുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തണം.

19. പഞ്ചായത്തിലെ എല്ലാ നായ്ക്കളെയും പേ വിഷ പ്രതിരോധകുത്തിവെയ്പിന് വിധേയമാക്കുകയും ലൈസൻസിംഗ് നിർബന്ധമാക്കുകയും വേണം. ആവശ്യമായ വാക്സിനുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കണം. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കണം.

20. ആധുനികവും ശാസ്ത്രീയവുമായ അറവുശാലകൾ ആരംഭിക്കണം. ശുദ്ധമായ മാംസവിപണന സൗകര്യങ്ങൾ ഉറപ്പാക്കണം. ഉൽപന്നങ്ങൾ സംഭരിച്ച് സംസ്കരിക്കുന്നതിന് സൗകര്യങ്ങൾ ഉണ്ടാക്കണം.

## വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും എണ്ണം

| ഇനം | എണ്ണം |
|---|---|
| പശു | 1075 |
| കന്നുകുട്ടികൾ | 960 |
| എരുമ | 120 |
| ഉഴവ് കാള | 16 |
| ആട് | 300 |
| കോഴി | 7000 |
| താറാവ് | 5000 |

## വാർഷിക പാലുൽപാദനം

| വർഷം | ഉൽപാദിപ്പിക്കപ്പെടുന്ന പാൽ (ലിറ്റർ) |
|---|---|
| 1990-91 | 349180.9 |
| 91-92 | 419820.8 |
| 92-93 | 448185.6 |
| 93-94 | 438755.3 |
| 94-95 | 417585.7 |

# മത്സ്യബന്ധനം

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന 28 തോടുകൾ, 4.5 km നീളമുള്ള ലീഡിംഗ് ചാനലിൻെറ ഭാഗം, കൊപ്പാറയാറിൻെറ ഭാഗം, മങ്കുഴി-ഡാണാപ്പടിത്തോട്, ചെമ്പുതോട്, നാൽക്കവല യാറ്, നാൽക്കവല ലീഡിംഗ് ചാനൽ തോട്, 115 ഓളം കുളങ്ങൾ, എഴ് ദേവാലയക്കുളങ്ങൾ, ഇടത്തോടുകൾ, വെള്ളക്കെട്ടുകൾ, എന്നിവയാണ് പഞ്ചായത്തിൻെറ ഉപരിതല ജലസ്രോതസ്സുകൾ. നമ്മുടെ വിപുലമായ മത്സ്യബന്ധന സാദ്ധ്യതകൾ ഈ ജല സ്രോതസ്സുകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇതുകൂടാതെ മത്സ്യകൃഷിക്ക് ഉപയുക്തമായ നിരവധി ഹെക്ടർ ചതുപ്പ്, തരിശുഭൂമികളുമുണ്ട്. ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടു 400 ൽ പരം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുള്ളതായി പഠനങ്ങൾ കാണിക്കുന്നു. കൂടാതെ മറ്റു പ്രദേശങ്ങളിൽ നിന്നും നിരവധിയാളുകൾ നമ്മുടെ പഞ്ചായത്തിൻെറ മത്സ്യബന്ധന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിവരുന്നു. അവരുടെ സംഖ്യ കൃത്യമായി വിലയിരുത്തപ്പെട്ടിട്ടില്ല. ഔദ്യോഗിക കണക്കാണ് മുകളിൽ സൂചിപ്പിച്ചതെങ്കിലും ഭാഗികമായി ഈ രംഗത്ത് പണിയെടുക്കുന്ന മറ്റു അനേകമാളുകളുമുണ്ട്. ഉൾനാടൻ മത്സ്യബന്ധത്തിനുള്ള നമ്മുടെ പഞ്ചായത്തിൽ അതിവിപുലമായ സാദ്ധ്യകളെ പൂർണ്ണമായും ഫലപ്രദമായും ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ ഒന്നും തന്നെയുണ്ടായിട്ടില്ല. മത്സ്യകൃഷിയും മത്സ്യബന്ധനവും ശാസ്ത്രീയമാക്കി മത്സ്യതൊഴിലാളികളും സാമൂഹ്യ സാമ്പത്തിക പുരോഗതി ഉറപ്പാക്കാനുള്ള സംഘടിതമായ യാതൊരുശ്രമവും നാളിതുവരെ ഉണ്ടായിട്ടില്ല.

കരിമീൻ, കൊഞ്ച്, വെട്ടുകൊഞ്ച്, നാരൻ, മാല, കൂറുവാ, കണമ്പ്, വരാൽ, കാരി, ചേറുമീൻ, വാള, ചെമ്പല്ലി തുടങ്ങിയ മത്സ്യങ്ങളാണ് നമ്മുടെ പ്രദേശങ്ങളിൽ കിട്ടിക്കൊണ്ടിരിക്കുന്ന പ്രധാന ഇനങ്ങൾ. മത്സ്യതൊഴിലാളികൾ ഭൂരിപക്ഷവും പരമ്പരാഗതമത്സ്യബന്ധന ഉപകരണങ്ങളും ഉപാധികളുമുപയോഗിച്ചാണ് മത്സ്യബന്ധനം നടത്തിക്കൊണ്ടിരിക്കുന്നത്. വള്ളമുപയോഗിച്ചും വള്ളമില്ലാതെയും മത്സ്യബന്ധനം നടത്തുന്നു. പക്ഷേ മത്സ്യത്തൊഴിലാളിക്ക് ബഹുഭൂരിപക്ഷത്തിനും സ്വന്തമായി വള്ളമില്ലാത്തവരാണ്. വീശുവല, നീട്ടുവല, കോരുവല, ഇടിവല, പെരുവല, ഒറ്റാൽ, ചൂണ്ട, മുപ്പല്ലി എന്നിവയാണ് മത്സ്യബന്ധത്തിനായി ഉപയോഗിക്കുന്ന മുഖ്യഉപകരണങ്ങൾ

വിപുലമായ സാദ്ധ്യതകളുള്ള ഉൾനാടൻ മത്സ്യബന്ധനരംഗം നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും നിരവധിയാണ്. പ്രതിസന്ധികളിൽ പ്രധാനമായത് പരിസ്ഥിതി പ്രശ്നങ്ങൾ തന്നെയാണ്. മുൻകാലങ്ങളിൽ ലഭിച്ചുകൊണ്ടിരുന്നതിൽ നിന്നും മത്സ്യബന്ധനത്തിൻെറ അളവിലും വലുപ്പത്തിലും ഗണനീയമായ കുറവു വന്നിട്ടുണ്ട്. പാടശേഖരങ്ങളിൽ നിന്നും വ്യാപിക്കുന്ന കീടനാശിനികളും രാസപദാർത്ഥങ്ങളും മത്സ്യബന്ധനത്തിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഉൾനാടൻ വെള്ളക്കെട്ടുകളിലെ തൊണ്ടഴുക്കൽ, ചകിരിയഴുക്കൽ തുടങ്ങിയവ മൂലമുള്ള ജലമലീനീകരണം തോടുകളും ചതുപ്പുകളും നികത്തപ്പെട്ടത്, നിരോധിക്കപ്പെട്ട മത്സ്യബന്ധനഉപാധികളായ നഞ്ചുകലക്കി മീൻപിടിക്കൽ, മത്സ്യങ്ങളുടെ വംശനാശത്തിനു കാരണമാകുന്ന വൈദ്യുതി ഉപയോഗിച്ചും, സ്ഫോടകവസ്തുക്കൾ ലൈറ്റും കോരിവലയും ഉപയോഗിച്ചു മീൻ കോരിപിടിയ്ക്കൽ എന്നിവയും മത്സ്യസമ്പത്ത് കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. 18mm വരെ കണ്ണികളുള്ള വലയുപയോഗിച്ചേ മത്സ്യബന്ധന നടത്താവൂ എന്നു വ്യവസ്ഥയുണ്ടെങ്കിലും അതിലും ചെറിയ കണ്ണികളുള്ള ചൂടവലകളും, ചെറുകണ്ണിവലകളും അടക്കം കൊല്ലി വലകളും ഉപയോഗിച്ചു മീൻ പിടിക്കുന്നതുമൂലം മത്സ്യകുഞ്ഞുങ്ങൾ നശിച്ചുപോകുകയും മത്സ്യങ്ങളുടെ വംശനാശത്തിന് കാരണമാകുകയും ചെയ്യുന്നു.

മേടം, ഇടവം മാസങ്ങളിൽ മത്സ്യങ്ങളുടെ പ്രജനനകാലമാണ്. ഈ കാലയളവിൽ മത്സ്യങ്ങളുടെ വംശനാശത്തിനു കാരണമാകുന്ന രീതിയിലുള്ള മത്സ്യബന്ധനം നിയന്ത്രിക്കപ്പെടേണ്ടതാണ്.

മത്സ്യബന്ധനത്തിനുള്ള ഉപകരണങ്ങൾ മത്സ്യ

തൊഴിലാളികൾക്ക് ലഭ്യമാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല. മത്സ്യവിപണന സൗകര്യങ്ങൾ ഇല്ലാത്തതുമൂലം ഈ മേഖല പൂർണ്ണമായും ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമാണ്. പുറം മാർക്കറ്റിൽ 500 രൂപ വരെ വിലയുള്ള ചെമ്മീൻ ഇനങ്ങൾക്ക് സ്വകാര്യ മത്സ്യസംഭരണകേന്ദ്രങ്ങളിൽ തൊഴിലാളികൾക്ക് 125 നും 150 നും ഇടക്കു മാത്രമാണ് വില കിട്ടുന്നത്. പഞ്ചായത്തിൽ ചെറുകിടയും വൻകിടയുമായി ആറ് സ്വകാര്യമത്സ്യവിപണന സംസ്കരണ കേന്ദ്രങ്ങളാണുള്ളത്. രണ്ടു സ്ഥാപനങ്ങളിൽ കടൽ മത്സ്യത്തിൻെറ സംസ്കരണം നടന്നുവരുന്നു. മത്സ്യതൊഴിലാളികളെ സ്വകാര്യവ്യാപാരികളുടെയും ഇടത്തട്ടുകാരുടേയും ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിനുള്ള സംരംഭങ്ങൾ പഞ്ചായത്തിൽ ഉണ്ടാകണം. അതിനായി മത്സ്യസംഭരണവിപണന സംഘം രൂപീകരിച്ചു പ്രവർത്തിക്കണം. പുഞ്ചപ്പാടങ്ങളിലെ മടവല കെട്ടും ലേലവും നിരുത്സാഹപ്പെടുത്തേണ്ടതുണ്ടെന്ന ആവശ്യം ഗ്രാമസഭകളിൽ വ്യാപകമായി ഉയർന്നിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മൂന്നു കേന്ദ്രങ്ങളിൽ ശുദ്ധജലമത്സ്യകൃഷി നടത്തിവരുന്നു. വിപണന സാദ്ധ്യതക്കുറവുമൂലം ഇവ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്ന് പറയാൻ കഴിയില്ല. ശുദ്ധജലമത്സ്യകൃഷിക്കും ചെമ്മീൻ കൃഷിക്കും വളരെയധികം സാദ്ധ്യതയുള്ള നമ്മുടെ പഞ്ചായത്തിൽ അതിനുള്ള സംരംഭങ്ങൾ പക്ഷേ ഉയർന്നുവരുന്നില്ല. ഇതിനാവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞാൽ ഒട്ടേറെ തൊഴിൽ സാദ്ധ്യതയുണ്ടാക്കാവുന്നതാണ്.

മത്സ്യബന്ധനരംഗത്ത് ഉൾനാടൻ മത്സ്യതൊഴിലാളികൾ മാത്രമാണുള്ളതെങ്കിലും പഞ്ചായത്തിൻെറ മത്സ്യആവശ്യങ്ങൾ നിർവ്വഹിക്കുന്നത് കടൽ മത്സ്യത്തിലൂടെയാണ്. കടൽ മത്സ്യബന്ധനരംഗത്ത് നമ്മുടെ പഞ്ചായത്തിൽ തൊഴിലാളികൾ ആരും തന്നെയില്ല. പ്രാദേശിക മത്സ്യ ആവശ്യകതയുടെ 90% വും നിറവേറ്റുന്നത് കടൽ മത്സ്യവിപണനത്തിലൂടെയാണ്. കടൽ മത്സ്യവിപണനവുമായി ബന്ധപ്പെട്ടു നിരവധി തൊഴിലാളികൾ പണിയെടുക്കുന്നു. ഈ രംഗവും ഇപ്പോൾ ഇടത്തട്ടുകാരുടെ ചൂഷണത്തിനു വിധേയമാണ്. പഞ്ചായത്തിൽ ഏഴോളം വിപണന കേന്ദ്രങ്ങളുണ്ടെങ്കിലും അംഗീകൃത ഫിഷ് മാർക്കറ്റ് ഒരെണ്ണം മാത്രമാണുള്ളത്. അതും ആരോഗ്യകരമായ പരിസ്ഥിതിയിലല്ല പ്രവർത്തിക്കുന്നത്. വിപണനരംഗത്തെ ചൂഷണം അവസാനിപ്പിക്കുന്നതിനും അംഗീകൃത വിപണനകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുതലപ്രവർത്തനങ്ങൾ ഉണ്ടാകണം. മത്സ്യസംഭരണവിപണന സഹകരണസംഘം രൂപീകരിച്ച് ഈ പ്രശ്നത്തിനും പരിഹാരം ഉണ്ടാക്കാൻ പരിശ്രമിക്കണം.

മത്സ്യതൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ചുറ്റുപാടുകൾ ശോചനീയമാണ്. 10% തൊഴിലാളികൾക്കുപോലും ഉറപ്പുള്ള വീടുകളോ കക്കൂസുകളോ ശുദ്ധജലം ലഭിക്കാനുള്ള സംവിധാനങ്ങളോ ഇല്ല. തൊഴിലാളിക്ഷേമനിധിയുടെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

- ▲ അടുത്തകാലങ്ങളിലായി ഉൽപാദനരംഗത്തുണ്ടായ കുറവ്
- ▲ വിവേചനരഹിതമായ മത്സ്യബന്ധനരീതികൾ
- ▲ മത്സ്യവിപണനരംഗത്തെ ഇടനിലക്കാർ
- ▲ ഉൾനാടൻ ജലമലിനീകരണം
- ▲ അപകടകരവും ചൂഷണപരവുമായ മത്സ്യബന്ധനരീതികൾ
- ▲ സഹകരണസ്ഥാപനങ്ങൾ ഇല്ലാത്തത്
- ▲ സംഭരണ, സംസ്കരണ വിപണന സംവിധാനങ്ങളുടെ അപര്യാപ്തത.
- ▲ ഉൾനാടൻ മത്സ്യകൃഷിക്കുള്ള സാദ്ധ്യതകൾ പരമാവധി ചൂഷണം ചെയ്യപ്പെടുന്നില്ല.
- ▲ മലിനീകരണം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ

## സാദ്ധ്യതകൾ — പരിഹാരങ്ങൾ

- ★ പരിസ്ഥിതി മലിനീകരണത്തിനു കാരണമായിട്ടുള്ള ഘടകങ്ങൾ ഒഴിവാക്കാൻ വിഭവസംരക്ഷണസമിതി രൂപീകരിക്കുക. ബോധവൽക്കരണം നടത്തുക.
- ★ വിഭവസംരക്ഷണപരിപാലനം സംബന്ധിച്ചു പഞ്ചായത്ത് മാർഗ്ഗരേഖ തയ്യാറാക്കുക.
- ★ മത്സ്യബന്ധന സാമഗ്രികൾ ആധുനികവൽക്കരിക്കുക.
- ★ മത്സ്യസംഭരണ, സംസ്കരണ വിപണന മേഖലയിൽ ഇടത്തട്ടു ചൂഷണം ഒഴിവാക്കുന്നതിനുള്ള സഹകരണസംഘം രൂപീകരിക്കുക.
- ★ മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ സഹകരണസംഘം വഴി ലഭ്യമാക്കുക.
- ★ ഉൾനാടൻ ജലമേഖലയിൽ ജനപങ്കാളിത്തത്തോടെ ചെമ്മീൻ കൃഷിയും മത്സ്യകൃഷിയും നടപ്പിലാക്കുക.
- ★ [illegible]മായ സാങ്കേതികസഹായവും, സാമ്പത്തിക സഹായവും ലഭ്യമാക്കുക.

★ പഞ്ചായത്തിൽ മത്സ്യഭവൻ സ്ഥാപിച്ചു തൊഴിലാളിപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുക.

★ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് ഉൾനാടൻ വെള്ളക്കെട്ടുകളിലും ഇടത്തോടുകളിലും വിട്ടു വളർത്തുക.

★ ഓരു വെള്ള മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ വ്യക്തികൾക്കും, കൂട്ടായും കൃഷി നടത്തുന്നതിനുള്ള സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

★ പുഞ്ചപ്രദേശങ്ങളിൽ ഇടവിളയായി മത്സ്യകൃഷിക്കുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക. ഇതിനായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പ്രയോജനപ്പെടുത്തുക.

★ നിലം കുഴിച്ചു മണ്ണെടുത്തതിന്റെ ഭാഗമായുണ്ടായിട്ടുള്ള കുഴികളും വെള്ളക്കെട്ടുകളും മത്സ്യം വളർത്തലിനായി ഉപയോഗപ്പെടുത്തുക.

★ മത്സ്യതൊഴിലാളികൾക്കും ക്ഷേമപദ്ധതി കാര്യക്ഷമമായും വിപുലീകരിച്ചും നടപ്പിലാക്കുക. മുഴുവൻ മത്സ്യതൊഴിലാളികളെയും ക്ഷേമപദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുക.

✳

# വ്യവസായം

ആലപ്പുഴജില്ലയുടെ വ്യവസായ ഭൂപടത്തിൽ നേരിയ സ്ഥാനംപോലും നേടാനാവാത്ത ഒരു പ്രദേശമാണ് കരുവാറ്റ പഞ്ചായത്ത്. ചെറുകിട വ്യവസായ യൂണിറ്റുകൾ പോലും കാര്യക്ഷമമായി പ്രവർത്തിക്കാത്ത ഈ ഗ്രാമത്തിൽ അതേ കാരണത്താൽ തന്നെ സാമ്പത്തികവളർച്ചയും ജീവിതനിലവാരപുരോഗതിയും വളരെ പിന്നോക്കാവസ്ഥയിലാണ്. ഒരു കാർഷികഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ കൃഷിയുമായി ബന്ധപ്പെട്ടിട്ടുള്ള വ്യവസായ യൂണിറ്റുപോലും പ്രവർത്തിക്കുന്നില്ല. ഈ അവസ്ഥ മാറ്റിയെടുത്തെങ്കിൽ മാത്രമേ നമുക്ക് അർഹിക്കുന്ന പുരോഗതി കൈവരിക്കാനാവൂ.

ഈ പഞ്ചായത്തിൽ പേരിനു മാത്രം പറയാവുന്ന പരമ്പരാഗതവ്യവസായരംഗമാണ് കയർ മേഖല. പഴകി തുരുമ്പിച്ച റാട്ടും അതിന്റെ പ്രവർത്തനവും പോലെ തന്നെ മന്ദഗതിയിലാണ് ഈ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ജീവിതവും, സാമ്പത്തിക വളർച്ചയും. കയർ പിരിക്കുവാൻ ആവശ്യമായ തൊണ്ടുപോലും യഥാസമയം തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല. ഈ രംഗത്തു നിലവിലുള്ള സേവനവേതനവ്യവസ്ഥകളും വിപണനരംഗത്തുള്ള പ്രശ്നങ്ങളും ഇതിനെ തികച്ചും അനാകർഷകമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. കയർ തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു സഹകരണസംഘം ഈ പഞ്ചായത്തിലെ ഏഴാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സാമ്പത്തികമായി തകർച്ചയിലേക്ക് വഴുതി വീണുകൊണ്ടിരിക്കുന്ന സംഘത്തിന് ഈ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ കഴിയുന്നില്ല. കയർ ഉൽപന്നങ്ങളുമായി ബന്ധപ്പെട്ട് സ്വകാര്യമേഖലയിൽ രണ്ടു ചെറുകിട വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഒരു വ്യവസായ മേഖല എന്ന നിലയിൽ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് തൊഴിൽ ലഭിക്കുവാൻ പര്യാപ്തമല്ല ഈ യൂണിറ്റുകൾ.

സ്വകാര്യമേഖലയിൽ തന്നെ ഏതാനും തടിമില്ലുകളും ഏതാനും ഫർണിച്ചർ നിർമ്മാണയൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നാമമാത്രമായ തൊഴിൽ സാദ്ധ്യതകളാണ് ഇവിടെയുമുള്ളത്. ഏഴാം വാർഡിൽ ഒരു ഐസ് ഉൽപാദനയൂണിറ്റും, ഫ്രീസറും പ്രവർത്തനക്ഷമമായി ഉണ്ടെങ്കിലും അവിടുത്തെയും അവസ്ഥ വ്യത്യസ്തമല്ല. അരിയുടെ ഉൽപാദനവുമായി ബന്ധപ്പെടുത്തി ഏതാനും സ്വകാര്യമില്ലുകൾ പ്രവർത്തനരംഗത്തുണ്ട്. എന്നാൽ ഇവയുടെ വിപണനകേന്ദ്രം ജില്ലക്ക് വെളിയിലുള്ള വൻകിട മാർക്കറ്റുകൾ ആയതിനാൽ ഇവിടുത്തെ ജനങ്ങൾ ഇതിന്റെ ഗുണഭോക്താക്കളാണെന്ന് പറയാൻ കഴിയുകയില്ല. വ്യാവസായിക അടിസ്ഥാനത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരു ഹോളോ ബ്രിക്സ് നിർമ്മാണകേന്ദ്രം ഈ പഞ്ചായത്തിന്റെ എട്ടാം വാർഡിലുണ്ട്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ചെറുകിട തയ്യൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരു വ്യാവസായ യൂണിറ്റെന്ന നിലയിൽ പുരോഗതി കൈവരിച്ചിട്ടില്ല.

ചുരുക്കത്തിൽ ഏതാനും സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ചില യൂണിറ്റുകൾ ഒഴിച്ചാൽ നമ്മുടെ ഗ്രാമത്തിന്റെ വ്യാവസായികവളർച്ചയും ജനങ്ങളുടെ ജീവിതനിലവാരത്തിന്റെ ഉന്നമനവും ലക്ഷ്യമാക്കിയുള്ള ഒരു സംരംഭവും നിലവിലില്ല.

ഈ സാഹചര്യത്തിൽ വിവിധ ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന അഭിപ്രായങ്ങളുടേയും, നിർദ്ദേശങ്ങളുടേയും സ്ഥിതിവിവരശേഖരണത്തിന്റെയും പഠനത്തിന്റെയും, അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ വ്യാവസായികപുരോഗതിക്കും, അതുവഴി ജനങ്ങളുടേയും പ്രത്യേകിച്ചു വനിതകൾ, പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനും താഴെപറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതാണ്.

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വ്യവസായ വികസനസമിതി രൂപീകരിക്കുക. വനിത, SC/ST പ്രാതിനിധ്യം ഉറപ്പാക്കണം.
2. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെറുകിട വ്യവസായ പരിശീലനകേന്ദ്രം തുടങ്ങുക.
3. കാർഷിക വിഭവസംസ്കരണയൂണിറ്റ്- വിവിധ

യിനം കറിപൗഡറുകൾ-അച്ചാറു നിർമ്മാണ യൂണി റ്റ് എന്നിവ സ്ഥാപിക്കുക.

4. പരമ്പരാഗത വ്യവസായമായ കയർമേഖലയുടെ പുരോഗതി ലക്ഷ്യമാക്കി ഈ രംഗത്തു ആധുനിക വൽക്കരണം ഏർപ്പെടുത്തുകയും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

5. കയർ ഉപയോഗിച്ചു കൂടുതൽ ഉൽപന്നങ്ങൾ ഉണ്ടാ ക്കുവാനുള്ള യൂണിറ്റുകൾ സഹകരണാടിസ്ഥാന ത്തിൽ ആരംഭിക്കുക.

6. ഒരു നോട്ടുബുക്കു നിർമ്മാണകേന്ദ്രം, പഞ്ചായത്തി ൻെറ മേൽനോട്ടത്തിൽ ഉണ്ടാക്കുക. ഫയൽ, കവർ എന്നിവയും ഇവിടെ നിർമ്മിക്കാം.

7. നെല്ല് സംഭരണവും അരി ഉൽപാദനവും, വിപണ നവും, സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പി ക്കുക.

8. വിവിധ നിർമ്മാണതൊഴിലുകൾ ഏറ്റെടുത്ത് നട ത്താൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുക.

9. സുഗന്ധവസ്തുക്കൾ, തീപ്പെട്ടി, സോപ്പ്, റെഡിമെ യ്ഡ് വസ്ത്രങ്ങൾ, ബട്ടൺ തുടങ്ങിയവ നിർമ്മി ക്കുവാനുള്ള സംരംഭങ്ങൾക്ക് രൂപം നൽകുക.

10. കൂട നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക.

11. ഔഷധ ചെടികൾ വളർത്തുകയും, ആയുർവേദമ രുന്നുകൾ നിർമ്മിക്കുന്ന യൂണിറ്റ് ഉണ്ടാക്കുക.

12. ചിരട്ട, കളിമണ്ണ് ഉപയോഗിച്ച് പാത്രങ്ങൾ അലങ്കാ രവസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കാനുള്ള യൂണി റ്റ് ഉണ്ടാക്കുക.

13. കെട്ടിടനിർമ്മാണസാമഗ്രികൾ (ഹോളാബ്രിക്സ്, കോൺക്രീറ്റ് കട്ടള, ജന്നൽ, വെൻറിലേറ്റർ, സ്ലാബ് മതിൽ) നിർമ്മിക്കുവാനുള്ള ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുക.

14. ഇറച്ചി സംസ്കരണയൂണിറ്റും, ഫ്രീസിംഗ് യൂണിറ്റും ഉണ്ടാക്കുക. (നവീനരീതിയിൽ)

15. ഇതിന് അനുബന്ധവ്യവസായങ്ങൾ ആരംഭിക്കുക.

16. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഒരു ആട്ടോ മൊബൈൽവർക്ക് ഷോപ്പ് പ്രവർത്തനമാരംഭിക്കു കയും തൊഴിൽ അന്വേഷകർക്ക് പരിശീലനം നൽകുകയും ചെയ്യുക.

# പൊതുവിതരണം

പൊതുവിതരണസമ്പ്രദായം സാമാന്യം തൃപ്തികരമായി നടക്കുന്ന സംസ്ഥാനമാണ് കേരളം. പരിമിതികൾ ഏറെയുണ്ടെങ്കിലും സാധാരണ ജനങ്ങളെ ചൂഷണത്തിൽ നിന്നു വിമുക്തമാക്കാൻ ഈ സമ്പ്രദായം സഹായകമായിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ 14 പൊതുവിതരണകേന്ദ്രങ്ങളിലൂടെ 4551 കാർഡുടമകൾ ഈ സംവിധാനത്തിന്റെ ഗുണഭോക്താക്കളായുണ്ട്. നിലവിലുള്ള സാഹചര്യങ്ങൾ വിപുലപ്പെടുത്തിയും കുറ്റമറ്റതാക്കിയും സാധാരണ ജനങ്ങളുടെ ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.

കേരളത്തിലെ പൊതുവിതരണ പ്രസ്ഥാനത്തിന് ഐക്യകേരളത്തോളം തന്നെ പഴക്കമുണ്ട്. ഇന്ത്യയ്ക്കാകെ മാതൃകയാണ് കേരളത്തിലെ പൊതുവിതരണ ശൃംഖലയെങ്കിലും ഇത് പൂർണ്ണമായും കുറ്റമറ്റതാണെന്നവകാശപ്പെടാൻ കഴിയില്ല. സംസ്ഥാനത്തെ പൊതുവിതരണപ്രസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പോരായ്മകൾ സ്വാഭാവികമായും നമ്മുടെ പഞ്ചായത്തിലെ പൊതുവിതരണശൃംഖലയേയും ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള 14 റേഷൻ വിതരണ കേന്ദ്രങ്ങളിൽ 13 എണ്ണവും സ്വകാര്യ വ്യക്തികൾ നടത്തുന്നവയാണ്. ഒരെണ്ണം 1742-ാം നമ്പർ സഹകരണസംഘം ഏറ്റെടുത്ത് നടത്തുന്നു. ഓരോ ഡിപ്പോയിലും ശരാശരി 325 കാർഡുടമകൾ ഗുണഭോക്താക്കളായുണ്ട്. നിത്യോപയോഗ സാധനങ്ങളായ അരി, ഗോതമ്പ്, റവ, മൈദ, പഞ്ചസാര, മണ്ണെണ്ണ, പാമോയിൽ എന്നിവയാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യപ്പെടുന്നത്. സാധാരണ ജനവിഭാഗങ്ങളുടെ നിത്യോപയോഗസാധനങ്ങളുടെ ആവശ്യകത പൂർണ്ണമായും നിറവേറ്റുന്നതിന് കഴിയുന്നില്ലെങ്കിലും നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരം പൊതുവിപണിയിൽ നല്ലൊരളവുവരെ നിയന്ത്രിക്കുന്നതിന് ഈ സംവിധാനം മൂലം കഴിയുന്നു. നിലവിലുള്ള പൊതുവിതരണസംവിധാനം കാര്യക്ഷമമാക്കുകയാണ് ഈ രംഗത്ത് അടിയന്തിരമായി വേണ്ടത്. റേഷൻ കടകൾ വഴി വിതരണം നടത്തുന്ന നിത്യോപയോഗസാധനങ്ങളുടെ അളവിന്റെ കൃത്യതയും ഗുണനിലവാരം സംബന്ധിച്ചും ജനങ്ങൾക്കിടയിൽ വ്യാപകമായ പരാതി പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ജനപ്രതിനിധികൾക്ക് കൂടുതൽ അധികാരം നൽകുവാൻ കഴിയണം. ഇപ്പോൾ ചില അവശ്യസാധനങ്ങൾ മാത്രമേ വിതരണം നടത്തുന്നുള്ളു. നിത്യോപയോഗസാധനങ്ങളായി സിവിൽ സപ്ലൈസ് അംഗീകരിച്ചിട്ടുള്ള 22 സാധനങ്ങളും ആവശ്യാനുസരണം റേഷൻ കടകൾ വഴി വിതരണം നടത്തേണ്ടതാണ്. ഇതിന്റെ അളവിന്റേയും തൂക്കത്തിന്റെയും കൃത്യത ഉറപ്പുവരുത്തുവാൻ പായ്ക്കു ചെയ്തു വിതരണം നടത്തേണ്ടതാണ്. നിലവിലുള്ള വിതരണസംവിധാനങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അപര്യാപ്തമാണ്. ആവശ്യമുള്ള മേഖലകളിൽ വിതരണകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിലെ ഒരു മാവേലി സ്റ്റോർ പ്രവർത്തിച്ചിരുന്നു. ഇപ്പോഴില്ല. പഞ്ചായത്തിന്റെ ആവശ്യകത പരിഗണിച്ച് കയർ മേഖലയിലും കർഷകതൊഴിലാളിമേഖലയിലും രണ്ടു മാവേലി സ്റ്റോർ സ്ഥാപിക്കേണ്ടതാണ്. നിലവിലുള്ള സഹകരണസംഘത്തോടനുബന്ധിച്ച് പച്ചക്കറി സംഭരണവിപണനത്തിലെ ചികിത്സാകേന്ദ്രങ്ങളിൽ അര ലക്ഷത്തിൽ കൂടുതൽ രോഗികൾ ചികിത്സാർത്ഥം എത്തുന്നുണ്ട്. ഔഷധ വിപണനരംഗത്തെ സ്വകാര്യമേഖല നടത്തുന്ന ചൂഷണം ഒഴിവാക്കുന്നതിനുതകുന്ന തരത്തിൽ സഹകരണമേഖലയിൽ മെഡിക്കൽ സ്റ്റോർ സ്ഥാപിക്കണം. പഞ്ചായത്തടിസ്ഥാനത്തിൽ കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കുകയും വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സംവിധാനം ഉണ്ടാക്കുകയും വേണം. ഭവനനിർമ്മാണ സാമഗ്രികളുടെ വിപണനരംഗത്തു നടക്കുന്ന ചൂഷണം അവസാനിപ്പിക്കുവാൻ സഹകരണമേഖലയിൽ സംവിധാനം ഉണ്ടാക്കണം.

## സാദ്ധ്യതകളും പരിഹാരങ്ങളും

1. ആവശ്യാനുസരണം പൊതുവിതരണകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം.

2. വിതരണം ചെയ്യപ്പെടുന്ന നിത്യോപയോഗസാധനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കണം.

3. അളവിന്റെയും തൂക്കത്തിന്റെയും കൃത്യത ഉറപ്പാക്കുന്നതിന് പായ്ക്കറ്റുകളായി വിതരണം നടത്തേണ്ടതാണ്.

4. വിതരണം ചെയ്യപ്പെടുന്ന നിത്യോപയോഗസാധനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ആവശ്യാനുസരണം വിതരണം നടത്തുകയും വേണം.

5. പച്ചക്കറിസംഭരണം വിപണനത്തിന് പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണസാധനങ്ങൾ സ്ഥാപിക്കണം.

6. മെഡിക്കൽ സ്റ്റോർ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കണം

7. കൺസ്യൂമർ സഹകരണസംഘം സ്ഥാപിക്കണം

8. കെട്ടിടനിർമ്മാണസാമഗ്രികൾ പൊതുവിതരണകേന്ദ്രം സ്ഥാപിച്ച് വിതരണം നടത്തണം.

9. കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുവാനും ക്രമക്കേട് അവസാനിപ്പിക്കുവാനും പരിശോധനാസമിതികൾ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ രൂപീകരിക്കുകയും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുകയും വേണം.

# വിദ്യാഭ്യാസ
# മേഖല

"അസതോമ സത്ഗമയ
തമസോമാ ജ്യോതിർഗമയ"
—ബൃഹദാരണ്യകോപനിഷത്

നമ്മുടെ ഗ്രാമത്തിലെ വിദ്യാഭ്യാസമേഖലക്ക് പഴക്കമേറെയുണ്ട്. സ്വാതന്ത്ര്യപ്രാപ്തിക്കു എത്രയോ മുമ്പു തന്നെ ഇവിടെ വിദ്യാലയങ്ങൾ പ്രവർത്തനമാരംഭിച്ചിരുന്നു. തിരുവിതാംകൂർ രാജഭരണകാലത്ത് നാട്ടുപള്ളിക്കൂടങ്ങൾ സ്ഥാപിക്കപ്പെട്ട കൂട്ടത്തിൽ ഇവിടെയും പല ഘട്ടങ്ങളിലായി പ്രാഥമിക വിദ്യാലയങ്ങൾ ഉദയം ചെയ്തു. അതിൽ ഒന്നാമതായി സ്ഥാപിക്കപ്പെട്ടത് ഇന്ന് കുമാരപുരം എൽ.പി.ബി. സ്കൂൾ എന്നറിയപ്പെടുന്നതും കരുവാറ്റാ ഗോലോകാശ്രമത്തിനുസമീപം സ്ഥിതി ചെയ്യുന്നതുമായ സ്കൂളാണ്. ഇത് സ്ഥാപിതമായത് 1865-ാംമാണ്ടിലാണ്. പിന്നീടുണ്ടായത് കടുവൻ കുളങ്ങര ജംഗ്ഷനുസമീപം സ്ഥിതി ചെയ്യുന്ന കുമാരപുരം എൽ.പി.ബി. സ്കൂളാണ്. ഇത് 1909 ൽ സ്ഥാപിതമായി. തുടർന്ന് ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഷഷ്ട്യബ്ദപൂർത്തി സ്മാരകമായി 1917 ൽ പടവല്യം സ്കൂൾ സ്ഥാപിക്കപ്പെട്ടു. ഈ സ്കൂൾ ഇന്ന് കരുവാറ്റ നോർത്ത് എൽ.പി.എസ്. എന്ന പേരിലാണ് അറിയപ്പെടുന്നത്.

സ്വകാര്യവിദ്യാഭ്യാസ ഏജൻസികളുടെ വരവോടു കൂടിയാണ് ഈ ഗ്രാമത്തിൽ തുടർന്ന് കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിതമായത്. സ്വകാര്യ വിദ്യാഭ്യാസരംഗത്തിന്റെ ഉത്ഭവം കുടിപ്പള്ളിക്കൂടങ്ങളുടെ ചരിത്രം മുതൽ ആരംഭിക്കുന്നു. വീടുകൾ കേന്ദ്രീകരിച്ചുള്ള വിദ്യാരീതിയും അക്ഷരാഭ്യസനവും വളരെ പഴക്കമേറിയതാണ്. നമ്മുടെ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം കുടിപ്പള്ളിക്കൂടങ്ങൾ ധാരാളമായിട്ടുണ്ടായിരുന്നു.

എന്നാൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷമുള്ള പഠനത്തിന് അന്ന് വിദൂരസ്ഥലങ്ങളെ ആശ്രയിക്കേണ്ടിവന്നു. ഇതിന് ഒരു പരിഹാരമുണ്ടായത് 1924 ൽ സ്ഥാപിതമായതും ഇന്ന് കരുവാറ്റ എൻ.എസ്.എസ്. ഹൈസ്കൂൾ എന്നറിയപ്പെടുന്നതുമായ അന്നത്തെ ഇംഗ്ലീഷ് വിദ്യാലയത്തിന്റെ ആരംഭത്തോടെയാണ്. ശ്രീ. മന്നത്തു പത്മനാഭന്റെ അശ്രാന്തപരിശ്രമവും നാട്ടുകാരുടെ കർമ്മശേഷിയും ഉദാരമതികളുടെ സംഭാവനയും സമ്മേളിച്ചതിന്റെ ഫലമാണ് ഈ സ്കൂൾ. അന്ന് ഈ സ്കൂൾ നിർമ്മിക്കുവാനുള്ള സ്ഥലം നൽകിയത് ശ്രീ. സമുദായത്തിൽ കേശവകുറുപ്പായിരുന്നു. മഹാസാഹിത്യകാരനായ ശ്രീ. തകഴി ശിവശങ്കരപിള്ള തുടക്കം പല മഹാന്മാരെയും പൂർവ്വ വിദ്യാർത്ഥികളായി അവകാശപ്പെടാനുള്ള ഈ വിദ്യാലയത്തിലെ പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ. കൈനിക്കര കുമാരപിള്ള സാർ ആയിരുന്നു.

ഇതേ കാലഘട്ടത്തിൽ സ്ഥാപിതമായി സെന്റ് ജയിംസ് യു.പി. സ്കൂൾ. ശ്രീമാൻ ആഞ്ഞിലിവേലിൽ ചാക്കോസാർ ആയിരുന്നു ഇതിന്റെ സ്ഥാപകൻ. മുകളിൽ സൂചിപ്പിച്ച വിദ്യാലയങ്ങളെ കൂടാതെ എസ് എൻ.ഡി.പി.യു.പി. സ്കൂൾ, എസ്. കെ.വി. എൻ.എസ്. എസ്. യു.പി. സ്കൂൾ, ഹരിജൻ വെൽഫെയർ സ്കൂൾ, സെന്റ് ജോസഫ് എൽ.പി. സ്കൂൾ, എസ്.എൻ.ഡി.പി. എൽ.പി. സ്കൂൾ, കുഴിക്കാട് എൽ.പി. സ്കൂൾ എന്നിവയടക്കം ഇന്നീ പഞ്ചായത്തിൽ പതിനൊന്നു വിദ്യാലയങ്ങളാണുള്ളത്.

ഈ പഞ്ചായത്ത് അതിർത്തിയിലെ വിവിധ സ്കൂളുകളിലായി 2956 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ഇതിൽ 1751 ആൺകുട്ടികളും 1205 പെൺകുട്ടികളുമാണ്. ആകെ അദ്ധ്യാപകരുടെ എണ്ണം 110 ആണ്. എടുത്തുപറയത്തക്ക ഒരു പ്രത്യേകത ഇതിൽ 92 പേരും സ്ത്രീകൾ ആണെന്നതാണ്. ഇത് സംബന്ധിച്ച സൂചന യഥാക്രമം പട്ടിക 1A യിലും ചിത്രം $1A_1$, ലും കൊടുത്തിരിക്കുന്നു.

**പട്ടിക 1A**

**രേഖാചിത്രം $1A_1$**

ആകെ 2956 വിദ്യാർത്ഥികൾ ഉള്ളതിൽ 441

കുട്ടികൾ മാത്രമാണ് ഗവൺമെൻറ് സ്കൂളുകളിൽ അദ്ധ്യയനം ചെയ്യുന്നത്. അദ്ധ്യാപകരുടെ അംഗ സംഖ്യ വെറും 16 ആയി കുറഞ്ഞിരിക്കുന്നു. സമീപകാലത്ത് ആരംഭിച്ച അൺ എയിഡഡ് വിദ്യാലയങ്ങളുടെ അതിപ്രസരത്തിൻെറ ഫലത്തെയാണ് ഇത് കുറിക്കുന്നത്. പട്ടിക 1B നോക്കുക.

**പട്ടിക 1B**

ഈ പഞ്ചായത്തിൽ പ്രൈവറ്റ് അൺ എയിഡഡ് മേഖലയിലുള്ള എൽ.പി., യു.പി. സ്കൂളുകളിലായി 619 വിദ്യാർത്ഥികളും 22 അദ്ധ്യാപകരുമുണ്ട്. എന്നാൽ ഗൗരവമായി കാണേണ്ട വസ്തുത ഏതു മേഖലയിലായാലും പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ അംഗസംഖ്യ വളരെ കുറവാണെന്നതാണ്. പട്ടികജാതി വിദ്യാർത്ഥികളുടെ പ്രാതിനിധ്യം സൂചിപ്പിക്കുന്ന രേഖാചിത്രം $1A_2$ നോക്കുക.

**ചിത്രം $1A_2$**

സ്കൂളുകളുടെ അക്കാദമിക് സൗകര്യങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 2A യിൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2A**

ഭൂരിപക്ഷം വിദ്യാലയങ്ങളും പരിമിതമായ അക്കാദമിക് സൗകര്യങ്ങൾ പുലർത്തുന്നവയാണ്. വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം മെച്ചപ്പെടുന്നതിന് ഇത് വിഘാതമായി നിൽക്കുന്നു എന്ന് പറയേണ്ടതില്ലല്ലോ?

ഭൗതിക സൗകര്യങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക IIB വ്യക്തമാക്കുന്നു.

**പട്ടിക 2B**

പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത പല സ്കൂളുകളിലും നിലനിൽക്കുന്നു. ഏറ്റവും ശോചനീയമായ അവസ്ഥ പഞ്ചായത്തിലെ ഹരിജൻ വെൽഫെയർ സ്കൂളിന് ആണെന്നുള്ളത് എടുത്തുപറയത്തക്ക ഒന്നാണ്.

മിക്ക സ്കൂളുകളുടെയും അക്കാദമിക് നിലവാരം ഒട്ടും തൃപ്തികരമല്ലെന്നാണ് ഇതു സംബന്ധിച്ച പഠനം വ്യക്തമാക്കുന്നത്. എട്ടാം പഞ്ചവത്സരപദ്ധതികാലത്ത് ഇത് സംബന്ധിച്ച് ആവിഷ്കരിച്ചു നടപ്പാക്കിയ പല പരിപാടികളും ഉദ്ദേശിച്ച വിജയത്തിൽ എത്തിച്ചേർന്നില്ല. വിവിധ ക്ലാസ്സുകളിലായി അക്ഷരബോധമുറയ്ക്കാത്ത കുട്ടികൾ പഠിക്കുന്നുണ്ടെന്നുള്ളത് ഞെട്ടിക്കുന്ന വസ്തുതയാണ്. ഒ.ബി.സി. പദ്ധതി, അക്ഷരപ്പുലരി, സ്കൂൾ കോംപ്ലക്സ് എന്നിവയ്ക്ക് ഉദ്ദേശിച്ച ഫലം ലഭിച്ചില്ലെന്ന് വിവിധ സ്കൂളുകളിലെ അവലോകന റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കാം. സ്കൂൾ കോംപ്ലക്സുകൾ പോലെയുള്ള ആശയങ്ങൾ അദ്ധ്യാപകരുടെ ഇടയിൽപോലും അവ്യക്തമായി നിലകൊള്ളുന്നു. കുമാരപുരം എൽ.പി.ജി. സ്കൂൾ പോലെയുള്ള ചിലയിടങ്ങളിൽ മിനിമം ലവൽ ഓഫ് ലേണിംഗ് (M.L.L) പദ്ധതി നടപ്പിലാക്കുന്നുണ്ട്. എന്നാൽ അദ്ധ്യാപകവിദ്യാർത്ഥി അനുപാതം വർദ്ധിച്ചു നിൽക്കുന്നത് ഇതിൻെറ വിജയകരമായ നടത്തിപ്പിന് തടസ്സം നിൽക്കുന്നു.

വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരത്തെ പ്രകടമായി എടുത്തുകാട്ടുന്ന ഒന്നാണല്ലോ. S.S.L.C. വിജയശതമാനവും വിവിധ ക്ലാസ്സുകളിൽ കുട്ടികൾക്ക് ലഭിച്ച മാർക്കിൻെറ നിലവാരവും, ഇത് സംബന്ധിച്ച സൂചന രേഖാചിത്രം $III_A$, $III_B$ എന്നിവയിൽ നിന്ന് മനസ്സിലാക്കാം.

**രേഖാചിത്രം $III_A$**

**രേഖാചിത്രം $III_B$**

ഇതിൽ നിന്നും വ്യക്തമാകുന്ന സംഗതി ഓരോ ക്ലാസിലും ഇത്ര ശതമാനം കുട്ടികൾ വിജയിച്ചിരിക്കണം എന്ന മാനദണ്ഡം മാത്രമാണ് ക്ലാസ് കയറ്റത്തിന് അടിസ്ഥാനമായിട്ടുള്ളതെന്നാണ്. രേഖാചിത്രങ്ങൾ $III_A$, $III_B$ ചിത്രങ്ങളുടെ താരതമ്യപഠനം S.S.L.C. വിജയശതമാനം കുറയാൻ ഇടയാകുന്ന സാഹചര്യം വ്യക്തമാകുന്നു. തത്വത്തിൽ വിദ്യാഭ്യാസം അതിൻെറ ഗുണനിലവാരത്തിൽ വളരെ പിന്നിലാണെന്നുള്ളതാണ് വസ്തുത. ഈ റിപ്പോർട്ട് കാലയളവിൽ ജില്ലാ പഞ്ചായത്തും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറും യോജിച്ചു വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി അദ്ധ്യാപകപരിശീലനപരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ഈ പഞ്ചായത്തിൽ മൂന്ന് സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. U.P., H.S., കോളേജ്

വിഭാഗത്തിലെ ഏകദേശം 650 ഓളം വിദ്യാർത്ഥികൾ ഈ ക്ലാസ്സുകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. 14 അംഗന വാടികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. എന്നാൽ ജനമനസ്സുകളിൽ വേണ്ടത്ര സ്വാധീനം ചെലുത്താൻ ഇവയ്ക്കാകുന്നില്ല. പരിമിതമായ സൗകര്യങ്ങളും സാമ്പത്തിക സഹായമില്ലായ്മയും ഈ സ്ഥാപനങ്ങളെ അനാകർഷകങ്ങളാക്കിതീർക്കുന്ന ഘടകങ്ങളാണ്. ഇതു കൂടാതെ ഒരു ചെയിൻ സർവ്വെ സ്കൂൾ, വിവിധ തയ്യൽ പരിശീലനകേന്ദ്രങ്ങൾ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ശാസ്ത്രസാങ്കേതികരംഗം ജനജീവിതത്തെ പ്രകടമായി സ്വാധീനിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു സാങ്കേതിക സ്ഥാപനം പോലും ഇവിടെ പ്രവർത്തിക്കുന്നില്ല എന്നുള്ളത് ഒരു പരാധീനതയായി കാണാം.

വിദ്യാഭ്യാസം കൊണ്ട് വ്യക്തിയുടെ സമഗ്രവികസനവും അതുവഴി നാടിന്റെ സാമൂഹ്യവും സാംസ്കാരികവും തൊഴിൽപരവുമായ വികാസമാണ് ലക്ഷ്യമാക്കുന്നത്. എന്നാൽ ഈ ലക്ഷ്യത്തിന്റെ അടുത്തെത്താൻ പോലും പര്യാപ്തമല്ല ഈ രംഗത്തിന്റെ ഇന്നത്തെ അവസ്ഥ. ഈ പശ്ചാത്തലത്തിൽ ഈ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടിയുണ്ട്. ഈ രംഗത്ത് ഇന്നു നിലനിൽക്കുന്ന പ്രശ്നങ്ങളും ഗ്രാമസഭാറിപ്പോർട്ടുകളുടേയും വിവിധങ്ങളായ ചർച്ചകളുടേയും അവലോകനങ്ങളുടേയും അടിസ്ഥാനത്തിൽ അതിന് ആവശ്യമായ പരിഹാരനിർദ്ദേശങ്ങളും, പരിപാടികളും താഴെ ചേർക്കുന്നു.

## വിദ്യാഭ്യാസരംഗത്തു നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. വിദ്യാഭ്യാസം ഗണത്തിൽ വർദ്ധിക്കുകയും ഗുണത്തിൽ പിന്നോക്കം പോകുകയും ചെയ്തിരിക്കുന്നു.
2. പട്ടികജാതി വിദ്യാർത്ഥികളുടെ അംഗസംഖ്യ തുലോം കുറഞ്ഞിരിക്കുന്നു.
3. സ്കൂൾ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത
4. പഠ്യേതരപ്രവർത്തനങ്ങൾ വേണ്ട രീതിയിൽ നടക്കുന്നില്ല.
5. വിദ്യാഭ്യാസം വെറും അക്കാദമിക് പ്രവർത്തനങ്ങൾ മാത്രമാണെന്ന ധാരണ രൂഢമൂലമായിരിക്കുന്നു.
6. അൺ എയിഡഡ് വിദ്യാലയങ്ങളുടെ എണ്ണം പെരുകുന്നു.
7. ഗവ. വിദ്യാലയങ്ങൾ അടച്ചുപൂട്ടേണ്ട സ്ഥിതി സംജാതമായിരിക്കുന്നു.
8. S.S.L.C. വിജയശതമാനം കുത്തനെ താഴ്ന്നുകൊണ്ടിരിക്കുന്നു.
9. വിദ്യാഭ്യാസത്തിന് ജീവിതവുമായി ബന്ധമില്ല.
10. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ ഇൻസർവ്വീസ് കോഴ്സുകൾ നടക്കുന്നില്ല.
11. വിദ്യാഭ്യാസ മേഖലയിൽ പുരുഷ അദ്ധ്യാപകരുടെ അംഗസംഖ്യ കുറയുന്നു.
15. പൊതുവിൽ ഈ രംഗത്ത് കാര്യക്ഷമത കുറഞ്ഞിരിക്കുന്നു.

## നിർദ്ദേശങ്ങൾ പരിപാടികൾ

പഞ്ചായത്തിലെ മൊത്തം വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് നാല് മുഖ്യധാരകളാണ് ഉള്ളത്.

1. അക്കാദമിക് പ്രവർത്തനങ്ങൾ
2. പാഠാനുബന്ധപ്രവർത്തനങ്ങൾ
3. ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ
4. ജനകീയപ്രവർത്തനങ്ങൾ

ഈ നാല് ഘടകങ്ങളിൽ ഊന്നി നിന്നുള്ള പ്രവർത്തനപരിപാടികളാണ് വിദ്യാഭ്യാസമേഖലയുടെ സമഗ്രപുരോഗതിക്കായി ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടത്.

## I. അക്കാദമിക് പ്രവർത്തനങ്ങൾ

1. ഓരോ വാർഡിലും കാര്യക്ഷമതയും ഗുണമേന്മയും പുലർത്തുന്ന ഓരോ അംഗനവാടികൾ സ്ഥാപിക്കണം. തികച്ചും ആകർഷകമായ ഭൗതിക സാഹചര്യം ഇതിനുറപ്പുവരുത്തണം. പൂർണ്ണയോഗ്യതനേടിയ അദ്ധ്യാപകരുടെ സേവനമാണ് ഇവിടെ പ്രയോജനപ്പെടുത്തേണ്ടത്.
2. ഇവയുടെ മേൽനോട്ടവും മോണിട്ടറിംഗും കാര്യക്ഷമമാക്കണം. വാർഡുതലത്തിൽ പ്രത്യേകസമിതികൾ രൂപീകരിക്കണം.
3. മുകളിൽ പറഞ്ഞ അംഗനവാടികൾ സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ നിലവിലുള്ള ലോവർ പ്രൈമറി വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രീ-പ്രൈമറികൾ സ്ഥാപിക്കുക. ഇവയ്ക്കും ഗുണമേന്മയും, ആകർഷകത്വവും ഉറപ്പാക്കണം.
4. ലോവർ പ്രൈമറി സ്കൂളിലേക്കുള്ള കുട്ടികളുടെ പ്രവേശനപ്രായം 6 വയസ്സാക്കി നിജപ്പെടുത്തുക.
5. കുട്ടികൾക്ക് അക്ഷരബോധവും സംഖ്യാബോധവും പ്രൈമറി തലത്തിൽ തന്നെ ഉറപ്പിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ഇതിനായി അക്ഷരവേദികൾ രൂപീകരിക്കുക.

6. വിദ്യാഭ്യാസത്തെപ്പറ്റി രക്ഷകർത്താക്കൾക്കും, സമൂഹത്തിനുമുള്ള തെറ്റായ ധാരണകൾ നീക്കാനായി കാലാകാലങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുക.

7. വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരകുറവ് പരിഹരിക്കാൻ വിഷയ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് യഥാകാലം പഞ്ചായത്തു തലത്തിൽ കോഴ്സുകൾ സംഘടിപ്പിക്കുക.

8. വാർഡുതലത്തിൽ അയൽകൂട്ടം പരിപാടി ആവിഷ്കരിക്കുകയും അതുവഴി വീടുകളിലെ പഠനസാഹചര്യത്തിന്റെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യുക.

9. സ്കൂൾ കോംപ്ലക്സ് പ്രവർത്തനത്തിന്റെ അന്തസത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് അത് നടപ്പിലാക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

10. ട്യൂഷൻ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഏകീകൃത സ്വഭാവമുണ്ടാക്കുകയും സ്കൂൾ പ്രവർത്തനങ്ങളെ ഇത് ദോഷകരമായി ബാധിക്കില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക

11. പഞ്ചായത്തിലെ അക്കാദമിക് പ്രവർത്തനങ്ങൾക്കായി സബ്ജക്ട് കൗൺസിലുകൾ വിഷയാടിസ്ഥാനത്തിൽ രൂപീകരിക്കുക.

12. പഞ്ചായത്തുതല അക്കാദമിക് സമിതികൾ രൂപവൽക്കരിച്ചു അക്കാദമിക് പ്രവർത്തനങ്ങളെ വിലയിരുത്തുകയും നിലവാരമുയർത്താനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യണം. ഈ സമിതി ആയിരിക്കണം പഞ്ചായത്തിലെ ആകെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ മോണിട്ടറിംഗും മേൽനോട്ടവും വഹിക്കേണ്ടത്.

13. പഞ്ചായത്തിന് ഒരു പൊതുവിദ്യാഭ്യാസകലണ്ടർ ഉണ്ടാകണം. പാഠ്യപദ്ധതിയും, പരീക്ഷാസമ്പ്രദായവും ഏകീകൃതസ്വഭാവമുള്ളതായിരിക്കണം.

14. ഉന്നതവിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് വിഷയാടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ നൽകുക.

15. കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് പഞ്ചായത്തുതലത്തിൽ പുരസ്കാരങ്ങൾ ഏർപ്പെടുത്തുക.

16. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന എൽ.പി., യു.പി. സ്കൂളുകൾക്ക് പാരിതോഷികം ഏർപ്പെടുത്തുക.

17. S.S.L.C. വിജയശതമാനം 60%നുമേൽ ഉയർത്താൻ ആവശ്യമായ പരിപാടികളും കോച്ചിംഗ് ക്ലാസ്സുകളും സംഘടിപ്പിക്കുക.

## II. പാഠാനുബന്ധപ്രവർത്തനങ്ങൾ

18. വിദ്യാഭ്യാസത്തെ ജീവിതവുമായി ബന്ധപ്പെടുത്തുകയും കുട്ടികളുടെ അഭിരുചിക്കനുസരണമായി തൊഴിലുകൾ പഠിപ്പിക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

19. സ്കൂളുകൾ തോറും സാഹിത്യസമാജം, സ്പോർട്ട്സ് ക്ലബ്, ശാസ്ത്രവേദി, കാർഷികവേദി, എന്നിവ രൂപീകരിക്കുകയും ചിട്ടയായ പ്രവർത്തനങ്ങൾ നടക്കുന്നു എന്നുറപ്പുവരുത്തുകയും ചെയ്യുക.

20. കലാ-കായിക രംഗങ്ങളിൽ കുട്ടികൾക്ക് പ്രോത്സാഹനവും, മാർഗ്ഗനിർദ്ദേശങ്ങളും നൽകാൻ പഞ്ചായത്തുതലസമിതി രൂപീകരിക്കുക.

21. യു.പി., എച്ച്.എസ്. തലങ്ങളിൽ കുട്ടികൾക്ക് വായനയോട് ആഭിമുഖ്യമുണ്ടാകത്തക്കതരത്തിൽ റീഡേഴ്സ് ക്ലബുകൾ രൂപീകരിക്കുക. പഞ്ചായത്തുതലത്തിൽ വായനാമത്സരവും സംഘടിപ്പിക്കുക.

22. ദിനാചരണങ്ങൾ അതാതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് എല്ലാ സ്കൂളുകളിലും മുഴുവൻ വിദ്യാർത്ഥികളുടെയും, അദ്ധ്യാപകരുടേയും പങ്കാളിത്തത്തോടെ നടക്കുന്നു എന്നുറപ്പു വരുത്തുക.

23. എൽ.പി., യു.പി., എച്ച്.എസ്. തലത്തിൽ പഞ്ചായത്തുതല ക്വിസ് പരിപാടി നടത്തുക.

24. സ്കൂളുകളിൽ ലൈബ്രറി, ലബോറട്ടറി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പുവരുത്താനായി പഞ്ചായത്തുതല കോ-ഓർഡിനേഷൻ സമിതി രൂപീകരിക്കുക.

## III. ഭൗതികസാഹചര്യം

25. സ്കൂൾ ലബോറട്ടറിക്കാവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കാൻ പഞ്ചായത്തുതല വർക്ക്ഷോപ്പ് അവധിക്കാലത്തു സംഘടിപ്പിക്കുക. അദ്ധ്യാപകരെയും, കുട്ടികളേയും, സാങ്കേതികജ്ഞാനമുള്ളവരെയും ഇതിൽ പങ്കെടുപ്പിക്കാം.

26. സ്കൂളുകൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, ബ്ലാക്ക് ബോർഡ്, തുടങ്ങിയവ എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയവർഷത്തിന്റെ ആരംഭത്തിൽ തന്നെ ലഭ്യമാക്കാനുള്ള സഹായങ്ങൾ ചെയ്യുക.

27. എല്ലാ സ്കൂളിലും ശുദ്ധജലവിതരണത്തിനുള്ള ക്രമീകരണം വാട്ടർ അതോറിട്ടിയുമായ് ചേർന്ന് സംഘടിപ്പിക്കുക.

28. സ്കൂളിലേക്കുള്ള പൊതുവഴി തികച്ചും സൗകര്യപ്രദമാക്കി മാറ്റുക.

29. എല്ലാ സ്കൂളുകൾക്കും ചുറ്റുമതിൽ നിർമ്മിക്കേണ്ടതാണ്, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഉറപ്പുവരുത്തണം.

30. കുട്ടികൾക്കുകൂടി പ്രയോജനപ്പെടത്തക്കവിധം പഞ്ചായത്തു കളിസ്ഥലത്തിന്റെ സൗകര്യം വർദ്ധിപ്പിക്കുക.

31. അർഹമായ എല്ലാ കുട്ടികൾക്കും ഉച്ചക്കഞ്ഞി ലഭ്യമാകുന്നു എന്നുറപ്പുവരുത്തുകയും ഇതിനാവശ്യമായ ധനം പഞ്ചായത്ത് ഫണ്ടിൽ നിന്നും കണ്ടെത്തുകയും ചെയ്യണം.

## IV. ജനകീയ പ്രവർത്തനങ്ങൾ

32. എല്ലാ സ്കൂളുകളിലും പി.ടി.എ. കമ്മിറ്റികളും മാതൃസംഗമവും രൂപീകരിക്കുകയും മാസത്തിൽ ഒരിക്കലെങ്കിലും അവകൂടി സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം.

33. സ്കൂൾ ഭൗതികപുരോഗതിക്കാവശ്യമായ പ്രവർത്തനമേൽനോട്ടം പി.ടി.എ. സമിതികൾക്ക് വിട്ടുകൊടുക്കുക.

34. മുഴുവൻ SC/ST കുട്ടികളെയും സ്കൂളിൽ ചേർക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുക. അവരുടെ കൊഴിഞ്ഞുപോക്ക് തടയാൻ ജീവിതസാഹചര്യം മെച്ചപ്പെടുത്തുക.

35. S.S.L.C. തോറ്റ SC/ST കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് സന്നദ്ധസംഘടനാസഹായത്തോടെ ആവിഷ്ക്കരിക്കുക.

36. SC/ST കുട്ടികളുടെ കാലകായികവളർച്ചക്ക് ഉതകുന്ന പരിപാടികൾ പ്രത്യേകം ആവിഷ്ക്കരിക്കുക.

37. SC/ST കുട്ടികൾക്കുള്ള പഠനസാമഗ്രികൾ സൗജന്യമായി വിതരണം ചെയ്യുക. ഇതിനാവശ്യമായ ഫണ്ട് പഞ്ചായത്ത് വഹിക്കുക.

38. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം 1:30 ആയി കുറക്കുവാനുള്ള നടപടികൾ ചെയ്യുക.

39. ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടത്തക്കവിധത്തിൽ പഞ്ചായത്തിന്റെ ഭരണച്ചുമതലയിൽ ഒരു സാങ്കേതിക വിദ്യാലയം ആരംഭിക്കുക.

40. വിദ്യാഭ്യാസമേഖലയുടെ നിലവിലുള്ള സബ്ജില്ലാ റവന്യു ജില്ല ഘടനമാറ്റി ത്രിതല പഞ്ചായത്തു ഭരണഘടന കൈവരുത്തുക.

| | | പട്ടിക 1A | | | | | | | |
|---|---|---|---|---|---|---|---|---|---|
| | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | | |
| | | | ആൺ | പെൺ | ആകെ | പുരുഷൻ | സ്ത്രീ | ആകെ | |
| 1. | N.S.S.H.S. | Aided | 811 | 386 | 1197 | 8 | 38 | 46 | |
| 2. | S.N.D.P.U.P.S | Do | 129 | 103 | 232 | 1 | 7 | 8 | |
| 3. | S.K.V.N.S.S. U.P.S. | Do | 260 | 228 | 488 | 3 | 15 | 18 | |
| 4. | ST. JAMES U.P.S | Do | 104 | 66 | 170 | 2 | 6 | 8 | |
| 5. | KUMARAPURAM L.P.B.S. | Govt. | 55 | 71 | 126 | 1 | 3 | 4 | |
| 6. | KUMARAPURAM L.P.G.S | Govt. | 81 | 60 | 141 | 1 | 3 | 4 | |
| 7. | S.N.D.P.L.P.S. | Aided | 89 | 93 | 182 | 0 | 6 | 6 | |
| 8. | KARUVATTA NORTH G.L.P.S. | Govt. | 55 | 56 | 111 | 0 | 5 | 5 | |
| 9. | KUZHIKKADU L.P.S. | Aided | 71 | 59 | 130 | 1 | 3 | 4 | |
| 10. | ST. JOSEPH L.P.S. | Aided | 56 | 60 | 116 | 0 | 4 | 4 | |
| 11. | HARIJAN WELFARE L.P.S | Govt. | 40 | 23 | 63 | 1 | 2 | 3 | |
| | | TOTAL | 1751 | 1205 | 2965 | 18 | 92 | 110 | |

## അദ്ധ്യാപകർ — സ്ത്രീ — പുരുഷ അനുപാതം




ചിത്രം 1A1

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥി രേഖാചിത്രം




ചിത്രം 1A2

## പട്ടിക IB
## ഗവ. സ്കൂളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

| ആകെ അദ്ധ്യാപകർ | ഗവ. വിദ്യാലയത്തിലെ അദ്ധ്യാപകർ | ശതമാനം | ആകെ വിദ്യാർത്ഥികൾ | ഗവ. വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 110 | 16 | 14.5% | 2956 | 441 | 14.8% |

## പട്ടിക $II_A$
## അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

| ലൈബ്രറി | പ്രവർത്തിക്കാത്തത് | ലബോറട്ടറി | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | ഓഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | മാതൃസംഗമം സജീവം | ക്ലാസ് റൂം പിടിഎ |
|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് 11 | 10 | 01 | 10 | 4 | 2 | 0 | 0 | 1 | 0 | 15 | 11 | 0 |
| ഇല്ലാത്തത് 0 | 0 | 10 | 10 | 7 | 9 | 11 | 11 | 10 | 11 | - | - | 11 |

## പട്ടിക $III_B$
## ഭൗതികസൗകര്യങ്ങൾ

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| എൻ.എസ്.എസ്. ഹൈസ്കൂൾ | 1197 | 46 | 3 | 1 | ഉണ്ട് | ഉണ്ട് |
| എസ്.എൻ.ഡി.പി.യു.പി. സ്കൂൾ | 232 | 8 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| എസ്.കെ.വി.എൻ.എസ്.എസ്.യു.പി.സ്കൂൾ | 488 | 18 | 2 | 1 | ഉണ്ട് | ഉണ്ട് |
| സെൻറ് ജെയിംസ് യു.പി. സ്കൂൾ | 170 | 8 | 2 | ഇല്ല | കിണർ | ഇല്ല. |
| കുമാരപുരം എൽ.പി.ബി.എസ്. | 126 | 4 | 1 | ഇല്ല | കിണർ | ഇല്ല. |
| കുമാരപുരം എൽ.പി.ജി.എസ്. | 141 | 4 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| എസ്.എൻ.ഡി.പി. എൽ.പി.എസ്. | 182 | 6 | 1 | ഇല്ല | കിണർ | ഇല്ല. |
| കരുവാറ്റ നോർത്ത് എൽ.പി.എസ്. | 111 | 5 | 1 | ഇല്ല | കിണർ | ഇല്ല |
| കുഴിക്കാട് എൽ.പി.എസ്. | 130 | 4 | 1 | ഇല്ല | കിണർ | ഇല്ല |
| സെൻറ് ജോസഫ് എൽ.പി.എസ്. | 116 | 4 | 1 | ഇല്ല | കിണർ | ഉണ്ട് |
| ഹരിജൻ വെൽഫയർ എൽ.പി.എസ്. | 63 | 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല. |

## SSLC വിജയ ശതമാനം രേഖാ ചിത്രം




ചിത്രം III A
(47)


പഠന നിലവാരം മോശമായ
കുട്ടികളുടെ ശതമാനം
70
60
50
40
30
20
10
0
VI
VII
VIII
IX
സ്റ്റാൻഡേർഡ്

ചിത്രം III B.

# കുടിവെള്ളം

ജലസമൃദ്ധിയുടെ കാര്യത്തിൽ ഒട്ടും പിന്നിലല്ല നമ്മുടെ പഞ്ചായത്ത്.

ഏതാണ്ട് നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടതെന്ന് പറയാമെങ്കിലും ശുദ്ധജലത്തിൻെറ അഭാവം നമ്മെ ഒട്ടൊന്നുമല്ല ബുദ്ധിമുട്ടിക്കുന്നത്. കഷ്ടപ്പെടുന്ന ബഹുഭൂരിപക്ഷം ജനങ്ങൾ അധിവസിക്കുന്നതുമായ പ്രദേശമാണ് കരുവാറ്റ. പഞ്ചായത്തിൻെറ പല ഭാഗങ്ങൾ ഒഴിച്ചാൽ മറ്റു സ്ഥലങ്ങളിൽ ശുദ്ധജലക്ഷാമം വളരെ കൂടുതലാണ്. പഞ്ചായത്തിൽ മൊത്തത്തിൽ ഏകദേശം 110 കിണറുകൾ ബ്ളോക്ക്, ഗ്രാമപഞ്ചായത്തുഫണ്ടിൽ നിന്നും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ശുദ്ധമായ വെള്ളം ലഭിക്കുന്ന കിണറുകൾ അഞ്ചോ ആറോ എണ്ണം മാത്രമാണ്. ബാക്കി കിണറുകളിലെ ജലം കലങ്ങിയതോ, ഓരു ചുവ അനുഭവപ്പെടുന്നതോ ആണ്. മിക്കവാറും കിണറുകൾ ഇടിഞ്ഞുതകർത്തതു കാരണം ഉപയോഗപ്രദമല്ല. വേനൽക്കാലങ്ങളിൽ മിക്കവാറും കിണറുകൾ വറ്റിപ്പോകുകയും ചെയ്യും.

ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പൂർണ്ണമായി കലക്കൽ വെള്ളമേ കിട്ടാറുള്ളൂ. 7,8,9,10 വാർഡുകളിൽ സമീപത്തുള്ള ആറ്റിലേയും തോട്ടിലേയും വെള്ളങ്ങൾ ഈ കാലത്ത് കുടിവെള്ളമായി ഉപയോഗിക്കാറുണ്ട്.

വാട്ടർ അതോറിട്ടിയുടെ കീഴിൽ ജലവിതരണം ഭാഗികമായി 3,5,6,7,10 വാർഡുകളിൽ നടത്തുന്നുണ്ട്. 2,8,9 എന്നീ വാർഡുകളിൽ ടാപ്പുകൾ ഒന്നുംതന്നെയില്ല. പഞ്ചായത്തിൽ മൊത്തത്തിൽ ഇപ്പോഴത്തെ സംവിധാനത്തിൽ പൂർണ്ണമായി ജലവിതരണ ശൃംഖല ഏർപ്പെടുത്തുവാൻ കഴിയില്ല. പുതിയ ടാങ്ക് സ്ഥാപിക്കുവാൻ സ്വീകരിക്കുന്ന സംവിധാനം യുദ്ധകാലഅടിസ്ഥാനത്തിൽ പൂർത്തിയാക്കണം. നിലവിൽ 45000 ലിറ്റർ കപ്പാസിറ്റിയുള്ള കന്നുകാലിപ്പാലം ടാങ്കിൽ 16km ദൈർഘ്യവും 88 ടാപ്പുമാണ് കണക്ഷൻ നൽകിയിരിക്കുന്നത്. കാരമുട്ട് പ്രദേശത്തുള്ള 22500 ലിറ്റർ കപ്പാസിറ്റി ടാങ്കിൽ നിന്നുമുള്ള 4.02 km പൈപ്പും 20 ടാപ്പും ആ പ്രദേശത്തുമാത്രമായി നിലനിർത്തി കുടിവെള്ള പ്രശ്നം പരിഹരിക്കേണ്ടതാണ്. ഈ രണ്ട് ടാങ്കുകളുടേയും പ്രവർത്തനം രണ്ട് ഷിഫ്റ്റായി പ്രവർത്തിക്കേണ്ടതാണ്.

കരുവാറ്റാ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ളപ്രശ്നം ജനങ്ങളുടെ ആരോഗ്യപ്രശ്നമായി മാറിയിരിക്കുന്നു. ഇതിനു പരിഹാരമുണ്ടാക്കുവാൻ നിലവിലുള്ള കുളങ്ങൾ വൃത്തിയാക്കി സ്ഥിരമായി ഉപയോഗയോഗ്യമാക്കി നിലനിർത്തുന്നതിന് പഞ്ചായത്ത് സന്നദ്ധസംഘടനാ പ്രവർത്തകരുമായി ബന്ധപ്പെട്ട് ജനങ്ങളെ ബോധവാന്മാരാക്കണം. പൊതുകുളങ്ങൾ തോടുകൾ എന്നിവ മലിനജലനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തി ജനങ്ങൾക്ക് ഉപകാരപ്രദമാക്കുവാൻ കഴിയണം. ബ്ളോക്ക് ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കിയ പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള കിണറുകൾ ഉപയോഗ്യമാക്കി അയൽകൂട്ടങ്ങളെ സംരക്ഷണം ചുമതലപ്പെടുത്തണം. കരുവാറ്റാ ഗ്രാമപഞ്ചായത്തിൻെറ വിവിധ ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

## വാർഡ് 1.

കന്നുകാലിപ്പാലത്തിലെ പുതിയ ടാങ്ക് അടിയന്തിരമായി പൂർത്തീകരിക്കണം.

1. കരുവാറ്റ H.S. മുതൽ കിഴക്കോട്ട് മണ്ണാം ചിറതോടുവരെ, പൈപ്പ് ലൈൻ വേണം.
2. ഇളന്താശ്ശേരി ജംഗഷൻ മുതൽ മങ്കുഴിറോഡുവരെ
3. പന്നത്തണ്ടി പള്ളിമുതൽ വാഴത്തറമുക്കുവരെ
4. വാഴത്തറമുക്കുമുതൽ കിഴക്കോട്ട് കൊച്ചാലപ്പുഴ വരെ N.H./വരെ വന്നിട്ട് പാവിട്ടേരികോളനിവരെ
5. H.S. ജംഗ്ഷൻ മുതൽ അജിത ജംഗ്ഷൻ വരെ
6. വട്ടത്ര മുതൽ വടക്കോട്ട് കൂടത്തുമുക്കുവരെ
7. കൂടത്തു ജംഗ്ഷൻ മുതൽ പത്മവള്ളികോളനി തുടർന്ന് പന്നത്തണ്ടി പള്ളിവരെ.

## വാർഡ് 2

1. മങ്കുഴി ജംഗ്ഷൻ മുതൽ വടക്കോട്ട് പുത്തൻ

വീട്ടിൽ കോളനി വരെ പത്മവള്ളി ഇല്ലം റോഡു വഴി പബ്ളിക് മാർക്കറ്റിൽ എത്തിക്കുക.

2. കടുവൻകുളം മുതൽ വടക്കോട്ട് ആശ്രമം ജംഗ്ഷൻ വരെ തുടർന്ന് ആശ്രമം ജംഗ്ഷൻ മുതൽ കിഴക്കോട്ട് തേവറോത്ത് വരെ.
3. ആശ്രമത്തിനു പടിഞ്ഞാറോട്ട് മേത്തറ ജംഗ്ഷൻ വരെ.
4. മേത്തറ ജംഗ്ഷൻ മുതൽ പള്ളിമുക്കുവരെ
5. പത്മവള്ളി കോളനിയിൽ നിന്നും P.H. സെൻറർ വഴി കീച്ചേരി കോളനിയിലേക്ക് വേണം.
6. കുടത്തുമുക്കുമുതൽ വടക്കോട്ട് വന്ന് പബ്ളിക് മാർക്കറ്റിലേക്ക് (NH വഴി)

## വാർഡ് 3

1. തൈവീട് ജംഗ്ഷനിൽ നിന്നും പടിഞ്ഞാട്ട് തെക്കോട്ട് ചക്കാണച്ചാലുവരെയും അവിടെനിന്നും കിഴക്കോട്ട് വാഴത്തറ വരെ
2. തൈവീട് ജംഗ്ഷൻ മുതൽ ചെങ്ങിലം വരെ.
3. S.N.D.P.U.P.S. മുതൽ ചെമ്പുതോടുവരെ. S.N.D.P.U.P.S. മുതൽ തെക്കോട്ട് തൈവീട് വരെ.

## വാർഡ് 4.

1. പവ്വർ ഹൗസിനു പടിഞ്ഞാറുവശം തെക്കോട്ട് തട്ടുപുരയ്ക്കൽ കോളനി മുതൽ കളത്തുരേത്ത് വീടിനു പടിഞ്ഞാറുവശം വട്ടപ്പറമ്പിൽ മുക്കുവരെ (കുറത്തറമുക്കുവരെ)
2. മേത്തറമുക്കുമുതൽ വടക്കോട്ട് മൂലേശ്ശേരി മുക്കു വരെ.
3. ആശ്രമം ജംഗ്ഷൻ മുതൽ NH ലൂടെ പടവല്യം വരെ. പടവല്യം മുതൽ തെക്കോട്ട് പാട്ടത്തിൽ കിഴക്കുവശം
4. ചക്കിട്ട ക്ഷേത്രംമുതൽ കിഴക്കോട്ട് T.B Jn. വരെ
5. ശ്രീലക്ഷ്മി ഓട്ടോ സ്റ്റേഷൻ മുതൽ മംഗലശ്ശേരി ക്ഷേത്രം വരെ. മംഗലശ്ശേരിമുക്കുമുതൽ മണിമല ത്രമുക്കു വരെ.
6. ചിന്നാറ്റുമുക്കുമുതൽ വടക്കോട്ട് വഴിയമ്പലം വരെ.

## വാർഡ് 5

1. മൂലേചിറമ്പിൽ നിന്നും കിഴക്കോട്ട് മേത്തറ മൂലേ ശ്ശേരി റോഡ്വരെ.
2. മംഗലഭാരതി ജംഗ്ഷൻ മുതൽ പടിഞ്ഞാറ് ചെമ്പു തോടുവരെ
3. 1742 മുതൽ കിഴക്കോട്ട് പന്നത്തണ്ടിവരെ

## വാർഡ് 6

1. കന്നുകാലിപ്പാലത്തുനിന്ന് പുത്തൻ തോട്ടുകിഴക്കു വശത്തുകൂടി വടക്കോട്ട് ഫീഡിംഗ് ചാനൽവരെ.
2. കല്ലിൻെറ പറമ്പിൽ മുക്കുമുതൽ വടക്കോട്ട് കളരി ക്കൽ ക്ഷേത്രം വഴി വടക്കോട്ടു ഊട്ടുപറമ്പ് വരെ
3. ഊട്ടുപറമ്പുമുതൽ പടിഞ്ഞാട്ട് മുട്ടംകുളംവരെ.
4. കൊട്ടാരവളവു മുതൽ വടക്കോട്ട് പുത്തനാർവരെ
5. കൽപകവാടി മുതൽ ഫീഡിംഗ് ചാനലരെ
6. മൂലേശ്ശേരി മുക്കുമുതൽ വടക്കോട്ട് മൂലേശ്ശേരിവട ക്കുവശം വരെ

## വാർഡ് 7

1. അഞ്ചുതെങ്ങിൽ നിന്നും പടിഞ്ഞാട്ട് വന്ന് വട ക്കോട്ട് ഹരിജൻ മേഖംചില്ലും, കൊച്ചു പോച്ചയിൽ നിന്നും പടിഞ്ഞാട്ട് തൈക്കാട്ടിൽ മുക്ക്. പടിഞ്ഞാ ട്ട് പുന്നാർ മുക്കിൽ നിന്ന് പടിഞ്ഞാട്ടും ചന്താൾ മുക്കിൽ നിന്ന് തെക്കോട്ടും.

## വാർഡ് 8

1. ചെറുതന വില്ലേജിൽ പെട്ട കണ്ണംചേരി (ഹരിജൻ കോളനി) ചെറുതന ടാങ്കിൽ നിന്ന് കുടിവെള്ളം എത്തണം.
2. ആശ്രമം മുതൽ കുറ്റിത്തറവരെ
3. കളീക്കൽ മുതൽ തേവറോത്തുവരെ. റയിൽവേ ക്രോസ്മുതൽ മാണിക്യശ്ശേരി വരെ
4. ഒറ്റക്കൽ മുതൽ ആശാൻെറ പറമ്പുവരെ
5. വല്ലക്കരമുതൽ റയിൽവേലൈൻ വരെ. T.B. ക്ലീനിക്കു മുതൽ റയിൽവേവരെയും കൊപ്പാറവരെ നീട്ടുകയും വേണം.
6. തോപ്പിൽ ജംഗ്ഷൻ മുതൽ വഴിയമ്പലംവരെ. തോപ്പിൽ ജംഗ്ഷൻ മുതൽ മാലി, കുന്നുതറ, വാഴാങ്കേരിവരെ. പണിക്കൻെറ പറമ്പിൽ കോളനി, അമ്പിമുക്ക് എന്നിവിടങ്ങളിലേക്ക്.

## വാർഡ് 9

കുടിവെള്ളം ഒട്ടുമെത്താത്ത പ്രദേശമാണ്. പൂർണ്ണ മായും കുടിവെള്ളമെത്താൻ നടപടിയുണ്ടാകണം.

## വാർഡ് 10

നിലവിലുള്ള ടാങ്കിൽ നിന്ന് ദൗർലഭ്യമുള്ള മുഴു വൻ പ്രദേശത്തും കുടിവെള്ളം എത്തണം.

*

# പൊതുജനാരോഗ്യം

ലോകാരോഗ്യസംഘടന ആരോഗ്യം എന്ന പദത്തെ വിവക്ഷിക്കുന്നത് ഇങ്ങനെയാണ്.

"രോഗമില്ലാത്തതോ അംഗവൈകല്യമില്ലാത്തതോ ആയ അവസ്ഥയെമാത്രമല്ല ശാരീരികവും, മാനസികവും സാമൂഹ്യവുമായ ശരീരത്തിൻെറ സുസ്ഥിതിക്ക് ആരോഗ്യം എന്നു പറയുന്നു".

പൂർണ്ണമായും മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ പോലും നമ്മുടെ ഗ്രാമത്തിലെ പാരമ്പര്യചികിത്സാ രീതിക്ക് മഹത്വങ്ങൾ ഏറെയുണ്ടായിരുന്നു. ആയുസ്സിനെ സംബന്ധിക്കുന്ന അറിവു പ്രദാനം ചെയ്യുന്ന ആയുർവേദവും അതിൻെറ ചികിത്സാരീതിയും പണ്ടു മുതലേ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. പരേതരായ ഡോക്ടർ. എം.കെ. വർഗീസ് അലോപ്പതി രംഗത്തും വിളയിൽ കേശവക്കുറുപ്പ് വൈദ്യൻ, ഊട്ടുപറമ്പിൽ കൊച്ചുനാരായണകണിയാർ തുടങ്ങിയവർ ആയുർവ്വേദരംഗത്തും പ്രശസ്തരായിരുന്നു. ഇതുകൂടാതെ ശ്രീ. കെ.പി. വൈദ്യരുടെ സേവനം ഇപ്പോഴും ലഭ്യമാണ്. കൂടാതെ വിഷചികിത്സാരംഗത്ത് ശ്രീ. ഇല്ലിക്കുളത്തു മാധവനുണ്ണിത്താൻ, വിദ്വാൻ തളിയിൽ രാമപണിക്കർ എന്നിവരുടെ സേവനവും നമ്മുടെ ഗ്രാമത്തിന് ലഭിച്ചിട്ടുണ്ട്. ശാസ്ത്രത്തിൻെറ പുരോഗതിക്കനുസരിച്ച് ആധുനിക ചികിത്സാസമ്പ്രദായങ്ങൾ വമ്പിച്ച നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. എന്നാൽ പെട്ടെന്ന് രോഗം മാറാനുള്ള വ്യഗ്രതയിൽ ആൻറിബയോട്ടിക്കുകളുടേയും വീര്യവും ചിലവുമേറിയ മരുന്നുകളുടേയും ദുരുപയോഗം നമ്മുടെ പ്രതിരോധ ശക്തിയെ കാര്യമായി ബാധിച്ചിട്ടില്ല എന്ന് ആലോചിക്കേണ്ട സമയമായിരിക്കുന്നു. പ്രകൃതിയിലേക്ക് മടങ്ങുക എന്നതിൻെറയും, പ്രകൃതി ചികിത്സയുടേയും പ്രസക്തി ഇവിടെയാണ് വ്യക്തമാകുന്നത്.

നമ്മുടെ ഗ്രാമത്തിൻെറ പൊതുജനാരോഗ്യസ്ഥിതി പരിശോധിച്ചാൽ പൂർണ്ണമായി ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ രംഗം ഉദ്ദേശിച്ച വളർച്ച കൈവരിക്കണമെങ്കിൽ അവശ്യം ചില കാര്യങ്ങൾ പാലിക്കേണ്ടതുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണ് ആരോഗ്യ ബോധവത്കരണം, പരിസര ശുചീകരണം, രോഗപ്രതിരോധം എന്നിവയാണ്. പരിസരശുചീകരണം, വ്യക്തി ശുചിത്വം, രോഗപ്രതിരോധ നടപടികൾ എന്നിവയെ സംബന്ധിച്ചുള്ള അറിവു പകരുക എന്നതാണ് ആരോഗ്യ ബോധവത്കരണം കൊണ്ട് ലക്ഷ്യമാക്കുന്നത്. പരിസരശുചീകരണം എന്ന ആശയം പൂർണമമായും ഉൾക്കൊള്ളുവാനും പ്രാവർത്തികമാക്കുവാനും കഴിഞ്ഞാൽ ഒരു പരിധിവരെ പൊതുജനാരോഗ്യം സുസ്ഥിരമാക്കുവാൻ നമുക്കു കഴിയും. വ്യക്തി ശുചിത്വം ആരോഗ്യത്തെ നിലനിർത്തുന്ന പ്രധാന ഘടകമാണ്. ശുചിത്വമുള്ള വ്യക്തികൾ ആരോഗ്യമുള്ള സമൂഹത്തിന് രൂപം നൽകുന്നു. ആരോഗ്യമുള്ള സമൂഹം ഏതുരാഷ്ട്രത്തിൻേറയും സമ്പത്താണ്.

രോഗസംഭവഹേതുക്കളറിഞ്ഞിട്ടവയേതുമേ
വരാതെ സൂക്ഷമായി ദേഹം പരിപാലിക്ക
ബുദ്ധിമാൻ

—സുഭാഷിതം

മാതൃശിശു സംരക്ഷണരംഗത്തും കുടുംബ ക്ഷേമ രംഗത്തും ആരോഗ്യ ബോധവത്കരണം കൊണ്ട് നേട്ടം കൈവരിക്കുവാൻ, നമുക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ വ്യക്തി ശുചിത്വം, പരിസരശുചിത്വം എന്നിവയുമായി ബന്ധപ്പെട്ടു നടത്തിയിട്ടുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല. പരിമിതമായ താമസസ്ഥലവും സാമ്പത്തിക പരാധീനതയും പരിസരശുചിത്വം പരിപാലിക്കുന്നതിന് തടസ്സങ്ങളായി നിൽക്കുന്നു. ഈ വിഭാഗം ജനങ്ങളുടെ പ്രാഥമിക സൗകര്യങ്ങൾ നിറവേറ്റുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ പാളിച്ച ഇതിന് ആക്കം കൂട്ടുകയാണ് ഉണ്ടായത്.

ഗ്രാമചന്തകൾ, അറവുശാലകൾ, ചെമ്മീൻ ഷെഡ്ഡുകളിൽ നിന്ന് പുറത്തേക്ക് ഒഴുകുന്ന മലിന ജലം, വളം കീടനാശിനി വിൽപ്പന ശാലകൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നം, വൃത്തിഹീനമായ വെള്ളക്കെട്ടുകൾ, അലക്ഷ്യമായി നിക്ഷേപിക്കുന്ന അവശിഷ്ടങ്ങൾ തുടങ്ങി അനവധി കാര്യങ്ങൾ പരിസര

മലിനീകരണത്തിന് കാരണമായിട്ടുണ്ട്.

വ്യക്തി ശുചിത്വമില്ലായ്മ ഈ ജീവിതത്തെ കൂടുതലായും ബാധിക്കുന്നത് ഹോട്ടലുകളിൽ നിന്നാണ്. വീടുകളിലെ വ്യക്തി ശുചിത്വമില്ലായ്മയും ഇതിൽ നിന്നും ഭിന്നമല്ല. പകർച്ച വ്യാധികൾ സമൂഹത്തിൽ വ്യാപിക്കുന്നതിനും ഇത് കാരണമായി തീർന്നിട്ടുണ്ട്., എന്നാൽ രോഗപ്രതിരോധ രംഗത്ത് കുറെയേറെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രം, ടി.ബി. ക്ലിനിക് എന്നീ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഇതിനുദാഹരണങ്ങളാണ്. ട്രിപ്പിൾ ഇൻജക്ഷൻ, പോളിയോ വാക്സിൻ, ബി.സി.ജി., ആൻറിടൈഫോയ്ഡ് വാക്സിൻ തുടങ്ങി ഏറെ കാര്യങ്ങൾ ചൂണ്ടിക്കാട്ടാനുണ്ട്. ഇവയുടെ കാര്യക്ഷമമായ നടത്തിപ്പ് രോഗങ്ങളെ പ്രതിരോധിക്കാൻ സഹായമായി. 1995-96 ൽ പകർച്ചവ്യാധി വർദ്ധനവിൽ ഗണ്യമായ കുറവു വന്നിട്ടുണ്ട്. ജനനനിരക്കും മരണനിരക്കും തുലോം കുറഞ്ഞിട്ടുണ്ട്. ജനനമരണനിരക്കിൻെറ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് സംസ്ഥാന ശരാശരിയേക്കാൾ മെച്ചപ്പെട്ടു നിൽക്കുന്നു. ഇത് സംബന്ധമായ സ്ഥിതിവിവരം അന്യത്ര ചേർത്തിരിക്കുന്നു.

എന്നാൽ ഉന്മൂലനാശം വന്നു എന്ന് കരുതപ്പെട്ടിരുന്ന മെനഞ്ചൈറ്റിസ്, മലമ്പനി, തുടങ്ങിയ രോഗങ്ങൾ അങ്ങിങ്ങായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് നാം പാലിക്കേണ്ട ജാഗ്രതയാണ് ചൂണ്ടിക്കാട്ടുന്നത്. ആരോഗ്യബോധവൽക്കരണരംഗത്തും രോഗപ്രതിരോധരംഗത്തും നാം കൂടുതൽ ശുഷ്കാന്തിയോടെ മുന്നോട്ടു പോകേണ്ടതുണ്ട്. ഇരുപതാം നൂറ്റാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലോകാരോഗ്യസംഘടനയുടെ മുദ്രാവാക്യം ഒരളവുവരെ സാധിതമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും 'എയ്ഡ്സ്' പോലെയുള്ള മാരകരോഗങ്ങളുടെ സാദ്ധ്യത ഡമോക്ലാസിൻെറ വാൾ പോലെ നമുക്ക് ഭീഷണിയായി നിലകൊള്ളുന്നു.

## ജനനമരണപട്ടിക

| വർഷം | ജനനം | ജനനം പഞ്ചാ. ശതമാനം | മരണം | പഞ്ചാ മരണ ശതമാനം | സംസ്ഥാന ജനനനിരക്ക് | സംസ്ഥാന മരണനിരക്ക് |
|---|---|---|---|---|---|---|
| 1993-94 | 143 | | 114 | | | |
| 1994-95 | 156 | | 105 | | | |
| 1995-96 | 102 | | 88 | | | |

## ആരോഗ്യസ്ഥാപനങ്ങളുടെ സ്ഥിതി വിവരം.

| | ആരോഗ്യ കേന്ദ്രം | ഡോക്ടറുടെ എണ്ണം | മറ്റ് ജീവനക്കാർ | വാർഡുകൾ | വൈദ്യുതീകരണം | പ്രാഥമിക സൗകര്യം | പ്രവർത്തിക്കുന്നു മെഡിക്കൽ ഷോപ്പ് | |
|---|---|---|---|---|---|---|---|---|
| 1. | ദീപാ ഹോസ്പിറ്റൽ (പ്രൈവറ്റ്) | 2 | 6 | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | |
| 2 | ഗവ.ഹോസ്പിറ്റൽ P.A.C. | 1 | 5 | ഇല്ല | ഉണ്ട് | | 1 | |
| 3. | ഗവ. ആയുർവേദ ആശുപത്രി | 1 | 3 | ഇല്ല | ഉണ്ട് | | ഇല്ല | കെട്ടിടം വാടക. |
| 4. | പ്രൈവറ്റ് ആയുർവേദ ആശുപത്രി | 1 | 1 | ഇല്ല | ഉണ്ട് | ഇല്ല | 3 | 1 ആയുർവേദ മെഡിക്കൽസ്റ്റോർ |
| 5. | ഗവ. T.B. ക്ലിനിക്ക് | 2 | 5 | ഉണ്ട് (പ്രവർത്തനം ഇല്ല) | ഉണ്ട് | ഉണ്ട് | ഇല്ല | |

നിലവിൽ രണ്ട് സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ നാല് അലോപ്പതി ചികിത്സാകേന്ദ്രങ്ങളും സർക്കാർ പ്രൈവറ്റ് മേഖലയിലായി മൂന്ന് ആയുർവേദ ആശുപത്രികളും നമ്മുടെ ഗ്രാമത്തിലുണ്ട്. ഹോമിയോ ആശുപത്രി ഇല്ലെങ്കിലും സ്വകാര്യ പ്രാക്ടീസ് നടക്കുന്നുണ്ട്. കയർ, കാർഷിക, മത്സ്യ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളും കൃഷിക്കാരും തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിൽ അവരുടെ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഉതകുന്ന വിധത്തിൽ ആരോഗ്യകേന്ദ്രങ്ങൾ വിപുലീകൃതമാക്കേണ്ടതുണ്ട്.

വിവിധ ഗ്രാമസഭകളിൽ പൊന്തിവന്ന നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും പരിഗണിച്ചുകൊണ്ട് നമ്മുടെ ആരോഗ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി താഴെപറയുന്ന പരിപാടികൾ നടപ്പിൽ വരുത്തേണ്ടതുണ്ട്.

1. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ആരോഗ്യപ്രവർത്തകരേയും, സന്നദ്ധ പ്രവർത്തകരേയും ഉൾപ്പെടുത്തി നമ്മുടെ ഗ്രാമത്തിൽ സമഗ്രമായ ഒരു ആരോഗ്യസർവ്വേ നടത്തുക.
2. ആരോഗ്യ ബോധവൽക്കരണക്ലാസുകൾ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
3. കക്കൂസുകൾ ഇല്ലാത്ത മുഴുവൻ വീടുകൾക്കും ആയത് നിർമ്മിച്ചുകൊടുക്കുവാനുള്ള ഏർപ്പാട് ചെയ്യുക.
4. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ സബ് സെൻററുകൾ നിർമ്മിക്കുക.
5. പരമ്പരാഗത ചികിത്സാസമ്പ്രദായങ്ങളെ പ്രോത്സാഹിപ്പിക്കുക, സർക്കാർ ആയുർവ്വേദ ആശുപത്രിയുടെ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും രോഗികളെ കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
6. പഞ്ചായത്തു തലത്തിൽ ഒരു ഹോമിയോ ചികിത്സാലയം സ്ഥാപിക്കുക.
7. പ്രാഥമിക ആരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് എയ്ഡ്സ് രോഗത്തിൻെറ പ്രാഥമിക പരിശോധന നടത്തുന്നതിനുവേണ്ട സൗകര്യം ഉണ്ടാക്കുക.
8. പ്രതിരോധ പ്രവർത്തനങ്ങൾ യഥാകാലം വ്യാപകമാക്കുക.
9. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഉണ്ടാക്കി ആശുപത്രിയുടെ പോരായ്മ പരിഹരിക്കുകയും ചെയ്യുക.
10. കൊതുക് നിവാരണമാർഗ്ഗങ്ങൾ പഞ്ചായത്തിൽ വ്യാപകമാക്കുക.
11. പേ വിഷബാധക്ക് പ്രതിരോധകുത്തിവയ്പ് നടത്താനുള്ള സൗകര്യം P.H. സെൻററിൽ ഉണ്ടാക്കുക.
12. കംപോസ്റ്റു വളങ്ങളുടെ യൂണിറ്റുകൾ ഉണ്ടാക്കുന്നതിന് പ്രേരിപ്പിക്കുകയും, സഹായിക്കുകയും ചെയ്യുക,
13. പൊതുവഴികൾ ശുചിയായി സൂക്ഷിക്കുമെന്നുറപ്പുവരുത്തുക.
14. നേത്രദാനം, രക്തദാനം, എന്നിവയെക്കുറിച്ചു ഇതിനായ് പേർ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.
15. ഔഷധസസ്യങ്ങളുടെ കൃഷിയും, വിപണനവും ശക്തിപ്പെടുത്തുക.
16. AIDS പോലെയുള്ള മാരകരോഗങ്ങൾക്ക് എതിരെയുള്ള ക്യാമ്പെയിനുകളും ചർച്ചാക്ലാസുകളും സംഘടിപ്പിക്കുക.

# ഗതാഗതം
# ഊർജ്ജം, മാർക്കറ്റ്

## 1. ഗതാഗതം

ഏതൊരു നാടിന്റെയും പുരോഗതിയിൽ അവിഭാജ്യമായ ഗതാഗതസൗകര്യത്തിനുള്ള സ്ഥാനം നിർണ്ണായകമാണ്. ആദ്യകാലങ്ങളിൽ ജലഗതാഗതം മാത്രമായിരുന്നു നമ്മുടെ ഗ്രാമത്തിന്റെ യാത്രാവലംബം. ചങ്ങനാശ്ശേരി മുതലായവ സ്ഥലങ്ങളിലേക്ക് വ്യാപാരാവശ്യങ്ങളുമായി ബന്ധപ്പെട്ടിരുന്നത് കമ്പനി വള്ളങ്ങൾ വഴിയായിരുന്നു. പിൽക്കാലത്ത് രൂപം കൊണ്ട ഇന്നത്തെ ദേശീയപാതയുടെ ആദ്യകാലരൂപമായ റോഡിന് 75 വർഷത്തെ പഴക്കമാണുള്ളത്. പഞ്ചായത്തു ഭരണസംവിധാനത്തിന്റെ ആവിർഭാവത്തോടുകൂടി പല നടപടികളും പിൽക്കാലത്തു റോഡുകളായി രൂപാന്തരപ്പെടുകയാണുണ്ടായത്. പരിമിതികൾ ഏറെയുണ്ടെങ്കിലും ഇന്ന് കരുവാറ്റാ പഞ്ചായത്ത് അതിർത്തിയിൽ സാമാന്യം തൃപ്തികരമായ ഒരു റോഡു ശൃംഖലയാണുള്ളത്.

നമ്മുടെ ഗ്രാമാതിർത്തിയിൽ 4KM നീളത്തിൽ ദേശീയ പാതയുൾപ്പെടെ ഏകദേശം 81 K.M. റോഡുണ്ട്. ഇതിൽ P.W.D. വക 3.5 KM ഉം പഞ്ചായത്തു ഗ്രാവൽ റോഡുകൾ 43 KM ഉം മണൽ റോഡുകൾ 28KM ഉം ആണ്. പഞ്ചായത്തു ടാറ് ചെയ്ത റോഡ് 2.8KM വരും. റോഡു ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും പല റോഡുകളുടേയും സ്ഥിതി ശോചനീയമാണ്. ഓവ് ചാലുകളുടെ അഭാവവും കൾവർട്ടുകളുടെ അഭാവവും അറ്റകുറ്റ പണികളുടെ പോരായ്മകളും ഒക്കെ കൊണ്ട് മിക്കതും എല്ലാ റോഡുകളും സഞ്ചാരയോഗ്യമല്ലാതായിരിക്കുന്നു. കരുവാറ്റാ ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കുമാരകോടിവരെയുള്ള റോഡ് P.W.D. ഏറ്റെടുത്തിട്ടുണ്ടെങ്കിലും പണികൾ പൂർത്തിയാക്കിയിട്ടില്ല. അടുത്തുള്ള പ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള ലിങ്ക് റോഡുകൾക്കുള്ള സാധ്യതകൾ ഏറെയാണെങ്കിലും ഈ ലക്ഷ്യം പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇനിയും ആരംഭിച്ചിട്ടില്ല. കുട്ടനാടൻ മേഖലയുമായി ബന്ധപ്പെടുന്നതിനും കാർഷികമേഖലയ്ക്കാവശ്യമായ സൗകര്യങ്ങൾ എത്തിച്ചു കൊടുക്കുന്നതിനും സഹായകമായ റോഡാണ് കരുവാറ്റ നെടുമുടി റോഡ്. ഇതിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള മുറവിളി ആരംഭിച്ചിട്ട് വർഷങ്ങൾ ഏറെയായി. നമ്മുടെ പഞ്ചായത്തിന്റെ വടക്കേ അതിർത്തി വരെ ഇതിന്റെ പണി പൂർത്തീകരിച്ചു നിൽക്കുകയാണെന്നതും ശ്രദ്ധേയമാണ്. തിരുവല്ല അടക്കമുള്ള കിഴക്കൻ പ്രദേശങ്ങളുമായി വളരെ വേഗം ബന്ധപ്പെടുവാനും അതുവഴി നമ്മുടെ നാടിന്റെ വാണിജ്യരംഗം അഭിവൃദ്ധിപ്പെടുവാനും സഹായകമാണ് കരുവാറ്റാ മന്നാർ റോഡ്. ഈ റോഡിന്റെയും ചെറുതന പഞ്ചായത്ത് അതിർത്തി വരെയുള്ള ജോലികൾ പൂർത്തീകരിക്കപ്പെട്ടിരിക്കുകയാണ് മറ്റൊരു പ്രധാന ലിങ്ക് റോഡ് ആണ് കരുവാറ്റ, കുമാരപുരം, കാർത്തികപ്പള്ളി എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുവാൻ സഹായകമായ കരുവാറ്റ പുളിക്കീഴ് റോഡ്. നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയുടെ വികാസത്തിന് ഈ റോഡു നിർമ്മാണം സഹായകമാകും.

നിലവിലുള്ള റോഡുകൾ സംരക്ഷിക്കപ്പെടുന്നതിന് അത്യന്താപേക്ഷിതമാണ് ഓടകളുടേയും, കലുങ്കുകളുടേയും നിർമ്മാണം. ജലനിർഗ്ഗമനമാർഗ്ഗങ്ങളുടെ അഭാവമാണ് നിലവിലുള്ള പല റോഡുകളുടെയും തകർച്ചക്കു കാരണമായത്. നമ്മുടെ ശ്രദ്ധ അടിയന്തിരമായി ഈ രംഗത്ത് പതിയേണ്ടതുണ്ട്. ഭൂരിഭാഗവും വെള്ളക്കെട്ട് നിറഞ്ഞ പ്രദേശമായതുകൊണ്ട് ഈ ഭൂപ്രകൃതിയെ പരിഗണിച്ചുകൊണ്ട് വേണം റോഡുകൾ നിർമ്മിക്കേണ്ടതെന്നും വളരെ ശ്രദ്ധേയമായ സംഗതിയാണ്.

നമ്മുടെ പഞ്ചായത്തിലെ വിവിധ റോഡുകൾ സംരക്ഷിക്കപ്പെടുന്നതിനും ഗതാഗത സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും ആവശ്യമായ ചർച്ചകളും നിർദ്ദേശങ്ങളും വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. അവ പട്ടികകളായി ചുവടെ കൊടുക്കുന്നു.

# ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക

| വാർഡ് | |
|---|---|
| 1 | 1. കടുവൻകുളങ്ങര പി.എച്ച്. സെൻറർ റോഡ്<br>2. N.H. ൽ ദീപാ ഹോസ്പിറ്റൽ ജംഗ്ഷൻ മുതൽ കിഴക്കോട്ട് പഞ്ചായത്ത് അതിർത്തിവരെ. |
| 2 | 1. ആശ്രമം ജംഗ്ഷൻ മുതൽ പടിഞ്ഞാറ് ചെമ്പുതോടുവരെയുള്ള റോഡ്.<br>2. കടുവൻ കുളങ്ങര പി.എച്ച് സെൻറർ മർത്തോമ പള്ളിവരെയുള്ള റോഡ്.<br>3. ആശ്രമത്തിനു തെക്കുവശം വഴി വള്ളപ്പുരവരെയുള്ള റോഡ്.<br>4. പബ്ളിക് മാർക്കറ്റിനു പടിഞ്ഞാറുവശം മുതൽ കുടത്തുവരെയുള്ള റോഡ്. |
| 3 | 1. തൈവീട് ജംഗ്ഷൻ മുതൽ വടക്കോട്ട് കന്നുകാലിപ്പാലം വരെയുള്ള റോഡ്.<br>2. N.H. ൽ സമുദായത്തിൽ ജംഗ്ഷൻ മുതൽ പടിഞ്ഞാട്ട് ചെമ്പുതോട് വരെയുള്ള റോഡ്. |
| 4 | 1. T.B. ക്ലിനിക് മുതൽ പടവല്യം വരെയുള്ള റോഡ്.<br>2. T.B. ജംഗ്ഷൻ മുതൽ തോട്ടത്തിൽ ക്ഷേത്രം വരെയുള്ള റോഡ്. |
| 5 | 1. S.C.S. No. 1742 ജംഗ്ഷൻ മുതൽ വടക്ക് N.H. വരെ<br>2. മേത്തറ ജംഗ്ഷൻ മുതൽ ചെമ്പുതോടുവരെ<br>3. പവ്വർ ഹൗസ് ജംഗ്ഷനു പടിഞ്ഞാറു വശം മുതൽ തെക്ക് മർത്തോമാപള്ളി വരെയുള്ള റോഡ്. |
| 6 | 1. N.H. മുതൽ, S.N. കടവുവരെയുള്ള റോഡ്.<br>2. പടവല്യം മുട്ടക്കുളം വരെയുള്ള റോഡ്<br>3. കൽപകവാടി ജംഗ്ഷൻ മുതൽ വടക്കു ലീഡിംഗ് ചാനൽ വരെയുള്ള റോഡ്. |
| 7 | 1. കന്നുകാലിപ്പാലം-ഹസ്കാപുരം-ശ്രീനാരായണ വിലാസം റോഡ്. |
| 8 | 1. വഴിയമ്പലം കൊപ്പാറ കടവ് റോഡ്<br>2. ആശ്രമം കൊപ്പാറ കടവ് റോഡ്<br>3. വഴിയമ്പലം മാലിറോഡ് |
| 9 | 1. വഴിയമ്പലം കുറിച്ചിക്കൽ റോഡിൽ ഊട്ടുപറമ്പുമുതൽ കുറിച്ചിക്കൽ വരെയുള്ള റോഡ്.<br>2. ഊട്ടുപറമ്പുമുതൽ അമ്മുമ്മ പറമ്പുവരെയുള്ള റോഡ്<br>3. വഴിയമ്പലം മാലി റോഡ് |
| 10 | 1. ലീഡിംഗ് ചാനൽ-കൊരംകുഴി റോഡ്<br>2. ഊട്ടുപറമ്പ്-കുറിച്ചിക്കൽ റോഡ്. |

# ഗ്രാവൽ ചെയ്യുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യേണ്ട റോഡുകൾ.

| വാർഡ് | |
|---|---|
| 1 | 1. മങ്കുഴിപള്ളി മുതൽ തൈക്കാട്ട് N.S.S.H.S. വരെ റോഡ് ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കണം.<br>2. നെടിയത്ത് ജംഗ്ഷൻ മുതൽ ചക്കൂർ ജംഗ്ഷൻ വരെയുള്ള റോഡ്.<br>3. നാഗക്കോട്ട് ജംഗ്ഷൻ മുതൽ പാവിട്ടേരി കോളനി റോഡ്.<br>4. നാഗക്കോട്ട് ജംഗ്ഷൻ മുതൽ കിഴക്കോട്ട് പഞ്ചായത്ത് അതിർത്തിവരെ.<br>5. മാവേലിൽ ജംഗ്ഷൻ മുതൽ പത്മവള്ളി കോളനിവരെ.<br>6. കാഞ്ഞിരം പറമ്പ് ജംഗ്ഷൻ മുതൽ N.S.S.H.S. ജംഗ്ഷൻ വരെ.<br>7. എതിരേൽപ്പ് ആലുമുതൽ കിഴക്കോട്ട് പാവിട്ടേരികോളനിവരെ. |
| 2 | 1. നൂറാട്ടു ജംഗ്ഷൻ മുതൽ P.H. സെൻറർ വരെയുള്ള റോഡ്<br>2. ആശ്രമം മുതൽ വടക്ക് വള്ളപ്പുരവരെ<br>3. കൂടത്തു ജംഗ്ഷൻ മുതൽ പബ്ളിക്ക് മാർക്കറ്റ് വരെ<br>4. ചാരപറമ്പ് പുത്തൻ കുളങ്ങര. |
| 3 | 1. മർത്തോമപള്ളിമുതൽ അജിതസൗണ്ട് വഴി വാഴത്തറ ജംഗ്ഷൻ വരെ.<br>2. കാവിനു കിഴക്കേതിൽ വടക്കുവശത്തുകൂടി പടിഞ്ഞാറ് ചെമ്പുതോടുവരെയുള്ള റോഡ്.<br>3. പുത്തൂഴത്തിൽ മുക്കുമുതൽ ചുടുകാട്ടിൽ ജംഗ്ഷൻ വരെ<br>4. തൈവീട് ജംഗ്ഷൻ മുതൽ തെക്കോട്ടുള്ള റോഡ്.<br>5. S.N.D.P.U.P.S. ൻ കിഴക്കുവശം തെക്കോട്ടുള്ള റോഡ്.<br>6. മഞ്ജുളേത്ത് ക്ഷേത്രത്തിന് തെക്കുവശം പടിഞ്ഞാറോട്ട്. |
| 4 | 1. N.H. ൽ ലക്ഷ്മി ഓട്ടോമൊബൈൽ വർക്ക് ഷോപ്പിന് വടക്കുവശം പടിഞ്ഞാറോട്ട് വിഴാട്ടിൽ മുക്കുവരെ.<br>2. ആശ്രമം ചെമ്പുതോട് റോഡിൽ കുറത്തറ ജംഗ്ഷൻ മുതൽ വടക്കോട്ട് കുറ്റിപ്പറമ്പ് കോളനി വഴി തട്ടുപുരയ്ക്കൽ ജംഗ്ഷൻ വരെയും, മംഗലശ്ശേരി മുക്കുവരെയും.<br>3. തോട്ടത്തിൽ ജംഗ്ഷൻ മുതൽ വടക്കോട്ട് ചക്കിട്ട മുക്കുവരെ.<br>4. നെടിയത്ത് മുക്കുമുതൽ വടക്കോട്ടു വിളയിൽ മുക്കുവരെയുള്ളവഴി. |
| 5 | 1. S.C.S. 1742 ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ചെമ്പുതോട് വരെ.<br>2. മാടപ്പുരയ്ക്കൽ ആലത്രറോഡ്. |
| 6 | 1. ഊട്ടുപറമ്പ് മുട്ടക്കുളം, മൗതാശ്ശേരി കോക്കോത്തു റോഡുകൾ<br>2. നാലുകണ്ടം മുതൽ കറുകക്കണ്ടം വരെ തോട്ടരികിലുള്ള റോഡ്.<br>3. മീനത്തറ പറമ്പ് പരുന്തുറ തോട്ടവരെയുള്ള റോഡ്.<br>4. സതേൺ ഫിഷറീസ് ലീഡിംഗ് ചാനൽ റോഡ്. |
| 7 | 1. കരിയിൽ പിടികമുതൽ പടിഞ്ഞാറോട്ടുള്ള റോഡ്. |
| 8 | 1. തോപ്പിൽ കടവ് മാലിഭാഗത്തേക്കുള്ള റോഡ്<br>2. റെയിൽവേ ക്രോസ് കുറ്റിത്തറ റോഡ്.<br>3. വല്ലാട്ടുശ്ശേരി കുറ്റിത്തറ റോഡ് |
| 9 | 1. S.K.V.N.S.S. മുതൽ മാലി ഹരിജൻ സെറ്റിൽമെൻറ് കോളനി.<br>2. ഊട്ടുപറമ്പുമുതൽ വാഴാങ്കേരി വരെ<br>3. കൊയ്പള്ളി കുരണ്ടിപള്ളി റോഡ്.<br>4. കുരണ്ടിപ്പള്ളി മുട്ടിയിൽ റോഡ്.<br>5. ഊട്ടുപറമ്പ് അമ്മുമ്മപറമ്പ് റോഡ്. |
| 10 | 1. S.R. ജംഗ്ഷൻ മുതൽ കോരംകുഴി റോഡ്.<br>2. S.N. കടവുമുതൽ ആവണക്കാട്ടുപറമ്പ് വരെ.<br>3. കാട്ടുപറമ്പ് ഭാഗത്തെ റോഡ്. |

# പുതിയ റോഡുകൾ
# ആവശ്യങ്ങൾ-നിർദ്ദേശങ്ങൾ

| വാർഡ് | |
|---|---|
| 1 | 1. നെടിയത്ത് വീടിന് പടിഞ്ഞാറുവശം തെക്കോട്ട് പനമുറ്റത്തു വീടുവരെ. |
| 2 | 1. ആശ്രമത്തിനു പടിഞ്ഞാറു ഗുരുമന്ദിരം മുതൽ N.S.S. കരയോഗകെട്ടിടം വരെ.<br>2. തഴുമഠം ജംഗ്ഷൻ മുതൽ തെക്കോട്ട് പ്രാഥമിക ആരോഗ്യകേന്ദ്രംവരെ.<br>3. P.H. സെൻറർ മുതൽ കിഴക്കോട്ട് ഇട്ടിപ്പള്ളിൽ പാടം വഴി മാപ്പിളശ്ശേരി വഴി കരുവാറ്റ മാർക്കറ്റുവരെ. |
| 3 | 1. കരിയിൽ പീടിക മുതൽ തെക്കോട്ട് ചെമ്പുതോടുമായി കിഴക്കേക്കരയിലൂടെ തെക്ക് മുലക്കടവുവരെ റോഡ്.<br>2. കാരക്കാട് വീടിന് വടക്കുവശം കൂടി കിഴക്കോട്ടുള്ളവഴി<br>3. കാരക്കാട് ജംഗ്ഷൻ നിന്നും പടിഞ്ഞാറോട്ട് പുന്നക്കാട്ടുവഴി ചെമ്പുതോടുവരെ.<br>4. കിഴക്കേ പറമ്പിൽ വീടിന് വടക്കുവശത്തു കൂടി പടിഞ്ഞാറോട്ടുള്ള വഴി. |
| 4 | 1. വിളയിൽ കിഴക്കുവശം തെക്കുവടക്ക് റോഡു നിർമ്മിക്കുക.<br>2. മണിമലത്തറ കിഴക്കുവശം തെക്കുവടക്കു വെട്ടത്തേരിൽ കിഴക്ക് വശം കൂടി NH ൽ എത്തുന്ന റോഡ്.<br>3. കൊച്ചുകടത്തശ്ശേരിൽ അയർകുന്നത്തു പടിഞ്ഞാറുവശത്തുനിന്ന് തെക്കോട്ട് തിരുമംഗലത്തുവരെ. |
| 5 | 1. കന്നുകാലിപ്പാലം മുതൽ തെക്കോട്ട് ചെമ്പുതോടിനുകിഴക്കു വശത്തുകൂടി കരിയിൽ പീടിക വരെ.<br>2. S.C.S. NO. 1742 മുതൽ മാർത്തോമപള്ളിവരെ പുത്തുറോഡ്.<br>3. അരുവണ്ണികരിയിൽ ജംഗ്ഷൻ മുതൽ ചെറുകാട് വഴി ചെമ്പുതോട് വരെ.<br>4. പത്മാലയം മുതൽ പത്തിശ്ശേരിവരെ പട്ടൻെറ പറമ്പ് കോളനി വരെ.<br>5. പീടികച്ചിറ മുതൽ നെടുപറമ്പ് വീട് വരെ<br>6. പീടികയിൽ വീടുമുതൽ വടക്കോട്ട് പറങ്കിമാംമൂടുവരെ. |
| 6 | 1. ബ്രദേഴ്സ് കടവിന് തെക്കുവശം മുതൽ കിഴക്കോട്ട് പുത്തൻ പറമ്പ് ഭാഗത്തേക്ക് ചെമ്പുതോടിൻെറ ബണ്ടുമായി യോജിപ്പിക്കുക. |
| 7 | 1 N.H. ൽ ൽ കൊട്ടാരവളപ്പിൽ നിന്നും മഹാദേവി കാടിനുള്ളവഴി.<br>2. തോണികടവിൽ നിന്നും വടക്ക് കന്നുകാലിപ്പാലം വരെ ചെമ്പുതോടിൻെറ കര 3m വീതി എങ്കിലും റോഡാകണം<br>3. ഹസ്കാപുരം കന്നുകാലിപ്പാലം റോഡിനേയും, കൊട്ടാരവളവ് മഹാദേവി കാട്വഴിയേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കിഴക്ക് പടിഞ്ഞാറായി പട്ടാണി ചിറവട്ടത്തററോഡും അഞ്ചുതെങ്ങിൻ ഭാഗത്തേക്ക് ഒരു റോഡും ഉണ്ടാകണം. A.K. മുക്കുമുതൽ SNDP ഓഫീസ് വരെയുള്ളവഴി. |
| 8 | 1. ആശ്രമം കൊപ്പാറ റോഡിൽ വള്ളപ്പുര മുതൽ കിഴക്കോട്ടു ബണ്ടുബലപ്പെടുത്തുക.<br>2.. പണിക്കൻെറ പറമ്പ് കോളനി റോഡ്.<br>3. T.B. ജംഗ്ഷനിൽ നിന്നും കിഴക്കോട്ടു കുറ്റിത്തറ ഭാഗത്തേക്കുള്ള റോഡ് റയിൽവേ അടച്ചിരിക്കുന്നതിനാൽ പഞ്ചായത്ത് മൈതാനത്തിലേക്ക് പോകുന്നവഴി കിഴക്കോട്ട് കുറ്റിത്തറ ഭാഗത്തേക്ക്. |
| 9 | 1. ഊട്ടുപറമ്പ് വഴിയമ്പലം റോഡിൽ തട്ടാരുപറമ്പുമുതൽ പടിഞ്ഞാറോട്ട് കളരിക്കൽ ക്ഷേത്രത്തിന് പടിഞ്ഞാറോട്ടുള്ള റോഡിൽ എത്തിക്കുക.<br>2. കൊരണ്ടിപ്പള്ളിമുതൽ വടക്കോട്ട് മുട്ടിയിൽ സെറ്റിൽമെൻറ് കോളനി വരെ.<br>3. കൊഞ്ചാഫീസ് മുതൽ പടിഞ്ഞാറോട്ട് റയിൽവേ ട്രാക്കിനു കിഴക്കുവശത്തുകൂടി ഓവർ ബ്രിഡ്ജിൽ എത്തിക്കുക. |
| 10 | 1. ഊട്ടുപറമ്പുമുതൽ റയിൽവേ ഓവർ ബ്രിഡ്ജിൻെറ പടിഞ്ഞാറുവശം<br>2. കരുവാറ്റ നെടുമുടിറോഡിൽ കാരമുട്ടഭാഗം<br>3. കോരംകുഴി S.R.Jn. മുതൽ ലക്ഷം വീട് കോളനിറോഡ് കടത്തുകടവുവരെ.<br>4. നാലുകണ്ടം ആറ്റുകടവിൽ റോഡ് |

## ഗതാഗതസംബന്ധമായ മറ്റ് പൊതുആവശ്യങ്ങൾ.

1. ജലഗതാഗതവകുപ്പിന്റെ ബോട്ട് സർവ്വീസ് കുറിച്ചിക്കൽ കടവുവരെ ഉണ്ടായിരുന്നത് പുനഃസ്ഥാപിക്കുകയും S.N. കടവുവരെ നീട്ടുകയും ചെയ്യുക.
2. ഈഴവൻകരി, കുറിച്ചിക്കൽ, തൈവെപ്പിൽ S.N. കടവ്, തോപ്പിൽ കടവ്, കാരമുട്ടേൽ എന്നിവിടങ്ങളിൽ പഞ്ചായത്തുവക കടത്തു ഏർപ്പെടുത്തുക.
3. കന്നുകാലിപ്പാലം മുതൽ തെക്കോട്ടുള്ള തോടിന്റെ ഇരുകരകളിലും ജലഗതാഗതത്തിന് തടസ്സം വരുന്ന മരങ്ങൾ മുറിച്ചുമാറ്റുക.
4. കരുവാറ്റ, കുമാരകോടി P.W.D. റോഡിൽ പട്ടാണിച്ചിറയിൽ പാലം നിർമ്മിക്കുക.
5. കളത്തുരേത്ത് പടിഞ്ഞാറുവശം കുറ്റിപ്പറമ്പു ഹരിജൻ കോളനിയിലേക്കുള്ള റോഡിൽ മുക്കംപള്ളിൽ തോട്ടിൽ പാലം നിർമ്മിക്കുക.
6. 1237 സഹകരണസംഘത്തിന്റെ സൊസൈറ്റിക്ക് സമീപത്തുള്ള തോടിന്റെ വടക്കേ അറ്റത്ത് തകർന്ന ഗോവേണിപാലം മാറ്റി പുതിയ പാലം പണിയുക.
7. കരുവാറ്റ റെയിൽവേ സ്റ്റേഷന് അടിയന്തിരമായി പ്ലാറ്റ് ഫോം പണിയുന്നതിന് ബന്ധപ്പെട്ടവരുടെ മേൽ സമ്മർദ്ദം ചെലുത്തുക.
8. പുഷ്-പുൾ ട്രെയിനിന് കരുവാറ്റയിൽ സ്റ്റോപ്പ് അനുവദിക്കുക.
9. ഊട്ടുപറമ്പ് വരെ വരുന്ന K.S.R.T.C ബസ്സുകൾ കുറിച്ചിക്കൽ ജംഗ്ഷൻ വരെ നീട്ടുക.
10. N.S.S.H.S. ജംഗ്ഷൻ മുതൽ ഹസ്കാപുരംവരെ K.S.R.T.C. സർവ്വീസ് ആരംഭിക്കുവാൻ ബന്ധപ്പെട്ടവരെ ശുപാർശ ചെയ്യുക.

❖

# ഊർജ്ജം

ആധുനിക ജീവിതക്രമത്തിൽ ഏറ്റവും പ്രാമുഖ്യം നേടിയ മേഖലയാണ് ഊർജ്ജം. വൈദ്യുതി ഇതിൽ ഏറ്റവും നിർണ്ണായകമായ സ്വാധീനമാണ് നേടികഴിഞ്ഞിരിക്കുന്നത്. ദൈനംദിന ജീവിതത്തിൽ ഇത്രയേറെ സ്വാധീനം ചെലുത്തിയിട്ടുള്ള മറ്റു രംഗങ്ങൾ കുറവാണെന്നു തന്നെ പറയാം. ഊർജ്ജത്തിന്റെ ആവശ്യത്തിനായി ഉപയോഗിച്ചുവരുന്ന ഇതര സൗകര്യങ്ങൾ വിറക്, മണ്ണെണ്ണ, പാചകവാതകം എന്നിവയാണ്.ഇവയെല്ലാം ചേർന്ന് സംപുഷ്ടമാക്കുന്ന ഊർജ്ജ മേഖല ജനജീവിതത്തിന്റെ സമഗ്രപുരോഗതിക്ക് അത്യന്താപേക്ഷിതമാണ്.

രാജഭരണകാലത്ത് പള്ളിവാസലിൽ നിന്നുമാരംഭിച്ച വൈദ്യുതി വാഹികളായ ലൈനുകൾ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോയതൊഴിച്ചാൽ വൈദ്യുതി ഈ ഗ്രാമത്തിലെ ജനജീവിതത്തിന്റെ ഭാഗമായി മാറാൻ പിന്നെയും കാലങ്ങൾ വേണ്ടിവന്നു. എങ്കിലും സംസ്ഥാന രൂപീകരണത്തിന് വളരെ മുമ്പു തന്നെ ഹരിപ്പാട് ഓഫീസിൽ നിന്നും അനുമതി കിട്ടിയതനുസരിച്ചു പണിതീർത്ത ആദ്യകാല ലൈനുകൾ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ വൈദ്യുതി എത്തിച്ചിരുന്നു.

ഇന്ന് നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ 12 കി.മീ. നീളത്തിൽ 11KV ലൈനുകളും 116.5 കി.മീ എൽ.റ്റി. ലൈനുകളും വലിച്ചുകഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ ഏതാണ്ട് 90% പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ടെന്ന് സാരം. എന്നിരുന്നാലും നമ്മുടെ ഗ്രാമത്തിലെ മൊത്തം ഭവനങ്ങളിൽ പകുതിക്കു താഴെ മാത്രമേ ഇനിയും വൈദ്യുതീകരിച്ചിട്ടുള്ളു.

കരുവാറ്റാ എൻ.എസ്. എസ്. ഹൈസ്കൂൾ മുതൽ 4 കി.മീ വടക്കോട്ടും മങ്കുഴിപാലം മുതൽ 4 കിമീ പടിഞ്ഞാട്ടുമുള്ള ഏകദേശം 17.5 കി.മീ ചുറ്റളവുള്ള ഈ പഞ്ചായത്ത് അതിർത്തിയിൽ കന്നുകാലിപ്പാലണത്തിനു താഴെ തോടിന്റെ ഇരുകരയിലുമായി വടക്കോട്ടുള്ള ബണ്ടുപ്രദേശമൊഴിച്ചാൽ ബാക്കി ഒട്ടുമിക്ക പ്രദേശത്തും വൈദ്യുതി ലൈനുകൾ എത്തിനിൽക്കുന്നു. പഞ്ചായത്തുടനീളമുള്ള അയ്യായിരത്തിൽ പരം ഭവനങ്ങളിൽ 2345 എണ്ണം മാത്രമാണ് വൈദ്യുതീകരിച്ചിരിക്കുന്നത്. 4 കി.മീ. ദേശീയപാതയിൽ 10 വാർഡുകളിലായി 75 കി.മീ. അധികം പഞ്ചായത്തു വഴികളും ഉണ്ടെങ്കിലും വ്യാപാരാവശ്യങ്ങൾക്കായി വൈദ്യുതി ബന്ധമെടുത്തിട്ടുള്ള കച്ചവടസ്ഥാപനങ്ങൾ വെറും 317 മാത്രമാണ്. വ്യാവസായിക ആവശ്യത്തിനായി വൈദ്യുതി ബന്ധമെടുത്തിട്ടുള്ള ഉപഭോക്താക്കൾ 42 എണ്ണമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. തടിയറപ്പുമില്ലുകൾ, നെല്ലുകുത്തുമില്ലുകൾ, ധാന്യങ്ങൾ പൊടിക്കുന്ന ചെറിയ മില്ലുകൾ, ഒരു ഐസ് ഫാക്ടറി, 2 സിനിമാശാലകൾ, ഒരു വർക്ക് ഷോപ്പ്, ഒരു ആശുപത്രി എന്നിവ ഉൾപ്പെട്ടതാണ് ഈ വിഭാഗത്തിലെ ഉപഭോക്താക്കൾ. കൃഷി ആവശ്യത്തിനായി സ്ഥിരം കണക്ഷനുകൾ 45 ഉം താൽക്കാലിക കണക്ഷനുകൾ 10 ഉം നിലവിലുണ്ട്.

കരുവാറ്റ മാർക്കറ്റ്, കരുവാറ്റ ഹൈസ്കൂൾ, കരുവാറ്റ വെസ്റ്റ്, കുറ്റിത്തറ, നൂറാട്ടുപിറ ന്ടതവീട്, വഴിയമ്പലം ഒന്ന്, വഴിയമ്പലം രണ്ട്, കരിയിൽ പീടിക, മലങ്കര എന്നിങ്ങനെ നാമകരണം ചെയ്തിട്ടുള്ള 11 ട്രാൻസ്ഫോർമറുകൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

മാവേലിക്കര സബ് സ്റ്റേഷനിൽ നിന്നും വൈദ്യുതി വിനിമയം നടത്തിയിരുന്ന കരുവാറ്റായിൽ 20 വർഷങ്ങൾക്കുമുമ്പ് പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുകവഴി വൈദ്യുതിയുടെ വിനിമയ വിതരണരംഗത്ത് പുരോഗതി ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ നിലവിലുള്ള 11 ട്രാൻസ്ഫോമറുകളുടേയും കുടി മൊത്തം സ്ഥാപിതശേഷി 1000KVA ആണ്. വ്യാവസായിക ആവശ്യത്തിനായി നൽകിയിട്ടുള്ള 42 കണക്ഷനുകളുടെ സ്ഥാപിതശേഷി 500 KW ഉം കൃഷി ആവശ്യത്തിനായി നൽകിയിട്ടുള്ള കണക്ഷനുകളുടെ (സ്ഥിരവും താൽക്കാലികവുമടക്കം) സ്ഥാപിതശേഷി 200KW ഉം ആണ്. അങ്ങനെ വരുമ്പോൾ ഗാർഹിക വ്യാപാരമേഖലയിൽ ഇപ്പോഴുള്ള 2662 കണക്ഷനുകൾക്ക് കിട്ടാവുന്ന സ്ഥാപിതശേഷി തികച്ചും അപര്യാപ്തമാണെന്നു കാണാം. ഇത് പല

പ്പോഴും വോൾട്ടേജ് ക്ഷാമത്തിനിടവരുത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾ അധിവസിക്കുന്ന മൂന്ന് അംഗീകൃതകോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. പുത്തൂർ, അറയൂൽ, കണ്ണഞ്ചേരി പുതുവൽ എന്നീ കോളനികളിൽ കേന്ദ്രീകരിച്ചു താമസിക്കുന്നതിനേക്കാൾ എത്രയോ കൂടുതൽ ഈ വിഭാഗക്കാർ. ഇതരപ്രദേശങ്ങളിൽ താമസിക്കുന്നുണ്ട്. കോളനികളിൽ കേന്ദ്രീകരിച്ചു താമസിക്കുന്നവർക്ക് ലഭിക്കുന്ന സൗകര്യങ്ങൾ പൂർണ്ണമായ തോതിൽ ഇതര പ്രദേശങ്ങളിലുള്ളവർക്ക് ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു.

373 ബൾബുകളും 36 ട്യൂബുകളുമാണ് വഴിവിളക്കായി നമ്മുടെ ഗ്രാമത്തിൽ സ്ഥാപിച്ചിരിക്കുന്നത്. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തേക്ക് തെരുവിളക്കുകൾ തെളിയിക്കപ്പെടുന്നില്ല എന്ന പരാതി നിലനിൽക്കുന്നു.

പഞ്ചായത്തിൽ ഒട്ടാകെ 348 പെർമിറ്റുകളിലൂടെ 34,771 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യുന്നതായി കണക്കുകൾ കാണിക്കുന്നു. നിലവിലുള്ള റേഷൻ കാർഡുകൾ വഴി 1,68,838 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യുന്നതായി കാണാം. പഞ്ചായത്തിൽ 500 ൽ പരം LPG കണക്ഷനുകൾ ഉണ്ട്. പാചകആവശ്യത്തിനുള്ള ഇന്ധനമായി വിറക് ഉപയോഗിക്കുന്നവരാണ് ഗ്രാമീണരിൽ ഭൂരിപക്ഷവും. കുറച്ചു കുടുംബങ്ങൾ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗോബർ ഗ്യാസ് വികസിപ്പിച്ചു പാചകാവശ്യം നിർവ്വഹിക്കുവാനുള്ള. പദ്ധതി ഗ്രാമീണരിൽ എത്തിക്കുവാൻ സന്നദ്ധസംഘടനകളെ പ്രേരിപ്പിക്കേണ്ടതാണ്.

## ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം
2. വൈദ്യുത ബന്ധം ലഭിക്കുന്നതിനുവരുന്ന കാലതാമസം
3. തെരുവുവിളക്കുകളുടെ അപര്യാപ്തത
4. ഇന്ധനക്ഷാമം
5. ചില കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല.
6. വൈദ്യുതീകരിക്കാത്ത വിദ്യാഭ്യാസസ്ഥാപനങ്ങൾ
7. വൈദ്യുതി എത്തിച്ചേരാത്ത ഉൾപ്രദേശങ്ങൾ
8. ജീവനക്കാരുടെ അപര്യാപ്തത

## നിർദ്ദേശങ്ങൾ പരിപാടികൾ

1. നിലവിലുള്ള കരുവാറ്റ 66KV സബ്സ്റ്റേഷൻ 110KV സബ്സ്റ്റേഷനായി ഉയർത്തുക.
2. ഉൾപ്രദേശങ്ങളിലേക്ക് കൂടുതൽ 11KV ലൈനുകൾ വലിക്കുകയും കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും ചെയ്യുക. പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗത്ത് നിലവിലുള്ളതു കൂടാതെ 3, 100 KVA ട്രാൻസ്ഫോമറുകളും N.S.S. ഹൈസ്കൂളിനു കിഴക്ക് വശത്തു ഒരു 100 KVA ട്രാൻസ്ഫോർമറും, കാരമുട്ട് പ്രദേശത്ത് ഒരു 100 KVA ട്രാൻസ്ഫോമറും സ്ഥാപിക്കുക.
3. മുഴുവൻ പഞ്ചായത്തുവഴികളിലും തെരുവുവിളക്ക് സ്ഥാപിക്കുക.
4. കന്നുകാലിപ്പാലം തോടിനു കിഴക്കുകരയിലെ ബണ്ടിൽകൂടി പഞ്ചായത്തിന്റെ വടക്കൻ അതിർത്തിയിലേക്കു L.T ലൈൻ വലിക്കുകയും തെരുവുവിളക്കു സ്ഥാപിക്കുകയും ചെയ്യുക.
5. പാവിട്ടേരി കോളനി, മത്തങ്ങപറമ്പ് കോളനി തുടങ്ങി മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ കോളനിയും വൈദ്യുതീകരിക്കുക.
6. മൊത്തം ഉപഭോക്താക്കൾക്ക് കൃത്യമായ സേവനം ഉറപ്പുവരുത്തുവാൻ ഉതകുന്ന രീതിയിൽ ഓഫീസിൽ ജീവനക്കാരെ ക്രമപ്പെടുത്തുക.
7. ലൈനുകളിലേക്ക് മുകളിൽ കിടക്കുന്ന തെങ്ങോലകളും മരക്കൊമ്പുകളും ഉടമകളുടെ സഹായത്തോടെ ഒഴിവാക്കുവാൻ ഉദ്യോഗസ്ഥബഹുജനസഹകരണം ഉറപ്പിക്കുക.
8. ഇന്ധനക്ഷാമം പരിഹരിക്കുവാൻ പഞ്ചായത്തിൽ ഒരു അംഗീകൃത പാചകവാതക ഏജൻസി തുടങ്ങുക.
9. വൈദ്യുതക്ഷാമം രൂക്ഷമായ ഈ കാലഘട്ടത്തിൽ 'അനെർട്ട്' തുടങ്ങിയ സ്ഥാപനങ്ങൾ സബ് സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സൗരോർജ്ജവിളക്കുകൾ പഞ്ചായത്തിൽ വ്യാപകമായി വിതരണം ചെയ്യുവാനുള്ള ക്രമീകരണം ചെയ്യുക.
10. പരമാവധി വീടുകളിൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പ്രോത്സാഹനങ്ങൾ ചെയ്യുക.
11. പുകയില്ലാത്ത അടുപ്പിന്റെ ഉപയോഗം പഞ്ചായത്തു അതിർത്തിയിൽ വ്യാപകമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

❖

# ഗ്രാമസഭകളിൽ നിന്നുള്ള ആവശ്യങ്ങൾ

## 1. തെരുവ് വിളക്കുകൾ വേണ്ട സ്ഥലങ്ങൾ

| വാർഡ് | |
|---|---|
| 1 | 1. N.H. ൽ കൊച്ചാലപ്പുഴ ജംഗ്ഷൻ മുതൽ പടിഞ്ഞാറ് ചുടുകാട്ടിൽ ജംഗ്ഷൻ വരെ<br>2. N.S.S.H.S. ന് കിഴക്കുവശം പനച്ചകുന്നിൽ ജംഗ്ഷൻ മുതൽ കിഴക്കോട്ടു ഉള്ള റോഡ്.<br>3. പത്മവള്ളി കോളനിയുടെ മുൻവശത്തുകൂടി കുമാരകോടി റോഡ് വരെ. |
| 2 | 1. ചാരപറമ്പിൽ പുത്തൻ കുളങ്ങര റോഡ്<br>2. മാപ്പിളശ്ശേരി ജംഗ്ഷൻ മുതൽ കൂടത്തു ജംഗ്ഷൻ<br>3. ആശ്രമത്തിന് പടിഞ്ഞാറ് ഗുരുമന്ദിരത്തിന് തെക്കുവശം മുതൽ N.S.S. കരയോഗം വരെ.<br>4. പുത്തൻ വീട്ടിൽ കോളനി മുതൽ കരുവാറ്റാ മാർക്കറ്റ് റോഡ് (പത്മവള്ളി ഇല്ലംവരെ.) |
| 3 | 1. തൈവീട് ജംഗ്ഷൻ മുതൽ വടക്കോട്ട് മാടപ്പുരയ്ക്കൽ ജംഗ്ഷൻ വരെ<br>2. SCS 1742 മുതൽ തെക്കോട്ട് മാറി പടിഞ്ഞാട്ട് ഉള്ള വഴി ചെമ്പുതോട് വരെ<br>3. തൈവീട് ജംഗ്ഷൻ തെക്കോട്ട് ഉള്ള റോഡ് |
| 4 | 1. പടവല്യം സ്കൂൾ ജംഗ്ഷൻ മുതൽ റ്റി.ബി. വരെ ഉള്ള റോഡ്<br>2. കുറത്തറ പടിഞ്ഞാറ് ജംഗ്ഷനിൽ നിന്നും വടക്കോട്ട് കുറ്റിപ്പറമ്പ് ഹരിജൻ കോളനി വഴി മംഗലശ്ശേരി മുക്കുവരെ.<br>3. തട്ടുപുരയ്ക്കൽ സെറ്റിൽമെൻറ് കോളനിയിലേക്ക് ഉള്ള റോഡ്. |
| 5 | 1. മാമ്പറമ്പിൽ മർത്തോമപള്ളി റോഡു<br>2. 1742 ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് കരിയിൽ പീടിക ജംഗ്ഷൻ വരെ<br>3. പാലാഴി പടിഞ്ഞാറ് ചെമ്പുതോട് വരെ<br>4. മുലേചിറ കിഴക്കോട്ടുവരെ. |
| 6 | 1. കൽപകവാടി ലീഡിംഗ് ചാനൽ റോഡ്<br>2. നാലുകണ്ടം-ഊട്ടുപറമ്പു റോഡ്<br>3. N.H.- ബ്രദേഴ്സ് കടവ് റോഡ്<br>4. കണ്ണൂർകുളങ്ങര-വാഴപ്പള്ളിചിറ<br>5. പല്ലനേത്ത്-ആലക്കാട്ടുശ്ശേരിൽ<br>6. S.N. കടവ് N.H. റോഡ്<br>7. കന്നുകാലിപ്പാലത്തിന് വടക്കുവശം വടക്കോട്ട് ഉള്ള റോഡ് |
| 7 | 1. കന്നുകാലിപ്പാലം മുതൽ ഹസ്കാപുരം വഴി ശ്രീനാരായണവിലാസം തോപ്പ് |
| 8 | 1. കുറ്റിത്തറ പാതിരാവേലി റോഡ്<br>2. ആശ്രമം കുറ്റിത്തറ റോഡ്<br>3. ഒറ്റക്കലുങ്ക് മുതൽ ആലുംകീഴ് വരെയുള്ള റോഡ് |
| 9 | 1. S.K.V.N.S.S. സ്കൂൾ മുതൽ കിഴക്കോട്ട് മാലി ഹരിജൻ സെറ്റിൽമെൻറ് കോളനി റോഡ്<br>2. പട്ടേരിപ്പറമ്പു മുതൽ വാഴാങ്കേരി വരെ<br>3. കൊയ്പ്പള്ളി മുതൽ കൊരണ്ടിപ്പള്ളിവരെ<br>4. കൊരണ്ടിപ്പള്ളിമുതൽ മുട്ടിയിൽ ഹരിജൻ സെറ്റിൽമെൻറ് കോളനിവരെ. |
| 10 | 1. S.N. കടവ് മുതൽ വടക്കോട്ട് ഉള്ള റോഡ്<br>2. മത്തങ്ങ പറമ്പ് കോളനി റോഡ്. |

## 2. ജംഗ്ഷനുകളിൽ ട്യൂബ് ലൈറ്റ് വേണം

| വാർഡ് | |
|---|---|
| 1 | 1. പാവിട്ടേരിൽ ജംഗ്ഷൻ<br>2. മഞ്ജുളേത്ത് ക്ഷേത്രത്തിനുസമീപം<br>3. അജിതാസൗണ്ട് ജംഗ്ഷൻ<br>4. കൂടത്ത് ജംഗ്ഷൻ പടിഞ്ഞാറ് കാവിനോട് ചേർന്ന്<br>5. വല്ല്യപറമ്പിൽ അമ്പലത്തിന് പടിഞ്ഞാറ് വശം. |
| 2 | 1. കീച്ചേരിൽ കോളനി<br>2. വരിമ്പില്ലിൽ പടിഞ്ഞാറ് മാപ്പിളശ്ശേരിൽ ജംഗ്ഷൻ<br>3. പുത്തൻ വീട് ലക്ഷംവീട് കോളനി<br>4. പത്മവള്ളി ഇല്ലത്തിന് പടിഞ്ഞാറ് വശം ജംഗ്ഷനിൽ<br>5. ചക്കൂർ കോളനി ജംഗ്ഷനിൽ.<br>6. ആശ്രമത്തിന് പടിഞ്ഞാറ് തോട്ടത്തിൽ അമ്പലത്തിന് സമീപം<br>7. ആശ്രമത്തിന് തെക്കുവശം കിഴക്ക് വള്ളപ്പുര ജംഗ്ഷനിൽ<br>8. ചാരപ്പറമ്പിൽ റോഡിൻെറ മദ്ധ്യഭാഗത്ത്<br>9. മാർത്തോമപള്ളി ജംഗ്ഷനിൽ. |
| 3 | 1. അജിതാ സൗണ്ടിന് തെക്കു വാഴത്തറ ജംഗ്ഷനിൽ<br>2. ചുടുകാട്ടിൽ ജംഗ്ഷന് പാലത്തിന് സമീപം<br>3. കരുവാറ്റാ മാർത്തോമപള്ളിക്ക് സമീപം. |
| 4 | 1. കുറ്റിപറമ്പ് കോളനിയിലേക്ക് തിരിയുന്ന ജംഗ്ഷൻ<br>2. ചിന്നാട്ട് മുക്ക്. |
| 5 | 1. കൊച്ചുകളത്തിൽ ജംഗ്ഷൻ<br>2. പുളിമൂട്ടിൽ ജംഗ്ഷൻ<br>3. പട്ടൻെറ പറമ്പ് ജംഗ്ഷൻ<br>4. കുന്നുതറ S.N.D.P.L.P.S.<br>5. പീടിക ജംഗ്ഷൻ<br>6. മേത്ര ജംഗ്ഷൻ |
| 6 | 1. കൽപകവാടിക്കു വടക്കുവശം<br>2. കൊക്കോത്ത് ജംഗ്ഷൻ<br>3. കണ്ണൂർ കുളങ്ങര ക്ഷേത്രത്തിന് മുൻവശം<br>4. കളരിക്കൽ ക്ഷേത്രത്തിന് മുൻവശം |
| 7 | 1. പട്ടാണിചിറ ജംഗ്ഷൻ<br>2. കയർ സൊസൈറ്റിയുടെ തെക്കുവശം പാലം കയറി പടിഞ്ഞാറ് വശം വാട്ടർ ടാപ്പിൻെറ അടുത്ത്. |
| 8 | 1. കുറ്റിത്തറ കടവിൽ<br>2. പുന്നൂർ കോളനി<br>3. വള്ളപ്പുര ജംഗ്ഷൻ<br>4. മീനത്തേരിൽ ജംഗ്ഷൻ |
| 9 | 1. എല്ലാ കടത്ത് കടവ്കളിലും റയിൽവേ ക്രോസ്സുകളിലും |
| 10 | 1. ഹരിജൻ വെൽഫയർ L.P. സ്കൂളിന് സമീപം.<br>2. S.N. കടവ് ജംഗ്ഷൻ |

# മാർക്കറ്റ്

കേന്ദ്രീകൃതമായ വിപണിയോ വിപുലമായ ഒരു മാർക്കറ്റിംഗ് സംവിധാനത്തിൻെറ പാരമ്പര്യമോ നമുക്കവകാശപ്പെടാനില്ല. എന്നാൽ ഒറ്റപ്പെട്ട ചില കച്ചവടങ്ങൾ ഇപ്പോഴത്തെ പബ്ളിക് മാർക്കറ്റ് കേന്ദ്രീകരിച്ച് നടന്നിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു കുരുമുളക് ശേഖരണവും വിപണനവും. കവുങ്ങുകൾ വ്യാപകമായിരുന്ന കാലഘട്ടത്തിൽ ചമ്പൻ ശേഖരിക്കലും അതിൻെറ കച്ചവടവും ഇവിടെ കേന്ദ്രീകരിച്ചു നടന്നിരുന്നു. മരച്ചീനി, കശുവണ്ടി തുടങ്ങിയവയും ഈ ചെറിയ വിപണിയുടെ ഭാഗമായിരുന്നു. മത്സ്യകച്ചവടം പണ്ടുമുതലേ സജീവമായിരുന്നു. ഇപ്പോഴും മത്സ്യകച്ചവടം മാത്രമാണിവിടെ സജീവമായി നടക്കുന്നത്.

ഏതാനും വർഷങ്ങൾക്കുമുമ്പ് പബ്ളിക് മാർക്കറ്റിൽ ഒരു കെട്ടിടസമുച്ചയവും തുടർന്ന് മത്സ്യം വെച്ചു കച്ചവടം ചെയ്യാനുള്ള പ്ലാറ്റ് ഫോമും പഞ്ചായത്ത് ചിലവിൽ നിർമ്മിച്ചു. എന്നിരുന്നാൽ പോലും ഇവിടുത്തെ ഭൗതികസൗകര്യം കുറേക്കൂടി മെച്ചപ്പെടേണ്ടതുണ്ട്. ഇതുകൂടാതെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി ഒറ്റപ്പെട്ട മത്സ്യകച്ചവടം നടക്കുന്നുണ്ട്. മറ്റു രംഗങ്ങൾ ഒന്നുംതന്നെ സജീവമല്ല.

പഞ്ചായത്തിലെ ജനബാഹുല്യവും വർദ്ധിച്ചുവരുന്ന ദൈനംദിന ആവശ്യങ്ങളും കണക്കിലെടുത്ത് ഒരു സൂപ്പർ മാർക്കറ്റ് സംവിധാനം നമുക്ക് അത്യന്താപേക്ഷിതമാണ്. ഇതിലൂടെ നമ്മുടെ നാട്ടിലെ പച്ചക്കറി അടക്കമുള്ള കാർഷിക ഉൽപന്നങ്ങളുടെ വിപണനവും വിതരണവും ഇറച്ചി, മത്സ്യസംസ്കരണകേന്ദ്രവും ചെറുകിട വ്യവസായ ഉൽപന്നങ്ങളും വനിതാ വ്യവസായ യൂണിറ്റുകളിൽ നിന്നുമുള്ള ഉൽപന്നങ്ങളും വിറ്റഴിക്കാവുന്നതാണ്. ഈവിധ കാര്യങ്ങൾ നടപ്പിലാക്കാൻ പബ്ളിക് മാർക്കറ്റ് സൗകര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതാണ്.

◆

# പാർപ്പിടം

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ് ഭക്ഷണം, വസ്ത്രം, പാർപ്പിടം. ഭക്ഷണവും വസ്ത്രവും വ്യക്തികൾക്കായി സമാഹരിക്കുമ്പോൾ പാർപ്പിടം കുടുംബത്തിന്റെ ആകെ അംഗങ്ങളുടെ ആവശ്യമായിത്തീരുന്നു. ഭക്ഷണത്തിന്റേയും വസ്ത്രത്തിന്റേയും രംഗത്ത് ആർജ്ജിക്കുവാൻ കഴിഞ്ഞ മുന്നേറ്റം ആപേക്ഷികമായി പാർപ്പിടത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൻ കഴിഞ്ഞിട്ടില്ല.

പാർപ്പിട രംഗത്തെ അപര്യാപ്തത പരിഹരിക്കുന്നതിന് ഉതകുന്ന സംവിധാനങ്ങളുടേയും കൂട്ടായ്മയുടെയും കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്.

നമ്മുടെ പഞ്ചായത്തിൽ ആകെ പത്ത് വാർഡുകളിലായി 6442 വീടുകളാണുള്ളത്. ഇതിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനങ്ങൾ മിക്കവാറും ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്നു. 455 ഓളം കോൺക്രീറ്റ് വീടുകളുണ്ട്. പിന്നെയുള്ളത് ഓടുമേഞ്ഞ വീടുകളാണ്.

## പട്ടിക I

വൈദ്യുതി കടന്നു ചെല്ലാത്ത അനവധി ഭവനങ്ങൾ ഇന്നും നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നു. കോളനികൾ പലതും അടിസ്ഥാനസൗകര്യങ്ങൾ പോലും എത്തിയിട്ടില്ല. ഉള്ളതുപോലും നിലം പൊത്താറായി നിൽക്കുന്ന അവസ്ഥയിലാണ്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വിലവർദ്ധനവ് സാധാരണ വരുമാനക്കാരുടെ ഭവനനിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സാമ്പത്തിക ഭദ്രത ഏറെയുള്ളവർ ആഡംബരരീതിയിലുള്ള ഭവനങ്ങൾ നിർമ്മിക്കുന്നത് സാധാരണക്കാരന്റെ വീട് എന്ന സ്വപ്നത്തിന് തടസ്സമാകുന്നു. കൂടാതെ മറ്റൊരു പ്രധാന പ്രശ്നം പരിസ്ഥിതി, സാമ്പത്തിക പ്രതിസന്ധികൾക്ക് ഇതൊരു പ്രധാന കാരണം കൂടിയാകുന്നു എന്നുള്ളതാണ്. കമ്പോളത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വില കൂടാൻ ഇവരുടെ പ്രവർത്തി വലിയൊരളവിൽ കാരണമാകുകയും ചെയ്യുന്നു. ഈ പ്രവണത നിരുത്സാഹപ്പെടുത്തി ഗ്രാമീണ മേഖലയിൽ ചിലവ് കുറഞ്ഞ ഭവനം നിർമ്മാണ പദ്ധതിയെ സംബന്ധിച്ചു ജനങ്ങളിൽ അവബോധം ഉളവാക്കി പഞ്ചായത്തടിസ്ഥാനത്തിൽ ഭവനനിർമ്മാണ ഏജൻസികൾ രൂപീകരിച്ചു എങ്കിൽ മാത്രമേ സാധാരണക്കാരന്റെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയു.

ലക്ഷംവീട് പദ്ധതിപ്രകാരവും സർക്കാരിന്റെയും മറ്റ് ഏജൻസി വഴിയും നൽകിയിട്ടുള്ള ഗ്രാമപഞ്ചായത്തിലെ മിക്കവാറും കോളനിയിലുള്ള വീടുകൾ വാസയോഗ്യമല്ലാത്ത സ്ഥിതിയിലാണ് മാറിക്കൊണ്ടിരിക്കുന്നു. സാധാരണക്കാരന്റെ മിക്കവാറും വീടുകളിൽ ഒന്നും രണ്ടും കുടുംബങ്ങളാണ് ഇപ്പോൾ താമസിച്ചുകൊണ്ടിരിക്കുന്നത്.

നാലുകെട്ടുകളും എട്ടുകെട്ടുകളും ഉള്ള വീടുകൾ നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നു. എന്നാൽ ഇന്ന് അവയുടെ സ്ഥാനത്ത് കോൺക്രീറ്റ് കെട്ടിടങ്ങൾ സ്ഥാനം പിടിച്ചിരിക്കുന്നു. കെട്ടിടനിർമ്മാണതൊഴിലാളികൾ ധാരാളമായി നമ്മുടെ പഞ്ചായത്തിൽ രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുന്നു. ഇതിൽ കൂടുതൽ യുവാക്കളാണ്. ആകർഷണമായ കൂലിയും തൊഴിലില്ലായ്മയും ഇതിന് കാരണമാണ്. ഇവരെ ചെലവ് കുറഞ്ഞ ഭവനനിർമ്മാണ രീതി പരിശീലിപ്പിക്കുവാൻ പഞ്ചായത്തടിസ്ഥാനത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ഭവനനിർമമാണസാമഗ്രികൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ നിർമ്മിക്കുന്നില്ല. എന്നാൽ പുതിയതായി ചില സംരംഭങ്ങൾക്ക് ഹോളോബ്രിക്സ് മേഖലയിൽ പ്രവർത്തം തുടങ്ങിയിട്ടുണ്ട്. സ്ഥലപരിമിതികൾ കാരണം സാധാരണകുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് സാദ്ധ്യതകൾ ഇല്ലാതാകുന്നു. കൃഷിനിലങ്ങൾ നികത്തി വീട് നിർമ്മാണം വ്യാപകമായി പരിസ്ഥിതി പ്രശ്നത്തിനും കൃഷിമേഖലയിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഭവനനിർമ്മാണ ഏജൻസികൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സഹകരണസംഘങ്ങളും കാർഷികഭൂവികസനങ്ങളും മറ്റു ധനകാര്യ സ്ഥാപനങ്ങളും ഗവൺമെൻറ് ഏജൻസികളും സാധാരണക്കാരന് ഒരു അത്താണിയായി പരിചിതമായ തോതിൽ ഭവനനിർമ്മാണത്തിന് വായ്പയും ധനസഹായവും നൽകുന്നുണ്ട്. ഈ സഹായം കൊണ്ടു തന്നെ പാർപ്പിടപ്രശ്നം പരിഹരിക്കുവാൻ കഴിയില്ല. നൽകുന്ന സാമ്പത്തികം കൊണ്ടുതന്നെ വീട് പണി പൂർത്തീകരിക്കുവാൻ കഴിയാത്ത സ്ഥിതിവളരെ കൂടുതലാണ്. ഉദ്ദേശിക്കുന്ന ലക്ഷ്യത്തിന് തന്നെ നൽകുന്ന വായ്പകളും സഹായങ്ങളും ഉപയോഗിക്കാതിരിക്കുന്ന പ്രവണതയും ഈ രംഗത്ത് കണ്ടുവരുന്നു.

ഭവനനിർമ്മാണം സംബന്ധിച്ച പൂർണ്ണരൂപം

## പട്ടിക 2.

നമ്മുടെ ഗ്രാമസഭകളിൽ നിന്ന് വളരെ കൂടുതൽ ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ പാർപ്പിടരംഗത്ത് നമ്മൾ അടിയന്തിരമായ ശ്രദ്ധ കേന്ദ്രീകരിക്കണം. മേൽപറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് നേതൃത്വത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കും.
2. ചിലവ് കുറഞ്ഞ ഭവനനിർമ്മാണപദ്ധതിയെ സംബന്ധിച്ചു മേഖലയിലെ തൊഴിലാളികൾക്ക് പരിശീലനം നൽകുക.
3. ഭവനനിർമ്മാണസാമഗ്രികൾ പഞ്ചായത്തടിസ്ഥാനത്തിൽ സംഭരിക്കുകയും നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
4. നിലവിലുള്ള ലക്ഷം വീടുകളും കോളനികളും യുദ്ധകാലാടിസ്ഥാനത്തിൽ പുനർ നിർമ്മിക്കുകയും അവിടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
5. ഭൂമിയില്ലാത്ത കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ സ്ഥലം കണ്ടെത്തുകയും വീട് നിർമ്മിച്ചു കൊടുക്കുകയും ചെയ്യുക.
6. ചകിരിച്ചോർ ഉപയോഗിച്ച് ഇഷ്ടികവ്യവസായം നടത്താൻ കഴിയുമെങ്കിൽ പരിസ്ഥിതി പ്രശ്നത്തിനു ഒരു പരിഹാരം ആകും.
7. ദുർബ്ബല ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലേക്കുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കുക.
8. പഞ്ചായത്ത് തല ഹൗസിംഗ് കോളനികൾ നിർമ്മിച്ചു തവണവ്യവസ്ഥയിൽ താഴ്ന്ന വരുമാനക്കാർക്ക് നൽകുക.

### പഞ്ചായത്ത് ഭവനങ്ങളുടെ സ്ഥിതി വിവരം

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ളത് | മേൽക്കൂരയുടെ സ്വഭാവം | | | | വിവിധഭവന നിർമ്മാണപദ്ധതിയിലൂടെ നിർമ്മിച്ച വീടുകൾ എല്ലാം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 594 | 6 | 63 | 216 | 201 | 114 | 21 |
| 2. | 606 | 5 | 98 | 226 | 166 | 116 | 25 |
| 3 | 622 | 1 | 63 | 206 | 261 | 92 | 10 |
| 4 | 680 | 5 | 97 | 250 | 232 | 101 | 23 |
| 5 | 588 | 1 | 26 | 212 | 303 | 47 | 25 |
| 6 | 689 | 2 | 102 | 271 | 263 | 47 | 17 |
| 7 | 660 | 3 | 44 | 162 | 406 | 48 | 10 |
| 8 | 574 | 1 | 59 | 282 | 125 | 58 | 22 |
| 9 | 698 | - | 45 | 238 | 394 | 21 | 38 |
| 10 | 731 | - | 46 | 225 | 412 | 48 | 40 |

# ഭവനനിർമ്മാണപദ്ധതി സംബന്ധിച്ച വിവരങ്ങൾ

| വർഷം | പദ്ധതി | അനുവദിച്ച വീടുകൾ | പൂർത്തിയായ വീടുകൾ | പൂർത്തിയായ വീടുകൾ |
|---|---|---|---|---|
| 1980-81 | സംയോജിത ഭവനനിർമ്മാണപദ്ധതി | 3 | 3 | - |
| 1981-82 | സംയോജിതഭവനനിർമ്മാണപദ്ധതി | 2 | 2 | - |
| 85-89 | N.R.E.P. | 41 | 36 | 5 |
| 85-89 | R.L.E.G.R. | 95 | 55 | 40 |
| 87-88 | സംയോജിതഭവനനിർമ്മാണപദ്ധതി | 1 | 1 | |
| 89-90 | ഭൂരഹിതഭവനനിർമ്മാണപദ്ധതി | 10 | 7 | 3 |
| 90-91 | ഭൂരഹിതഭവനനിർമ്മാണപദ്ധതി | 3 | 3 | |
| 90-91 | J.R.Y | 53 | 47 | 6 |
| 90-91 | Unlaid Fund | 13 | 10 | 3 |
| 90-91 | സംയോജിതഭവനനിർമ്മാണപദ്ധതി | 2 | 2 | |
| 93-94 | ഭൂരഹിതഭവനപദധതി | 3 | 1 | 2 |
| 94-95 | സംയോജിതഭവനനിർമ്മാണപദ്ധതി | 2 | 1 | 1 |
| 94-95 | ഭൂരഹിത ഭവനപദ്ധതി | 2 | 1 | 1 |
| 95-96 | ഭൂരഹിതഭവനപദ്ധതി | 1 | 1 | |
| | ആകെ | 231 | 169 | 62 |

❋



# സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യലബ്ധിയേ തുടർന്ന് ജനാധിപത്യ ഭരണക്രമം നിലവിൽ വന്നതിനുശേഷമാണ് സാമൂഹ്യ ക്ഷേമം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ തുടങ്ങിയത്. സർക്കാർ രൂപം നൽകിയിരുന്ന പദ്ധതികളെല്ലാം തന്നെ ക്ഷേമപദ്ധതികൾ എന്ന പേരിലായിരുന്നെങ്കിലും ഒന്നും തന്നെ 50% പോലും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. വർഷങ്ങൾ പിന്നിടും തോറും ക്ഷേമപദ്ധതികൾ ഉൽപാദനലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു സാമ്പത്തികസഹായപദ്ധതികളായി മാറിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് കാണുവാൻ കഴിയുന്നത്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക, വിദ്യാഭ്യാസ പുരോഗതിയ്ക്കായിട്ടാണ് സാമൂഹ്യക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതെങ്കിലും ഉദ്യോഗസ്ഥതലത്തിലുള്ള സാങ്കേതികചട്ടക്കൂടുകളിലൂടെയുള്ള നടപ്പാക്കൽ മൂലം ഈ ജനവിഭാഗങ്ങളിൽ 75% പേരും ഈ പദ്ധതികളുടെ ഗുണഫലം ലഭിക്കുന്നില്ല. കേന്ദ്രസംസ്ഥാന ഗവൺമെൻറുകളുടെ സാമൂഹ്യക്ഷേമ, വിദ്യാഭ്യാസ, ഗ്രാമവികസനം പട്ടികജാതി പട്ടികവർഗ്ഗവികസനം തൊഴിൽ തുടങ്ങിയ വകുപ്പുകളിൽ കൂടിയാണ് സാമൂഹ്യക്ഷേമ പദ്ധതികളിൽ മിക്കവയ്ക്കും നടത്തിവരുന്നത്. ഐ.ആർ.ഡി.പി., എൻ.ആർ.ഇ.പി., ആർ. എൽ.ഇ.ജി.പി., ജെ.ആർ.വൈ. D.W.C.R.A. ലക്ഷംവീടു പദ്ധതി, പ്രത്യേക ഘടകപദ്ധതി, സംയോജിതഭവനനിർമ്മാണപദ്ധതി, ഭൂരഹിത ഭവനനിർമ്മാണപദ്ധതി, പുരമേയൽ സഹായപദ്ധതി, ദശലക്ഷപാർപ്പിടപദ്ധതി, വനിതാ ശിശുക്ഷേമപദ്ധതി, തൊഴിലില്ലായ്മ ഭവനപദ്ധതി വിവിധതരം പെൻഷൻ പദ്ധതികൾ തുടങ്ങി നിരവധി ക്ഷേമപദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. മിക്കപദ്ധതികളും തുടരുന്നുമുണ്ട്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള പലതരത്തിലുള്ള സാമൂഹ്യക്ഷേമപദ്ധതികളും നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കി കൊണ്ടിരിക്കുന്നു. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും പെൻഷൻ പദ്ധതികളും അനുസരിച്ചു ഏറെപേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിലും ഇവരുട ജീവിതനിലവാരത്തിൽ എന്തെങ്കിലും മാറ്റം വന്നിട്ടുള്ളതായി കാണുന്നില്ല. നിലവിലുള്ള ഐ.ആർ.ഡി.പി. ലിസ്റ്റ് അനുസരിച്ചു 1486 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇതിൽ 129 കുടുംബങ്ങൾക്ക് സാമ്പത്തികസഹായം നൽകിയിട്ടുള്ളത്. ഈ പദ്ധതിയനുസരിച്ചുള്ള സാമ്പത്തിക സഹായത്തിൻെറ ഫലമായി ഇവരിൽ 120 പേർ ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയതായി സർക്കാർ കണക്കാക്കുന്നു. യഥാർത്ഥത്തിൽ ആ കണക്കുകൂട്ടൽ ശരിയല്ലെങ്കിൽ പോലും ഇപ്രകാരം എത്തിയിട്ടുള്ളത് വെറും 3% മാത്രമാണ്.

കരുവാറ്റാ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെ 61 പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. ഇവർക്കെല്ലാം തന്നെ വിവിധ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പിന്നോക്ക പ്രദേശങ്ങളായ 7-ാം വാർഡിലും 10-ാം വാർഡിലുമാണ് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഏറ്റവും കൂടുതൽ കുടുംബങ്ങൾ ഉള്ളത്.

ട്രൈസം പദ്ധതിവഴി പഞ്ചായത്തിൽ നിന്നും 24 പേർക്കു തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. ഇതിൽ 21 പേരും വിവിധ തൊഴിലുകൾ കണ്ടെത്തി ജീവിതം പുലർത്തുന്നു. ഇനിയും ഈ പദ്ധതി പ്രകാരം തൊഴിൽ പരിശീലനത്തിന് അർഹതയുള്ളവർ ധാരാളം പേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്

ട്രൈസം പദ്ധതിപ്രകാരം തൊഴിൽ പരിശീലനം നേടിയ വിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ഡി.ഡബ്ള്യു.സി.ആർ.എ. പദ്ധതി അനുസരിച്ച് പഞ്ചായത്തിലെ 10-ാം വാർഡിൽ ഒരു ഡയറിയൂണിറ്റും ഒരു കയർ യാൺ യൂണിറ്റും പ്രവർത്തിക്കുന്നു. ഡയറി യൂണിറ്റ് 1994-95 ലും കയർ യാൺ യൂണിറ്റ് 1996-97 ലുമാണ് പ്രവർത്തനം ആരംഭിച്ചത്. ഈ രണ്ടു യൂണിറ്റുകളും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റുകളുടെ കീഴിൽ 30 ഓളം പേർ പ്രത്യക്ഷമായും പരോക്ഷമായും തൊഴിലെടുക്കുന്നു. DWCRA പദ്ധതി അനുസരിച്ച് 5-ാം വാർഡിൽ ഒരു ഡയറി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പരിശീലന വിഷയം | പരിശീലനം നേടിയവരുടെ എണ്ണം | തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | ഇതര തൊഴിൽ ചെയ്യുന്നത് |
|---|---|---|---|---|
| 1. | ഇലക്ട്രീഷ്യൻ | 3 | 3 | - |
| 2. | വെൽഡിംഗ് | 4 | 4 | - |
| 3. | ത്രീ വീലർ മെക്കാനിസം | 2 | 2 | - |
| 4. | പ്രിൻറിംഗ് & കമ്പോസിംഗ് | 3 | 3 | - |
| 5. | ബുക്ക് ബയൻറിംഗ് | 2 | 2 | - |
| 6. | ഖാദി തുണിനെയ്ത്ത് | 4. | 4 | - |
| 7. | പ്ലംബിംഗ് | 2 | 2 | - |
| 8. | ഡീസൽ മെക്കാനിസം | 1 | 1 | - |
| 9. | ഇലക്ട്രോണിക്സ് | 3 | - | 3 |
| | ആകെ | 24 | 21 | 3 |

ശുചിത്വ പദ്ധതിയനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 54 കക്കൂസ്സുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് | കക്കൂസുകളുടെ എണ്ണം |
|---|---|---|
| 1 | 1 | 6 |
| 2 | 2 | 13 |
| 3 | 3 | 3 |
| 4 | 4 | 8 |
| 5 | 5 | 9 |
| 6 | 6 | 3 |
| 7 | 7 | 3 |
| 8 | 8 | 3 |
| 9 | 9 | 3 |
| 10 | 10 | 3 |
| | ആകെ | 54 |

**ജെ.ആർ. വൈ പദ്ധതി അനുസരിച്ചു പഞ്ചായത്തിലെ വിവിധ റോഡുകളുടെ അറ്റകുറ്റ പണികൾക്കായി 2,19,133/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇങ്ങനെ അറ്റകുറ്റപ്പണി നടത്തിയ റോഡുകളുടെ ഇപ്പോഴത്തെ** അവസ്ഥ വളരെ ശോചനീയമാണ്. ഓരോ റോഡുകൾക്കും അനുവദിക്കുന്ന തുകയും അപര്യാപ്തമാണ്. ഇതിന് പ്രധാനകാരണം. ജെ. ആർ വൈ പദ്ധതി അനുസരിച്ച് അറ്റകുറ്റപ്പണി നടത്തിയ റോഡുകളുടെയും അവയ്ക്കു ചെലവായ തുകയുടെയും വിവരം പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | പണിയുടെ പേര് | തുക |
|---|---|---|
| 1 | കടുവൻ കുളങ്ങര-PH സെൻറർ റോഡ് | 35,000.00 |
| 2. | മഞ്ജുലേത്ത്-വാഴത്തറ നടപ്പാത | 29,000.00 |
| 3. | കരീകൊട്ടാരം-1742 Jn. നടപ്പാത | 29,000.00 |
| 4. | കൊച്ചുപോച്ച-അറക്കത്തറ നടപ്പാത | 35,000.00 |
| 5. | സതേൺ ഫിഷറീസ്-ലീഡിംഗ് ചാനൽ നടപ്പാത | 29,000.00 |
| 6. | നാലുകണ്ടം-ഊട്ടുപറമ്പ് റോഡ് | 33,133.00 |
| 7. | കൃഷ്ണൻ പറമ്പ്-മീനത്തേപ്പറമ്പു റോഡ് | 29,000.00 |
| | ആകെ | 2,19,133.00 |

ജെ.ആർ.വൈ.പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ 41,600/- രൂപ കിണർ നിർമ്മാണത്തിനും ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമീണ കൈതൊഴിലുകാർക്ക് തൊഴിൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ 49 പേർക്ക് കൈതൊഴിൽ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ പെൻഷൻ പദ്ധതികളനുസരിച്ചു നമ്മുടെ പഞ്ചായത്തിൽ 1293 പേർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. വിവിധ പെൻഷനുകൾ ലഭിക്കുന്നതിന്റെ ഇനം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഇനം | ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|
| 1 | വിധവാ പെൻഷൻ | 129 |
| 2 | വികലാംഗ പെൻഷൻ | 135 |
| 3 | വാർദ്ധക്യകാല പെൻഷൻ | 39 |
| 4 | അവശകലാകാര പെൻഷൻ | 1 |
| 5 | ക്ഷയരോഗ പെൻഷൻ | 22 |
| 6. | ക്യാൻസർ രോഗി പെൻഷൻ | 2 |
| 7 | കർഷകതൊഴിലാളി പെൻഷൻ | 965 |
| 8 | തൊഴിലില്ലായ്മ വേതനം | |
| 9 | | |
| 10 | | |
| 11 | | |
| | ആകെ | 1293 |

സർക്കാർ നടപ്പിലാക്കിവരുന്ന ദാരിദ്രനിർമ്മാർജ്ജന പദ്ധതി അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ വളരെ കുറച്ചു പേർക്കേ ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ. ഈ ആനുകൂല്യങ്ങളിൽ നല്ലൊരു ഭാഗം ഇടത്തട്ടുകാരും അനർഹരും തട്ടിയെടുക്കുന്ന പ്രവണത ഈ പഞ്ചായത്തിലെ മാത്രം പ്രത്യേകത അല്ല. ഇതുമൂലം അർഹരായ പലർക്കും ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നു എന്ന വസ്തുത അംഗീകരിച്ചേ മതിയാവൂ. ഉദ്യോഗസ്ഥതലത്തിലെ അഴിമതി കാര്യക്ഷമത ഇല്ലായ്മ തുടങ്ങിയ കാരണങ്ങളാൽ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാത്ത അവസ്ഥയും ഉണ്ട്. ഐ.ആർ.ഡി.പി. പദ്ധതി അനുസരിച്ചു തയ്യാറാക്കിയ ലിസ്റ്റിലും ധാരാളം അനർഹരായിട്ടുള്ളവർ കടന്നുകൂടിയിട്ടുണ്ട്. പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അർഹരായ ഗുണഭോക്താക്കൾ യഥാസമയം അറിയാത്തതുകൊണ്ട് ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നുണ്ട്.

## അംഗൻവാടി

സംസ്കാര ബോധമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്. നമ്മുടെ നാട്ടിലെ അടിസ്ഥാനവിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അംഗൻ വാടികൾ.

പഞ്ചായത്തിൽ ആകെ 14 അംഗൻ വാടികൾ ഉണ്ട്. ഇതിൽ സ്വന്തമായി കെട്ടിടമുള്ളത് 8 അംഗൻവാടികൾക്കാണ്. സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾക്ക് പോലും കളിസ്ഥലമോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. അംഗൻ വാടികളിൽ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നുണ്ട്.

പഞ്ചായത്തിൽ നിന്നും കുട്ടികൾ ദൂരെയുള്ള സ്കൂളുകളിൽ പോയി പഠിക്കുന്നുണ്ട്. ഇത് കുട്ടികളെ സംബന്ധിച്ചു ഒരു പീഢനമാണ്. ഇതിൽ നിന്നും ഇത്തരം കുട്ടികളുടെ രക്ഷിതാക്കളെ തടയണമെങ്കിൽ നാട്ടിൻ പുറത്തെ അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഇതിന് പഞ്ചായത്ത് ഭരണസമിതിയുടേയും നാട്ടിലെ സാമൂഹികസാംസ്കാരിക പ്രസ്ഥാനങ്ങളുടെയും ബോധപൂർവ്വമായ ഒരു ഇടപെടൽ അത്യാവശ്യമാണ്.

അംഗൻ വാടികൾ കേവലം ഒരു അടിസ്ഥാന വിദ്യാഭ്യാസ കേന്ദ്രം മാത്രമല്ല. അവിടെ പ്രദേശത്തെ കുട്ടികളുടേയും ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യ, പോഷണകേന്ദ്രം കൂടിയാണ്. 6 വയസ്സുവരെയുള്ള കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പുകൾ യഥാസമയം നടത്തുന്നതിന് അംഗൻ വാടികൾ വളരെ സഹായിക്കുന്നു.

അംഗൻവാടികളിലെ കുട്ടികളുടെ ആരോഗ്യപോഷണനിലവാരം ചുവടെ ചേർക്കുന്നു

| പ്രായം | നോർമ്മൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 84 | 63 | 54 | 61 | 1 | 1 | — | — |
| 1-3 വയസ്സ് | 156 | 136 | 88 | 80 | — | — | — | — |
| 3-6 വയസ്സ് | 172 | 165 | 107 | 99 | 39 | 39 | — | — |

1-10 ഗ്രേഡ് ലഘുവായ പോഷണക്കുറവുകൾ

2-10 ഗ്രേഡ് മിതമായ പോഷണക്കുറവുകൾ

3-10 ഗ്രേഡ് ഗുരുതരമായ പോഷണക്കുറവുകൾ

## അംഗനവാടികളിലെ കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവയ്പ്

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി. | | | | പോളിയോ | | | | ഡിറ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിൽ താഴെ | 280 | 73 | 94 | 114 | — | 73 | 94 | 114 | — | — | — | — | — | — |
| 1-3 വയസ്സ് | 573 | — | — | 553 | 373 | — | — | 533 | 373 | 12 | 10 | — | — | 306 |
| 3-6 വയസ്സ് | 649 | — | — | 586 | — | — | — | 586 | — | — | — | — | 306 | 510 |

| ടെറ്റനസ് ടോക്സൈഡ് (TT) | | | |
|---|---|---|---|
| ഗർഭിണികൾ | 1D | 2D | BD |
| 108 | 42 | 56 | 2 |

## പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ പേർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സമിതി മുൻകൈ എടുത്തു സ്വീകരിക്കേണ്ടതാണ്.

DWCRA പദ്ധതിപ്രകാരം ഓരോ വാർഡിലും 2 DWCRA യൂണിറ്റെങ്കിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുക.

വനിതകൾക്കായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം

കൂടുതൽ ആളുകൾക്ക് ട്രൈസം പരിശീലനം നൽകണം.

ട്രൈസം പദ്ധതിയിൽ പരിശീലനം ലഭിക്കുന്നവർക്കുവേണ്ടി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.

സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിനായി വായ്പ ലഭ്യമാക്കണം. കൂടുതൽ ഭവനങ്ങൾ നിർമ്മിച്ചു നൽകണം.

## സാദ്ധ്യതകൾ

ഒരു വാർഡിൽ കുറഞ്ഞത് മൂന്ന് അംഗൻവാടികൾ എങ്കിലും ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിൽ ആകെ 30 അംഗൻവാടികൾ എങ്കിലും വേണ്ടതാണ്.

അംഗൻവാടികളുടെ കെട്ടിടസൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങ [illegible] അംഗൻവാടികൾക്കുള്ള സാദ്ധ്യത ആരായണ

വുന്നതാണ്. അംഗൻവാടിക്ക് കുറഞ്ഞത് 10 സെൻറ് സ്ഥലം എങ്കിലും സ്വന്തമായി ഉണ്ടാവണം. അവിടെ നിർമ്മിക്കുന്ന കെട്ടിടത്തിൽ അടുക്കളയും കക്കൂസും അത്യാവശ്യമായും ഉണ്ടായിരിക്കണം. അംഗൻവാടിയുടെ മുറ്റത്ത് ഒരു ചെറിയ പൂന്തോട്ടവും അടുക്കളഭാഗത്ത് പച്ചക്കറിത്തോട്ടവും ഉണ്ടായാൽ നന്ന്.

ഇതിനുള്ള സ്ഥലം പൊതുസ്ഥാപനത്തിലോ പൊതുസ്ഥാപനങ്ങളോട് ചേർന്നോ പഞ്ചായത്ത് വകയോ ആകാം. ആരെങ്കിലും, സ്ഥലം സംഭാവനയായി നൽകിയാൽ അതും സ്വീകരിക്കാവുന്നതാണ്. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന പണവും ബഹുജനങ്ങളിൽ നിന്നും സ്വരൂപിക്കുന്ന പണവും കെട്ടിടനിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നു.

അംഗൻവാടികേന്ദ്രങ്ങൾ ആരോഗ്യകേന്ദ്രങ്ങളായി പ്രവർത്തിക്കാവുന്നതാണ്. വ്യക്തി ശുചിത്വം പരിസരശുചിത്വം പകർച്ചവ്യാധികൾ പ്രതിരോധമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചു കുട്ടികളുടെ അമ്മമാരെ ബോധവതികളാക്കുന്നതിനുള്ള പ്രവർത്തനം നടത്തേണ്ടതാണ്. ഇതിനായി P.H. സെൻററിലെ ഡോക്ടറുടേയും ലേഡി ഹെൽത്ത് വിസിറ്ററുടേയും മറ്റ് ആരോഗ്യപ്രവർത്തകരുടേയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

അംഗൻവാടികളോടനുബന്ധിച്ചു മഹിളാ സമാജങ്ങളും വനിതാസഹകരണസംഘങ്ങളും രൂപീകരിക്കാവുന്നതാണ്. ഈ സംഘങ്ങൾ വഴി ഉദ്യാനകൃഷി, പച്ചക്കറി, പഴവർഗ്ഗകൃഷി, തയ്യൽ, കൈതൊഴിൽ, പരിശീലനകേന്ദ്രങ്ങൾ, എന്നിവ ആരംഭിക്കാവുന്നതാണ്. സ്ത്രീകൾക്ക് മാത്രമായുള്ള DWCRA പോലെയുള്ള സംരംഭങ്ങളും ഈ സഹകരണസംഘങ്ങൾ വഴി ആരംഭിക്കാം. ഇതിന് ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സേവനം പഞ്ചായത്ത് ഭരണസമിതി ഇടപെട്ട് ലഭ്യമാക്കേണ്ടതാണ്.

കുട്ടികൾക്കുള്ള പഠനസാമഗ്രികൾ കളിക്കോപ്പുകൾ എന്നിവ ശേഖരിക്കുകയും അംഗൻവാടി പ്രവർത്തകർക്ക് മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുകയും വേണം. ഇതിന് വിദ്യാഭ്യാസവകുപ്പിൻെറയും ഗ്രാമവികസനവകുപ്പിൻെറയും സംയുക്താഭിമുഖ്യത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ പരിശീലനപരിപാടികൾ സംഘടിപ്പിക്കണം. ഇതിനുള്ള ചെലവ് ഈ രണ്ടു വകുപ്പുകളും സംയുക്തമായി വഹിക്കണം.

ഈ രീതിയിൽ ബോധപൂർവ്വമായ ഇടപെടലുകളോടെ വരുന്ന പദ്ധതിക്കാലത്ത് ഒപ്പം അംഗൻവാടികളെ ഓരോ സാംസ്കാരിക കേന്ദ്രങ്ങളായി മാറ്റാൻ കഴിയുന്നത് തർക്കമറ്റ സംഗതിയാണ്.

# വനിത

ചരിത്രാതീത കാലത്ത് ജീവിതത്തിന്റെ എല്ലാം രംഗങ്ങളിലും പുരുഷന്മാരേക്കാൾ പ്രാമുഖ്യം സ്ത്രീകൾക്കായിരുന്നു. എന്നാൽ മനുഷ്യജീവിതം പുരോഗതി ആർജ്ജിച്ചതോടുകൂടി തൊഴിൽ മേഖലകളും സാമ്പത്തിക അധികാരങ്ങളും പുരുഷനിൽ നിക്ഷിപ്തമായി. പുരുഷന്മാരെ ആശ്രയിക്കാതെ സ്ത്രീകൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥ സംജാതമായി. ഇവിടെ തുടങ്ങുന്നു സ്ത്രീകളുടെ അടിമത്തത്തിന്റെ ചരിത്രം.

എന്നാൽ കാലാനുസൃതമായ പുരോഗതി സമൂഹം കൈവരിച്ചിട്ടും സ്ത്രീകളുടെ സ്ഥിതിയിൽ ആശാവഹമായ മാറ്റം ഉണ്ടായില്ല. കാരണങ്ങൾ വ്യത്യസ്തങ്ങളാണ്. പല മതങ്ങളും നിലനിർത്തിയ കർശനങ്ങളായ നിയമങ്ങളും അടിച്ചേൽപ്പിക്കപ്പെട്ട ആചാരങ്ങളും സ്ത്രീകളെ വീടിനുള്ളിൽ ഒതുങ്ങിക്കൂടാൻ പ്രേരിതമാക്കി. സ്ത്രീ പഠിക്കേണ്ട ആവശ്യമില്ലെന്നും അതുകൊണ്ട് പ്രത്യേകിച്ചൊന്നും നേടുവാനില്ല എന്ന ധാരണ സമൂഹത്തിൽ രൂഢമൂലമായി.

കുടുംബവ്യവസ്ഥകളിൽ കാലക്രമത്തിൽ വന്ന വ്യതിയാനങ്ങളും സാമൂഹ്യരാഷ്ട്രീയരംഗത്തെ പ്രക്ഷോഭങ്ങളും പ്രവർത്തനങ്ങളും ഈ അവസ്ഥക്ക് മാറ്റം ഉണ്ടാക്കി. സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിക്കുവാൻ തുടങ്ങുകയും സമൂത്തിൽ അവർ അംഗീകരിക്കപ്പെട്ടു തുടങ്ങുകയും ചെയ്തു. തൊഴിൽ മേഖലകളിലും അവരുടെ പങ്കാളിത്തം പ്രകടമാക്കുവാൻ തുടങ്ങി. ജനസംഖ്യയിൽ വന്ന വർദ്ധനവും സാമൂഹ്യരംഗത്തെ മാറ്റങ്ങളും അനുകൂലമായ നിയമനിർമ്മാണങ്ങളും സ്ത്രീകളെ അണിയറയിൽ നിന്ന് അരങ്ങത്തെത്തുവാൻ പ്രാപ്തരാക്കി.

എന്നാൽ ഈ ലഭിച്ച പരിഗണനയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് സ്ത്രീകൾ മുമ്പന്തിയിലേക്ക് കടന്നുവരുന്നില്ല. കാരണങ്ങൾ വിവിധങ്ങളാണെന്ന് സൂക്ഷ്മപരിശോധനയിൽ മനസ്സിലാക്കുവാൻ കഴിയും ഇതിന് മാറ്റം വരുത്തുവാൻ നിയമനിർമ്മാണം കൊണ്ടുമാത്രം സാദ്ധ്യമാകില്ല. ഈ മാറ്റം ത്വരിതപ്പെടുത്തുവാൻ പെട്ടെന്ന് സാധ്യമാകില്ല. പടിപടിയായ പരിശ്രമങ്ങളിലൂടെ മാത്രമേ ഈ മാറ്റം ഉണ്ടാക്കുവാൻ കഴിയൂ.

പുരുഷന്മാരുടെ മനോഭാവത്തിൽ കാലാനുസൃതമായ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു.

കുടുംബങ്ങളിൽ നിലനിൽക്കുന്ന കൃത്യാന്തര ബാഹുല്യം പങ്കു വെയ്ക്കപ്പെടേണ്ടതുണ്ട്.

ഈ മാറ്റത്തോടൊപ്പം എന്നാൽ സ്ത്രീകൾ സ്വയം സന്നദ്ധരാകേണ്ടതുണ്ട്. വിദ്യാഭ്യാസപരമായ വളർച്ച, സാമൂഹ്യസമത്വത്തിലേക്കുള്ള കാൽവെയ്പ് വ്യക്തിത്വവികാസം, നേതൃത്വം കൊടുക്കുവാനുള്ള തന്റേടം എന്നിവ സ്വായത്തമാക്കണം.

നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം സ്ത്രീകളും സ്ഥിരമായ തൊഴിലോ വരുമാനമാർഗ്ഗമോ ഇല്ലാത്തവരാണ്. കാർഷിക, കയർ മേഖലകളുടെ തകർച്ച അവരുടെ ജീവിതത്തെ മുമ്പെന്നത്തേക്കാൾ ദുരിതപൂർണ്ണമാക്കുന്നു. ഒരു ന്യൂനപക്ഷം മാത്രമേ ഉദ്യോഗപദവി വഹിക്കുന്നുള്ളു. എടുത്തുപറയത്തക്ക ഒരു പ്രത്യേകത വിദ്യാഭ്യാസരംഗത്തു പ്രവർത്തിയെടുക്കുന്നതിൽ സ്ത്രീകളുടെ അംഗസംഖ്യ നമ്മുടെ ഗ്രാമത്തിൽ 84% ത്തോളം വരും. എന്നാൽ ഇവിടെയും സാമൂഹ്യമായി ഉന്നതി പുലർത്തുന്ന ഇവർപോലും സാമൂഹ്യമാറ്റത്തിന്റെ അന്തസത്തകൾ ഉൾക്കൊള്ളുവാൻ തയ്യാറാകുന്നില്ല. നമ്മുടെ ഗ്രാമത്തിൽ മഹിളാസംഘടനകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനം കാര്യമായി നടക്കാത്ത സ്ഥിതിയാണ് ഇന്നുള്ളത്. സ്ത്രീകൾക്ക് പരിഗണന നൽകി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും വിവിധ ഏജൻസികളും നടപ്പാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച് പോലും വേണ്ടത്ര അറിവ് വനിതകളിൽ എത്തിക്കുന്നതിനുപോലും ഇന്ന് കഴിയുന്നില്ല. ഈ പോരായ്മ ഒഴിവാക്കുവാനും വനിതകളെ എല്ലാ അർത്ഥത്തിലും മുന്നിൽ കൊണ്ടുവരുവാനുള്ള പ്രവർത്തനങ്ങൾക്ക് ഇനി അമാന്തിച്ചുനിന്നുകൂടാ.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവരികയും ദ്വിതീയ വിവരശേഖരണത്തിലൂടെ കണ്ടെത്തുകയും ചെയ്ത വനിതാ രംഗത്തെ പ്രശ്നങ്ങൾ വിവരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ മുൻഗണനാ ക്രമ

ത്തിൽ നടപ്പാക്കേണ്ടതാണ്.

1. അംഗൻവാടി, മഹിളാസമാജം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ഈ കേന്ദ്രങ്ങളെ വനിതകളുടേയും സാംസ്കാരിക കേന്ദ്രമാക്കി മാറ്റുകയും ചെയ്യുക.
2. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെറുകിട സ്വയം തൊഴിൽ സംരംഭ പരിശീലനകേന്ദ്രം സ്ഥാപിക്കുകയും വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്യുക
3. ശാസ്ത്രീയ അവബോധം വളർത്തുകയും നേതൃത്വ പരിശീലനം നൽകുകയും ചെയ്യുക.
4. അംഗൻവാടികളെ കേന്ദ്രമാക്കി ആരോഗ്യശുചിത്വ പരിപാലന പദ്ധതികളെപ്പറ്റി വനിതകളെ ബോധവൽക്കരിക്കുക
5. പച്ചക്കറി, പുഷ്പകൃഷി, വാഴകൃഷി പദ്ധതികൾ നടപ്പാക്കുന്നതിന് സഹായം നൽകുക. പലമേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിച്ചു വിദ്യാഭ്യാസമേഖലയിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ചെറുതായെങ്കിലും ഭരണരംഗത്തേക്ക് സ്ത്രീകൾ കടന്നുവരുവാൻ തുടങ്ങി. എന്നിട്ടുപോലും സാമൂഹ്യവ്യവസ്ഥിതിയിൽ വന്ന പുരോഗമനപരമായ മാറ്റങ്ങളെ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊള്ളുവാൻ സ്ത്രീ സമൂഹത്തിന് കഴിഞ്ഞില്ല. ഭരണസാമൂഹ്യരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നേടുന്നതിന് ഒരളവുവരെ 73,74 ഭരണഘടനഭേദഗതി സഹായകമായി. കേന്ദ്രസംസ്ഥാന ഭരണരംഗത്തേക്കുകൂടി സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നിയമനിർമ്മാണശ്രമങ്ങൾ നടന്നുവരികയാണ്. ഈ നിയമനിർമ്മാണവും കൂടി പൂർത്തിയായാൽ നമ്മുടെ രാജ്യത്തെ ഭരണനിർവ്വഹണരംഗത്ത് നിർണ്ണായക സ്വാധീനം ചെലുത്തുവാനുള്ള സാഹചര്യം സ്ത്രീകൾക്കുണ്ടാകുകയാണ്.

| ആകെ ജനസംഖ്യ | പുരുഷൻ | സ്ത്രീകൾ | സ്ത്രീകൾ % |
|---|---|---|---|
| 21356 | 10382 | 10974 | 51.39 |

6. സ്കൂളുകളിൽ പാഠ്യേതര പ്രവത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
7. തുല്യജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തുക
8. അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ചു സമ്പാദ്യശീലം വളർത്തുകയും പരസ്പരസഹായങ്ങൾക്കും സന്നദ്ധപ്രവർത്തനങ്ങളിലേക്കും സ്ത്രീകളെ കൊണ്ടുവരിക.
9. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന തരത്തിൽ കാർഷിക കയർ മേഖലയുടെ പുനഃസംഘടനയ്ക്ക് ആവശ്യമായ പദ്ധതി തയ്യാറാക്കുക.
10. സ്ത്രീകൾക്കെതിരെയുള്ള എല്ലാത്തരം പീഡനങ്ങളും അവസാനിപ്പിക്കുന്ന തരത്തിൽ കർശനനിയമനിർമ്മാണം നടത്തുകയും അത് നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സ്ത്രീകളുടെ മേൽനോട്ട സമിതി ഉണ്ടാക്കുകയും ചെയ്യുക.
11. പഞ്ചായത്തുതല വനിതാ ക്ഷേമസമിതി രൂപീകരിക്കുക.
12. SC/ST വനിതകൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ ഏകീകരിക്കുകയും അവ കൃത്യമായി നടപ്പാക്കുന്നുണ്ടെന്നത് ഉറപ്പാക്കുകയും ചെയ്യുക.
13. സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യപരിപാലനം മെച്ചപ്പെടുത്തുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമുള്ള പരിശ്രമം നടത്തുകയും ചെയ്യുക.

*

# പട്ടികജാതി പട്ടികവർഗക്ഷേമം

കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൊതുവായ സ്ഥിതിയിൽ നിന്നും വ്യത്യസ്തമായ ജീവിതരീതിയിൽ മെച്ചപ്പെട്ട സാമൂഹിക സാമ്പത്തിക സ്ഥിതിയോ നമ്മുടെ ഗ്രാമത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് ഉള്ളതായി അവകാശപ്പെടുവാൻ കഴിയുകയില്ല. പുലയർ, പറയർ, തണ്ടാൻ, മണ്ണാൻ, വേലൻ, പുള്ളുവർ എന്നീ വിഭാഗങ്ങളിൽപെട്ട പട്ടികജാതിക്കാരും കുറവൻ, ഉള്ളാടൻ വിഭാഗങ്ങളിൽപെട്ട പട്ടികവർഗ്ഗക്കാരുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. 21,356 പേരുള്ള നമ്മുടെ ഗ്രാമത്തിൽ 1684പട്ടിക ജാതിക്കാരും 47 പട്ടികവർഗ്ഗക്കാരും മാത്രമേയുള്ളു.

പട്ടികജാതി ജനസംഖ്യയിൽ ഏറ്റവും കൂടുതലുള്ളത് പുലയ വിഭാഗത്തിൽ പെട്ടവരാണ്. ഇവരെല്ലാം തന്നെ കാർഷികമേഖലയിൽ കൂലിപ്പണിചെയ്യുന്ന കർഷകതൊഴിലാളികളുമാണ്. പഞ്ചായത്തിന്റെ വടക്കു കിഴക്കൻ പ്രദേശങ്ങൾ ചേർന്നുള്ള 1,2,4,6,8.9,10 എന്നീ വാർഡുകളിലാണ് ഇവർ ഭൂരിപക്ഷവും താമസിക്കുന്നത്. പണ്ടുകാലങ്ങളിൽ സമ്പന്ന കുടുംബങ്ങളിലെ വിസ്തൃതമായ കൃഷിഭൂമികളിൽ കൃഷിജോലികൾ ചെയ്ത് ഈ കുടുംബങ്ങളെ ആശ്രയിച്ച് ഇവർ ജീവിച്ചുപോന്നു. ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന അടിയാൻ ഉടമ വ്യവസ്ഥിതിക്കും ജാതിവ്യവസ്ഥയ്ക്കും വിധേയരായ ഇവർ ക്ലേശകരമായ ജീവിതമാണ് നയിച്ചുപോന്നത്. കർഷക കുടുംബങ്ങളിലെ കുടിയാന്മാരായിരുന്ന ഇവർക്കു ജന്മിമാരുടെ ഔദാര്യമായി ലഭിച്ച തുച്ഛമായ തുണ്ടു ഭൂമികൾ തലചായ്ക്കുന്നതിനുള്ള ഇടമായി മാറി. കൂട്ടുകുടുംബവ്യവസ്ഥിതിയിലുണ്ടായ മാറ്റത്തിനനുസരിച്ചു ഓരോ കുടുംബത്തിനും പ്രത്യേക പാർപ്പിടം എന്ന പുത്തൻ സങ്കൽപം നമ്മുടെ ഗ്രാമത്തിലെ പുലയൻ ഉൾപ്പെടെയുള്ള പട്ടികജാതിക്കാർക്കു സങ്കൽപ്പിക്കാൻ പോലും കഴിയുമെന്നു തോന്നുന്നില്ല.

നമ്മുടെ ഗ്രാമത്തിലെ പറയ സമുദായത്തിൽപെട്ടവർക്ക് പണ്ടുകാലം മുതൽ സമൂഹത്തിൽ മാന്യമായ സ്ഥാനം ഉണ്ടായിരുന്നു. ഇതിന്റെ അംഗീകാരമെന്നോണം തിരുവിതാംകൂർ മഹാരാജാവ് മുപ്പത്തിയാറു പറ പയറ്റടി സ്ഥലവും ഉരിയ കുറച്ചു തൊള്ളായിരം പറനിലവും കരപൊഴിവായി നൽകിയ സംഭവം കരുവാറ്റയിലെ പറയ സമുദായത്തിൽപെട്ടവർക്കു മാത്രം അവകാശപ്പെടാവുന്ന കാര്യമാണ്. ഇപ്രകാരം ലഭിച്ച ഭൂസ്വത്തുക്കൾ ഇന്ന് ഇവരുടെ പക്കലില്ലെന്നുമാത്രമല്ല 10 സെൻറിന് മുകളിൽ ഭൂമിയുള്ളവരാരും തന്നെയില്ല. കരുവാറ്റയിലെ പറയവിഭാഗത്തിൽ പെട്ടവരുടെ ജീവിതനിലവാരം നൂറ്റാണ്ടുകൾക്കുമുമ്പുണ്ടായിരുന്ന സ്ഥിതിയിൽ നിന്നും മാറ്റമുണ്ടായിട്ടുള്ളതായി തോന്നുന്നില്ല.

മറ്റു വിഭാഗങ്ങളിൽപ്പെട്ട ജാതിക്കാരും, സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസമേഖലകളിൽ ഇന്നും പിന്നോക്ക സ്ഥിതിയിൽ തന്നെയാണ്. സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്തിന്റെ ഭാഗമായി കരുവാറ്റാ പഞ്ചായത്തിലെ 25% ഓളം പട്ടിക ജാതിക്കാർ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്തു മാറിയിട്ടുണ്ട്.

## വിദ്യാഭ്യാസനിലവാരം

കുടുംബത്തിലെ മുതിർന്ന ആളുകൾ പാടത്തുപണിക്കും മറ്റു കൂലിപ്പണിക്കും പോകുമ്പോൾ കൊച്ചുകുട്ടികളെ സംരക്ഷിക്കുകയും വീട്ടുജോലികൾ നോക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നതിനാൽ മുതിർന്ന കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുവാൻ അവസരം ലഭിച്ചിരുന്നില്ല. അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ ഇവർക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് തടസ്സമായിരുന്നു. വിദ്യാഭ്യാസരംഗത്ത് അന്നുണ്ടായിരുന്ന പിന്നോക്കാവസ്ഥയ്ക്ക് കാലക്രമേണ മാറ്റമുണ്ടായെങ്കിലും വേണ്ടത്ര പുരോഗതി ഇന്നും ഉണ്ടായിട്ടില്ല. കരുവാറ്റാ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന ആകെ വിദ്യാർത്ഥികളിൽ 9.4% മാത്രമാണ് പട്ടികജാതി-പട്ടികവർഗ്ഗവിദ്യാർത്ഥികൾ. നമ്മുടെ പഞ്ചായത്തിൽ ബിരുദധാരികളായ പട്ടികജാതി പട്ടികവർഗ്ഗക്കാർ വിരലിലെണ്ണാവുന്നവർ മാത്രമാണെന്ന വസ്തുത പിന്നാക്കാവസ്ഥയ്ക്കും വിദ്യാഭ്യാസനിലവാരത്തിലെ പരിതാപകരമായ സ്ഥിതിക്കും തെളിവായി കണക്കാ

ക്കാവുന്നതാണ്. പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്ത പട്ടികജാതിക്കാരായ കുട്ടികൾ ഇന്നും ഇവിടെയുണ്ടെന്ന കാര്യം പ്രത്യേകം എടുത്തു പറയത്തക്കതാണ്. വിദ്യാഭ്യാസനിലവാരത്തിൽ ഈ വിഭാഗത്തിലെ കുട്ടികൾ വളരെ പിന്നിലാണ്.

## തൊഴിൽ മേഖല

വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയുടെ ഫലമായി സർക്കാർ സർവ്വീസിൽ ജോലിയുള്ള പട്ടികജാതിക്കാരുടെ എണ്ണവും വളരെ കുറവാണ്. ഏകദേശം മുപ്പതുപേർക്കു മാത്രമാണ് സർക്കാർ സർവ്വീസിൽ ജോലിയുള്ളത്. ഉയർന്ന തസ്തികകളിൽ ജോലിയുള്ളവർ ആരും തന്നെയില്ല. കുട നെയ്ത്ത്, പനമ്പു നെയ്ത്ത്, പാ നെയ്ത്ത്, തുടങ്ങിയ പാരമ്പര്യ തൊഴിലുകളും കാർഷിക മേഖലകളിൽ കൂലിപ്പണി എടുത്തു ജീവിക്കുന്ന പരമ്പരാഗതരീതിയും ഇന്നും തുടർന്നുവരുന്നു. ഈ വിഭാഗത്തിൽപ്പെട്ടവർ പൊതുവെ അദ്ധ്വാനശീലരാണ്. സർക്കാർ നടപ്പാക്കിയിട്ടുള്ള തൊഴിൽദാന പദ്ധതികൾ ഒന്നും ഫലപ്രദമായി വിനിയോഗിക്കുവാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. കാർഷികമേഖലയിൽ ഇന്നനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ ഇന്ന് ഇവർക്ക് ഒരു പ്രശ്നമായി തീർന്നിരിക്കുകയാണ്.

## പാർപ്പിടപ്രശ്നം

കരുവാറ്റാ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരുടെ പാർപ്പിട സൗകര്യങ്ങളെക്കുറിച്ച് വിലയിരുത്തുമ്പോൾ വളരെ ദയനീയമായ അവസ്ഥയാണ് നമുക്ക് കാണുവാൻ കഴിയുന്നത്. രണ്ടു പട്ടിക ജാതി കോളനികളിലും പതിമൂന്ന് സെറ്റിൽമെൻറ് കോളനികളിലും ഒറ്റ തിരിഞ്ഞ വീടുകളിലുമായിട്ടാണ് ഇവർ താമസിക്കുന്നത്. നാലും അഞ്ചും സെൻറ് വിസ്തൃതിയിലുള്ള പുരയിടങ്ങളിൽ വീടുകൾ വെച്ചാണ് ഇവർ പാർക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപെട്ട 22 പേർക്കു ഹസ്കാപുരം മിച്ചഭൂമി സംസ്ഥാന സർക്കാർ പതിച്ചു നൽകിയിരുന്നുവെങ്കിലും തുച്ഛമായ വിലയ്ക്ക് പലരും അവരിൽ നിന്നും ഭൂമി വിലയ്ക്കുവാങ്ങി ഉടമകളായി മാറി. 20 സെൻറു മുതൽ 60 സെൻറു വരെ ഭൂമി ലഭിച്ച പട്ടികജാതിക്കാരിൽ രണ്ടോ മൂന്നോ പേർക്ക് മാത്രമാണ് ഈ ഭൂമി

### പട്ടികജാതി കോളനികളെ സംബന്ധിച്ച സ്ഥിതിവിവരം

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകൾ |
|---|---|---|---|
| 1 | X | അറയ്ക്കൽ ഹരിജൻ കോളനി | 27 |
| 2 | IV | കുറ്റിപ്പറമ്പിൽ ഹരിജൻ കോളനി | 10 |

### പട്ടികജാതി സെറ്റിൽമെൻറ് കോളനി സംബന്ധിച്ച സ്ഥിതിവിവരം

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകൾ |
|---|---|---|---|
| 1 | X | കാർമൂട് സെറ്റിൽ മെൻറ് കോളനി | 18 |
| 2 | X | നടേപ്പറമ്പ് " | 30 |
| 3 | X | ആവണക്കാട്ടുപറമ്പ് | 10 |
| 4 | IX | മുട്ടിയിൽ " | 19 |
| 5 | IX | കരീത്തറ " | 15 |
| 6 | VIII | വാഴാങ്കേരിൽ " | 10 |
| 7 | VIII | ശാസ്താംപറമ്പ് " | 10 |
| 8 | VIII | കണ്ണഞ്ചേരിപുതുവൽ " | 18 |
| 9 | V | മുഴാങ്കൽ " | 10 |
| 10 | IV | തട്ടുപുരയ്ക്കൽ " | 10 |
| 11 | VI | കളരിയ്ക്കൽ " | 10 |
| 12 | VIII | പുന്നൂർ " | 16 |
| 13 | I | പാവിട്ടേരിൽ " | 10 |

ഇന്നു സ്വന്തമായുള്ളത്.

കരുവാറ്റായിൽ വിവിധ ലക്ഷം വീടുകോളനിയിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് നൽകിയ വീടുകൾക്കുപുറമേ വിവിധ വകുപ്പുകളിലൂടെ 231 വീടുകൾ അനുവദിച്ചുവെങ്കിലും 169 എണ്ണം മാത്രമേ കഴിഞ്ഞിട്ടില്ല.

## ശുദ്ധജലം

മിക്ക കോളനികളോടും അനുബന്ധിച്ചു പൊതുകിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിലെ വെള്ളം

## സർക്കാർ സ്കീം അനുസരിച്ച് അനുവദിച്ച വീടുകളുടെ പട്ടിക.

| അനുവദിച്ച വർഷം | പദ്ധതി | അനുവദിച്ച വീടുകളുടെ എണ്ണം | നിർമ്മാണം പൂർത്തിയായ വീടുകൾ | നിർമ്മാണം പൂത്തീയായ വീടുകൾ |
|---|---|---|---|---|
| 1980-81 | സംയോജിത ഭവനനിർമ്മാണപദ്ധതി | 3 | 3 | — |
| 1981-82 | " | 2 | 2 | — |
| 1985-86 | എൻ.ആർ.ഇ.പി. | 41 | 36 | 5 |
| 1985-89 | ആർ.എൽ.ഇ.ജി.പി. | 95 | 55 | 40 |
| 1987-88 | സംയോജിത ഭവനനിർമ്മാണപദ്ധതി | 1 | 1 | — |
| 1989-90 | ഭൂരഹിത ഭവനനിർമ്മാണപദ്ധതി | 10 | 7 | 3 |
| 1990-91 | " | 3 | 3 | — |
| 1990-91 | ജെ.ആർ.വൈ | 53 | 47 | 6 |
| 1990-91 | അൺ ടൈസ് ഫണ്ട് | 13 | 10 | 3 |
| 1990-91 | സംയോജിത ഭവനനിർമ്മാണപദ്ധതി | 2 | 2 | — |
| 1993-94 | ഭൂരഹിത ഭവനനിർമ്മാണപദ്ധതി | 3 | 1 | 2 |
| 1994-95 | സംയോജിതഭവനനിർമ്മാണപദ്ധതി | 2 | 1 | 1 |
| 1994-95 | ഭൂരഹിതഭവനനിർമ്മാണപദ്ധതി | 2 | 1 | 1 |
| 1995-96 | " | 1 | — | 1 |
| | ആകെ | 231 | 169 | 62. |

പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭവനനിർമ്മാണപദ്ധതി അനുസരിച്ചു ഭവനനിർമ്മാണത്തിന് അനുവദിച്ചിരുന്ന തുക അപര്യാപതമായതിനാലാണ് 62 വീടുകൾ പൂരത്തീകരിക്കുവാൻ കഴിയാതെ പോയത്. നിർമ്മിച്ച വീടുകളഅ മിക്കതും നിലംപതിക്കാറായ സ്ഥിതിയുമാണ്. പലവീടുകളും ഇനിയും വൈദ്യുതീകരിയ്ക്കേണ്ടതായിട്ടുണ്ട്. വീടുകളോടനുബന്ധിച്ചു കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ പദ്ധതിപ്രകാരം കക്കൂസുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിലും അവ ഉപയോഗശൂന്യമായി കിടക്കുന്നു. സ്ഥലപരിമിതിമൂലം കക്കൂസുകളും കിണറുകളും തമ്മിൽ ഉണ്ടായിരിക്കേണ്ട അകലം പലയിടങ്ങളിലും പാലിക്കുവാൻ

കുടിക്കുവാൻ യോഗ്യമല്ല. ഓരു കയറിയ വെള്ളമായതിനാൽ വളരെ അകലങ്ങളിലുള്ള ടാപ്പുകളിൽ നിന്നും സ്വകാര്യവ്യക്തികളുടെ കിണറുകളിൽ നിന്നും ജലം സംഭരിച്ചു വെച്ചാണ് ഇവർ ഉപയോഗിക്കുന്നത്. സംസ്ഥാനഗവൺമെൻറ് പി.എച്ച്.ഇ.ഡി. 1957 ൽ സ്ഥാപിച്ച 45000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്കിൽ നിന്നും കരുവാറ്റായുടെ തെക്കൻ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുവാനുള്ള വെള്ളം ലഭിക്കുന്നില്ല. വാട്ടർ ടാങ്കിൻെറ കപ്പാസിറ്റി അനുസരിച്ച് വിതരണം ചെയ്യാവുന്നതിനേക്കാൾ കൂടുതൽ ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ.ഉള്ള ടാപ്പുകളിൽ കൃത്യമായി ശുദ്ധജലം ലഭിക്കുന്നില്ല. ആയതിനാൽ ഈ സ്കീമിൽ കൂടുതൽ ശുദ്ധജലവിതരണം അസാദ്ധ്യ

മായിതീർന്നിരിക്കുന്നു. കാരമുട്ട് പ്രദേശത്ത് ആവശ്യത്തിന് ശുദ്ധജലം ലഭിക്കുവാൻ സംസ്ഥാനഗവൺമെൻറ് അവിടെ സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാങ്കിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കാം. കരുവാറ്റായിലെ കിഴക്കൻ വാർഡുകളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ ഭവനങ്ങളിൽ ശുദ്ധജലമെത്തിക്കുവാൻ പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

കരുവാറ്റാ പഞ്ചായത്തിൽ 11 പട്ടിക വർഗ്ഗകുടുംബങ്ങൾ മാത്രമാണ് ഉള്ളത്. കുറവർ വിഭാഗത്തിൽ പെട്ട കുടുംബങ്ങളിലായി 36 പേരും ഉള്ളാടൻ വിഭാഗത്തിൽ പെട്ട 3 കുടുംബങ്ങളിലായി 11 പേരും ഉൾപ്പെടെ 47 പേർ. എട്ടു കുടുംബങ്ങൾക്കു മാത്രമേ ഓടുമേഞ്ഞ വീടുകൾ ലഭിച്ചിട്ടുള്ളൂ. പ്രാഥമിക സൗകര്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യവും മറ്റു സർക്കാർ സ്കീം അനുസരിച്ച് അനുവദിച്ചിട്ടുള്ളവയിൽ നിന്നും വ്യത്യസ്ഥമല്ല. കുടിവെള്ളം ലഭിക്കുന്നതിനും സൗകര്യങ്ങളില്ല. വിദ്യാഭ്യാസപരമായും തൊഴിലിൻെറ കാര്യത്തിലും ഇവർക്കും പുരോഗതി ഉണ്ടായിട്ടില്ല. രണ്ടുപേർക്ക് മാത്രമേ സർക്കാർ സർവ്വീസിൽ ജോലി ലഭിച്ചിട്ടുള്ളൂ. പൊതുവേ പറഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരുടെ സ്ഥിതിയും പട്ടികജാതിക്കാരുടേതിൽ നിന്നും വിഭിന്നമാണെന്ന് പറയുവാൻ കഴിയുകയില്ല. ഇങ്ങനെ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളിൽ പെട്ടവർക്ക് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ ലഭ്യമാക്കുകയും ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യാതെ അവരുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയുകയില്ല. മുകളിൽ സൂചിപ്പിച്ചിട്ടുള്ള പൊതുവായ പ്രശ്നങ്ങൾ കൂടാതെ ഗ്രാമസഭകളിൽ നിന്നും നിരവധി പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ജനകീയ ആസൂത്രണപരിപാടിയിലൂടെ ഏതാനും പ്രശ്നങ്ങൾക്കും സർക്കാർ പദ്ധതിയിലൂടെ കുറെ പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ കഴിഞ്ഞേക്കും. എന്നാൽ ഈ പദ്ധതികളെല്ലാം വിജയത്തിലെത്തണമെങ്കിൽ ഈ വിഭാഗത്തിലുള്ള ജനങ്ങൾക്ക് വ്യാപകമായ ബോധവൽക്കരണം നൽകേണ്ടതിൻെറ ആവശ്യകത അനിവാര്യമായിരിക്കുന്നു.

## നിർദ്ദേശങ്ങൾ, പരിപാടികൾ

1. പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കണം. പഞ്ചായത്ത് അംഗങ്ങൾ ഇതു പരിശോധിച്ച് തടസ്സങ്ങൾ തീർക്കണം.
2. പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂളുകളിൽ പ്രത്യേക ട്യൂഷൻ സംഘടിപ്പിക്കണം.
3. ഓരോ ടേമിലും ഈ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം പരിശോധിച്ച്, മെച്ചപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കണം.
4. എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തണം.
5. പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും സൗജന്യമായി ലഭ്യമാക്കണം.
6. കോളേജ് വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും നേടുന്നതിനാവശ്യമായ പ്രോത്സാഹനം നൽകണം.
7. സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുന്നതിനാവശ്യമായ പൊതുവിജ്ഞാനക്ലാസ്സുകൾ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കണം.
8. കാർഷികമേഖലയിൽ ഉണ്ടായിട്ടുള്ള തൊഴിലില്ലായ്മ കണക്കിലെടുത്ത് സ്വയം തൊഴിൽ പദ്ധതികളും സഹകരണാടിസ്ഥാനത്തിൽ ഉല്പാദന യൂണിറ്റുകളും ആരംഭിക്കണം.
9. പട്ടികജാതി കുടുംബസർവ്വേ നടത്തി മുഴുവൻ കുടുംബങ്ങൾക്കും വീടുകൾ ലഭ്യമാക്കണം.
10. പണിപൂർത്തിയാകാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനും നിലവിലുള്ള വീടുകൾ അറ്റകുറ്റപ്പണിയുന്നതിനും പദ്ധതി തയ്യാറാക്കണം.
11. പഞ്ചായത്തിൽ പുതുതായി ആരംഭിക്കുന്ന ശുദ്ധജലപദ്ധതിപ്രകാരം എല്ലാവർക്കും ശുദ്ധജലം എത്തിക്കുക.
12. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകൾ വൈദ്യുതീകരിക്കുക.
13. ഉപയോഗശൂന്യമായ മുഴുവൻ കക്കൂസുകളും പൊളിച്ച് നല്ല രീതിയിലുള്ള കക്കൂസുകൾ നിർമ്മിക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കുക.
14. ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ ആവശ്യമായ ബോധവൽക്കരണം നടത്തുക.
15. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം ലാക്കാക്കി പദ്ധതി ആവിഷ്ക്കരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുമായി പഞ്ചായത്തുതലത്തിൽ സാമൂഹിക സാംസ്കാരിക പ്രവർത്തകരെ ഉൾപ്പെടുത്തി ക്ഷേമസമിതി രൂപീകരിക്കുക.

✱

# കല — സംസ്കാരം

ഭാരതസംസ്കാരത്തിൻെറ വേരുകൾ തേടിച്ചെന്നാൽ അത് വേദകാലത്തിനും അപ്പുറത്തേയ്ക്കു അനന്തമായി പടർന്നുപോയിട്ടുള്ളതായി കാണാൻ കഴിയും. വേദങ്ങൾ, ഉപനിഷത്തുകൾ, പൗരാണിക ഇതിഹാസങ്ങൾ എന്നിവകളുടെ കുത്തക ആരവകാശപ്പെട്ടാലും ശരി, അവയിൽ പലതിലും അന്തർലീനമായിരിക്കുന്ന തത്വങ്ങൾ ഭാരതീയജനമനസുകളിലും ജീവിതക്രമത്തിലും വമ്പിച്ച സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഭൗതികവും ആത്മീയവുമായ ജീവിതചര്യകളുടെ വികാസവും അവയുടെ സമന്വയവും നടത്തി ലോകത്തിനു മാതൃകയായിമാറിയ പാരമ്പര്യം നമുക്കവകാശപ്പെടാനുണ്ട്. മാക്സ് മുള്ളറെപോലുള്ള പാശ്ചാത്യപണ്ഡിതന്മാരെ ഭാരതീയ പാരമ്പര്യത്തേയും, ഭാരതീയദർശനങ്ങളേയും അത്ഭുതാദരങ്ങളോടെ കാണാൻ പ്രേരിപ്പിച്ച ഘടകങ്ങളും മറ്റൊന്നല്ല. ഗുരുകുല വിദ്യാഭ്യാസവും, നളന്ദയും, തക്ഷശിലയും, നമുക്ക് പ്രദാനം ചെയ്ത സാംസ്കാരിക വികാസവും കണാദ, ചാർവ്വാകന്മാരുടെ സിദ്ധാന്തങ്ങളും വേദങ്ങളുടേയും ഉപനിഷത്തുക്കളുടേയും ഉള്ളടക്കവും സമഞ്ജസമായി മേളിക്കുന്ന സാംസ്കാരിക പൈതൃകമാണ് നമുക്കുള്ളത്.

എന്തിന്
"പരസ്പരംഭാവയന്തഃ
ശ്രേയഃപരമവാപ്സ്യഥ"

എന്ന പാരിസ്ഥിതികബോധംപോലും പണ്ടേ ഇവിടെ രൂഢമൂലമായിരിക്കുന്നു. ലോകത്തിന് ആകെ തന്നെ മാതൃകയാവാൻ പോന്ന ഈ പാരമ്പര്യങ്ങളും, തത്വങ്ങളും പരിഷ്ക്കാരങ്ങൾ തേടിയുള്ള പ്രയാണത്തിൽ നമുക്കന്യമായിത്തീർന്നിരിക്കുന്നു. ഇന്നലെകളുടെ അനുഭവസമ്പത്തിലൂടെ മാത്രമേ ഒരു നല്ല നാളയെ നമുക്ക് വിഭാവന ചെയ്യാനാകൂ. സ്വാമിവിവേകാനന്ദൻ ചൂണ്ടിക്കാട്ടിയതുപോലെ നമുക്ക് പൊതുവിലുള്ള അടിസ്ഥാനം നമ്മുടെ പാവനപാരമ്പര്യങ്ങളാണ്. അതിന് മേലാണ് നമുക്കു പടുത്തുകെട്ടേണ്ടത്".

എന്നാൽ ഇവിടെ ഉദിച്ചുയർന്നതും, അസ്തമിച്ചുപോയതും ഇന്നും നിലനിൽക്കുന്നതുമായ വ്യത്യസ്തങ്ങളായ മതങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രകടമായ സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്. നമ്മുടെ സാംസ്കാരിക ചരിത്രം അവയുടെ കൂടി പ്രതിഫലനമാണെന്നു പറയാം. നിറങ്ങൾ ഒറ്റയായി എടുത്താലുള്ള ഭംഗിയല്ല മഴവില്ലിനുള്ളത്. വർണ്ണങ്ങൾ കൂടിച്ചേരുമ്പോഴുള്ള ഭംഗിയാണ് അതിനെ ആകർഷകമാക്കിമാറ്റുന്നത്. തുടർന്ന് അങ്ങോട്ടുള്ള സാംസ്കാരികത്തനിമ ഈ ഉദാഹരണത്തെ പ്രതിഫലിപ്പിക്കാൻ പോന്നതാണ്. വ്യത്യസ്തങ്ങളായ ജനവിഭാഗങ്ങളുടെ വ്യത്യസ്തമായ ആചാരമര്യാദകളുടേയും വിശ്വാസങ്ങളുടേയും, ഭാഷകളുടേയും, വേഷഭൂഷാദികളുടേയും സമ്യക്കായ സമ്മേളനത്തെയാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്. നാനാത്വത്തിൽ അധിഷ്ഠിതമായ ഏകത്വം എന്ന മഹത്തായ ധാരയിൽ നാം ഇന്ന് എത്തിനിൽക്കുന്നു

ഈ പൊതുധാരയിൽ നിന്നും ഭിന്നമല്ല നമ്മുടെ ഗ്രാമത്തിൻെറയും സാംസ്കാരികതനിമ. പറഞ്ഞു പറഞ്ഞു പതംവന്ന ചൊല്ലുകളും, നാടൻ പാട്ടിൻെറ ശീലുകളും വള്ളപ്പാട്ടിൻെറയും കുത്തിയോട്ടപ്പാട്ടിൻെറയും താളാത്മകതയും ഒത്തുചേർന്ന സാംസ്കാരികപരിവേഷം നമുക്കു സ്വന്തമായി ഉണ്ട്. പരമ്പരാഗതമായി നിലനിന്നുപോന്ന പാണൻ പാട്ട്, പുലയൻ പാട്ട്, ഞാറ്റുപാട്ട്, പുള്ളുവൻ പാട്ട്, തുടങ്ങിയവയുടെ ലാളിത്യവും, മാധുര്യവും, നമ്മേ ധന്യരാക്കിയിട്ടുണ്ട്.

കുട്ടയും മുറവും മറ്റും നിർമ്മിക്കുമ്പോൾ
പാടിവന്നിരുന്നതും

"ചാമ്പക്കചോലിൽ ചെന്നേ
തെയ്യംതാരാ.....
വട്ടിയും നൊച്ചനിട്ടേ
തെയ്യംതാരാ.....

എന്നിങ്ങനെ ആരംഭിക്കുന്നതുമായ പാട്ടുകൾ നമ്മുടെ ഗ്രാമത്തിന് അവകാശപ്പെട്ടതാണ്.

വിദേശടൂറിസ്റ്റുകളെപ്പോലും ആകർഷിക്കാൻ പോന്ന പായിപ്പാട് വള്ളംകളിയിലെ നമ്മുടെ പങ്കാളിത്തം എടുത്തുപറയത്തക്കതാണ്. സ്വന്തമായി ചുണ്ടൻ വള്ളമുള്ള നമ്മുടെ ഗ്രാമത്തിലും നടന്നുവരുന്ന കരുവാറ്റാ വള്ളംകളി ഒരു വലിയ വിഭാഗം ജനങ്ങളെ

ആകർഷിക്കുവാൻ പര്യാപ്തമായി തീർന്നിട്ടുണ്ട്. കേരളത്തിലെ ജലമേളകളുടെ പട്ടികയിൽ കരുവാറ്റാ ജലോത്സവത്തിന് നിർണ്ണായകസ്ഥാനമാണുള്ളത്.

സ്വാതന്ത്ര്യലബ്ധിക്കു വളരെ മുമ്പുതന്നെ ഇവിടെയും ഗ്രന്ഥാലയങ്ങളും അതോടനുബന്ധിച്ചുള്ള വായനശാലയും പ്രവർത്തനക്ഷമമായിരുന്നു. കുമാരപുരം പബ്ളിക് ലൈബ്രറിയും കരുവാറ്റാ വടക്ക് ഗ്രന്ഥശാലയും വായനശാലയും നമ്മുടെ പഴയകാല സാംസ്കാരിക സ്ഥാപനങ്ങളാണ്.

പ്രൊഫഷണൽ, അമച്വർ, നാടകസംഘങ്ങൾ ഇവിടെ രൂപം കൊണ്ടിട്ടില്ലെങ്കിലും നാട്ടുകാരായ കലാകാരന്മാരെ വളർത്തിയെടുക്കുവാൻ പര്യാപ്തങ്ങളായ പ്രവർത്തനങ്ങൾ വിദ്യാഭ്യാസസ്ഥാപനങ്ങളും, ക്ലബ്ബുകളും കേന്ദ്രീകരിച്ചു ഇവിടെ നടന്നിരുന്നു. ശ്രീ. കൈനിക്കര കുമാരപിള്ളയുടെ നേതൃത്വത്തിൽ, കരുവാറ്റാ സ്കൂളിൽ അരങ്ങേറിയിട്ടുള്ള നാടകങ്ങളും അതോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായിക്കാണാം.

നമ്മുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കു തിളക്കം കൂട്ടുവാനും, സാമൂഹ്യപ്രവർത്തനരംഗത്ത് വ്യക്തിമുദ്ര പതിപ്പിക്കുവാനും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സാംസ്കാരികസംഘടനകൾക്ക് കഴിഞ്ഞിട്ടുണ്ട്. അവയുടെ പട്ടിക അന്യത്ര ചേർത്തിരിക്കുന്നു. ഇതിൽ നെഹ്റുയുവകേന്ദ്രയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടതും കേരളസംഗീതനാടക അക്കാഡമിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതുമായ സംഘടനയാണ് കഴിഞ്ഞ 25 വർഷമായി നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്ന യുവധാര.

ഓണാഘോഷങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന അത്തപ്പൂവിടൽ, തിരുവാതിരകളി, കൈകൊട്ടിക്കളി, തുമ്പിതുള്ളൽ, പുലികളി, ഒപ്പന, മാർഗ്ഗംകളി തുടങ്ങിയവയും വേണ്ടത്ര ശ്രദ്ധയും പ്രോത്സാഹനവും ലഭിക്കാത്തതുമൂലം അന്യം നിന്നുപോകാൻ സാദ്ധ്യതയേറെയാണ്. ക്രിസ്മസിനോടനുബന്ധിച്ചു നടക്കുന്ന കരോൾ ഗായകസംഘങ്ങളുടെ പ്രവർത്തനം ഉത്സവ പ്രതീതി ഉണർത്തുന്നവയാണ്.

വിവിധ ക്ഷേത്രങ്ങളിൽ നടന്നുവരുന്ന ഉത്സവങ്ങളും അതോടനുബന്ധിച്ചുള്ള പരിപാടികളും നമ്മുടെ നാടിന്റെ ആചാരനുഷ്ഠാനങ്ങളും, സാംസ്കാരികതനിമയും ഉത്സാഹത്തിമിർപ്പും പ്രകടമാക്കുന്നവയാണ്. കരുവാറ്റാ വലിയ പറമ്പിൽ ദേവീക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള കളമെഴുത്തും പാട്ടും, മുടിയെഴുന്നള്ളത്ത്, കോലംതുള്ളൽ തുടങ്ങിയവ പൗരാണിക കലാരൂപങ്ങൾ ഇന്നും നിലനിൽക്കുന്നുവെന്നുള്ളതിന് ഉദാഹരണങ്ങളാണ്. കുത്തിയോട്ടം എന്ന അനുഷ്ഠാനകലയും ഈ വിഭാഗത്തിൽവരും. നമ്മുടെ തനതുകലാരൂപങ്ങളായ കഥകളി, ഓട്ടംതുള്ളൽ, ചാക്യാർകൂത്ത് തുടങ്ങിയവ, ഉത്സവരംഗത്തുനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇതു പരിഹരിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിലെ കലാസാംസ്കാരിക പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

1. പഞ്ചായത്തടിസ്ഥാനത്തിലുള്ള അംഗീകാരം ലഭിച്ച കലാസാംസ്കാരികസംഘടനകളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുക.
2. വാർഷികപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാതിരിക്കുവാൻ പര്യാപ്തമായ പരിപാടികൾ ആവിഷ്കരിക്കുക.
3. വായനശാലയുടെ പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കുവാൻ ആവശ്യമായ സഹായം പഞ്ചായത്തു നേതൃത്വത്തിൽ നൽകുക.
4. വായനാശീലം വളർത്തുവാൻ റീഡേഴ്സ് ക്ലബ് രൂപീകരിക്കുക.
5. പുസ്തകവിതരണം സജീവമാക്കുവാൻ വായനശാലാപ്രവർത്തനങ്ങൾ വിപുലീകരിക്കുകയും, പുനഃസംഘടിപ്പിക്കുകയും ചെയ്യുക.
6. 3,5,7 വാർഡുകൾ കേന്ദ്രീകരിച്ചു വായനശാലയും, സാംസ്കാരികകേന്ദ്രവും സ്ഥാപിക്കുക.
7. അന്യം നിന്നുപോകാനിടയുള്ള നാടൻ കലാരൂപങ്ങളെ പരിപോഷിപ്പിക്കുവാൻ സമിതികൾ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
8. കലാ, കായികരംഗം പരിപോഷിപ്പിക്കുവാൻ പഞ്ചായത്തുതല പ്രവർത്തനങ്ങൾ കാര്യക്ഷമവും ഗുണമേന്മയുള്ളതുമാക്കുക, കാലാകാലങ്ങളിൽ കുട്ടികൾക്കായി പഞ്ചായത്തുതല മത്സരങ്ങൾ പതിവായി സംഘടിപ്പിക്കുക.

മലയാളസാഹിത്യചരിത്രത്തിൽ നിരവധി സംഭാവന ചെയ്ത ഒരു മഹത്വ്യക്തിയായിരുന്നു ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻ പോറ്റി. കരുണ ആട്ടക്കഥ, ഉപസ്തരണം തുടങ്ങി നിരവധി കൃതികളുടെ കർത്താവായിരുന്നു അദ്ദേഹം. സർവ്വവിജ്ഞാനകോശത്തിന്റെ എഡിറ്ററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

★ നമ്മുടെ പഞ്ചായത്തിലെ ഏഴാം വാർഡിൽ നാലു പതിറ്റാണ്ടിനുമുമ്പ് ശ്രീ പാലക്കുന്നേൽ നാരായണന്റെ നേതൃത്വത്തിൽ ഒരു കഥകളി കളരി രൂപീകരിച്ചു പ്രാദേശിക കലാകാരന്മാർക്ക് കഥകളി പരിശീലനം നൽകിയിരുന്നു. വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം ഗ്രാമവാസികൾക്കായി കഥകളി അവതരിപ്പിക്കുകയെന്നതും ഈ കഥകളിക്കളരിയുടെ പ്രധാന പരിപാടിയായിരുന്നു.

★ ഊട്ടുപറമ്പ് കേന്ദ്രീകരിച്ചു ശ്രീ. സി. കേശവൻെറ നേതൃത്വത്തിൽ പ്രസിദ്ധമായ ഒരു കാക്കാരശി നാടകസംഘവും പ്രവർത്തിച്ചിരുന്നു. കടുവാവേഷം അവതരിപ്പിച്ചു തിരുവിതാംകൂർ മഹാരാജാവിൻെറ കയ്യിൽനിന്നും പട്ടുംവളയും നേടിയ ശ്രീ. തെക്കെ പറൂർ പരമേശ്വരപ്പണിക്കരുടെ നാമവും, പ്രത്യേകം സ്മരണീയമാണ്.

★ മുഖർ ശംഖ് എന്ന വാദ്യഉപകരണത്തിലൂടെ പ്രാഗത്ഭ്യം തെളിയിക്കുകയും അംഗീകാരം നേടുകയും ചെയ്ത ശ്രീമാൻ കിട്ടപ്പായി ഭാഗവതർ എന്ന കലാകാരനും നമ്മുടെ ഗ്രാമത്തിൻെറ അഭിമാനമായിരുന്നു.

## കലാസാംസ്കാരിക സംഘടനകൾ

| ക്രമ നമ്പർ | പേര് | വാർഡ് |
|---|---|---|
| 1. | സാംസ്കാരികകലാസമിതി | 1 |
| 2. | കാസ്ഗാ | 1 |
| 3. | മഹാത്മാ | 1 |
| 4. | യുണൈറ്റഡ് യംഗ് സ്റ്റേഴ്സ് | 1 |
| 5. | ബ്രദേഴ്സ് ക്ലബ് | 3 |
| 6. | മാവേലി | 3 |
| 7. | യുവധാര | 4 |
| 8. | യുവരശ്മി | 4 |
| 9. | ചർച്ചിൽ ബ്രദേഴ്സ് | 5 |
| 10. | എസ്.എൻ. കലാസമിതി | 6 |
| 11. | സൗപർണ്ണിക | 6 |
| 12. | സാഗരമാത | 6 |
| 13. | യുവനാദം | 8 |
| 14. | നവോദയ | 8 |
| 15. | ഗൈഡ്സ് | 8 |
| 16. | യുവസംഗമം | 8 |
| 17. | തിരുവോണം | 9 |
| 18. | പ്രിൻസ് | 9 |
| 19. | ജനനി | 10 |
| 20. | കരുവാറ്റാ ജലോത്സവസമിതി | 10 |

## ഗ്രന്ഥശാലകൾ

| | | വാർഡ് |
|---|---|---|
| 1 | കുമാരപുരം പബ്ളിക് ലൈബ്രറി | 1 |
| 2. | യുവധാര പബ്ളിക് ലൈബ്രറി | 4 |
| 3. | നവോദയാ പബ്ളിക് ലൈബ്രറി | 7 |
| 4. | Y.M.A. പബ്ളിക് ലൈബ്രറി | 10 |

# വിഭവ സമാഹരണം

**അ**നിയന്ത്രിതമായ വിഭവദാരിദ്ര്യവും പരിമിതമായ വിഭവസമാഹരണസാദ്ധ്യതയും കണക്കിലെടുക്കുമ്പോൾ നമ്മുടെ ഗ്രാമത്തിന്റെ വികസനസ്വപ്നം ഇരുളടഞ്ഞതാണ്. അനുദിനം തകർന്നുകൊണ്ടിരിക്കുന്ന കാർഷികമേഖല, വളർച്ചയെത്താത്ത വ്യവസായമേഖല തുടങ്ങി തൊഴിലുമായി ബന്ധപ്പെട്ട ഏതു മേഖല എടുത്ത പരിശോധിച്ചാലും പിന്നോക്കാവസ്ഥ. കാർഷികരംഗത്തെ ഉൽപാദനക്ഷമത അനുദിനം കുറഞ്ഞുവരുന്നു. ഇരുപ്പൂകൃഷി ഉണ്ടായിരുന്ന പാടശേഖരങ്ങളിലെല്ലാം തന്നെ ഒരുപൂകൃഷിയും വിസ്തൃതമായ കൃഷിഭൂമിയുടെ തരിശിടലും കാർഷിക ഉൽപാദന രംഗത്തെ തകർച്ചയിലാക്കിയിരിക്കുന്നു. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും, ജൈവവളപ്രയോഗത്തിൽ ഊന്നൽ നൽകിയും കൃഷിഭൂമിയുടെ ഓരോ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മണ്ണു പരിശോധന നടത്തി വിദഗ്ധമേൽനോട്ടത്തിൽ കൃഷി നടത്തിയും നമ്മുടെ പ്രദേശത്തിനാവശ്യമായ നെല്ല് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. വ്യവസായ മേഖലയിലും സാദ്ധ്യതകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. വളരെക്കുറച്ച് ചെറുകിട വ്യവസായങ്ങൾ മാത്രം ഉള്ള നമ്മുടെ പ്രദേശത്ത് പുതിയ ധാരാളം വ്യവസായയൂണിറ്റുകൾ ആരംഭിക്കണം.. കയർമേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ പരിപാടികൾ ആവിഷ്ക്കരിക്കണം. കേരളത്തിലെ പൊതുവായ ഉപഭോഗസംസ്കാരം ഈ ഗ്രാമത്തിനേയും പൂർണ്ണമായി ഗ്രസിച്ചിരിക്കുകയാണ്. ഒമ്പതാം പദ്ധതിയിലൂടെ വിവിധ മേഖലകളിൽ ഉൽപാദനം വർദ്ധിപ്പിച്ചു ... ഒരു പരിധിവരെയെങ്കിലും മാറ്റം വരുത്തുവാൻ കഴിയുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

വിവിധ മേഖലകളുടെ ഉന്നതി ലക്ഷ്യമാക്കി ധാരാളം ആവശ്യങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. മിക്ക ആവശ്യങ്ങളും സാധാരണ ജനജീവിതത്തിന് അത്യന്താപേക്ഷിതമാണ് താനും. നമ്മുടെ പഞ്ചായത്തിന്റെ പൊതുവായ ധനസ്ഥിതി പരിശോധിക്കുമ്പോൾ ഈ ആവശ്യങ്ങളുടെ അംശമെങ്കിലും നടപ്പിലാക്കിയെടുക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കേണ്ടതില്ല. സർക്കാർ ഗ്രാന്റുകളെ ആശ്രയിച്ചു മാത്രമാണ് നമ്മുടെ പഞ്ചായത്ത് നിലകൊള്ളുന്നത് എന്നതുകൊണ്ട് വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ സ്വീകരിയ്ക്കേണ്ടിരിക്കുന്നു. സാധാരണക്കാരെ ഇനിയും നികുതിചുമത്തി അധികഭാരം ഏറ്റുക ബുദ്ധിമുട്ടായി തീർന്നിരിക്കുകയാണ്. പഞ്ചായത്തിന്റെ തനതായ ചെലവുകൾ വഹിക്കുന്നതിനുള്ള വരുമാനം പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല എന്ന് വരവ് ചിലവിന്റെ താരതമ്യപഠനത്തിലൂടെ മനസ്സിലാക്കുവാൻ കഴിയും. 1996 ലെ വരവു ചെലവ് സ്റ്റേറ്റുമെൻറിന്റെ ആ പട്ടിക അനുബന്ധമായി ചേർക്കുന്നു.

റൂറൽ ഡവലപ്മെൻറ് ബോർഡിൽ നിന്നും പബ്ളിക് മാർക്കറ്റിന്റെ കെട്ടിടനിർമ്മാണത്തിന് 1952 ൽ 285000/ രൂപ 14% പലിശയ്ക്ക് എടുത്തിരുന്നുവെങ്കിലും നാളിതുവരെ വായ്പ തുക അടച്ചുതീർക്കുവാൻ ശുഷ്കാന്തി കാണിച്ചിട്ടില്ല. ഈ ഇനത്തിൽ 1,38007/- രൂപ വായ്പ തുകയും 11731/- രൂപ പലിശയും ബാക്കിനിൽക്കുന്നു. ഈ തുക അടച്ചു തീർക്കുകയും ടി കെട്ടിടങ്ങളുടെ അറ്റകുറ്റ പണിതീർത്ത് വാടക പുതുക്കി നിശ്ചയിച്ചു പുനർലേലം നടത്തിയാൽ മാർക്കറ്റുവരവിൽ 50% വർദ്ധനവെങ്കിലും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. വികസന സെമിനാറിലെ ... അടിസ്ഥാനമാക്കി രൂപീകരിക്കുന്ന പദ്ധതികൾക്ക് സംസ്ഥാനപദ്ധതി വിഹിതമായി ലഭിക്കുന്ന തുക തീരെ അപര്യാപ്തമായിരിക്കുമെന്ന് ... സൂചിപ്പിച്ചുവല്ലേ? പ്രധാനപ്പെട്ട ആവശ്യങ്ങളിൽ പലതും ഗ്രാമപഞ്ചായത്ത് നേരിട്ടു നടത്തേണ്ടവയുമാണ്. ഇവയ്ക്കായി കുറച്ചു തുക കണ്ടെത്തുന്നതിനായുള്ള ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## നിർദ്ദേശങ്ങൾ

1. കെട്ടിടനികുതി ഈടാക്കുന്നതിന് നിലവിലുള്ള വ്യവസ്ഥക്ക് മാറ്റം വരുത്തണം. 1500 ച. അടിക്ക് മുകളിൽ തറ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് 10% അധികനികുതിയും 200 ച. അടിക്കു മുകളി

ല്യുള്ളവയ്ക്ക് 15% അധികനികുതിയും ഈടാക്കാവുന്നതാണ്.

2. കെട്ടിടങ്ങളുടെ ആഡംബര നിർമ്മാണങ്ങളും മോടിപിടിപ്പിക്കൽ വസ്തുക്കളും വിലയിരുത്തി സർചാർജ് ഈടാക്കാവുന്നതാണ്.
3. ബഹുനിലമന്ദിരങ്ങൾക്ക് ഓരോ നിലയ്ക്കും പ്രത്യേക നികുതി ചുമത്താവുന്നതാണ്.
4. സ്വകാര്യ ധനകാര്യസ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, മെഡിക്കൽ ലബോറട്ടറികൾ, സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകൾ, അൺ എയ്ഡഡ് നെഴ്സറിസ്കൂളുകൾ, ട്യൂട്ടോറിയലുകൾ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വളം കീടനാശിനി വിൽപനശാലകൾ, ആട്ടോമൊബൈൽ വർക്കുഷോപ്പുകൾ, സ്റ്റുഡിയോകൾ, വീഡിയോ റിക്കാർഡിംഗ് സെൻററുകൾ, കേബിൾ ടി.വി. വിതരണക്കാർ, ആഡിറ്റോറിയം എന്നിവയ്ക്കു പുതുതായി നികുതി ചുമത്താവുന്നതാണ്.
5. പഞ്ചായത്തിലെ കടത്തുകൾ ലേലം ചെയ്യുക.
6. പഞ്ചായത്തിലെ ആറുകളിലെ മണൽവാരൽ ലേലം ചെയ്തു കൊടുക്കുക.
7. വിവാഹരജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തുക.
8. പഞ്ചായത്ത് വക സ്ഥലങ്ങളായ വഴിയമ്പലം, കടുവൻകുളങ്ങര എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്കു കൊടുക്കാവുന്നതാണ്.

മനുഷ്യവിഭവം:- നമ്മുടെ ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന വികസന നിർദ്ദേശങ്ങളിലെല്ലാം തന്നെ ഈ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും ജനങ്ങളുടെ സന്നദ്ധസേവനം വാഗ്ദാനമുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പുകാലയളവിൽ ഇത് എത്രമാത്രം പ്രാവർത്തികമാകുമെന്ന് വിലയിരുത്തേണ്ടതുണ്ട്. പ്രതിഫലേച്ഛ കൂടാതെയുള്ള സേവനതൽപരത സമൂഹത്തിൽ നിന്നും അകന്നുകൊണ്ടിരിക്കുന്നു. ഈ പ്രവണതയ്ക്കു മാറ്റം വരുത്താതെ വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുകയില്ല. ഇതിനാവശ്യമായ ബോധവൽക്കരണം ഇനിയും സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള ജനകീയ ആസൂത്രണ പ്രവർത്തന ശൃംഖലയും സാംസ്കാരിക സംഘടനാ പ്രവർത്തകരെയും സംയോജിപ്പിച്ച് പഞ്ചായത്തുതല വികസനസേനയ്ക്കു രൂപം നൽകണം. ഓരോ വാർഡിലേയും തൊഴിൽ രഹിതരായ മുഴുവൻ യുവജനങ്ങളേയും സേവനതൽപരരായ മുഴുവൻ ആളുകളേയും ഇതിൽ ഉൾപ്പെടുത്തി പരിശീലനം നൽകി വികസന പ്രവർത്തനങ്ങൾക്കാവശ്യായ മനുഷ്യവിഭവശേഷി സമാഹരിക്കാവുന്നതാണ്. ഇതിനു പുറമേ പദ്ധതി പ്രദേശത്തെ ജനശക്തിയും ലഭ്യമാക്കണം. അതോടൊപ്പം തന്നെ പദ്ധതിചെലവിലേക്ക് സംഭാവനയായി പണവും ഉൽപന്നങ്ങളും സ്വീകരിക്കാവുന്നതാണ്.

ഈ നിർദ്ദേശങ്ങൾ എല്ലാം തന്നെ പ്രായോഗികമാക്കിയാൽ പോലും നമ്മുടെ ആവശ്യങ്ങൾക്ക് പര്യാപ്തമാകില്ല. എങ്കിലും ഈ പ്രവർത്തനത്തിലൂടെ ജനങ്ങളുടെ മനസ്ഥിതിയിൽ മാറ്റം വരുത്തുവാൻ കഴിഞ്ഞാൽ വികസനരംഗത്ത് കുതിച്ചുചാട്ടം തന്നെ നടത്തുവാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

# പരിസ്ഥിതി

"യത്തേഭൂമേ വിഖാനാമിക്ഷിപ്രം തദപി രോഹതു
മാതേമർമ്മ വിമൃഗ്വരി മാതേ ഹൃദയമർപ്പിപം"

— അഥർവ്വവേദം

അല്ലയോ ഭൂമി, നിന്നിൽ നിന്നും ഞങ്ങൾ കുഴിച്ചെടുക്കുന്നതെല്ലാം വീണ്ടും വേഗത്തിൽ മുളച്ചു വരട്ടെ! നിന്റെ മർമ്മങ്ങളെ മുറിവേൽപ്പിക്കാതിരിക്കട്ടെ! നിന്റെ ഹൃദയം പിളർക്കാതിരിക്കട്ടെ.

മണ്ണ്, ജലം, പക്ഷി മൃഗാദികൾ, സസ്യങ്ങൾ,മനുഷ്യർ എന്നിവയുടെ ഒത്തുചേർന്ന ഒരു വ്യവസ്ഥിതിയെയാണ് നാം ഭൂവിഭവങ്ങൾ എന്ന് ഉദ്ദേശിക്കുന്നത്. ഇവ തമ്മിലുള്ള ഭൗതിക-രാസ-പരിണാമപ്രക്രിയ ആണ് ഈ ഭൂമിയിൽ ജീവരാശിയെ നിലനിർത്തുന്നത് എന്നത് ഒരു സത്യമാണ്. എന്നാൽ നമ്മുടെ അശാസ്ത്രീയവും ദീർഘവീക്ഷണമില്ലാത്തതുമായ പ്രവർത്തനങ്ങൾ ഈ ജീവരാശിയുടെ സമ്പൂർണ്ണനാശത്തിന് വഴിയൊരുക്കും എന്നതിന് സംശയമില്ല.

മറ്റു പ്രദേശങ്ങളിലെന്നപോലെ തന്നെ കരുവാറ്റാ ഗ്രാമത്തേയും ഗ്രസിച്ചുകൊണ്ടിരിക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ നിരവധിയാണ്. മഴക്കാലത്ത് വെള്ളപ്പൊക്കം, മഴതീർന്നാൽ ഉടൻ വരൾച്ച. കാടുകളുടേയും മരങ്ങളുടേയും നശീകരണം ഇതിനൊരു കാരണമാണ്. പക്ഷേ അതിനേക്കാൾ പ്രധാനം, വനേതര ഭൂമിയിൽ വരുത്തിയ മാറ്റങ്ങളും. ജനസംഖ്യാ വർദ്ധനവിനനുസൃതമായി കൂടുതൽ ഭക്ഷ്യോൽപാദനത്തിനും പാർപ്പിടത്തിനുമായി വരുത്തിയതാണ് ഈ മാറ്റങ്ങൾ. ഇതോടൊപ്പം മറ്റു ചില സൗഭാഗ്യങ്ങളും നമുക്കു നഷ്ടമായി. പഴയ നമ്മുടെ വീട്ടുവളപ്പുകൾ എങ്ങനെയായിരുന്നു? നെല്ലും, വിത്തും, മറ്റും ഉണക്കുവാനുള്ള മുറ്റം, മുറ്റം തീരുന്നിടത്തു നിന്നിങ്ങോട്ട് കാടുകയറാത്ത കാട്, കായ്ച്ചു നിൽക്കുന്ന കേരവൃക്ഷങ്ങൾ, അവയ്ക്കിടയിൽ നിറഞ്ഞുനിൽക്കുന്ന പ്ലാവ്, അതിരുചേർന്ന് ആഞ്ഞിലി, മാവ്, വട്ട, വയണ, മുറ്റത്തു തൈമാവ്, നെല്ലി, വേപ്പ്... കിണറ്റരികിൽ നന്ത്യാർവട്ടം, തുളസി, പറമ്പിൽ ഇഞ്ചി, മരച്ചീനി, ചേമ്പ്, ചേന, കാച്ചിൽ, വാഴ, കുരുമുളക്, ശീലാന്തി, പടർന്നുനിൽക്കുന്ന കുരുമുളകുവള്ളി... കുളിക്കുവാൻ വീട്ടുകുളങ്ങൾ, കാവുകൾ, കാവുകളിലുറങ്ങുന്ന ഇരുട്ട്, ഇരുട്ടിൽ ഒളിഞ്ഞിരിക്കുന്ന നാഗയക്ഷിക്കഥകൾ....

അന്ന് നമ്മുടെ വൃക്ഷങ്ങളിലെല്ലാം ധാരാളം പക്ഷികൾ കൂടുകെട്ടിപാർത്തിരുന്നു. അവ നമ്മുടെ നല്ല സുഹൃത്തുക്കളായിരുന്നു. രാവിലെ കൃഷിയിടങ്ങളിലേക്കു പോകുന്നവരോടൊത്ത് അവയും പോകുന്നു. ഉഴുതും കിളച്ചും മറിക്കുന്ന മണ്ണിലെ കൃമി കീടങ്ങളെ തിന്ന് നശിപ്പിച്ച് അവ നമ്മുടെ കാർഷികവിളകളെ കൃത്രിമ കീടനാശിനികളിൽ നിന്നും രക്ഷിച്ചിരുന്നു. അന്ന് ഡി.ഡി.റ്റിയും ഫുറഡാനും ഒക്കെ നമുക്കന്യമായിരുന്നല്ലോ. കൂടുതൽ കൃഷിയിടങ്ങൾക്കും പാർപ്പിടങ്ങൾക്കുമായി കാവുകളും, കുളങ്ങളും, വൃക്ഷങ്ങളും അപ്രത്യക്ഷമായി. ചേക്കേറാനിടമില്ലാതെ പക്ഷികൾ എങ്ങോ പറന്നകന്നു. പലതും നമുക്കന്യമായി. നാം ഡി.ഡി.റ്റിയിലും, ബി.എച്ച്.സി.യിലും ഫുറഡാനിലും ആശ്വാസം കണ്ടെത്തി. കാവുകളിൽ അഭയം തേടിയിരുന്ന പാമ്പുകളും മറ്റു ഉരഗങ്ങളും വഴിയാധാരമായി. അതോടൊപ്പം നാമെല്ലാം ഉൽപാദിപ്പിക്കുന്ന ഭക്ഷണപദാർത്ഥങ്ങളിൽ നാൽപതു ശതമാനവും തിന്നൊടുക്കുന്ന എലികൾ അനിയന്ത്രിതമായി വർദ്ധിച്ചു. വൃക്ഷങ്ങൾ, അപ്രത്യക്ഷമായതോടെ പച്ചിലവളം ഒരു അപൂർവ്വസാധനമായി. രാസവളങ്ങൾ തൽസ്ഥാനങ്ങൾ കയ്യടക്കി.

അതിരുകളിൽ വേലികളുടെ സ്ഥാനം മതിലുകൾ കയ്യടക്കികഴിഞ്ഞതോടെ മനുഷ്യബന്ധങ്ങളിൽ എന്നപോലെ പരിസ്ഥിതിയിലും വളരെയളവിൽ മാറ്റം ഉണ്ടായിട്ടുണ്ട്. വേലിക്കമ്പുകളായി നാട്ടിയിരുന്ന കടലാവണക്ക്, ശീമക്കൊന്ന എന്നിവയുടെ നാശം നമ്മുടെ ജൈവസമ്പത്തിനെ നന്നേ നഷ്ടപ്പെടുത്തി. കരുക്, ശീലാന്തി, ഇലവ് തുടങ്ങിയ പലതിനും വേലിയിലല്ലേ നാം ഏറിയപങ്കും സ്ഥാനം കൊടുത്തിരുന്നത്. എരിക്ക്, അമൃത്, കുറുന്തോട്ടി, ഓരില, മൂവില, കരികുറിഞ്ഞി, വാതംകൊല്ലി.... ഇങ്ങനെ എത്രയെത്ര ഔഷധസസ്യങ്ങൾ ഈ വേലികളിൽ നിറഞ്ഞിരുന്നു. ഇല്ല, ഇല്ല ഇല്ലായ്മകളുടെ പല്ലവി കേട്ട് നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്ന അമൂല്യസമ്പത്തുകളോടൊപ്പം നല്ല

അയൽ ബന്ധങ്ങളും നമുക്കന്യമാകുന്നില്ലേ. ഇങ്ങനെ. ഒരു പുരോഗതി നമുക്കാവശ്യമാണോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

രാസവളങ്ങളും കീടനാശിനികളും ക്രമാതീതമായി ഉപയോഗിക്കാൻ തുടങ്ങിയതോടെ മഴക്കാലത്ത് ഇവ റോഡുകളിലേക്കും നദികളിലേക്കും ഒഴുകിയെത്തി. അങ്ങനെ ജലമലിനീകരണത്തിന് നാന്ദികുറിച്ചു. ജല സസ്യങ്ങളിലും ജലജീവികളിലും നാശത്തിന്റെ വിത്തു പാകി. കരുവാറ്റാ പ്രദേശങ്ങളിൽ കഴിഞ്ഞ കുറേ വർഷങ്ങളിലായി ഉൾനാടൻ മത്സ്യങ്ങളിൽ കണ്ടുവ രുന്ന മാരകരോഗം മനുഷ്യജീവനും ഒരു മുന്നറിയിപ്പാണ്. പാടങ്ങളിൽ നിന്നും തവളകളെ പിടിച്ചു അവയെ വംശനാശത്തിന്റെ വക്കിലാക്കി. നെൽകൃഷിയെ ബാധിച്ചിരുന്ന മുഞ്ഞക്കും, കൊതുകുകളുടെ അനിയന്ത്രിതമായ വർദ്ധനക്കും ഇതും ഒരു കാരണമായി. ഒരു പ്രത്യേക വിഭാഗം കൊതുകു പരത്തുന്ന മസ്തിഷ്ക ജ്വരം എന്ന ഭീകരരോഗം ഈ വർഷം കരുവാറ്റായിലും എത്തിനോക്കി.

മഴവെള്ളം നമുക്കു ശേഖരിക്കേണ്ടിയിരിക്കുന്നു. ആവുന്നത്ര മഴവെള്ളം ഭൂഗർഭജലമാക്കി മാറ്റുന്നതിന് നമുക്കും യത്നിക്കാം. കുഴൽ കിണറുകളുടെ ക്രമാതീതമായ വർദ്ധന നമ്മുടെ ഭൂഗർഭജലസമ്പത്തിന് ഭീഷണിയാകുന്നില്ലേ? ഓരോ കുടുംബങ്ങളിലും മുമ്പ് നിലനിന്നിരുന്ന കുളങ്ങൾ ഓരോ ചെറു ജലസംഭരണി കളായിരുന്നില്ലേ? നിലവിലുള്ള സ്വകാര്യകുളങ്ങൾ നിലനിർത്തുവാൻ നമുക്കു തീരുമാനിക്കാം. പൊതുകുളങ്ങൾ, ആരാധനാലയത്തോടനുബന്ധിച്ചുള്ള കുളങ്ങൾ എന്നിവ നിലനിർത്തുന്നതിനും വൃത്തിയായി സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത്, സന്നദ്ധസംഘടനകൾ, പൊതുജനങ്ങൾ എന്നിവ കൂട്ടായി നേതൃത്വം നൽകണം. നിലവിലുള്ള പൊതുകാവുകൾ സംരക്ഷിക്കുവാൻ ഗ്രാമപഞ്ചായത്ത്, സന്നദ്ധസംഘടനകൾ, പൊതുജനങ്ങൾ, എന്നിവർ ഒത്തുചേരണം. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കാവുകൾ സംരക്ഷിക്കുവാൻ ഗ്രാമപഞ്ചായത്ത് വേണ്ട നടപടികൾ സ്വീകരിക്കണം. പൊതുസ്ഥലങ്ങൾ ആരാധനാലയങ്ങൾ, സ്കൂളുകൾ, വഴിയോരങ്ങൾ, എന്നിവിടങ്ങളിൽ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുവാൻ ഗ്രാമപഞ്ചായത്ത് വനം വകുപ്പിന്റെ സഹായം തേടണം. വെച്ചുപിടിപ്പിക്കുന്ന വൃക്ഷങ്ങൾ വംശനാശം വന്നുകൊണ്ടിരിക്കുന്നവയും ഔഷധവൃക്ഷങ്ങളുമായാൽ ഉത്തമം.

രാസവളങ്ങൾ, മാരകമായ കീടനാശിനികൾ എന്നിവയുടെ അതിപ്രസരം ഒഴിവാക്കുന്നതിനായി ജൈവവളങ്ങൾ, ജൈവകീടനാശിനികൾ എന്നിവയ്ക്ക് മുൻതൂക്കം നൽകുവാൻ പ്രോൽസാഹനം നൽകേണ്ടിയിരിക്കുന്നു. കുറഞ്ഞ ചിലവിൽ ജൈവവളങ്ങൾ കർഷകർക്ക് ലഭിക്കുന്നതിനുള്ള സാങ്കേതികസഹായം സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ടിയിരിക്കുന്നു.

പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ അമിതമായ ഉപഭോഗം നമ്മുടെ നാട് നേരിട്ടുകൊണ്ടിരിക്കുന്ന പാരിസ്ഥിതിക പ്രശ്നമാണ്.

കരുവാറ്റാ പ്രദേശങ്ങളിലെ വിവിധ വാർഡുകളിലുള്ള തോടുകൾ മാലിന്യവിമുക്തമാക്കുവാൻ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. പായലുകൾ വാരി കരകൃഷിക്ക് ഉപയുക്തമാക്കിയും ജലനിർഗ്ഗമനമാർഗ്ഗങ്ങൾ സുഗമമാക്കിയും തോടുകളെ ശുദ്ധീകരിക്കുവാൻ പൊതുജനങ്ങൾക്കും ഗ്രാമപഞ്ചായത്തിനും കൂട്ടായി ശ്രമിക്കാം. തോടുകളിലേക്ക് കെട്ടിയിറക്കിയിരിക്കുന്ന കക്കൂസുകൾ പൊളിച്ചുമാറ്റുവാനും ദുർബലവിഭാഗത്തിൽപെട്ടവർക്ക് കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുവാനും ഗ്രാമപഞ്ചായത്ത് ശക്തമായ നടപടി കൈക്കൊള്ളേണ്ടിയിർക്കുന്നു.

കരുവാറ്റാ ലീഡിംഗ് ചാനലിലൂടെ നിത്യേന കടന്നു പോയ്ക്കൊണ്ടിരിക്കുന്ന ബാർജുകൾ (എണ്ണക്കപ്പൽ) ആറിന്റെ ഇരുകരകൾക്കും ഭീഷണിയായി കൊണ്ടിരിക്കുന്നു. ഈ മേഖലയിലൂടെ കടന്നുപോകുമ്പോൾ അവയുടെ വേഗത നിയന്ത്രിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട വകുപ്പുമായി ഇടപെട്ട് എടുക്കേണ്ടതുണ്ട്.

ലീഡിംഗ് ചാനലിലൂടെയും ചെമ്പുതോടിലൂടെയും കടന്നുവരുന്ന കടൽവെള്ളം കരുവാറ്റായിലെ കാർഷികമേഖലയ്ക്ക് നിരന്തരം ഭീഷണിയുയർത്തുന്നു. നിലവിലുള്ള തൃക്കുന്നപ്പുഴ ഷട്ടർ ഇതിന് ഒരു പ്രധാന കാരണമായിരിക്കും. തൃക്കുന്നപ്പുഴ ഷട്ടറിന്റെ കേടുവന്ന ദ്രവിച്ച വലിയ സുഷിരങ്ങൾ വഴി ലീഡിംഗ് ചാനലിലേക്കും ചെമ്പുതോടിലേക്കും ഉപ്പുവെള്ളം കടന്നുവരുന്നു. അടിയന്തിരമായി സംസ്ഥാനസർക്കാർ ഈ ഷട്ടറുകളുടെയും അറ്റകുറ്റപണികൾ തീർക്കേണ്ടതുണ്ട്. വേലിയേറ്റം, വേലിയിറക്കം എന്നീ പ്രകൃതി പ്രതിഭാസങ്ങൾ നിരീക്ഷിച്ചു ഷട്ടറുകളുടെ പ്രവർത്തനം ക്രമീകരിക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതോടൊപ്പം തന്നെ പരിസ്ഥിതിയെ സംബന്ധിച്ച് പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞാൽ നഷ്ടപ്പെട്ടതൊന്നും തിരികെ ലഭിച്ചില്ലെങ്കിലും പ്രകൃതിയിലെ സൗഭാഗ്യങ്ങൾ സ്വായത്തമാക്കുവാൻ വരും തലമുറയ്ക്കെങ്കിലും കഴിയുമെന്ന് നമുക്കു ആശിക്കാം.

*

# സഹകരണമേഖല

**1904** ൽ കേന്ദ്ര പരസ്പരസഹായ സംഘം നിയമം നടപ്പിൽ വന്നതുമുതലാണ് സഹകരണപ്രസ്ഥാനം ആരംഭിക്കുന്നതെങ്കിലും 1919 ൽ സഹകരണം ഒരു സംസ്ഥാന വിഷയമായി മാറിയതുമുതലാണ് കേരളത്തിലെ സഹകരണപ്രസ്ഥാനം ആരംഭിക്കുന്നത്.

പഞ്ചായത്തിലെ സഹകരണപ്രസ്ഥാനത്തിന് ഏഴരപതിറ്റാണ്ടിലധികം പഴക്കമുണ്ട്. കരുവാറ്റാ ഒരു കുഗ്രാമമായിരുന്ന കാലത്ത് കഴിഞ്ഞ തലമുറയിലെ സമ്പന്നനും പ്രഗത്ഭനുമായിരുന്ന സമുദായത്തിൽ ശ്രീ. കേശവക്കുറുപ്പും സഹപ്രവർത്തകരായ കൂടത്തു പ്രവർത്തിയാർ, കുയ്യാട്ടു കേശവകുറുപ്പ് പ്രവർത്തിയാർ, പ്ലാക്കുഴിയിൽ വക്കീൽ ശങ്കരപിള്ള തുടങ്ങിയവർ ചേർന്ന് രൂപം കൊടുത്ത് രജിസ്റ്റർ ചെയ്ത 812-ാം നമ്പർ വിവിധോദ്ദേശസഹകരണസംഘമാണ് നമ്മുടെ പഞ്ചായത്തിലെ പ്രഥമ സഹകരണസ്ഥാപനം. നാഷണൽ ഹൈവേയിൽ കടുവൻകുളത്തിനു തെക്കുവശം ആസ്ഥാനമായി പലചരക്കു വ്യാപാരം പാൽവ്യവസായം നാളികേര സംഭരണം കുറഞ്ഞ പലിശക്കു പണം വായ്പ കൊടുക്കൽ എന്നീ പ്രവർത്തനങ്ങളുമായി ഈ സഥാപനം ദീർഘകാലം സ്തുത്യർഹമായി സേവനം നടത്തിവന്നു. ആ കാലഘട്ടത്തിൽ ഇന്നത്തേതു പോലെ സർക്കാരിൽ നിന്നോ ബാങ്കുകളിൽ നിന്നോ യാതൊരുവിധ സാമ്പത്തിക സഹായങ്ങളും സ്ഥാപനത്തിന് ലഭിച്ചിരുന്നില്ല. അംഗങ്ങളിൽ നിന്നും ധനസംഭരണം നടത്തിയാണ് പ്രവർത്തനം നടത്തിയിരുന്നത്.

നല്ല രീതിയിൽ സംഘം പ്രവർത്തിച്ചു വളരെ പ്രബലരായ ചില അംഗങ്ങളുടെ കിടമത്സരം മൂലം സംഘത്തിന്റെ പ്രവർത്തനം നിലച്ചുപോയി. തുടർന്ന് ഏതാനും യുവാക്കൾ ഇടപെട്ട് സംഘം പുനഃരുദ്ധരിക്കുകയും യുവതലമുറയുടെ ഒരു ഭരണസമിതി നിലവിൽ വരികയും ചെയ്തു. തുടർന്നു വന്ന ഭരണസമിതി നിർജ്ജീവമാകുകയും ഭരണരംഗത്തെ കെടുകാര്യസ്ഥതമൂലം സംഘം പ്രവർത്തനം നിലച്ചു പോവുകയും ചെയ്തു. എന്നാൽ യാതൊരുവിധ കടബാദ്ധ്യതയുമില്ലാത്ത ഈ സംഘത്തിലെ ഉടമസ്ഥതയിലുള്ള ഭൂസ്വത്ത് വീണ്ടെടുത്ത് പ്രവർത്തനക്ഷമമായ മറ്റേതെങ്കിലും സംഘത്തോട് സംയോജിപ്പിക്കാവുന്നതാണ്.

സമുദായപ്രമാണിമാരും ജന്മിമാരുമായിരുന്ന ശ്രീമാന്മാർ തൈമൂട്ടിൽ കറുത്തപണിക്കൻ പ്രസിഡൻറും തൈപ്പറമ്പിൽ വേലായുധപ്പണിക്കർ സെക്രട്ടറിയുമായി രൂപീകരിച്ചു രജിസ്റ്റർ ചെയ്തു 1113 ൽ (AD) പ്രവർത്തനം ആരംഭിച്ച 1742-ാം നമ്പർ സംഘമാണ് കരുവാറ്റാ പഞ്ചായത്തിലെ ആദ്യത്തെ സർവ്വീസ് സഹകരണ സംഘം. അംഗങ്ങളിൽ നിന്ന് അംഗത്വഫീസും ചെറുനിക്ഷേപവും സമാഹരിച്ചു കർഷകർക്ക് ചെറുവായ്പകൾ വിതരണം ചെയ്യുകയും, നാളികേരസംഭരണത്തിലൂടെ വായ്പ തിരിച്ചീടാക്കുകയും ചെയ്യുന്ന പ്രവർത്തനമാണ് സംഘം ആദ്യകാലങ്ങളിൽ നടത്തിവന്നിരുന്നത്. അമിതപലിശക്കാരായ സ്വകാര്യപണമിടപാടുകാരുടെ ചൂഷണത്തിൽ നിന്ന് ചെറുകിടകർഷകരെ രക്ഷിക്കുന്നതിന് ഒരളവോളം സംഘം പ്രവർത്തനം സഹായകമായി. 69 വർഷങ്ങൾക്കുമുമ്പ് സംഘം ആരംഭിച്ച കാലം മുതൽ ഇന്നേവരെ സാമ്പത്തിക പ്രതിസന്ധികളിൽ പെടാ തെ, സേവനമേഖലകൾ വിപുലീകരിച്ച് നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി ഇന്നും സംഘം നിലനിൽക്കുന്നു.

പഞ്ചായത്തിൽ പ്രവർത്തിച്ചുവന്നിരുന്ന SCS 1776, 2145 എന്നീ സംഘങ്ങൾ സംയോജിപ്പിച്ചു രൂപീകരിക്കപ്പെട്ട SCS 2145, കുറിച്ചിയ്ക്കൽ കേന്ദ്രമായി പ്രവർത്തിക്കുന്ന SCS 1237, ഒന്നാം വാർഡ് കേന്ദ്രമായി പ്രവർത്തിക്കുന്ന എഡഎ 1450 (ഇപ്പോൾ പ്രവർത്തനമില്ല) എന്നിവയാണ് ക്രഡിറ്റ് മേഖലയിൽ നമുക്കുള്ള സ്ഥാപനങ്ങൾ. ക്ഷീരോൽപാദനമേഖലയിൽ മൂന്നും, കയർ വ്യവസായമേഖലയിൽ ഒന്നും സംഘങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ ഒരു സ്കൂൾ സഹകരണസംഘവും, ഒരു ഹരിജൻ സംഘവും, ഒരു സമുദ്രോൽപന്ന സഹകരണസംഘവും, ഉണ്ട്. സമുദ്രോൽപന്നസംഘം ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

പഞ്ചായത്തിൽ ഏഴാം വാർഡ് ആസ്ഥാനമായി 152-ാം നമ്പർ കയർ വ്യവസായസംഘം പ്രവർത്തിച്ചു വന്നിരുന്നു. അനേകവർഷം നല്ല നിലയിൽ പ്രവർത്തി

ച്ചുവന്നിരുന്ന സംഘം സാമ്പത്തിക കെടുകാര്യസ്ഥത മൂലം പ്രവർത്തനം നിൽക്കുകയും പിന്നീട് സമാപ്തി കരിക്കുകയും ചെയ്തു.

## സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

പഞ്ചായത്തിൽ നാല് കാർഷിക വായ്പാ സംഘങ്ങളാണ് നിലവിലുള്ളത്. പഞ്ചായത്തിന്റെ കാർഷിക മേഖലയുടെ നിലനിൽപിനാവശ്യമുള്ള സാമ്പത്തിക പിൻബലം നൽകിവന്നിരുന്നത് ഈ സംഘങ്ങളാണ്., നെൽകൃഷിയും തെങ്ങുകൃഷിയ്ക്കും ആവശ്യമായ ഹ്രസ്വകാല മദ്ധ്യകാല വായ്പകളാണ് പ്രധാനമായും ഈ സംഘങ്ങളിലൂടെ വിതരണം ചെയ്തുവരുന്നത്.

ഒരുവർഷ കാലാവധിയുള്ള തെങ്ങുകൃഷിവായ്പകൾ 6 മാസം കാലാവധിയുള്ള നെൽകൃഷിവായ്പകൾ, കൂടാതെ മദ്ധ്യകാലവായ്പകളും നൽകിവരുന്നു. കാർഷിക ആവശ്യങ്ങൾക്കായി പതിനായിരം രൂപവരെ തുകളുള്ള വായ്പകളാണ് സാധാരണയായി നൽകിവരുന്നത്. കാർഷികവായ്പകൾ തിരിച്ചടയ്ക്കുന്നത് മുഖ്യമായും നാളീകേര ഉൽപന്നമായിട്ടാണ്. നാളീകേരത്തിന്റെ വിലയിലുള്ള കാലാകാലങ്ങളിലുള്ള വ്യതിയാനം വായ്പ തിരിച്ചടവിനെ പ്രതികൂലമായി ബാധിക്കുന്നു. തന്മൂലം വായ്പ എടുത്തവർ കുടിശ്ശികക്കാരായി മാറുകയും സംഘത്തിന് കൃത്യമായ തിരിച്ചടവിന് കഴിയാതെ വരികയും കൃത്യമായും വായ്പ എടുത്തു വിതരണം നടത്തുന്നതിന് കഴിയാതെ വരികയും ചെയ്യുന്നു. നാളീകേര സംഭരണത്തിലെ അപാകതകൾ മൂലവും കർഷകർക്ക് കൃത്യമായ തിരിച്ചടവിന് കഴിയാതെ വരുന്നു. സംഭരിക്കപ്പെടുന്ന നാളീകേരം കൃത്യസമയത്തും ന്യായവിലക്കും വിറ്റഴിക്കാൻ കഴിയാതെ വരുന്നത് സംഘത്തിനും കർഷകർക്കും സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന ഘടകമാണ്. ലേലം മെച്ചപ്പെടുന്ന നാളീകേരം കൃത്യമായും ലേലം കൊള്ളുന്നവർ വില കൊടുത്ത് ഏറ്റെടുക്കാത്തതുമൂലം അംഗങ്ങൾക്കും സ്ഥാപനത്തിനും വമ്പിച്ച സാമ്പത്തിക പരാധീനതയുണ്ടാകുന്നു. നാളീകേരത്തിന്റെ വിലയിടിവ് കാർഷിക വായ്പാസംഘങ്ങളുടെ സാമ്പത്തിക പരാധീനതയ്ക്കു കാരണമായിത്തീരുന്നു.

നിലവിലുള്ള ത്രിതല സംവിധാനം പ്രൈമറി സംഘങ്ങളുടെ വായ്പാ ഇടപാടുകളെ പ്രതികൂലമായി ബാധിക്കുന്നു. ത്രിതല സംവിധാനം നിലനിൽക്കുന്നതുമൂലം ഉയർന്ന പലിശനിർക്കിൽ മാത്രമേ പ്രാഥമിക സംഘങ്ങൾക്ക് വായ്പകൾ വിതരണം ചെയ്യാൻ കഴിയുന്നുള്ളൂ. കാർഷിക മേഖലക്ക് ഉത്തേജനവും പ്രോത്സാഹനവും നൽകുന്ന തരത്തിലുള്ള വായ്പാസംവിധാനമല്ല ഇപ്പോൾ നിലവിലുള്ളത്. ഒരു ഹെക്ടർ സ്ഥലത്ത് നമ്മുടെ പഞ്ചായത്തിൽ 225 തെങ്ങുവരെ കൃഷി ചെയ്തുവരുന്നു. എന്നാൽ 175 എന്ന കണക്കിൻ പ്രകാരം ഒരു തെങ്ങിൻ 80 രൂപ പ്രകാരം മാത്രമാണ് വായ്പകൾ വിതരണം ചെയ്തുവരുന്നത്. ഇത് തികച്ചും അപര്യാപ്തമാണ്. നെൽകൃഷിയ്ക്കുവേണ്ടി വിതരണം ചെയ്യപ്പെടുന്ന വായ്പകൾ 6 മാസത്തിനുള്ളിൽ മാത്രം കാലാവധിയുള്ളവയാണ്. വിളനാശം വിളവെടുപ്പ് സമയത്ത് വായ്പതുക പൂർണ്ണമായും അടച്ചുതീർക്കാൻ കഴിയാതെ വന്നാൽ അംഗം കുടിശ്ശികക്കാരനാവുകയും തുടർന്നുള്ള വായ്പകൾക്ക് അനർഹനായിത്തീരുകയും ചെയ്യും. വായ്പകൾ പുനരുദ്ധരിക്കുന്നതിനും പുതുക്കുന്നതിനുമുള്ള സംവിധാനമില്ലാത്തതിനാൽ അംഗങ്ങൾ സംഘത്തിന്റെ ക്രയവിക്രയധാരയിൽ നിന്നും മാറ്റിനിർത്തപ്പെടുന്നു. ഇത് സംഘത്തിനും അംഗങ്ങൾക്കും സാമ്പത്തികനഷ്ടമുണ്ടാക്കുന്നു.

സംഘങ്ങളുടെ പ്രവർത്തനമേഖല പരിമിതപ്പെടുത്തപ്പെട്ടിരിക്കുന്നു. ഒരു മേഖലയിൽ പ്രവർത്തിച്ചിരുന്ന സംഘം പ്രവർത്തനക്ഷമമല്ലാതായാൽ ആ മേഖലയിലുള്ളവർക്ക് വായ്പാസംഘങ്ങളുടെ സാദ്ധ്യതകൾ നിഷേധിക്കപ്പെടുന്നു. ആ മേഖലയിലുള്ളവരെ സഹകരണസ്ഥാപനങ്ങളുടെ ഗുണഭോക്താക്കളാക്കിത്തീർക്കാൻ സംവിധാനമില്ലാതാകുന്നു.

പ്രാഥമിക സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള സാദ്ധ്യത അപ്പെക്സ് ബാങ്കുകൾ നിർവ്വഹിക്കുന്നില്ലെന്ന ശക്തമായ പരാതികൾ നിലനിൽക്കുന്നു. ഈ രംഗത്തു വന്നിട്ടുള്ള മിച്ചധനം സാമൂഹ്യപുരോഗതിക്കു എപ്രകാരം ഉപയോഗിക്കണമെന്നത് സംബന്ധിച്ച പഠനങ്ങളും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

പ്രൈമറി സംഘങ്ങളിലെ വായ്പാ സംവിധാനങ്ങളുടെ സങ്കീർണതകൾ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് പ്രതിബന്ധമാകുന്നു. വായ്പ തുകയുടെ 1/10 ഓഹരിയാക്കി മാറ്റപ്പെടുന്നത് വായ്പ എടുക്കുന്നതിൻ അംഗങ്ങളെ വിമുഖരാക്കുന്നു. അതോടൊപ്പം ആധാരം രജിസ്റ്റർ ചെയ്യുന്നതിനും മറ്റുമുള്ള ഭീമമായ രജിസ്ട്രേഷൻ തുകയും മറ്റു സങ്കീർണ്ണതകളും ഉണ്ട്. എന്നാൽ കോമേഴ്സ്യൽ ബാങ്കുകളിൽ ഇത്തരം സങ്കീർണ്ണതകളില്ല. കാർഷികമേഖലയുടെ തകർച്ച പ്രൈമറിസംഘങ്ങളുടെ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടുണ്ട്. വായ്പതുകകൾ കൃത്യമായും അടഞ്ഞുതീരുന്നില്ല. കുടിശ്ശികകൾ ഈടാക്കുവാനുള്ള നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുന്നതും ഭാരിച്ച സാമ്പത്തികവ്യയമുള്ളതുമാണ്. ഇത് സംഘങ്ങളുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നു. കൃത്യമായി വായ്പ എടുത്തടയ്ക്കുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള Production cost relief scheme അനുസരിച്ച് സംഘാംഗങ്ങൾക്ക് ലഭിക്കേണ്ടുന്ന തുക വർഷങ്ങളായി കുടിശ്ശിക കിടക്കുകയാണ്.

കുടിശ്ശികകൾ ഈടാക്കിയെടുക്കുവാനുള്ള നടപടിക്രമങ്ങൾ വർഷങ്ങൾ നീണ്ടുപോകുമ്പോൾ തന്നെ ഇതിനനുസൃതമായ തുക സംഘം ഫണ്ടിൽ റിസർവ്വ് വെച്ചുകൊണ്ട് സംഘങ്ങളെ നഷ്ടത്തിലാണെന്ന് പെരുപ്പിച്ചു കാണിക്കുന്ന സഹകരണ audit സമ്പ്രദായം സംഘങ്ങളുടെ പ്രവർത്തനത്തിനും വിശ്വാസ്യതയ്ക്കും ഗുണകരമല്ല.

കാർഷികവും കാർഷികേതരവുമായ വായ്പാസമ്പ്രദായങ്ങളിലും തുക പരിധിയിലും കാലോചിതമായ വർദ്ധനവ് വരുത്തിക്കൊണ്ടും വായ്പാ നിബന്ധനകൾ ലഘൂകരിച്ചുകൊണ്ടുമുള്ള (10000 രൂപവരെ കാർഷികവായ്പ അംഗങ്ങളുടെ പരസ്പരജാമ്യത്തിൽ കൊടുക്കേണ്ടതാണ് എന്നടക്കം) സർക്കാർ ഉത്തരവുകൾക്കനുസൃതമായി നിയമാവലികൾ മാറ്റിയെഴുതി നടപ്പിലാക്കാൻ പ്രാഥമിക സംഘങ്ങൾ വിമുഖത കാണിക്കുന്നു.

പല കാർഷികവായ്പാ സംഘങ്ങളും കാർഷികേതര വായ്പകൾ ലഭ്യമാക്കുന്നതിന് കൂടുതൽ താൽപര്യം കാണിയ്ക്കുന്ന പ്രവണത മൊത്തത്തിൽ ഉണ്ടായിട്ടുണ്ട്.

നിക്ഷേപസമാഹരണത്തിൻെറ രംഗത്ത് സഹകരണസ്ഥാപനങ്ങൾ മുന്നേറ്റം നടത്തിയിട്ടുണ്ടെങ്കിലും commercial ബാങ്കുകളുമായി മത്സരിക്കുന്നതിനുള്ള പ്രാപ്തിയാർജ്ജിച്ചിട്ടില്ല. ജനങ്ങളുടെ വിശ്വാസ്യത ആർജ്ജിച്ചു തങ്ങളുടെ നിക്ഷേപം സഹകരണസ്ഥാപനങ്ങളിലേക്ക് ചാലുകീറി വിടുന്നതിനുതകുന്ന തരത്തിൽ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരൻറിയുണ്ടാകുന്ന സമീപനമുണ്ടാകണം. പഞ്ചായത്തിലെ വിദേശപണത്തിൻെറ (NRI) നിക്ഷേപങ്ങൾ പൂർണ്ണമായും ഏക കൊമേഴ്സ്യൽ ബാങ്ക് ശാഖയിൽ അടിഞ്ഞുകൂടുന്നു. NRI പണം സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെടുന്നതിനുതകുന്ന പദ്ധതികളുണ്ടാകണം. പഞ്ചായത്തിൻെറ service മേഖലയായി രണ്ടു commercial Bank കൾ പ്രവർത്തിക്കുന്നു. SBT Karuvatta (1,2,3,45,7 വാർഡുകൾ) SBT പായിപ്പാട് (6,8,9,10 വാർഡുകൾ) പഞ്ചായത്തിലെ വരുമാനത്തിൻെറ ബഹുഭൂരിഭാഗവും ഈ commercial Bank കളിലാണ്. നിക്ഷേപിക്കപ്പെടുന്നത്. ഇവരാകട്ടെ പഞ്ചായത്തിലെ കാർഷിക മേഖലയും ചെറുകിടവ്യവസയ സംരംഭങ്ങൾ IDRP ഗുണഭോക്താകൾക്കും വായ്പകൾ നൽകുന്നതിന് ഒട്ടും തന്നെ താൽപര്യം കാണിക്കുന്നില്ല. പഞ്ചായത്തിൻെറ വിഭവങ്ങളാകെ ചോർത്തിക്കൊണ്ടുപോകുന്ന ഇത്തരം mommercial Bank ളുടെ പ്രവർത്തനങ്ങൾക്കെതിരായ പൊതുജനവികാരം ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്.

പഞ്ചായത്തിൽ നാല് കാർഷിക വായ്പാ സംഘങ്ങൾ ഉള്ളതിൽ 1,2,3,8 വാർഡുകൾ പ്രവർത്തനമേഖലയായുണ്ട്. SCS 1450 നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമായിരുന്നു. കാർഷികവായ്പകൾ ലഭ്യമാകുന്നതോടൊപ്പം വളം കീടനാശിനി വിതരണം. തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവന്നിരുന്ന ഈ സംഘം ഇന്ന് സാമ്പത്തിക, ഭരണപരമായ കെടുകാര്യസ്ഥത മൂലം സമാപ്തീകരണത്തിൻെറ വക്കിലാണ്.

പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന service സഹകരണസംഘം SCS 1742-ാം നമ്പർ സംഘമാണ്. Working capital കാര്യത്തിലും നിക്ഷേപങ്ങളുടെ കാര്യത്തിലും വായ്പാവിതരണത്തിൻെറ കാര്യത്തിലും മുൻപന്തിയിൽ നിൽക്കുന്നത് ഈ സംഘമാണ്. കാർഷികവും കാർഷികേതരവുമായ വായ്പകൾ വിതരണം ചെയ്യുന്നതോടൊപ്പം വളം കീടനാശിനി എന്നിവ വിതരണം ചെയ്യുന്ന മൂന്നു ഡിപ്പോകളും സംഘത്തിൻെറ കീഴിൽ പ്രവർത്തിക്കുന്നു. കൃഷിക്കാർക്കാവശ്യമായ നെൽവിത്തു, നീറ്റുകക്ക പ്രത്യേക് നാളികേരവികസന പദ്ധതി പ്രകാരമുള്ള നാളികേര വളകിറ്റുകൾ എന്നിവയും സംഘം വിതരണം ചെയ്യുന്നു. ഓണക്കാലത്ത് നിത്യോപയോഗസാധനങ്ങളുടെ വില നിലവാരം പിടിച്ചുനിർത്തുന്നതിനു സഹായകമായ നിലയിൽ ഓണച്ചന്തയും ലീഡ്-ലിറ്റ് സ്കീമിലും, സുഭിക്ഷ സ്റ്റോർ വഴിയും പലചരക്കുസാധനങ്ങളും കൂടാതെ റേഷൻ റീട്ടെയിൽ ഡിപ്പോയും സംഘം നടത്തിവരുന്നു. നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഈ സംഘം പഞ്ചായത്തിലെ ഏറ്റും മികച്ച സഹകരണസ്ഥാപനമായി നിലനിൽക്കുന്നു.

ഇടക്കാലത്ത് സാമ്പത്തിക പ്രതിസന്ധികൾ നേരിട്ട ഈ സംഘം ഇപ്പോൾ വീണ്ടും പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിച്ചുവന്നിരുന്ന SCS 1799, 2145 എന്നീ സംഘങ്ങൾ സംയോജിപ്പിച്ചു രൂപീകരിക്കപ്പെട്ട SCS 2145, പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുവന്നിരുന്ന മറ്റൊരു സഹകരണസ്ഥാപനമാണ്. കാർഷിക, കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നതോടൊപ്പം വളം, വിത്ത്. കീടനാശിനി, നീറ്റുകക്ക എന്നിവയുടെ വിതരണവും സംഘം നടത്തിവരുന്നു. ഒരു Textile store ഉം സംഘം നടത്തിവരുന്നുണ്ട്. പഞ്ചായത്തിലെ ഏറ്റവും മികച്ച കാർഷികവായ്പാസംഘമായി പ്രവർത്തിച്ചുവന്നിരുന്ന കുറിച്ചിയ്ക്കൽ SCS 1237-ാം നമ്പർ സംഘം സാമ്പത്തിക കെടുകാര്യസ്ഥത മൂലം ലിക്വിഡേഷൻെറ വക്കോളമെത്തിയതായിരുന്നു. ഭാരിച്ച ഋണബാദ്ധ്യത മൂലം തളർന്നുപോയ സംഘം പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ നേതൃത്വത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ നെൽകൃഷി മേഖലയോട് സമീപസ്ഥമായി സ്ഥിതി ചെയ്യുന്ന ഈ സംഘം ഉദ്ധരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടത് കാർഷിക മേഖലയുടെ വളർച്ചക്ക് അത്യന്താപേക്ഷിത

മാണ്.

പഞ്ചായത്തിലെ ഏക വ്യവസായ സഹകരണസംഘമാണ് CVCS 350 T-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ സംഘം 3,5 വാർഡ് പ്രവർത്തനമേഖയാണ്. പഞ്ചായത്തിലെ മൊത്തം തൊഴിലാളികൾ കയർ മേഖലയുമായി ബന്ധപ്പെട്ട് പണിയെടുത്തുവരുന്നു. ഇവരിൽ ഭൂരിപക്ഷവും 7-ാം വാർഡിലും 3,5 വാർഡുകളിൽ ഭാഗികമായും ഉൾപ്പെടുന്നു. 1003 അംഗങ്ങൾ ഉള്ള ഈ സംഘത്തിൽ 935 കയർ തൊഴിലാളികളുണ്ട്. പത്തുലക്ഷം രൂപ അംഗീകൃത ഓഹരി മൂലധനമായിട്ടുള്ള ഈ സംഘത്തിന്റെ പ്രവർത്തനമൂലധനം 534264 രൂപയാണ്. 93-94 ൽ 522 ഉം, 94-95 ൽ 560 ഉം 95-96 ൽ 458 ഉം തൊഴിലാളികൾക്ക് മാത്രമാണ് തൊഴിൽ നൽകുവാൻ സംഘത്തിന് കഴിഞ്ഞത്. (നൽകിയ തൊഴിൽ- ഉൽപാദനം-വേതനം-ബോണസ് പട്ടിക അന്യത്ര)

93-94 വരെ ലാഭകരമായി പ്രവർത്തിച്ചിരുന്ന സംഘത്തിന്റെ ഇപ്പോഴത്തെ നഷ്ടം 139442/74 രൂപയാണ്. ഉൽപാദനചിലവിന് അനുസൃതമായ വില ഉൽപന്നത്തിന് ലഭിക്കാത്തതാണ് സംഘത്തിന്റെ നഷ്ടത്തിന്റെ പ്രധാനകാരണമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് രൂപീകരിക്കപ്പെട്ടതാണ് ഈ രംഗത്തെ സഹകരണസംഘങ്ങൾ. കയർ തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സഹകരണ മേഖല നൽകിയ സംഭാവന അവിസ്മരണീയമാണ്. 1973 ൽ കയർ പുനഃസംഘടനാ സ്കീം നടപ്പാക്കിയതിന്റെ ഭാഗമായി തൊണ്ടു സംഭരിച്ചു കൊടുക്കുവാനുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുത്തത് പോരായ്മകൾ ഉണ്ടായിരുന്നെങ്കിൽ സംഘങ്ങളുടെ പ്രവർത്തനത്തിന് ഗുണകരമായിരുന്നു. 1980-ൽ കൊണ്ടുവന്ന ഏകതല ലെവി സമ്പ്രദായം സംഘങ്ങൾക്ക് തൊണ്ടു ലഭിക്കാത്തതുമൂലം നിലനിൽപുപോലും അപകടത്തിലാക്കി. 1988 ൽ കൊണ്ടുവന്ന തൃതല ലെവി സമ്പ്രദായം മൂലം സംഘങ്ങൾക്ക് ലാഭകരമായി പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടായി. 93 ൽ തൊണ്ടു ലെവി സമ്പ്രദായം നിർത്തലാക്കി സംഭരിക്കുന്ന 1000 തൊണ്ടിന് 150 രൂപ സഹായധനം വീതം നൽകാൻ തീരുമാനിച്ചതുമൂലം തൊണ്ടിന്റെ വില 60% വരെ ഉയരുകയും സംഘങ്ങളുടെ പ്രവർത്തനം വീണ്ടും തകരാറിലായി.

സംഘങ്ങളെയാകെ പുനഃസംഘടിപ്പിച്ചു ശക്തമാക്കുന്നതിനുപകരം ABC എന്ന് തരംതിരിച്ച് A ക്ലാസ് സംഘങ്ങളെ മാത്രം സഹായിക്കുകയും ചെയ്യുന്ന സമീപനം മൂലം 3/4 സംഘങ്ങളും ലിക്വിഡേറ്റു ചെയ്യപ്പെടാനിടയുണ്ട്. ഈ സമീപനം ഒഴിവാക്കണം.

ഉൽപാദനരംഗത്ത് ആധുനികവൽക്കരണം അംഗീകരിക്കപ്പെട്ടതോടെ ട്രേഡിൽ റാട്ടുപയോഗിച്ചുള്ള ഉൽപാദനം സഹകരണമേഖലയിൽ ആരംഭിച്ചിട്ടുണ്ട്. ഉൽപാദനചിലവിൽ കാര്യമായ കുറവില്ലെങ്കിലും ആ പോരായ്മകൾ ക്രമേണ പരിഹരിച്ച് ശ്രദ്ധയോടുകൂടിയ നവീകരണം നടപ്പിലാക്കിയാൽ സഹകരണമേഖലയിലെ കയറുൽപാദനം ലാഭകരമായി നടപ്പാക്കാൻ കഴിയും.

കയർ, വ്യവസായമേഖലയിലെ സ്വകാര്യ കുത്തകകളുടെ കടന്നുകയറ്റം നിയന്ത്രിക്കുന്നതിനുള്ള സമീപനം സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകണം.

ക്ഷീരോൽപാദന വിപണരംഗത്ത് മൂന്ന് സഹകരണസംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മൂന്നു സംഘങ്ങളിലുമായി മൊത്തം അംഗങ്ങളാണിപ്പോഴുള്ളത്. ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനും കാലിവളർത്തൽ ലാഭകരമായി നടത്തുന്നതിനും ഉതകുന്ന പ്രവർത്തനഘടനയല്ല മിൽമാ സംഘങ്ങൾക്കുള്ളത്. കൃഷിക്കാർക്കു Apcos സംഘങ്ങൾക്കും ഗുണകരമല്ലാത്ത മിൽമാ നയം മൂലം പാലുൽപാദനം കുറയുക മാത്രമല്ല ഈ രംഗം സ്വകാര്യമേഖലയ്ക്കു വഴിമാറുന്ന സാഹചര്യമാണുള്ളത്. ഒരു ലിറ്റർ പാലിന് 5 രൂപ വരെ ലാഭമെടുക്കുന്ന മിൽമാ പ്രാഥമികസംഘങ്ങൾക്ക് സംഭരണകമ്മീഷനായി കേവലം 12 പൈസ മാത്രമാണ് നൽകുന്നത്. പല സംഘങ്ങളും ഒരു വിധം പിടിച്ചു നിൽക്കുന്നത് ലോക്കൽ സെയിൽസ് നടത്തിയാണ്. സർക്കാരിന് കാര്യമായി ഇടപെടാൻ കഴിയാത്തവിധം വ്യവസ്ഥകളുണ്ടാക്കിയതിന്റെ ഫലമായി സ്വയം സൃഷ്ടിച്ച ഒരു സാമ്രാജ്യത്തിൽ വിരാജിക്കുന്ന മിൽമായുടെ നയങ്ങൾ പൊളിച്ചെഴുതേണ്ടത് ഈ രംഗത്തെ സഹകരണസ്ഥാപനങ്ങളുടെ പുരോഗതിക്ക് അനിവാര്യമാണ്. പാൽ സംഭരണവും വിതരണവും എന്ന തലത്തിൽ നിന്ന് കാലിവളർത്തലിന്റെ വികാസത്തിനും ഉദ്ധാരണത്തിനും ഉതകുന്ന പ്രവർത്തനഘടനയുണ്ടാകണം. പഞ്ചായത്തിലെ മുഴുവൻ വാർഡുകളെയും ക്ഷീരോൽപാദനവിപണന സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ കൊണ്ടുവരുന്നതിനുതകുന്ന വിപുലീകരണം ഉണ്ടാകണം.

പഞ്ചായത്തിലുണ്ടായിരുന്ന Oceanic Products സഹകരണസംഘത്തിന്റെ പ്രവർത്തനം പുനരുദ്ധരിച്ച് തൊഴിൽ മേഖല ശക്തിപ്പെടുത്തുന്നതിന് പരിശ്രമിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമത്തിനായി തൊഴിലുപകരണങ്ങൾ ലഭ്യമാക്കിവന്നിരുന്ന ഒരു സഹകരണസംഘം നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. സാമ്പത്തിക ക്രമക്കേടും കെടുകാര്യസ്ഥതയും മൂലം സംഘം പ്രവർത്തനം സമാപ്തീകരിച്ചുപോയി. തുടർന്ന് ഒരു ഹരിജൻ സഹകരണസംഘം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ സഹായങ്ങൾ ലഭ്യ

മാക്കണം.

വനിതകൾക്കായുള്ള ഒരു സഹകരണസംഘം പോലും നമ്മുടെ പഞ്ചായത്തിലില്ല. വ്യവസായയൂണി. റ്റുകൾ ഉൾപ്പെടുന്ന സഹകരണസ്ഥാപനങ്ങൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. ഇതിനൊക്കെയുള്ള വിപുലമായ സാദ്ധ്യതകൾ നമ്മുടെ പഞ്ചായത്തിനുണ്ട്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളിനോടനുബന്ധിച്ചു പ്രവർത്തിക്കുന്ന സ്കൂൾ സഹകരണസംഘത്തിൻെറ പ്രവർത്തനം സ്കൂൾ പുസ്തകവിതരണത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. പഞ്ചായത്തിലെ മുഴുവൻ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും പഠനോപകരണങ്ങൾ ലഭ്യമാകുന്ന സ്ഥാപനമാക്കിയതു മാറ്റാൻ കഴിയണം.

പഞ്ചായത്തിലെ ഒരു മുഖ്യതൊഴിൽ രംഗമാണ് മത്സ്യബന്ധനവും വിപണനവും. ഈ രംഗം പൂർണ്ണമായും സ്വകാര്യ മേഖലയുടെ ചൂഷണത്തിലാണ്. സ്വകാര്യമേഖലയുടെ ചൂഷണത്തിൽ നിന്നും ഈ രംഗത്തെ വിമുക്തമാക്കുന്നതിനും മത്സ്യതൊഴിലാളികളുടെ മൊത്തത്തിലുള്ള ക്ഷേമത്തിനും ഉതകുന്ന തരത്തിൽ മത്സ്യസംഭരണ, വിപണന, സംസ്കരണ സഹകരണസംഘങ്ങൾ ഉണ്ടാകേണ്ടതുണ്ട്. മൂന്നു പഞ്ചായത്തുകൾ കേന്ദ്രീകരിച്ചു ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നതായി അറിയുന്നു. പഞ്ചായത്തിൻെറ മുഴുവൻ പ്രദേശങ്ങൾക്കും ഗുണകരമാകുന്ന നിലയിൽ ഇതിൻെറ സേവനം ലഭ്യമാക്കേണ്ടതാണ്.

കാർഷികോൽപന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് കാർഷികോൽപന്നങ്ങളുടെ സംഭരണവും വിതരണവും ഏറ്റെടുക്കുവാൻ നിലവിലുള്ള സഹകരണ സ്ഥാപനങ്ങളെ പര്യാപ്തമാക്കേണ്ടതുണ്ട്.

## സഹകരണമേഖലയിലെ നിലവിലുള്ള പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ മുഴുവൻ വാർഡുകളിലുമുള്ള കൃഷിക്കാർക്ക് കാർഷികവായ്പാ സൗകര്യങ്ങൾ ലഭ്യമാക്കാൻ സംവിധാനമില്ല.
2. ക്രഡിറ്റ് സംഘങ്ങളിൽ ഭൂരിപക്ഷവും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ഭാരിച്ച ചെലവുകൾ താങ്ങാൻ കഴിയുന്നില്ല.
3. വായ്പാ സംവിധാനങ്ങളിലെ സങ്കീർണ്ണതകൾ സംഘം വായ്പകൾ അനാകർഷകമാക്കുന്നു.
4. നാളീകേരവിലയിലെ അസ്ഥിരത സംഘങ്ങളെ സാമ്പത്തികമായി ബാധിക്കുന്നു.
5. വായ്പകൾ കൃത്യമായി അടയ്ക്കപ്പെടുന്നില്ല. കുടിശ്ശികകൾ ഈടാക്കാനുള്ള നടപടിക്രമങ്ങൾ സങ്കീർണ്ണവും കാലവിളംബം വരുത്തുന്നതുമാണ്.
6. പലിശനിരക്കുകൾ കൂടുതലാണ്.
7. കയർ സംഘം സാമ്പത്തിക പ്രതിസന്ധിയിലാണ്.
8. ക്ഷീരോൽപാദകസംഘങ്ങളുടെ പ്രവർത്തനം അപര്യാപ്തമാണ്.
9. ഹരിജൻ സംഘം പ്രവർത്തനക്ഷമമായിട്ടില്ല.
10. വനിതാസഹകരണസംഘം ഒന്നുപോലുമില്ല.
11. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന വ്യവസായയൂണിറ്റുള്ള സംഘങ്ങൾ ഒന്നുംതന്നെയില്ല.
12. മത്സ്യവിപണനരംഗത്ത് സഹകരണസംഘങ്ങളില്ല.
13. സ്കൂൾ സംഘത്തിൻെറ പ്രവർത്തനം അപര്യാപ്തമാണ്.
14. സഹകരണമേഖല ഒന്നോ രണ്ടോ ക്രഡിറ്റ് സംഘങ്ങളുടെ പ്രവർത്തനം മാത്രമായി ചുരുങ്ങിയിരിക്കുന്നു.
15. ഹൗസിംഗ് സഹകരണസംഘമില്ല.

## സാദ്ധ്യതകൾ-പരിഹാരങ്ങൾ

1. ക്രഡിറ്റ് സംഘങ്ങളുടെ സാമ്പത്തിക പരാധീനതകൾ ഒഴിവാക്കാൻ ആവശ്യമായ നടപടികൾ
2. നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകി പ്രാഥമികസംഘങ്ങളെ വർദ്ധിപ്പിക്കാൻ കൂട്ടായ പരിശ്രമം.
3. പലിശനിരക്കുകൾ വർദ്ധിപ്പിച്ചത് ഇളവു ചെയ്ത് വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
4. വായ്പാനടപടിക്രമങ്ങളും കുടിശ്ശിക ഈടാക്കാനുള്ള നടപടിക്രമങ്ങളും ലഘൂകരിക്കണം.
5. കാർഷികമേഖല ശക്തിപ്പെടുത്തുന്നതിനുള്ള കാലോചിതമായ വായ്പാ പദ്ധതികൾ ഉണ്ടാകണം.
6. കാർഷിക മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് മുൻ കൈയെടുത്ത് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കണം.
7. ഏറ്റവും കൂടുതൽ മൂലധനവും ആസ്തിയും നിക്ഷേപങ്ങളുമുള്ള SCS 1742 നെ പഞ്ചായത്തിൻെറ ബാങ്കായി അംഗീകരിച്ചു പഞ്ചായത്തിൻെറ പണമിടപാടുകൾ ആ സംഘം മുഖേന നടത്തണം. സ്വർണ്ണ പണയപദ്ധതി ഉടനെ തുടങ്ങണം.
8. ജനങ്ങളിൽ സമ്പാദ്യശീലമുണ്ടാക്കുന്നതിനുതകുന്ന നിക്ഷേപപദ്ധതികൾക്കു ക്രഡിറ്റ് സംഘങ്ങൾ രൂപം നൽകണം.
9. സാധാരണവായ്പയുടെ തുക വർദ്ധിപ്പിക്കണം.

ഓഹരി അനുപാതം1:10 എന്നത് 1:20 ആക്കണം

10. NRI പണം സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെടുന്നതിനുള്ള പദ്ധതികൾ ഉണ്ടാകണം

11. നിത്യോപയോഗസാധനങ്ങൾ സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം.

12. തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യാമാക്കാനുതകുന്ന തരത്തിലുള്ള വ്യവസായ സംരംഭങ്ങൾക്ക് രൂപം നൽകുന്ന യൂണിറ്റുകൾ സഹകരണമേഖലയിൽ ആരംഭിക്കണം. വസ്ത്രനിർമ്മാണം, ഫർണിച്ചർ, സോപ്പ്, കോഴിവളർത്തൽ, തീപ്പെട്ടി, കറിപൗഡർ, പൂ കൃഷി, ഭക്ഷ്യസംസ്കരണം, കയറുൽപന്നങ്ങൾ, നോട്ടുബുക്ക് നിർമ്മാണം, മത്സ്യസംസ്കരണം എന്നിവ ഈ രംഗത്ത് പരിഗണിക്കപ്പെടണം.

13. ഹരിജൻ സഹകരണസംഘത്തിൻെറ പ്രവർത്തനം ശക്തിപ്പെടുത്തണം. മുഴുവൻ ഹരിജനങ്ങളേയും ഇതിൽ അംഗങ്ങളാക്കണം. ഹരിജനങ്ങളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും, സാമൂഹ്യസാമ്പത്തിക ഉന്നതിക്കായും സംഘം പ്രവർത്തിക്കണം.

14. രണ്ടുവാർഡുകൾക്ക് ഒന്ന് എന്ന തോതിൽ ക്ഷീരോൽപാദനസഹകരണസംഘങ്ങൾ ഉണ്ടാകണം. പഞ്ചായത്തിൽ രണ്ടു പുതിയ സംഘങ്ങൾ എങ്കിലും ആരംഭിക്കണം. സംഘങ്ങളുടെ ചുമതലയിൽ തീറ്റപ്പുൽകൃഷി, സബ്സിഡി നിരക്കിൽ, കാലിത്തീറ്റ, കന്നുകാലികളെ വാങ്ങുന്നതിനുള്ള വായ്പകൾ, എന്നിവ ലഭ്യമാക്കുക.

15. കയർ സംഘങ്ങളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും സ്വകാര്യമേഖലയുടെ കടന്നുകയറ്റം പ്രതിരോധിക്കുന്നതിനും ഉതകുന്ന നടപടികൾ ഉണ്ടാകണം. സംഘം പ്രവർത്തനത്തിനാവശ്യമായ തൊണ്ടുസംഭരണത്തിനും, ഉൽപ്പന്നങ്ങൾക്ക് ഉൽപാദനച്ചിലവിനനുരോധമായ വില ലഭിക്കുന്നതിനും ഉൽപാദനവർദ്ധനവിന് ആധുനിക സംവിധാനങ്ങളുടെ നവീകരണത്തിനും സംവിധാനമുണ്ടാകണം.

16. സ്കൂൾ സംഘം പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ ഉൽപാദിപ്പിച്ചു വിതരണം നടത്തുന്ന തരത്തിൽ പ്രവർത്തനം വ്യാപിക്കണം. ഇതിനായി നോട്ടുബുക്കുകളുടെ നിർമ്മാണം കുട്ടികളെതന്നെ ഏൽപ്പിക്കാവുന്നതാണ്.

17. സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുന്നതുമൂലം സംഘങ്ങളുടെ തൻചെലവ് വർദ്ധിക്കുന്നു. ഇത്തരത്തിലുള്ള സംഘങ്ങളുടെ സാമ്പത്തിക പരാധീനത പരിഹരിക്കാൻ സർക്കാർ സഹായം ഉണ്ടാകണം.

18. മത്സ്യസംഭരണവിതരണരംഗത്തെ ഇടത്തട്ട് ചൂഷണം ഒഴിവാക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന മത്സ്യസഹകരണസംഘങ്ങൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കണം.

19. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു ഹൗസിംഗ് സഹകരണസംഘം രൂപീകരിക്കണം.

20. വിവിധയിനം വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് സഹകരണാടിസ്ഥാനത്തിൽ തൊഴിലാളികളുടേതായ Contract Society സ്ഥാപിതമാകണം.

## ക്ഷീരോൽപാദനസംഘം സംബന്ധിച്ച വിവരങ്ങൾ

| സംഘം | പ്രവർത്തനമേഖല മേഖല | ആരംഭിച്ച വർഷം | അംഗങ്ങൾ | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം |
|---|---|---|---|---|
| കന്നുകാലിപ്പാലം ക്ഷീരോൽപാദകസംഘം | 6710 വാർഡുകൾ | 1984 | 509 | 5090 |
| കരുവാറ്റാ തെക്ക് ക്ഷീരോൽപാദകസംഘം | 3.5 വാർഡുകൾ | 1984 | 333 | 3330 |
| കരുവാറ്റാ വടക്ക് ക്ഷീരോൽപാദകസംഘം | 2,4,6 വാർഡുകൾ | 1982 | 343 | 3430 |

## സംഘങ്ങളിലെ ക്ഷീരോൽപാദനവിതരണം സംബന്ധിച്ച കണക്ക്

### കന്നുകാലിപ്പാലം ക്ഷീരോൽപാദകസംഘം

| വർഷം | സംഭരിയ്ക്കുന്ന പാൽ Lr | പഞ്ചായത്തിനുള്ളിൽ വിതരണം ചെയ്യുന്നവാൻ പാൽ | പഞ്ചായത്തിനു വെളിയിൽ വിതരണം ചെയ്യുന്ന പാൽ |
|---|---|---|---|
| 1990-91 | 188311.4 | 30815.1 | 157496.3 |
| 91-92 | 198673.4 | 34613.0 | 164060.4 |
| 92-93 | 209871.6 | 37512.4 | 172359.2 |
| 93-94 | 213980.4 | 43068.8 | 170911.6 |
| 94-95 | 222790.4 | 49034.1 | 173756.3 |

### കരുവാറ്റ തെക്ക് · ക്ഷീരോൽപാദകസംഘം

| | | | |
|---|---|---|---|
| 1990-91 | 73668.2 | 27181.2 | 46487.0 |
| 91-92 | 129731.9 | 28553.3 | 101178.6 |
| 92-93 | 134515.3 | 19136.3 | 115379.0 |
| 93-94 | 142121.9 | 27337.1 | 114784.8 |
| 94-95 | 117230.9 | 24136.4 | 93094.5 |

### കരുവാറ്റ വടക്ക് ക്ഷീരോൽപാദകസംഘം

| | | | |
|---|---|---|---|
| 1990-91 | 87201.3 | 18098.6 | 69102.7 |
| 91-92 | 91415.5 | 15311.0 | 76104.9 |
| 92-93 | 103798.7 | 11927.1 | 91871.6 |
| 93-94 | 82653.0 | 13500.7 | 69152.3 |
| 94-95 | 77564.4 | 13965.5 | 63598.9 |

### കയർ വ്യവസായ സംഘം — സംബന്ധിച്ച വിവരങ്ങൾ

| സംഘത്തിൻെറ പേര് | സ്ഥാപിച്ച വർഷം | സംഭരിച്ച മുലധനം | അഗങ്ങൾ |
|---|---|---|---|
| CVCS 350 | 1961 | 534264 | 1003 |

## കയർ വ്യവസായസംഘം നൽകിയ തൊഴിൽ, കൂലി സംബന്ധിച്ച വിവരങ്ങൾ

| വർഷം | തൊഴിൽ ലഭിച്ച തൊഴിലാളികളുടെ എണ്ണം | കൂലിയിനത്തിൽ നൽകിയ തുക | ബോണസ് നൽകിയ തുക |
|---|---|---|---|
| 1993-94 | 522 | 237873.78 | 34838.86 |
| 1994-95 | 560 | 338465.59 | 47345.00 |
| 1995-96 | 458 | 341210.24 | 67667.80 |

## കയർ വ്യവസായസംഘം-ഉൽപാദനം സംബന്ധിച്ച വിവരം

| | 1993-94 | | 94-95 | | 95-96 | |
|---|---|---|---|---|---|---|
| ഇനം | തൂക്കം ക്വിൻറൽ | വില | തൂക്കം ക്വിൻറൽ | വില | തൂക്കം ക്വിൻറൽ | വില |
| കയർ | 372.50 | 5587.50 | 450.65 | 675975 | 430 | 645000 |

# കാർഷികവായ്പാസഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| സംഘം | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ജീവനക്കാർ | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | പരമാവധി കടം എടുക്കാവുന്ന തുക | നിക്ഷേപങ്ങൾ | നൽകിയിട്ടുള്ള മൊത്തം വായ്പകൾ | സ്വീകരിച്ചിട്ടുള്ള വായ്പകൾ | കാലാവധി കഴിഞ്ഞു കിട്ടാനുള്ള വായ്പതുക | സംഘം നടത്തുന്ന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| SCS 1742 | ME 1103 | 3024 | 6 | 389135 | 7869210 | 1657361 | 2004873 | 3460006 | 967967 | വായ്പകൾ, വളം ഡിപ്പോ റേഷൻ ഡിപ്പോ, പലചരക്ക് ചിട്ടി, ബാങ്കിംഗ് പ്രവർത്തനം ഓണച്ചന്ത |
| SCS 2145 | ME 1119 | 2231 | 2 | 169967.75 | 260000 | 297866 | 435753 | 630114 | 314791 | വായ്പകൾ, സമ്പാദ്യപദ്ധതി, വളം കീടനാശിനി വിതരണം, ഓണച്ചന്തകൾ |
| SCS 1237 | ME 1101 | 1993 | 3 | 156290 | 10000 | 139106.12 | 138200 | | 44720 | വായ്പകൾ, നിക്ഷേപങ്ങൾ. വളം ഡിപ്പോ, ഓണച്ചന്ത |

## പൊതുവിതരണസംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

| വർഷം | കാർഡ് ഉടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ) | | | | | മണ്ണെണ്ണ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ (12 വയസ്സ്) മേൽ | മൈനർ 3-12 (വയസ്സ്) | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴിവിതരണം ചെയ്തത് (ലി) | കാർഡ് വഴിവിതരണം ചെയ്തത് (ലി) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| 1991-92 | 2026 | 1221 | 3247 | 12984 | 2610 | 15594 | 7776 | 1944 | 1465 | 1694 | 870.86 | 30 | 171 | 22693 | 145322 |
| 1992-93 | 2489 | 1532 | 4021 | 15802 | 3102 | 18904 | 8613 | 1962 | 161.6 | 291 | 1030.68 | 24.70 | 219 | 28348 | 159350 |
| 1993-94 | 2404 | 1654 | 4058 | 15705 | 3113 | 18818 | 8747 | 2251 | 175 | 255.7 | 1072.95 | 23.35 | 231 | 29201 | 158379 |
| 1994-95 | 2436 | 1738 | 4174 | 15966 | 3178 | 19144 | 8180.24 | 3002.8 | 217.1 | 213.4 | 1121.16 | 18.85 | 277 | 31823 | 172974 |
| 1995-96 | 2514 | 2037 | 4551 | 17953 | 3172 | 21125 | 8532.67 | 2928.22 | 126.80 | 233.20 | 1170.81 | Nil | 348 | 34773 | 168838 |

| 1996 ലെ വരവ് | | | 1996 ലെ ചെലവ് | | |
|---|---|---|---|---|---|
| ഇനം | തുക രൂപ | പ | ഇനം | തുക രൂപ | പ |
| കെട്ടിടനികുതി | 1,84,502 | 60 | സിറ്റിംഗ് ഫീസ് | 48033 | 00 |
| തൊഴിൽ കരം | 90690 | 00 | മറ്റു പ്രതിഫലം | 1128 | 00 |
| ലൈബ്രറി സെസ് | 9260 | 00 | സെക്രട്ടറി ശമ്പളം, പെൻഷൻ | 80950 | 00 |
| കാഴ്ച നികുതി | 2252 | 00 | യാത്രപ്പടി | 2352 | 00 |
| സർചാർജ് | 563 | 00 | ജീവനക്കാരുടെ ശമ്പളം | 407056 | 00 |
| പി.എഫ്. | 1714 | 00 | യാത്രാപടി | 2198 | 00 |
| വിനോദ നികുതി | 10566 | 95 | തെരഞ്ഞെടുപ്പ് ചെലവ് | 14544 | 00 |
| മാർക്കറ്റ് വരവ് | 21401 | 00 | കറൻറ് ചാർജ് | 728 | 00 |
| 75% ഡ്യൂട്ടി | 150041 | 00 | അച്ചടി, പോസ്റ്റേജ്, ഫോൺ | 19407 | 00 |
| എസ്റ്റാബ്ളിഷ്മെൻറ് ഗ്രാൻറ് | 140872 | 00 | പി.റ്റി.എസ്. ശമ്പളം | 9890 | 00 |
| വി.റ്റി.സി. | 231894 | 00 | മറ്റു ചെലവുകൾ | 14827 | 00 |
| അൺ ടൈസ് ഫണ്ട് | 280000 | 00 | പൊതുമരാമത്ത് | 67924 | 00 |
| കൊതുകു നിവാരണപദ്ധതി | 10000 | 00 | സ്കൂൾ ചെലവ് | 2000 | 00 |
| എം.ഐ.ഗ്രാൻറ് | 29100 | 00 | പകർച്ചവ്യാധി നിവാരണം | 5000 | 00 |
| പി.ആർ.എം.ഗ്രാൻറു | 30601 | 00 | തെരുവുവിളക്ക് | 75538 | 00 |
| ഡിപ്പോസിറ്റ് | 12850 | 00 | അൺ ടൈസ് ഫണ്ട് | 103325 | 00 |
| ചില്ലറ വരവ് | | | ചില്ലറ ചിലവ് | | |
| ആകെ | 12,06,307 | 55 | ആകെ | 8,54,700 | 00 |